# സംഘടിത

സംഘടിത/ഒക്ടോബർ 2021/ വോള്യം 18/ലക്കം 18





കൊറോണ കാലത്തെ ട്രാൻസ്ജെൻഡർ ജീവിതം
**അനുരാധ കൃഷ്ണൻ** 8

അവളിലേക്ക്
**കവിത/ദയ ഗായത്രി** 13

മിസ്റ്റർ കേരള പ്രവീൺ നാഥ് : ഉൾക്കരുത്തിന്റെ പ്രതീകം
**ഡോ. അനു കുര്യാക്കോസ്** 15

പുതുചരിത്രം കുറിച്ച് ട്രാൻസ് ദമ്പതികൾ
**വിൻഷി പി. കെ.** 19

സന്തോഷത്തിനു വലിയ വില നൽകേണ്ടവർ :
എൽ.ജി.ബി.ടി.ഐ.ക്യൂ+ മനുഷ്യരും സമ്പദ്- വ്യവസ്ഥയും.
**അനസ് എൻ. എസ്.** 25

ദൃശ്യതയിലേക്കുള്ള ചരിത്രദൂരങ്ങൾ
**രാധിക കൊല്ലരിക്കൽ** 32

ആത്മവിശ്വാസത്തിന്റെ ട്രാൻസ് മുഖം
**ഡോ. വി. എസ്. പ്രിയ** 42

ദളിത് ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന ദ്വിമാന പാർശ്വവത്കരണം
**സജ്ന പന്തിമൂല** 49

ജി. സുശീലാമ്മയെന്ന സ്വാതന്ത്ര്യ സമര സേനാനിനി (1921- 2021)
**ഉപ്പും മുളകും/ഗീത** 53

ട്രാൻസ്മെൻ സ്വത്വങ്ങളുടെ സമകാലിക ദൃശ്യത
**അർജ്ജുൻ ഗീത** 56

പറയാൻ മറന്ന കഥകൾ : കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ നാടകാനുഭവം 58
**ഹെയ്ദി സാദിയ**

ട്രാൻസ്ജെൻഡർ ദൃശ്യത, സിസ് ഫെമിനിസ്റ്റ് യാഥാസ്ഥിതികത : ചില വീക്ഷണങ്ങൾ
**പഠനം/ശിൽപ എം.** 63

സ്ക്കൂളുകൾ തുറക്കുന്നു!
**പെൺപക്ഷം/അജിത കെ.** 71

സിനിമാപ്പാട്ടിലെ ജെൻഡർ
**വിജയരാജമല്ലിക** 72

മലയാള ചലച്ചിത്രങ്ങളിലെ ട്രാൻസ്ജെൻഡർ പ്രതിനിധാനം
**രേഖ കെ. പി.** 73

ഉജ്ജ്വലമായ കാഴ്ചകൾ
**കവിത/രാജാത്തി ജോൺസൺ** 78

മഴവില്ലിൽ മഷി പടരുമ്പോൾ: ട്രാൻസ്ജെണ്ടർ ആത്മകഥാ സാഹിത്യം
**ജിൻറ്റു ഏലിയാസ്** 80

ട്രാൻസ് സൗഹൃദകേരളം അവകാശങ്ങളും വെല്ലുവിളികളും
**മേഘ കുര്യൻ** 83

കമലാ ഭാസിൻ ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളി!
**അനുസ്മരണം /അജിത കെ.** 89

ട്രാൻസ്ജെൻഡർ ക്ഷേമത്തിലൂന്നി കോഴിക്കോടിന്റെ 'പുനർജ്ജനി'
**സിസിലി ജോർജ്** 91

ട്രാൻസ്ഫോബിയയുടെ കാണാപ്പുറങ്ങൾ
**ഡോ. ശ്രേയ മറിയം സലിം** 95

മറക്കരുത്, അവർ ജീവിച്ചു തുടങ്ങുന്നതേയുള്ളൂ
**വാസ്തവം/ഡോ. ജാൻസി ജോസ്** 98

ടെലിവിഷൻ പരമ്പരകളെ കുറിച്ച് വിനത നന്ദയോടോപ്പം
**വഴിത്താരകൾ/ജാനകി** 99

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യമേഖലയിലെ അതിജീവനശ്രമങ്ങൾ
**ജയലക്ഷ്മി എൽ.** 102

കമല ഭാസിൻ : ലിംഗനീതിയുടെ കാവലാൾക്ക് ഹൃദയപൂർവ്വം
**അനുസ്മരണം/ഹമീദ സി. കെ.** 104

ട്രാൻസ് പഠനങ്ങളുടെ ആവശ്യകതയും പ്രസക്തിയും : ഒരു അവലോകനം
**ഡോ. അനു കുര്യാക്കോസ്** 110

ട്രാൻസ് മരണങ്ങളോട് ഇനിയും നമുക്ക് നിസ്സംഗതയോ?
**വിൻഷി പി. കെ.** 117

ട്രാൻസ് വിരുദ്ധ വികാരങ്ങളും പെരുമാറ്റങ്ങളും മനസ്സിലാക്കുമ്പോൾ
**ആരതി ബാബു** 120

കഥ പറഞ്ഞു കാലാവസ്ഥാ വ്യതിയാനങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ശാസ്ത്രജ്ഞ - 128
കെയ്റ്റ് മാർവെൽ
**ശാസ്ത്രം/സീമ ശ്രീലയം** 128



**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**ഗസ്റ്റ് എഡിറ്റർ :**
അനു കുര്യാക്കോസ്
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണൻ
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch
Calicut -4

# മുഖവുര



**ഷീബ കെ.എം.**

രാജ്യത്തിന്റെ സമ്പത്ത് വീതം വെച്ച് സ്വകാര്യ മൂലധന ശക്തികൾക്ക് വിൽക്കുന്ന പ്രവണതയ്ക്ക് ആക്കം കൂടിയിരിക്കുന്നു. വിമാനത്താവളങ്ങൾക്ക് പുറകേ തീവണ്ടിയാപ്പീസുകളും പൊതുമേഖലയിൽ നിന്ന് അപ്രത്യക്ഷമാകുന്നു. കുടിക്കുന്ന ജലവും ശ്വസിക്കുന്ന വായുവും മുതലാളിത്ത വ്യവസ്ഥയുടെ ലാഭബലതന്ത്രങ്ങൾക്ക് വിധേയമാക്കപ്പെടുന്ന അവസ്ഥാവിശേഷങ്ങളിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇന്ത്യയിൽ 179 അതിധനികർ ഉണ്ടായി വന്നെന്നാണ് കണക്ക്. ആയിരം കോടിയിലധികം പ്രതിദിന വരുമാനം ഉള്ള ഗൗതം അദാനിയും തുച്ഛദയനീമായ വേതനങ്ങളിൽ ജീവിതം ഞെരുക്കിയൊതുക്കുന്ന ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളും ഒരേ ഇന്ത്യയുടെ വൈരുദ്ധ്യമുഖങ്ങളുള്ള യാഥാർത്ഥ്യങ്ങളാണ്. നാരായണനെ ഭജിക്കുന്നതിനു മുൻപ് ദരിദ്രനാരായണനെ സ്മരിക്കണമെന്ന് സ്വാമി വിവേകാനന്ദൻ പണ്ട് പറഞ്ഞത് ഹിന്ദുത്വ രാഷ്ട്രീയസാമ്പത്തിക നയങ്ങൾക്ക് വഴികാട്ടിയായെങ്കിൽ എന്ന് തീവ്രമായി ആശിച്ചു പോകുന്നു.

ജുഡീഷ്യറിയിൽ അൻപതു ശതമാനം സ്ത്രീസംവരണം വേണം എന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എൻ.വി. രമണ ഈയിടെ ആവശ്യപ്പെട്ടത് സഹർഷം സ്വാഗതം ചെയ്യുന്നു. കീഴ്ക്കോടതികളിൽ 30 ശതമാനവും ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേവലം 11 മുതൽ 12 ശതമാനം വരെയും മാത്രമാണ് ഇപ്പോൾ സ്ത്രീപ്രാതിനിധ്യം ഉള്ളത് എന്നാണ് നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. ചീഫ് ജസ്റ്റിസ് രമണ ആവശ്യപ്പെട്ട ഈ ഉൾക്കൊള്ളൽ നയം വൈകാതെ നടപ്പിലാക്കപ്പെടും എന്ന് പ്രത്യാശിക്കട്ടെ.

ലൈംഗിക ബലാൽക്കാരത്തിനിരയായി ഗർഭിണിയായ പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് 29 ആഴ്ച ചെന്ന ഗർഭം അലസിപ്പിക്കാൻ ബോംബെ ഹൈക്കോടതി നൽകിയ അനുവാദം ആശ്വാസകരവും സ്വാഗതാർഹവുമാണ്. അവൾ അനുഭവിക്കുന്ന തീവ്ര മാനസിക സമ്മർദ്ദം കണക്കിലെടുത്തു കൊണ്ടായിരുന്നു ഈ വിധിനിർണ്ണയം. ബലാൽക്കാരം നടത്തിയവരോട് ഇരയെ വിവാഹം കഴിക്കാൻ ആവശ്യപ്പെടുന്ന ന്യായാധിപൻമാരും അങ്ങനെ വിവാഹം കഴിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്ന കുറ്റവാളികളുമുള്ള കാലത്ത് ഇങ്ങനെ ഒരു വിധിനിർണ്ണയം ഉണ്ടായത് ഏറെ പ്രതീക്ഷ നൽകുന്നു.സമാനമായ നിയമ വ്യവഹാരങ്ങളിൽ ഇതൊരു മാതൃകയാവട്ടെ.

കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരത്തിന് അർഹയായ ലീലാവതി ടീച്ചർക്ക് നിറഞ്ഞ അഭിനന്ദനങ്ങൾ! സാഹിത്യവിമർശനം പുരുഷ സാഹിത്യകാരൻമാരുടെ കുത്തകയായിരുന്നു എന്നും. സാഹിത്യ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വിമർശനങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഈ രംഗത്തേക്ക് പ്രവേശിക്കുന്നത് സ്ത്രീകൾക്ക് ദുഷ്കരമായിരുന്നു കാലങ്ങളോളം . ”സംഘടിത’യുടെ ഉപദേശകസമിതി അംഗം കൂടിയായ ലീലാവതി ടീച്ചർ സധൈര്യം തുറന്ന വഴികൾ വരും തലമുറകൾക്കൊക്കെ പ്രചോദനമാകുമെന്ന് കരുതാം.

സ്നേഹബന്ധങ്ങൾ പുരുഷന് അക്രമാസക്തമായി ഉടമസ്ഥാവകാശം സ്ഥാപിക്കാനുള്ളതാണെന്ന് വിവക്ഷിക്കപ്പെടുന്നത് വിഷലിപ്തമായ ആണത്തത്തിന്റെ ( toxic masculinity) ആപൽക്കരമായ സൂചനയാണ്. അത് കുടുംബത്തിനകത്തായാലും സൗഹൃദത്തിലായാലും പ്രണയത്തിലായാലും അങ്ങനെ തന്നെ. പരസ്പര അനുവാദം എന്നത് എത്രമാത്രം ഗൗരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കേണ്ട വിഷയമാണെന്ന് പുരുഷൻമാരെ പഠിപ്പിക്കാൻ സമൂഹം ദയനീയമായി പരാജയപ്പെടുന്നുണ്ട്. പാലാ സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥിയായ നിഥിനമോളെ സ്വന്തം സഹപാഠിയായ അഭിഷേക് ബൈജു നടുറോഡിൽ വെച്ച് പട്ടാപ്പകൽ അതിദാരുണമായി കൊലചെയ്തതാണ് ഇതിൽ ഒടുവിലത്തെ സംഭവം. മാനസ വെടിയേറ്റ് മരിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ എന്നോർക്കണം. ഒരു കാലത്ത് പ്രണയിച്ചിരുന്നതിൽ നിന്ന് അകല്ച്ചയിലേക്ക് പോയി എന്നതത്രേ നിഥിന ചെയ്ത 'കുറ്റം'! ഈ സംഭവത്തെ പ്രണയകൊലപാതകം എന്നൊക്കെ മയപ്പെടുത്തി വിളിക്കുന്നത് മാധ്യമങ്ങളും പൊതു സമൂഹവും ഉടനടി നിർത്തണം. പ്രണയത്തിന്റെ ഏത് വ്യാഖ്യാനത്തിലാണ് അതിക്രൂരമായ കൊന്നൊടുക്കലിനെ ചേർക്കാനാവുക എന്നാലോചിക്കണം. സ്ത്രീവാദ വ്യവഹാരങ്ങളും ജനാധിപത്യ മുന്നേറ്റങ്ങളും പുരുഷൻമാരോടും ആണത്ത സങ്കല്പങ്ങളോടും വേണ്ടവിധം സംവദിക്കാത്തതിന്റെ പരിമിതികളാണ് അനുദിനം അതിഭീകരമായി വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. കുടുംബത്തിനകത്തും വിദ്യാലയങ്ങളിലും കലാലയങ്ങളിലും ഇത് അടിയന്തര ചർച്ചാവിഷയമായി മാറേണ്ടതാണ്. പൊതുമണ്ഡലത്തിലും പൊതുബോധത്തിലുമുള്ള ആണത്ത വ്യവഹാരങ്ങൾ ശക്തമായി പൊളിച്ചെഴുതിയേ തീരൂ.

ഒരു വ്യക്തി ഒരു പ്രസ്ഥാനം പോലെ സാമൂഹ്യമാറ്റത്തിന്റെ പ്രതീകമായി നിറഞ്ഞു നിൽക്കുക – അതായിരുന്നു കഴിഞ്ഞ ദിവസം ഈ ലോകത്ത് നിന്നും കടന്നു പോയ കമല ഭസിൻ . ഒരു നിമിഷത്തേക്ക് പോലും അവരെ പരിചയപ്പെട്ടവരുടെ ജീവിതത്തെ സൂക്ഷ്മമായി സ്പർശിക്കാനുള്ള അപാരശേഷിയുള്ള വ്യക്തിത്വം . രാജസ്ഥാനിലെ ഗ്രാമീണരായ സ്ത്രീകൾ തൊട്ട് ഐക്യരാഷ്ട്ര സഭയുടെ അംഗങ്ങളെ വരെ തന്റെ സ്ത്രീവാദത്തിന്റെ ശബ്ദം കേൾപ്പിച്ച കമല തന്റെ പാട്ടിലൂടെയും നർമ്മ ശകലങ്ങളിലൂടെയും പകർന്ന അത്ഭുത ഊർജ്ജം അവരുടെ കാലശേഷവും നിലനിൽക്കുക തന്നെ ചെയ്യും. ലളിതമായ ഭാഷയിൽ ലിംഗപദവിയെക്കുറിച്ചും സ്ത്രീവാദത്തെക്കുറിച്ചും കമല പകർന്ന പാഠങ്ങൾ, സ്ത്രീവാദ പ്രയോഗത്തിന്റെ നിസ്തുലമാതൃകകൾ , സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും അപാരസാധ്യതകൾ, അന്താരാഷ്ട്ര ജനാധിപത്യ ഐക്യപ്പെടലുകളുടെ രൂപരേഖകൾ , ദക്ഷിണേഷ്യൻ കൂട്ടായ്മകളുണ്ടാക്കാൻ നടത്തിയ പരിശ്രമങ്ങൾ – ഇങ്ങനെ കമലയെ ഓർക്കാനും പിന്തുടരാനും ഒരായിരം കാരണങ്ങൾ ഓരോ സ്ത്രീവാദിക്കുമുണ്ടാകും. അവർ പാടി അനശ്വരമാക്കിയ സ്വാതന്ത്ര്യേച്ഛയുടെ 'ആസാദി' ഗാനം നമ്മെ മുന്നോട്ടു നയിക്കുക തന്നെ ചെയ്യും. ഞങ്ങളുടെ മരിക്കാത്ത ഓർമ്മകളിൽ ജീവിക്കുക, കമലാ .... പ്രണാമം!

ട്രാൻസ്ജെണ്ടർ പോളിസിക്ക് രൂപം കൊടുത്ത ഏക സംസ്ഥാനം എന്ന പദവി നിലനിൽക്കുമ്പോഴും ട്രാൻസ് സൗഹൃദപരമായ ഇടമാണോ കേരളം എന്ന് നാമിപ്പോഴും സംശയിക്കേണ്ടിയിരിക്കുന്നു. സ്വതന്ത്ര ജീവിതത്തിനുള്ള ഉപാധികളാരായാൻ ട്രാൻസ് വ്യക്തികൾക്ക് സാധിക്കുന്നുണ്ടോ ? സ്വന്തം കുടുംബങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടവരായിട്ടും പുനരധിവാസവും ജീവനോപാധികൾ കണ്ടെത്താനുള്ള മാർഗ്ഗങ്ങളും പൊതുസ്വീകാര്യതയും സാമൂഹ്യനീതിയുമെല്ലാം ഇപ്പോഴും എത്രയോ അകലെയാണ് എന്നതാണ് കഠിന യാഥാർത്ഥ്യം. ട്രാൻസ് വ്യക്തികൾക്കും ഈ ഭൂമിയുടെ അവകാശികൾ ആയിരിക്കാനുള്ള അവസ്ഥകളുണ്ടാകണമെന്ന് ആഗ്രഹിച്ചു കൊണ്ട് അനു കുര്യാക്കോസ് അതിഥിപത്രാധിപയായി 'ട്രാൻസ്ജെണ്ടർ ജീവിതങ്ങൾ ' ചർച്ചചെയ്യുന്ന ഒക്ടോബർ ലക്കം സംഘടിത സമർപ്പിക്കുന്നു.

■

# അതിഥിപത്രാധിപക്കുറിപ്പ്



**ഡോ. അനു കുര്യാക്കോസ്**
അസിസ്റ്റന്റ് പ്രൊഫസർ
എസ്.ആർ.എം. യൂണിവേഴ്സിറ്റി
ആന്ധ്രപ്രദേശ്

കേരളത്തിലെ ട്രാൻസ്ജെൻഡർ സമൂഹം പൊതുധാരയിൽ ദൃശ്യത നേടാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദക്കാലം ആവുന്നതേയുള്ളൂ. 'ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾ" എന്ന നിലയിൽ സർക്കാർ തലങ്ങളിൽ അവർക്കു പരിഗണന ലഭിച്ചത് തന്നെ 2014 ലെ സുപ്രീം കോടതിയുടെ ചരിത്രപ്രധാനമായ വിധിയും കേരളത്തിലെ ട്രാൻസ് സംഘടനകളുടെ നേതൃത്വത്തിൽ നടന്ന സർവ്വേയുടെ ഫലമായുള്ള സർക്കാർ ഇടപെടലുകളും കേരള സംസ്ഥാനത്തിന്റെ ട്രാൻസ്ജെൻഡർ പോളിസി 2015 ൽ ഒന്നാം അന്താരാഷ്ട്ര ലിംഗതുല്യതാ സമ്മേളനത്തിൽ വെച്ചു പ്രഖ്യാപിക്കപ്പെടുകയും ചെയ്തപ്പോഴാണ്. എന്നാൽ അതിനു മെത്രയോ മുമ്പ് തന്നെ കേരളത്തിൽ ട്രാൻസ്ജെൻഡർ ഐഡന്റിറ്റിയിൽ ഉൾപ്പെടുന്ന ആളുകൾ ഉണ്ടായിരുന്നു! സിസ് ഹെറ്ററോനോർമാറ്റിവ് ആയ വിശ്വാസങ്ങളിലടിയുറച്ചുപോയ കേരള സമൂഹത്തിന്റെ ആക്രമണങ്ങളെയും ഒറ്റപ്പെടുത്തലുകളെയും ഭയന്ന് പലരും അന്യസംസ്ഥാനങ്ങളിലേക്ക് പലായനം ചെയ്യുകയോ ആത്മഹത്യയിലഭയം തേടുകയോ സ്വത്വം വെളിപ്പെടുത്താനാവാതെ സമ്മർദ്ദത്തിനടിപ്പെട്ടു എല്ലാവരിൽ നിന്നുമകന്നു വീടുകൾക്കുള്ളിൽത്തന്നെ കഴിയുകയോ ആയിരുന്നു.

1970 കൾ മുതൽ കേരളത്തിൽ വിവിധ സംഘടനകളുടെയും ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി പൊതുധാരയിൽ ലൈംഗികത ഒരു ചർച്ചാവിഷയമായി ദൃശ്യത നേടി. സർക്കാർ തലത്തിലുള്ള കുടുംബാസൂത്രണ പദ്ധതികളും ലൈംഗിക തൊഴിലാളികൾക്കുള്ള സുരക്ഷാ പദ്ധതികളും സമൂഹത്തിൽ ലൈംഗിക ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്കു വിഷയമായി. പലപ്പോഴും ഇത്തരം പൊതു ചർച്ചകൾ ജനങ്ങളിൽ ലൈംഗികതൊഴിലാളികൾ രോഗവാഹകരാണെന്ന തരത്തിലുള്ള നെഗറ്റീവ് ആയുള്ള ഭീതിയുളവാക്കുന്ന ചിത്രമാണ് സൃഷ്ടിച്ചത്. ലൈംഗിക ന്യൂനപക്ഷം എന്ന് പറയുമ്പോൾ പോലും അതിൽത്തന്നെ സ്വന്തം ലിംഗസ്വത്വത്തെക്കുറിച്ച് അസ്വസ്ഥയും (Gender Dysphoria) ആശങ്കയുമുള്ള ഒരു സമൂഹത്തെക്കുറിച്ചു ഈ ചർച്ചകൾ ശ്രദ്ധിച്ചില്ല. തൊണ്ണൂറുകളോടെ ആഗോളതലത്തിൽ തന്നെ ശ്രദ്ധ നേടിയ ക്വീർ പ്രസ്ഥാനമാണ് കേരളത്തിലെ ക്വീർ കമ്മ്യൂണിറ്റിയെക്കുറിച്ചുള്ള അക്കാദമികപരവും സാമൂഹികപരവുമായ അന്വേഷണങ്ങൾക്കും പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടിയത്. കേരളത്തിലെ ലെസ്ബിയൻ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചു 'സഹയാത്രിക' എന്ന സംഘടന നടത്തിയ അന്വേഷണമാണ് മറ്റൊരു ചരിത്രപരമായ വഴിത്തിരിവ്. കേരളത്തിനകത്തും പുറത്തും ക്വിയർ കൂട്ടായ്മകൾ രൂപീകരിക്കപ്പെടുകയും രഹസ്യമായും പരസ്യമായും ക്വിയർ വ്യക്തികൾ മീറ്റിങ്ങുകൾ സംഘടിപ്പിക്കുകയും സമൂഹത്തിൽ നിലനിൽക്കുന്ന അബദ്ധധാരണകൾ തിരുത്താനായുള്ള പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. 2009 ലെ ഡൽഹി ഹൈകോ

ടതിയുടെ ഐപിസി 377 കുറ്റകരമാക്കിക്കൊണ്ടുള്ള വിധിയോടുള്ള പ്രതിഷേധ പ്രവർത്തനങ്ങളാണ് ഏതാണ്ട് ഒരു ദശാബ്ദത്തോളം നീണ്ട നിയമപോരാട്ടങ്ങൾക്കും ക്വീർ ട്രാൻസ് വ്യക്തികളുടെ അവകാശങ്ങൾക്കായുള്ള പോരാട്ടത്തിലേക്കും കേരളത്തിൽ നിന്നടക്കം ഒരുപാട് വ്യക്തികളുടെ ശ്രദ്ധ ക്ഷണിച്ചത്.

ക്വിയർ പ്രൈഡ് ഘോഷയാത്രകളും അവകാശസംരക്ഷണ ജാഥകളും ക്വിയർ രാഷ്ട്രീയത്തെ ദേശീയ തലത്തിൽ ഒരു ചർച്ചാ വിഷയമാക്കി. ഈ മുന്നേറ്റങ്ങളുടെ അരികു പിടിച്ചാണ് ട്രാൻസ് സ്വത്വ രാഷ്ട്രീയവും പൊതുധാരയിൽ ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയത്. സുപ്രീം കോടതിയുടെ 2014 ലെ വിധി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലാകെയായി ചിതറിക്കിടന്ന ലിംഗവൈവിധ്യങ്ങൾക്കെല്ലാം സിസ്ജെൻഡർ വ്യക്തികളെപ്പോലെതന്നെ സമൂഹത്തിൽ സമത്വവും അവസരവും അവകാശങ്ങളും ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുകയും വിവിധ സംസ്ഥാനങ്ങൾ ട്രാൻസ് വ്യക്തികൾക്കായി നയങ്ങൾ രൂപീകരിക്കാനും പദ്ധതികൾ ആവിഷ്കരിക്കാനും സന്നദ്ധതപ്രകടിപ്പിച്ചു.

കേരളത്തിലും മാറ്റത്തിന്റെ തുടക്കം കുറിച്ച് കൊണ്ട് ട്രാൻസ്ജെൻഡർ സർവ്വേയും ട്രാൻസ്ജെൻഡർ പോളിസിയും നിലവിൽ വന്നു. കേരള സർക്കാറിന്റെ സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ ഒരു ട്രാൻസ്ജെൻഡർ സെൽ രൂപീകരിക്കുകയും ട്രാൻസ് വ്യക്തികൾ തന്നെ പദ്ധതി നടത്തിപ്പിൽ ഭാഗഭാക്കുകളാവാൻ ക്ഷണിക്കപ്പെടുകയും ചെയ്തു. 2016 ൽ തിരുവനന്തപുരത്തു നടന്ന രാജ്യാന്തര ചലച്ചിത്രമേളയിൽ ട്രാൻസ്ജെൻഡർ സിനിമകൾക്കായി 'ജെൻഡർ ബെൻഡർ' എന്ന വിഭാഗത്തിൽ തെരെഞ്ഞെടുക്കപ്പെട്ട ചിത്രങ്ങൾ പ്രദർശിപ്പിച്ചതും ട്രാൻസ് വ്യക്തികളെ ഡെലിഗേറ്റുകളായി ക്ഷണിച്ചതും പ്രത്യേക ടോയ്ലെറ്റുകൾ നൽകിയതുമെല്ലാം പൊതുവിടത്തിൽ ശ്രദ്ധയാകർഷിച്ചു. 2017 ൽ ട്രാൻസ് വ്യക്തികൾക്ക് തൊഴിൽ നൽകാനായി കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ് ശ്രമിച്ചതും വലിയൊരു മുന്നേറ്റമായെങ്കിലും യോഗ്യതയ്ക്കനുസരിച്ച സ്ഥാനങ്ങളും വേതനവും ലഭിക്കാഞ്ഞതും കൊച്ചി നഗരത്തിലെ ജീവിതച്ചെലവുകളും താമസസ്ഥലം ലഭിക്കാഞ്ഞതുമെല്ലാം ട്രാൻസ് വ്യക്തികൾക്കു ആ ജോലിയിൽ തുടരാൻ വിഘാതമായി. 2016 –2019 കാലഘട്ടത്തിൽ ഒരുപാട് പദ്ധതികൾ ("മഴവില്ല് ") സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചു നടപ്പാക്കുകയും ആ പദ്ധതികളിലൂടെ വിദ്യാഭ്യാസത്തിനും തൊഴിലിനും സാമ്പത്തിക പുരോഗതിക്കും ഉള്ള അവസരങ്ങളുണ്ടാക്കാൻ സർക്കാർതലത്തിൽ ശ്രമങ്ങളുണ്ടായി. ട്രാൻസ് വ്യക്തികളുടെ ഹോട്ടൽ സംരംഭങ്ങളും അലങ്കാരവസ്തുക്കളുടെ നിർമ്മാണവും അയൽക്കൂട്ട പ്രവർത്തനങ്ങളും ഇക്കാലയളവിൽ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. സിനിമാ മേഖലയിലും നാടകത്തിലും ട്രാൻസ് ഫോട്ടോ എക്സിബിഷൻ, സൗന്ദര്യപ്രദര്ശനം, ബോഡി ബിൽഡിങ് എന്നീ മേഖലകളിലും തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചു. ട്രാൻസ് വ്യക്തികളുടെ തന്നെ കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ, വിവിധ ജില്ലകളിലുണ്ടായ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ്, തുടങ്ങിയവ കല സാമൂഹിക രംഗത്തും വ്യക്തിമുദ്ര പതിപ്പിക്കാൻ ശ്രമിച്ചു. 'ഞാൻ മേരിക്കുട്ടി' പോലെ ട്രാൻസ് സംബന്ധിയായ വിഷയത്തെ ഉൾക്കൊണ്ടുകൊണ്ട് സിനിമകൾ നിർമ്മിക്കാനും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ട്രാൻസ് വ്യകതികൾക്കു സൈബറിടങ്ങളിലടക്കം മാധ്യമ ശ്രദ്ധ ലഭിച്ചതും ഇക്കാലയളവിൽ സംഭവിച്ച മാറ്റങ്ങളാണ്. ക്വിയർ രാഷ്ട്രീയത്തോടൊപ്പം നിന്ന് കൊണ്ടുതന്നെ ലിംഗ സ്വത്വത്തിനനുഗുണമായ ശാരീരിക മാറ്റം ആഗ്രഹിച്ച വ്യക്തികൾക്ക് ശസ്ത്രക്രിയയിലൂടെ അത് ലഭ്യമാക്കാനുമുള്ള ശ്രമങ്ങളും ആരോഗ്യമേ


ഖലയിലുണ്ടായി. ഇത്തരത്തിൽ വ്യക്തമായ ഒരു ഇടം ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ ട്രാൻസ് വ്യക്തികൾ നേടിയെടുക്കുമ്പോൾ ആ ട്രാൻസ്ജെൻഡർ രാഷ്ട്രീയത്തിന്റെയും ദൃശ്യതയുടെയും വിവിധ മാനങ്ങൾ പരിശോധിക്കേണ്ടതിനു പ്രസക്തിയുണ്ട്.

സംഘടിതയുടെ പുതിയ ലക്കം ട്രാൻസ്ജെൻഡർ ജീവിതങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലൂടെ- ട്രാൻസ് വ്യക്തികളടക്കമുള്ളവർ എഴുതിയ ലേഖനങ്ങളിലൂടെയും സാഹിത്യ രചനകളിലൂടെയും- സാമൂഹിക പാർശ്വവത്കരണത്തെ അതിജീവിക്കാനുള്ള ശ്രമങ്ങളെയും ട്രാൻസ് രാഷ്ട്രീയത്തെയും സമകാലിക സമൂഹത്തിൽ അടയാളപ്പെടുത്താനാണ് ശ്രമിക്കുന്നത്. മുൻപെങ്ങുമില്ലാത്ത ട്രാൻസ് ദൃശ്യത കേരളത്തിലിന്നുണ്ടെങ്കിലും സർക്കാരും കമ്മ്യൂണിറ്റി അംഗങ്ങളും ആഗ്രഹിച്ചത് പോലെയുള്ള സാമൂഹിക മാറ്റം നമുക്ക് ചുറ്റും സംഭവിക്കുന്നുണ്ടോ? ട്രാൻസ് വ്യക്തികൾക്ക് നേരെയുള്ള ആക്രമണങ്ങൾക്കും അവഹേളനങ്ങൾക്കും കുറവുവന്നിട്ടുണ്ടോ, ട്രാൻസ് വ്യക്തികൾക്ക് കുടുംബാംഗങ്ങളുടെ പിന്തുണനയും സാമൂഹികാംഗീകാരവും ലഭിച്ചിട്ടുണ്ടോ, അവരുടെ വിദ്യാഭ്യാസവും സാമ്പത്തികവും ആരോഗ്യപരവുമായുള്ള ഇന്നത്തെ അവസ്ഥ എന്താണ്, കോറോണയുടെ പശ്ചാത്തലത്തിൽ ട്രാൻസ് വ്യക്തികൾക്ക് നേരിടേണ്ടി വന്ന വിഷമതകൾ, സിനിമ, സാഹിത്യ-കല, സാമൂഹിക തലങ്ങളിലെ ട്രാൻസ് ഇടപെടലുകൾ എന്നിവയും സംഘടിതയുടെ പുതിയ ലക്കത്തിൽ വിഷയമാവുകയാണ്.

ക്വിയർ വിഷയങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് മുമ്പും സംഘടിത ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ട്രാൻസ്ജെൻഡർ ജീവിതങ്ങളെക്കുറിച്ചുള്ള ഒരു സമ്പൂർണ ലക്കം ഇതാദ്യമായാണ്. ദേശീയ-അന്തർദേശീയ സർവ്വകലാശാലകളിൽ നിന്നടക്കമുള്ള എൽ.ജി.ബി.ടി.ഐ.ക്യു.എ+ വ്യക്തികളും അവരുടെ സഖ്യകക്ഷികളുമായ ഗവേഷകരാണ് ഈ ലക്കത്തിൽ ട്രാൻസ് സമൂഹത്തെക്കുറിച്ചുള്ള രചനകൾക്ക് പിന്നിൽ. ഈയവസരത്തിൽ  എല്ലാ എഴുത്താളികൾക്കും പത്രാധിപയായ എഡിറ്റർ ഡോ. ഷീബ കെ. എം.നും അജിത ചേച്ചിക്കും അന്വേഷിയുടെ മറ്റു സംഘാടകർക്കും സംഘടിതയുടെ പ്രവർത്തകർക്കും ഏറെ ആദരവോടെയും അഭിമാനത്തോടെയും സ്നേഹത്തോടെയും അതിഥിപത്രാധിപ എന്ന നിലയിൽ എന്റെ നന്ദി അറിയിക്കുന്നു. കോവിഡ് സൃഷ്ടിച്ച  പ്രതിസന്ധികളിൽ ചിലർക്കെങ്കിലും അവരുടെ രചനകൾ നൽകാൻ സാധിക്കാതെ വന്നിട്ടുണ്ട്, എങ്കിലും സമകാലിക ട്രാൻസ് സമൂഹത്തെക്കുറിച്ചുള്ള ഒരു ചരിത്രരേഖയായി മാറും ഈ ലക്കം എന്ന് പ്രതീക്ഷിക്കാം. ഭാവിയിലും ട്രാൻസ്-ക്വീർ സംയോജിത രചനകൾ സംഘടിതയിൽ നിന്നുണ്ടാവുമെന്ന പ്രത്യാശയോടെ എല്ലാ ട്രാൻസ് വ്യക്തികൾക്കുമായി ഈ ലക്കം സമർപ്പിക്കുന്നു.

ചർച്ചാവിഷയം

**അനുരാധ കൃഷ്ണൻ**
മെഡിക്കൽ വിദ്യാർത്ഥി
ട്രാൻസ്ജെന്റർ ആക്ടിവിസ്റ്റ്





# കൊറോണ കാലത്തെ ട്രാൻസ്ജെൻഡർ ജീവിതം

ഇന്ത്യയുടെ 75 സ്വതന്ത്ര വർഷങ്ങൾ പിന്നിടുകയാണ് നമ്മൾ. സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, ശാസ്ത്രസാങ്കേതിക, ആരോഗ്യ മേഖലകളിൽ എല്ലാം ഇന്ത്യ ബഹുദൂരം മുൻപോട്ടു പോയിരിക്കുന്നു. എന്നിരിക്കിലും ഇവിടുത്തെ എത്ര ശതമാനം മനുഷ്യർക്ക് സ്വാതന്ത്ര്യം എന്ന അവകാശത്തിന്റെ സത്തയെ പൂർണമായി അനുഭവിക്കാൻ സാധിക്കുന്നുണ്ട്? ആർക്കൊക്കെയാണ് ഈ രാജ്യത്തിൽ സ്വാതന്ത്ര്യം ഉള്ളത്? ഈ രാജ്യം ആരുടേതാണ്? 1947 ൽ സ്വാതന്ത്ര്യം ലഭിക്കുകയും,1950ൽ ഇന്ത്യക്ക് സ്വന്തമായി ഒരു ഭരണഘടന ഉണ്ടാകുകയും ചെയ്തിട്ടും ഏതൊക്കെ വിഭാഗം മനുഷ്യർക്ക് ഈ 75 വർഷങ്ങൾക്ക് ഇപ്പുറവും ഈ രാജ്യത്ത് പരിഗണന ലഭിച്ചു എന്നത് പരിശോധികേണ്ടതാണ്.

## ട്രാൻസ് മനുഷ്യരും ഭരണഘടനാ(അ)നീതിയും

"ഭാരതത്തിലെ ജനങ്ങളായ നാം" എന്ന് തുടങ്ങുന്ന ആമുഖത്തിൽ പ്രതിപാദിക്കുന്ന "ജനങ്ങളിൽ" ആരൊക്കെ ഉൾപ്പെടുന്നു എന്നത് തന്നെ ആണ് ഇപ്പോഴും ഇന്ത്യ നേരിടുന്ന വലിയ വെല്ലുവിളി. ഇന്ത്യൻ ഭരണഘടന പല സാമൂഹിക അസമത്വങ്ങളെയും വെല്ലുവിളിക്കുകയും അധഃസ്ഥിതിരായ പല വിഭാഗം മനുഷ്യരുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകി എങ്കിലും അത് ആൺ-

പെൺ ദ്വന്ദകേന്ദ്രീകൃതമായി പോയി എന്നത് ഒരു പോരായ്മ തന്നെ ആണ്. ബ്രിട്ടീഷ് ഭരണകാലത്ത് 1871 ൽ ക്രിമിനൽ ട്രൈബ്സ് ആക്ട് കൊണ്ട്  ഹിജഡകളെയും, മറ്റു സാംസ്കാരിക സ്വത്വങ്ങളിൽ ഉൾപ്പെടുന്ന ട്രാൻസ്ജെന്റർ മനുഷ്യരെയും അങ്ങേയറ്റം ചൂഷണം ചെയ്യുകയും, കൊല്ലുകയും, തടങ്കലിൽ ആക്കുകയും ചെയ്തിട്ടുള്ള ചരിത്രം ആണ് നമ്മുടേത്. ഒരു വിഭാഗത്തെ തന്നെ കൃത്യമായി ലക്ഷ്യം വച്ചു കൊണ്ട് ഇത്രയും ക്രൂരമായ ഒരു വിക്ടോറിയൻ നിയമത്തിലൂടെ ട്രാൻസ്ജെന്റർ വിഭാഗത്തെ  അദൃശ്യവത്കരിച്ചിട്ടും സ്വതന്ത്ര റിപ്പബ്ലിക് ഇന്ത്യയിൽ ട്രാൻസ്ജെന്റർ എന്ന ലിംഗത്വസ്വത്വങ്ങൾക്ക് ഇടം ലഭിച്ചില്ല. അവരുടെ ഉന്നമനത്തിനായി യാതൊരു പ്രവർത്തനങ്ങളും ഉണ്ടായില്ല. കാരണം വേറൊന്നുമല്ല രാജ്യവും, നിയമനിർമ്മാണ സഭകളും എല്ലാം അന്നും ഇന്നും ദ്വന്ദബിംബങ്ങളിൽ തന്നെ കുടുങ്ങി കിടക്കുകയാണ്.

2014 ൽ ഇന്ത്യയുടെ പരമോന്നത നീതിപീഠം കൊണ്ടുവന്ന NALSA വിധിയിലൂടെ ആണ് ഇന്ത്യയിൽ ട്രാൻസ്ജെന്റർ മനുഷ്യരുടെ പൗരത്വം അംഗീകരിക്കപ്പെട്ടത്. അത്രയും വർഷങ്ങൾ ഈ രാജ്യത്ത് ട്രാൻസ്ജെന്റർ മനുഷ്യർ ഇല്ലായിരുന്നോ? അതോ ഇല്ല എന്ന് നടിച്ചോ? 2014 ഇപ്പുറം 2021 ഇൽ നിൽക്കുമ്പോഴും കാര്യമായ പൗരവകാശങ്ങൾ ഒന്നും തന്നെ ഇന്ത്യയിലെ ട്രാൻസ്ജെന്റർ മനുഷ്യർക്ക് ലഭ്യമായിട്ടില്ല. ഒരു സ്ത്രീയോ പുരുഷനോ ആയി ജീവിക്കുക എന്നത് ഈ രാജ്യത്ത് ഒരു വലിയ പ്രിവിലേജ് തന്നെ ആണ്.



**കോവിഡ് കാലത്തു അഭയാർഥികളാവുന്ന ട്രാൻസ്മനുഷ്യർ :**

ലോകത്തിന്റെ ഏതുകോണിലും പ്രാദേശികമായ അല്ലെങ്കിൽ ദേശീയമായ ഏതൊരു പ്രശ്നവും പ്രകൃതി ദുരന്തങ്ങൾ ആയാലും, സാമൂഹ്യപ്രശ്നങ്ങൾ ആയാലും, പകർച്ചവ്യാധികൾ ആയാലും എല്ലാം ആദ്യം ബാധിക്കുന്നതും, ഏറ്റവും തീവ്രതയോടെ ബാധിക്കുന്നതും അവിടുത്തെ അധഃസ്ഥിതരായ മനുഷ്യരെ തന്നെ ആയിരിക്കും.

കഴിഞ്ഞ ഒരുവർഷമായി കൊറോണ എന്ന മഹാമാരിയെ പിടിച്ചു കെട്ടാൻ ലോകം ഒന്നടങ്കം പരിശ്രമിക്കുകയാണ്. കൊറോണ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് അപ്പുറം വ്യാധി സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങളെപ്പറ്റി എത്രമാത്രം ഗൗരവത്തോടെ നമ്മൾ ആലോചിക്കുന്നുണ്ട്? രാജ്യത്തെ എല്ലാ പൗരന്മാരെയും ഈ മഹാവ്യാധി ബാധിച്ചപ്പോഴും അതിൽ ഏറ്റവും അധികം ബുദ്ധിമുട്ടിയത് കാലങ്ങളായി സാമൂഹിക അധഃസ്ഥിതത്വം അനുഭവിച്ചുവന്നിരുന്ന മനുഷ്യർ തന്നെ ആണ്. അത്തരത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധികൾ നേരിട്ട ഒരു വിഭാഗം ആണ് ഇന്ത്യയിലെ ട്രാൻസ്ജെന്റർ സമൂഹം.

ട്രാൻസ്ജെന്റർ മനുഷ്യരുടെ സാമൂഹ്യ, സാംസ്കാരിക ദുരിതങ്ങൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ഈ കോവിഡ് കാലം അവർക്ക് സമ്മാനിച്ചതും ദുരിതങ്ങൾ മാത്രമാണ്. ലോകം വീടുകളിലേക്ക് ചരുങ്ങിയപ്പോഴും സ്വന്തമായി വീടില്ലാത്ത, തന്റേതല്ലാത്ത കുറ്റത്താൽ വീട്ടിൽ നിന്നും അടിച്ചിറക്കപ്പെട്ട ട്രാൻസ്ജെന്റർ മനുഷ്യർ എവിടെയാകും ജീവിച്ചിട്ടുണ്ടാകുക? അഭയം കണ്ടെത്തിയിട്ടുണ്ടാകുക? ലോഡ്ജുകളും, വാടക മുറികളും എല്ലാം ഒന്നാം തരംഗ സമയത്ത് തന്നെ അടയ്ക്കുകയും അവിടെ താത്കാലികമായി താമസിച്ചിരുന്ന ട്രാൻസ്ജെന്റർ മനുഷ്യർ

തെരുവിലേക്ക് ഇറക്കപെടുകയും ചെയ്തു. ട്രാൻസ്ജെന്റർ മനുഷ്യർ കൂട്ടമായി താമസിച്ചിരുന്ന ഇടങ്ങളിലും സാമൂഹ്യ അകലവും മറ്റു നിയന്ത്രണങ്ങളും വന്നു. മുഖ്യധാര സമൂഹം പണ്ടേ അകറ്റി നിർത്തിയ ട്രാൻസ്ജെന്റർ മനുഷ്യർക്ക് ഈ സാമൂഹ്യ അകലം ഒരു പുതിയ അനുഭവം ആയിരിക്കാൻ സാധ്യത ഇല്ല! സ്വന്തം കുടുംബത്തിൽ നിന്നും പരിഹാസങ്ങളും, കുറ്റപ്പെടുത്തലുകളും സഹിക്കാൻ ആകാതെ ഹോസ്റ്റലുകളിലും മറ്റും ജീവിച്ചു പോന്ന ട്രാൻസ്ജെന്റർ മനുഷ്യർക്കും തിരികെ വീടുകളിലേക്ക് എത്തേണ്ടി വന്നു. തുടർന്നു അവർക്ക് അവിടെ അനുഭവിക്കേണ്ടി വന്നിട്ടുള്ള മാനസിക പിരിമുറുക്കങ്ങൾ പറയേണ്ടതില്ലല്ലോ. നിർബന്ധിച്ചു മുടി മുറിപ്പിച്ചും, ഇഷ്ടമല്ലാത്ത വസ്ത്രം ധരിപ്പിച്ചും, നിർബന്ധപൂർവം വിവാഹം കഴിപ്പിച്ചും ധാരാളം ട്രാൻസ്ജെന്റർ വ്യക്തികളെ മാനസികവും ശാരീരികവുമായി തളർത്തിയിട്ടുണ്ട് കുടുംബങ്ങൾ. പലരെയും ആശാസ്ത്രീയമായ ചികിത്സകൾക്കും, മന്ത്രവാദങ്ങൾക്കും വിധേയരാക്കിയിട്ടുണ്ട്. ഇറങ്ങി ഓടാൻപോലുമുള്ള ഒരു സാഹചര്യം ഈ കൊറോണ കാലം ഞങ്ങൾക്ക് നൽകിയില്ല. കൊറോണ കാലത്തെ ഏറ്റവും വലിയ പ്രശ്നം താമസം തന്നെ ആയിരുന്നു.

### കോവിഡ് കാലത്തെ തൊഴിൽ നഷ്ടപ്പെട്ട ട്രാൻസ് സമൂഹം:


എല്ലാ മനുഷ്യരെപ്പോലെയും തൊഴിലില്ലായ്മ എന്നത് ട്രാൻസ്ജെന്റർ മനുഷ്യർക്കും കടുത്ത വെല്ലുവിളി ആയിരുന്നു. ട്രാൻസ്ജെന്റർ ആയതുകൊണ്ട് മാത്രം യാതൊരു തൊഴിലും ലഭിക്കാത്ത നാട്ടിൽ ലോക്ഡൗണും, കോറോണയും ഉണ്ടാക്കിയ ഇരട്ടി പ്രതിസന്ധി അതിജീവിക്കുക എന്നത് ശ്രമകരം തന്നെ ആണ്. ലൈംഗിക തൊഴിലും ഭിക്ഷടനവും ചെയ്തു ജീവന ഉപാധി കണ്ടെത്തിയിരുന്ന വലിയൊരു ശതമാനം ട്രാൻസ്ജെന്റർ മനുഷ്യരും ദുരിതത്തിലായി. പൊതുഗതാഗതം നിർത്തലാക്കിയത് ഭിക്ഷടനം ചെയ്തു ജീവിച്ചിരുന്നവരെ സാരമായി ബാധിച്ചു. ആവശ്യക്കാരെ ലഭിക്കാത്തതിനാലും, കർശന നിയന്ത്രണങ്ങളുള്ളതിനാലും ലൈംഗികതൊഴിൽ പോലുള്ള ഉപാധികളിലേക്കുള്ള വഴികൾ അടഞ്ഞു. പട്ടിണി കൊണ്ട് മരിക്കണോ അതോ കൊറോണ കൊണ്ട്



മരിക്കണോ എന്നത് മാത്രമായിരുന്നു അവശേഷിക്കുന്ന ചോദ്യം. പട്ടിണി മാറ്റാൻ കൊറോണ കാലത്തും ലൈംഗിക തൊഴിലിനായി തെരുവിലേക്ക് ഇറങ്ങേണ്ടി വന്നു. പല മാധ്യമങ്ങളും ട്രാൻസ്ജെന്റർ മനുഷ്യരുടെ ജീവിതാവസ്ഥ മനസിലാക്കാതെ വളരെ തെറ്റായ രീതിയിൽ അത് റിപ്പോർട്ട് ചെയുകയും കൂടുതൽ ദുരിതം ട്രാൻസ് സമൂഹത്തിന് ഉണ്ടാക്കുകയും ചെയ്തു.കൊറോണ കാലത്ത് ലൈംഗികവൃത്തി ചെയ്ത ട്രാൻസ്മനുഷ്യരെപ്പറ്റി വളരെ പ്രതികൂലമായ ധാരണകൾ പൊതുസമൂഹത്തിൽ ഉടലെടുത്തു. കടമെടുത്തും ലോൺ എടുത്തും ചെറിയ ചെറിയ സംരംഭങ്ങൾ തുടങ്ങിയിരുന്ന ട്രാൻസ് മനുഷ്യർ എല്ലാം കടുത്ത പ്രതിസന്ധിയിൽ ആയി. സംരംഭങ്ങൾ പൂർണമായും അടച്ചു പൂട്ടി. ബിസിനസ് നടന്നില്ലെങ്കിലും വാടകക്ക് എടുത്ത മുറികൾക്ക് കൃത്യമായ മാസ വാടക നൽകണം ലോണിന് പലിശയും അടക്കണം. സ്വരുകൂട്ടിയതെല്ലാം ഒറ്റ നിമിഷം കൊണ്ട് ഇല്ലാതാകുന്ന ദയനീയമായ അവസ്ഥ. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് മൂലം സംരംഭങ്ങൾ ഉപേക്ഷിക്കുവാൻ ഭൂരിപക്ഷം ആളുകളും നിർബന്ധിതരായി.

### കോവിഡ് കാലത്തെ ട്രാൻസ്-ജൻഡർ, മാനസിക ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യകത:

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ മാത്രം ആത്മഹത്യ ചെയ്ത ട്രാൻസ് മനുഷ്യരുടെ എണ്ണം 5 ആണ്. മറ്റു ജി.ബി.ടി.ഐ.ക്യു.എ വിഭാഗത്തിൽപ്പെടുന്ന മനുഷ്യരുടെ ആത്മഹത്യകൾ വേറെയും. പുറത്ത് അറിഞ്ഞ മരണങ്ങളുടെ കണക്കാണ് ഇത്. കോവിഡ് കാലത്ത് രാജ്യത്ത് ആത്മഹത്യ നിരക്ക് കൂടിയിട്ടുണ്ട് എന്നത് വ്യക്തമാണ്. ലോക്ഡൗൺ സൃഷ്ടിച്ച സാമ്പത്തിക പിരിമുറുക്കം അതിനുള്ള വലിയൊരു കാരണം ആണ്. അതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ് കൊറോണ കാലത്തെ മാനസിക ആരോഗ്യം എന്നത്. മുറികളിൽ അടച്ചപൂട്ട പെടുക എന്നത് മനസിനുണ്ടാകുന്ന പിരിമുറുക്കം വളരെ വലുതാണ്. ട്രാൻസ് മനുഷ്യരെ സംബന്ധിച്ചിടത്തോളം കുട്ടികാലം തൊട്ടേ ഉണ്ടാക്കപ്പെട്ടിട്ടുള്ള മാനസിക മുറിവുകളും ബുദ്ധിമുട്ടുകളും ജീവിതം കാലം



മുഴുവൻ ഞങ്ങളെ വേട്ടയാടാറുണ്ട്. കോവിഡ് കാലം ഉണ്ടാക്കിയ ഒറ്റപ്പെടലും, ബുദ്ധിമുട്ടുകളും പലരുടെയും മാനസിക ബുദ്ധിമുട്ടുകളെ കൂടുതൽ ഉത്തേജിപ്പിച്ചിട്ടുണ്ട്. കൃത്യമായ കോവിഡ് അനുബന്ധ മാനസികാരോഗ്യ സേവനങ്ങൾ നൽകുന്നതിൽ സ്റ്റേറ്റ് എത്രമാത്രം വിജയിച്ചു എന്നത് സംശമാണ്. ട്രാൻസ്ജെന്റർ മനുഷ്യരെ ഉൾകൊള്ളുന്ന, മനസിലാക്കുന്ന എത്ര ആരോഗ്യ സംവിധാനങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ട് എന്നതും ഒരു ചോദ്യം തന്നെ ആണ്. കോവിഡ് മൂലം മാനസികമായി ബുദ്ധിമുട്ടുന്ന മനുഷ്യരെ ആത്മഹത്യയിൽ നിന്നും, മാനസിക പിരിമുറുക്കത്തിൽ നിന്നും രക്ഷിക്കുവാൻ കൂടുതൽ ഊർജിതമായ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. കോവിഡ് രോഗം വന്നു മരിക്കുന്നത് മാത്രമല്ല കോവിഡ് മരണങ്ങളുടെ പട്ടികയിൽഉൾപ്പെടുത്തേണ്ടത് ഇത്തരത്തിൽ കോവിഡ് അനുബന്ധ മാനസിക സാമൂഹിക പ്രശ്നങ്ങളാൽ മരണപ്പെട്ടവരെയും കോവിഡ് മരണത്തിന്റെ പട്ടികയിൽ ചേർക്കേണ്ടതും അതിനു പരിഹാരം ഉണ്ടാക്കേണ്ടത്തും അനിവാര്യതയാണ്.

കോവിഡ് കാലത്തെ ട്രാൻസ്ജെന്റർ ആരോഗ്യം എന്നത് എവിടെയും ചർച്ച ചെയ്യപ്പെടാതെ പോയ ഒന്നാണ്. എത്ര കോവിഡ് കേന്ദ്രങ്ങൾ ട്രാൻസ്ജെന്റർ സൗഹാർദ്ദപരം ആണെന്ന് യാതൊരു കണക്കുകളും ഇല്ല. പല കേന്ദ്രങ്ങളിൽ നിന്നും കൃത്യമായ വിവേചനം ട്രാൻസ്ജെന്റർ മനുഷ്യർക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. ആരോഗ്യപ്രവർത്തകരുടെ ഭാഗത്തുനിന്നുള്ള അവഗണനയും, പരിഹാസവും പലർക്കും നേരിടേണ്ടി വന്നിട്ടുണ്ട്. കൂട്ടമായി താമസിക്കുന്നവർ ആയിട്ടും ക്വാറന്റെൻ



സൗകര്യം ഇല്ലാതിരുന്നിട്ടും ആശുപത്രിയിൽ കിടത്തി ചികിത്സ നിഷേധിക്കപ്പെട്ടവർ ഉണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇവിടെ ബെഡ് ഇല്ല പിന്നെ ആണോ നിങ്ങൾക്ക് എന്ന മനോഭാവം ആണ് പല കേന്ദ്രങ്ങളിലും കണ്ടിട്ടുള്ളത്. സിസ് ജന്റർ മനുഷ്യരെ അപേക്ഷിച്ചു ജന്റർ പരിവർത്തനത്തിന്റെ ഭാഗമായി ധാരാളം ചികിത്സകൾ ചെയ്തുകൊണ്ടിരിക്കുന്നവർ ആണ് ട്രാൻസ് മനുഷ്യർ. ഹോർമോൺ ചികിത്സകൾ, വിവിധ സർജറികൾ, എന്നിങ്ങനെ മാസങ്ങളും വർഷങ്ങളും നീണ്ടു നിൽക്കുന്ന ചികിത്സകൾ ചെയ്യുന്നവർ ആണ് പലരും. വളരെ അധികം സാമ്പത്തിക ചിലവുകൾ ഉള്ള ഇത്തരം ചികിത്സകൾ കൊറോണ കാലത്ത് മുടങ്ങി പോകുകയും അതുമൂലം കടുത്ത ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടും ഉണ്ട്. ചികിത്സ മുടങ്ങുമ്പോൾ ഉണ്ടാകുന്ന ജന്റർ ഡിസ്ഫോറിയ- അനുബന്ധ മാനസിക പ്രശനങ്ങൾക്കൊന്നും യാതൊരു വിധ പിന്തുണ സംവിധാനങ്ങളും നൽകാൻ സ്റ്റേറ്റിനു സാധിക്കുന്നില്ല.

**കൊറോണ പ്രതിരോധത്തിൽ അപരവത്കരിക്കപ്പെടുന്ന ട്രാൻസ് ജീവിതങ്ങൾ:**

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി സമ്പൂർണ വാക്സിനേഷൻ യജ്ഞം കൊണ്ടുവന്ന രാജ്യമാണ് ഇന്ത്യ. അതിനു സജ്ജമാക്കിയ ഓൺലൈൻ സംവിധാനത്തിൽ പോലും ട്രാൻസ്ജെന്റർ വിഭാഗത്തോ

ടുള്ള അവഗണന വ്യക്തമാണ്. Male, Female എന്നത് കൂടാതെ (മറ്റുള്ളവർ) other എന്ന ഓപ്ഷൻ ആണ് നൽകിയിട്ടുള്ളത്. ഇന്ത്യയിൽ നിയമം വഴി അംഗീകൃതമായ ജന്റർ ഐഡന്റിറ്റി ആണ് ട്രാൻസ്ജെന്റർ. എങ്ങനെ ആണ് അത് other ആയി മാറിയത്? ട്രാൻസ്ജെന്റർ മനുഷ്യരെ ട്രാൻസ്ജെന്റർ എന്ന് തന്നെ അടയാളപ്പെടുത്തേണ്ടത് അനിവാര്യമാണ്. 2011 ലെ സെൻസസ് പ്രകാരം നാലു ലക്ഷം ട്രാൻസ് മനുഷ്യരെ ഇന്ത്യയിൽ കണ്ടെത്തി അതിൽ 4% ആളുകൾക്ക് മാത്രമേ നിലവിൽ വാക്സിനേഷൻ ലഭിച്ചിട്ടുള്ളു എന്ന കണക്കുകൾ പുറത്ത് വന്നിരുന്നു. ഇന്ന് രാജ്യത്തു എത്ര ട്രാൻസ്ജെന്റർ മനുഷ്യർ ഉണ്ട് എന്നതിൽ പോലും യാതൊരു കണക്കും ഇല്ല. ഓൺലൈൻ സംവിധാനം ഉപയോഗിച്ച് വാക്സിൻ രെജിസ്റ്റർ ചെയ്യുവാനും, സ്ലോട് കണ്ടു പിടിക്കുവാനും ഒക്കെ എത്രപേർക്ക് സാധിക്കുന്നുണ്ട് എന്നറിയില്ല. അത്തരം സാങ്കേതിക അറിവുകൾ ഒക്കെ ഈ രാജ്യത്തെ എത്ര മനുഷ്യർക്ക് ഉണ്ട് എന്നത് പറയേണ്ടതില്ലല്ലോ. ട്രാൻസ്ജെന്റർ വിഭാഗത്തിന് ജില്ലകൾതോറും പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചു കേരള സർക്കാർ മാതൃക കാണിച്ചു. കേരളത്തിൽ ആണ് നിലവിൽ ഏറ്റവും കൂടുതൽ ട്രാൻസ്ജെന്റർ വ്യക്തികൾ വാക്സിനേഷൻ സ്വീകരിച്ചിട്ടുള്ളത്.അത് തുടരേണ്ടത് അത്യാവശ്യമാണ്. ധാരാളം ട്രാൻസ്ജെൻറ്റർ മനുഷ്യർക്ക് ഇപ്പോഴും വാക്സിനേഷനോട് വിശ്വാസകുറവും, തെറ്റിദ്ധാരണകളും ഉണ്ട്. അത് മാറ്റിയെടുക്കേണ്ടതും അത്യാവശ്യം തന്നെ ആണ്. കോവിഡ് വാക്സിനേഷൻ രെജിസ്റ്റർ ചെയ്യാൻ ഔദ്യോഗിക രേഖകളോ ഐഡന്റിറ്റി കാർഡോ ഇല്ലാത്ത ട്രാൻസ്ജെന്റർ മനുഷ്യർ ധാരാളം നമ്മുടെ രാജ്യത്ത് ഉണ്ട്. പലർക്കും ബാങ്ക് അക്കൗണ്ടോ, ആരോഗ്യ ഇൻഷുറൻസൊ ഇല്ല. അതുകൊണ്ട് മാത്രം വാക്സിനേഷൻ സ്വീകരിക്കാൻ സാങ്കേതിക തടസം നേരിടുന്നവർ ഉണ്ട്.






സമൂഹം അയിത്തം കൽപ്പിക്കുമ്പോഴും സമൂഹവും പൊതുജനങ്ങളുമായി ദിവസവും അടുത്ത് ഇടപെഴുകി അന്നന്നത്തെ അന്നം കണ്ടെത്തുന്നവർ ആണ് ഇന്ത്യയിലെ ഭൂരിപക്ഷം ട്രാൻസ് മനുഷ്യരും. അതുകൊണ്ട് തന്നെ കോവിഡും, അടച്ചുപൂട്ടലും അങ്ങേയറ്റം ഗുരുതരമായി ത്തന്നെ ഞങ്ങളെ ബാധിച്ചു കഴിഞ്ഞു. ധാരാളം സന്നദ്ധ സംഘടനകളും, സഹജീവി സ്നേഹികളും ആഹാരവും, സഹായങ്ങളുമായി രാജ്യത്തിന്റെ പല കോണുകളിൽ ട്രാൻസ് സമൂഹത്തോടൊപ്പം നിന്നു.അവരെ ഈ സമയം സ്നേഹത്തോടെ ഓർക്കുന്നു.

ട്രാൻസ്ജെന്റർ അവകാശങ്ങൾക്ക് യാതൊരു അംഗീകാരവും ഇല്ലാത്ത ഈ സമൂഹത്തിൽ, ട്രാൻസ്ജെന്റർ മനുഷ്യരെ മനുഷ്യരായി പോലും ഉൾകൊള്ളാൻ സാധിക്കാത്ത ഈ രാജ്യത്ത് ട്രാൻസ്ജെന്റർ മനുഷ്യരുടെ ആരോഗ്യത്തിന് എത്രമാത്രം പ്രാധാന്യം ലഭിക്കും എന്നതിൽ അതിശയോക്തി ഒട്ടും തന്നെ എനിക്കില്ല. അദൃശ്യരായവർ കൂടുതൽ അദൃശ്യരക്കപ്പെടും. സാമൂഹ്യമായ പ്രെവിലെജുകൾ ഇല്ലാത്തവർ എന്നും അവഗണിക്കപെടും. ഇവിടെ നീതിയുടെ വിതരണം നടക്കുന്നത് അത്തരത്തിലാണ്. എങ്കിലും ഈ മണ്ണിൽ ഞങ്ങൾക്കും ഇടം ഉണ്ട് എന്ന് തന്നെ ഇപ്പോഴും പ്രത്യാശിക്കുന്നു.

ചർച്ചാവിഷയം /കവിത

**ദയ ഗായത്രി**
ആർട്ടിസ്റ്റ്/മോഡൽ





# അവളിലേക്ക്

എന്റെ കവിതയിൽ
നിന്നാണാദ്യം
നിനക്ക്
മുടി നീണ്ടതും
മുല മുളച്ചതും
യോനിയായതും.
എന്റെ സ്വപ്നങ്ങളിൽ
നിന്നാണാദ്യം
നിനക്ക്
പൊട്ടുകുത്തിയതും
വളയിട്ടതും
കണ്ണെഴുതിയതും!.
അവളെഴുന്നേറ്റു.

മുടിയഴിച്ചിട്ടു.
വിവസ്ത്രയായി
കണ്ണാടിക്കു മുന്നിൽ
ലിംഗം പുറകിലോട്ട്
വലിച്ചു വെച്ചു.
കാലടുപ്പിച്ചു.
കൈകൾ കൊണ്ട്
നെഞ്ചു പൊത്തി.
നാണം കൊണ്ടോള്
കണ്ണടച്ചു.




# മിസ്റ്റർ കേരള പ്രവീൺ നാഥ് : ഉൾക്കരുത്തിന്റെ പ്രതീകം





**ഡോ. അനു കുര്യാക്കോസ്**
അസിസ്റ്റന്റ് പ്രൊഫസർ
എസ്.ആർ.എം. യൂണിവേഴ്സിറ്റി
ആന്ധ്രപ്രദേശ്

പാലക്കാട് നെന്മാറ സ്വദേശിയായ പ്രവീൺ നാഥ് കഴിഞ്ഞ മാസമാണ് ട്രാൻസ്ജെൻഡർ കാറ്റഗറിയിൽ 'മിസ്റ്റർ കേരള' ടൈറ്റിൽ കരസ്ഥമാക്കിയത്. അതിലേക്കുള്ള ദൂരം പ്രവീണിനെ സംബന്ധിച്ചിടത്തോളം ഏറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. മിസ്റ്റർ തൃശൂർ ടൈറ്റിൽ വിജയിക്കാൻ പരിശീലനം നൽകിയ വിനു മോഹനും കമ്മ്യൂണിറ്റി സുഹൃത്തുക്കളുമാണ് പ്രവീണിന് പ്രോത്സാഹനവും പിന്തുണയും നൽകിയത്.

തുച്ഛമായ വരുമാനത്തിൽ ജോലി ചെയ്തിരുന്ന പ്രവീണിനെ സംബന്ധിച്ചിടത്തോളം മത്സരത്തിനു വേണ്ടിയുള്ള പരിശീലനത്തിന് പണം കണ്ടെത്തുക അത്ര എളുപ്പമായിരുന്നില്ല. സുഹൃത്തിനോട് കടം വാങ്ങിയ തുകയുമായാണ് ബോഡി ബിൽഡിങ് എന്ന വലിയ വെല്ലുവിളിയും സ്വപ്നവും ഏറ്റെടുത്തത്. ഒടുവിൽ കഠിനമായ പരിശീലനത്തിന് തക്കതായ പ്രതിഫലം ലഭിച്ചു; 'കേരളത്തിലെ ആദ്യത്തെ ട്രാൻസ് മാൻ ബോഡി ബിൽഡർ' എന്ന് പി എസ് സി പരീക്ഷയ്ക്കുള്ള ചോദ്യത്തിനുത്തരമായി ആ പേരുണ്ടാവും: പ്രവീൺ നാഥ്.

ജീവിതത്തിലെ പ്രതിസന്ധി നിറഞ്ഞ ഘട്ടങ്ങളാണ് ഉൾക്കരുത്ത് നേടാനും സ്വയം തെളിയിക്കാനും തന്നെ പ്രചോദിപ്പിക്കുന്നതെന്നു പ്രവീൺ. എല്ലാ ട്രാൻസ് വ്യക്തികളെയും പോലെ തനിക്ക് ഇഷ്ടമില്ലാത്ത ശാരീരിക പ്രത്യേകതകളുമായി ജനിക്കുകയും അതിൽ ഏറെ വീർപ്പുമുട്ടലുകളും പ്രവീൺ അനുഭവിച്ചിരുന്നു. സ്കൂളിൽ എക്സ്ട്രോവേർട്ട് ആയ, ഒരുപാട് കൂട്ടുകാരുള്ള ഒരു കുട്ടിയായിരുന്നെങ്കിലും കൗമാരപ്രായത്തോടെ 'ജെൻഡർ ഡിസ്ഫോറിയ' തോന്നിത്തുടങ്ങിയപ്പോൾ പതുക്കെ അന്തർമുഖനായി. കൗമാരപ്രായത്തിലുണ്ടാവുന്ന ശാരീരിക മാറ്റങ്ങളും അംഗീകരിക്കു

വാനാവുന്നതല്ലായിരുന്നു. വീട്ടുകാർക്കും പ്രവീണിന്റെ ഐഡന്റിറ്റി ഉൾക്കൊള്ളാനാവുമായിരുന്നില്ല. അങ്ങനെ വീട്ടിൽ നിന്നും മാറി നിൽക്കേണ്ടുന്ന സാഹചര്യം കടുത്ത ആത്മസംഘർഷത്തിന്റേതായിരുന്നു.

ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഒരു ലെസ്ബിയൻ പെൺകുട്ടിയായി കരുതി കുറേ പേരെങ്കിലും പരിഹസിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തെങ്കിലും ചില അധ്യാപകർ തുണയായെത്തിയതിനാൽ പഠനം പൂർത്തിയാക്കി. പക്ഷേ, ഡിഗ്രിക്ക് പഠിക്കാൻ ചേർന്ന പാലക്കാട് എൻ.എസ്.എസ്. കോളേജിലെ അനുഭവം വളരെ ദുസ്സഹമായിരുന്നു. ട്രാൻസ് വ്യക്തിത്വത്തെ ഉൾക്കൊള്ളാൻ ആവില്ലായിരുന്ന അധികൃതർ പ്രവീണിനു മാനസികരോഗമാണെന്നും ചികിത്സ നല്കണമെന്നും വീട്ടുകാരോട് നിർദ്ദേശിച്ചു. ഒടുവിൽ ആ കോളേജിൽ നിന്നും ടിസി വാങ്ങി പോരേണ്ടി വരുകയാണുണ്ടായത്. തൃശ്ശൂരിൽ 'സഹയാത്രിക'യാണ് വീട് വിട്ടിറങ്ങിയപ്പോൾ പ്രവീണിനു പിന്തുണയും സംരക്ഷണവും നല്കിയത്.

2019 അവസാനം ട്രാൻസ്വ്യക്തികൾ അഭിനേതാക്കളായെത്തിയിരുന്ന 'പറയാൻ മറന്ന കഥകൾ' എന്ന നാടകത്തിൽ അഭിനയിക്കുന്ന സമയത്തു ചെസ്റ്റ് ബൈൻഡർ ഉപയോഗിച്ച് ശരീരം മുറിയുന്ന അവസ്ഥയിലെത്തുമ്പോഴാണ് ലിംഗമാറ്റ ശസ്ത്രക്രിയ തന്നെ നടത്തണമെന്ന ആഗ്രഹം ശക്തമായതും അതിനുള്ള തീരുമാനമെടുക്കുന്നതും. ട്രാൻസ്ജെൻഡർ മെയ്ക്കപ്പ് ആർട്ടിസ്റ്റ് ആയ രെഞ്ചു രെഞ്ജിമറാണ് പ്രവീണിന്റെ ആഗ്രഹത്തിന് സാമ്പത്തിക പിന്തുണ നൽകിയത്. ട്രാൻസ് വ്യക്തികൾക്കായി സർക്കാർ ശസ്ത്രക്രിയ സഹായം നൽകുന്നുണ്ടെങ്കിലും ശസ്ത്രക്രിയയ്ക്കു ശേഷം മാത്രമേ ആ പണം ലഭിക്കൂ എന്നുള്ളതായിരുന്നു ബുദ്ധിമുട്ടുണ്ടാക്കിയത്.




ശസ്ത്രക്രിയ നടത്തിയ ട്രാൻസ് ശരീരം തന്റെ സ്വപ്നങ്ങൾക്കൊരു തടസ്സമാവരുതെന്നുണ്ടായിരുന്നു പ്രവീണിന്, 2019 ൽ നടന്ന ശസ്ത്രക്രിയ കഴിഞ്ഞു ആവശ്യമായ വിശ്രമത്തിനു ശേഷം ശരീരം ഫിറ്റ് ആയി സൂക്ഷിക്കുക എന്ന തന്റെ ആഗ്രഹവുമായാണ് ആദ്യമായി ജിമ്മിൽ ചേർന്ന് പരിശീലനം നേടാൻ ശ്രമിക്കുന്നത്. ഒപ്പം ജീവിതത്തിൽ എന്തെങ്കിലുമൊക്കെയിയിത്തീരണമെന്ന അടങ്ങാത്ത അഭിവാഞ്ജയും. ട്രെയിനറോട് താൻ ഒരു ട്രാൻസ് മാൻ ആണെന്ന് തെല്ലൊരു സങ്കോചത്തോടെ വെളിപ്പെടുത്തി. എന്നാൽ, അദ്ദേഹമാണ് ട്രാൻസ് മാൻ കാറ്റഗറിയിൽ ബോഡി ബിൽഡിങ്ങിനു ശ്രമിക്കാൻ പ്രോത്സാഹനം നൽകിയത്. അങ്ങനെ ഭക്ഷണ നിയന്ത്രണവും കൃത്യമായ വ്യായാമവും ആരംഭിച്ചു. ഒരു മൂന്നു മാസം കൊണ്ടു തന്നെ പരിശീലനത്തിലൂടെ തന്റെ കഴിവ് പുറത്തെടുക്കാൻ പ്രവീണിനു സാധിച്ചു. തുടക്കത്തിൽ സുഹൃത്തുക്കളോടു പോലും പറയാതെയാണ് ബോഡി ബിൽഡിംഗ് എന്ന ആഗ്രഹത്തിനായി പ്രയത്നിക്കാൻ തുടങ്ങിയത്. മിസ്റ്റർ ത്രിശ്ശൂർ, മിസ്റ്റർ കേരള മത്സരങ്ങളിലെ മിന്നുന്ന പ്രകടനം പ്രവീണിന്റെ ജീവിതത്തിലെ തന്നെ ഒരു വഴിത്തിരിവായി. ഒരുപാട് പേർ ആശംസകളുമായെത്തി. പണ്ട് തള്ളിപ്പറഞ്ഞവരടക്കം ഇന്നു പ്രവീണിനെ അഭിനന്ദിക്കുന്നു. ഒരു ട്രാൻസ് ശരീരം എന്താണ് എന്നറിയാനുള്ള ആകാംക്ഷ സമൂഹത്തിനുണ്ടെന്നാണ് പ്രവീണിന്റെ നിരീക്ഷണം. ശസ്ത്രക്രിയ നടത്തിയ ട്രാൻസ് ശരീരം ഒളിച്ചു വയ്ക്കണമെന്ന് പ്രവീൺ ആഗ്രഹിക്കുന്നില്ല. ശരീര സൗന്ദര്യ മത്സരത്തിലിറങ്ങാൻ തീരുമാനിച്ചപ്പോൾ പൊതുസമൂഹത്തിനു മറുപടി നൽകുന്നതോ

ടൊപ്പം തന്നെ ട്രാൻസ് ശരീരം തന്നെ പോരാട്ടത്തിന്റെ ഒരു രാഷ്ട്രീയ മാതൃക യായി തനിക്കുയർത്തിപ്പിടിക്കാമെന്നും അവൻ തെളിയിച്ചു. ട്രാൻസ് ഫോബി ക് ആയ ഹെറ്ററോനോർമേറ്റീവ് സമൂഹം പ്രവീണിന്റെ അമ്മയെ വരെ കുറ്റ പ്പെടുത്താതിരുന്നില്ല; പ്രവീൺ ട്രാൻസ് മാൻ ആയത് അമ്മയുടെ തെറ്റുമൂലമാ ണെന്നു കുറ്റപ്പെടുത്തി ഒറ്റപ്പെടുത്തിയവരുണ്ട്. തന്റെ നേട്ടം അമ്മയുടെ കൂടെ വിജയമായിക്കണ്ട് സന്തോഷിക്കുകയാണ് പ്രവീൺ. സാമ്പത്തിക പ്രതിസന്ധി കൾക്കിടയിൽ കടം വാങ്ങിയും സ്വർണം പ ണയം വെച്ചും മകനെ പ്രോത്സാഹിപ്പിക്കാ നാവുന്നതൊക്കെ ആ അമ്മ നിർവഹിച്ചു. പരിഹസിച്ചവരുടെയെല്ലാം മുൻപിൽ അഭി മാനത്തോടെ ആ അമ്മയ്ക്ക് നിൽക്കാൻ ഈ നേട്ടം കൊണ്ട് സാധിക്കും.

ബോഡി ബിൽഡിംഗ് എന്ന ശരീര സൗ ന്ദര്യകലയിൽ ഉയരങ്ങളിലേക്ക് എത്താൻ പ്രവീൺ ആഗ്രഹിക്കുന്നു. മിസ്റ്റർ കേരള യിൽ നിന്നും മിസ്റ്റർ സൗത്ത് ഇന്ത്യയിലേ ക്കും മിസ്റ്റർ ഇന്ത്യയിലേക്കും മിസ്റ്റർ ഏഷ്യ യിലേക്കും മിസ്റ്റർ വേൾഡിലേക്കുമാണ് ഈ ഇരുപത്തിനാലുകാരൻ പ്രതീക്ഷയോടെ പ്ര യത്നിക്കുന്നത്. ട്രാൻസ് കാറ്റഗറിയിൽ നി ന്നും ‘മെൻ ഫിസിക്’ കാറ്റഗറിയിൽ പങ്കെ ടുക്കാനും പ്രവീണിനു ആഗ്രഹമുണ്ട്.



ആ മത്സരങ്ങൾക്കായി നല്ലൊരു സ്പോൺസറെയും പ്രവീണിന് ആവശ്യമാണ്. ഏത് പ്രതിസന്ധിയെയും കഠിനമായ അധ്വാനത്തോടെ നേരിടാൻ പ്രവീൺ തയ്യാറാ ണ്. എന്നാൽ ചെലവുകൾ വലിയൊരു വെല്ലുവിളിയാണ്. മത്സരഫീസ് ആയും പരി ശീലനത്തിനായുമൊക്കെ നല്ലൊരു തുക ചെലവാകുമെന്നതിനാൽ സുമനസ്സുകളാ യുള്ളവരുടെ സഹായം ലഭിക്കുമെന്നാണ് പ്രവീൺ പ്രതീക്ഷയോടെ കരുതുന്നത്. തന്റെ ജീവിതം ട്രാൻസ് കമ്യൂണിറ്റിക്കകത്തും പുറത്തുമുള്ളവർക്ക് പ്രചോദനമാവ ണമെന്നു പ്രവീൺ ആഗ്രഹിക്കുന്നു.

പ്രവീണിന്റെ അഭിപ്രായത്തിൽ, ട്രാൻസ് പുരുഷൻമാർക്ക് ട്രാൻസ് സ്ത്രീകളേ ക്കാൾ ശാരീരിക പ്രത്യേകതകളിലൂടെ അദൃശ്യരായിരിക്കാൻ കഴിയുമെങ്കിലും ര ണ്ട് കൂട്ടരും പൊതുവായനുഭവിക്കുന്ന സാമൂഹികമായ വിവേചനങ്ങളുണ്ട്. സമൂഹ ത്തിന്റെ ഭയം ട്രാൻസ് കമ്യൂണിറ്റിയെ അപമാനിക്കുന്നതിലേക്കും വേദനിപ്പിക്കുന്ന തിലുമെത്താറുണ്ട്. നിങ്ങളുടെ പഴയ പേരെന്താണ്? പഴയ ഫോട്ടോ കയ്യിലുണ്ടോ? നിങ്ങളുടെ ബോട്ടം സർജറി കഴിഞ്ഞതാണോ? നിങ്ങൾക്ക് കുട്ടികളുണ്ടാവുമോ? നി ങ്ങൾക്ക് ഒരു പുരുഷനോടോ സ്ത്രീയോടോ പ്രണയം തോന്നിയിട്ടില്ലേ? ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിട്ടില്ലേ? എന്നിങ്ങനെ വേദനിപ്പിക്കുന്ന ഒട്ടേറെ ചോദ്യങ്ങൾ നേ രിടേണ്ടി വരുന്നവരാണ് ഓരോ ട്രാൻസ് വ്യക്തികളും. ഇവ എങ്ങിനെയാണ് ട്രാൻ സ് മനുഷ്യരിൽ ട്രോമയുണ്ടാക്കുന്നതെന്ന് സിസ് മനുഷ്യർ തിരിച്ചറിയേണ്ടതുണ്ട്. കഴിഞ്ഞ നാലഞ്ചു വർഷത്തിനിടയ്ക്ക് കേരളത്തിൽ ഒരുപാട് മാറ്റങ്ങൾ സംഭവിക്കു കയും മത-രാഷ്ട്രീയ സംഘടനകളടക്കം ട്രാൻസ് വ്യക്തികളെ അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ എന്തെങ്കിലും നേടിയെടുത്താൽ മാത്രമേ ട്രാൻസ് വ്യക്തിക ളെ അംഗീകരിക്കൂ എന്ന മനോഭാവം മാറേണ്ടതുണ്ട്. നേട്ടങ്ങളില്ലാത്തവരായ ട്രാൻ സ് ആളുകൾക്കും ഈ സമൂഹത്തിൽ ജീവിക്കേണ്ടതുണ്ട്. ബോഡി ബിൽഡിംഗ് എ ന്ന സ്വപ്നത്തോടൊപ്പം തന്നെ ട്രാൻസ് കമ്യൂണിറ്റിക്കു വേണ്ടി എന്തെങ്കിലും ചെയ്യ ണമെന്നാണ് ആഗ്രഹം; ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കിടയിൽ ഫിറ്റ്നസിനു വേ ണ്ടിയുള്ള ബോധവത്കരണത്തിലും ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിലുമേർ പ്പെടണം. ഒരു ഗവൺമെന്റ് ജോലിയും പ്രവീണിന്റെ ലക്ഷ്യങ്ങളിലൊന്നാണ്.



# പുതുചരിത്രം കുറിച്ച് ട്രാൻസ് ദമ്പതികൾ

മെഡിക്കൽ വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും വലിയതോതിലുള്ള സംഭാവനകൾ നൽകിക്കൊണ്ട് ആരോഗ്യ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സഹായിക്കുന്ന ഒരു വ്യക്തിയുടെ തീരുമാനമാണ് മരണാനന്തര ശരീരദാനവും, അവയവദാനവും. പൊതുവെ കേരളത്തിലെ സ്ത്രീ പുരുഷ ലിംഗ വിഭാഗത്തിൽപ്പെടുന്നവർ മാത്രം സംഭാവനകൾ നൽകി വന്നിരുന്ന ഈ മേഖലയിൽ സ്വന്തം ശരീരം ദാനം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചു കൊണ്ട് ട്രാൻസ് ദമ്പതികളായ ഹൃത്വിക്കും, തൃപ്തി ഷെട്ടിയും പുതു ചരിത്രം കുറിച്ചിരിക്കുകയാണ്. ഭാവിയിൽ ട്രാൻസ് ശരീരങ്ങളെക്കുറിച്ചുള്ള ഗവേഷണ പഠനങ്ങൾക്ക് സഹായകവും, മുതൽക്കൂട്ടും ആവുന്ന ഈ തീരുമാനം പ്രശംസനാർഹമാണ്. ഇതുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർ ദമ്പതികളിൽ ഒരാളായ തൃപ്തി ഷെട്ടിയുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.



**വിൻഷി പി.കെ.**
MSK-SRCW റിസേർച്ച് ഓഫിസർ
തിരുവനന്തപുരം



## തൃപ്തിയുടെ ജീവിത പശ്ചാത്തലം ഒന്ന് വിശദമാക്കാമോ?

മഞ്ചേശ്വരം സ്വദേശിനിയായ ഞാൻ അച്ഛന്റെയും അമ്മയുടെയും ഏക സന്താനമായാണ് ജനിച്ചത്. അവിടുന്ന് ഇന്നത്തെ തൃപ്തിയിലേക്കുള്ള യാത്ര ഏറെ പ്രതിസന്ധികളും കയ്പ്പും നിറഞ്ഞതായിരുന്നു. പഠനകാലത്ത് തന്നെ ഞാൻ ജെൻഡർ ഡിസ്ഫോറിയ പ്രകടിപ്പിച്ചിരുന്നു. വിവിധ സാഹചര്യങ്ങൾ കൊണ്ട് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ജോലിയുടെ ഭാഗമായി പോയിട്ടുണ്ട്. ഈ സമയത്താണ് എന്റെ ലിംഗമാറ്റ ശസ്ത്രക്രിയ കഴിയുന്നത്. ട്രാൻസ്മാൻ ആയ ഹൃത്വിക്ക് ആണ് വൈവാഹിക ജീവിതത്തിലേക്ക് കടന്ന എന്റെ പങ്കാളി. ഇന്ത്യയിലെ തന്നെ ആദ്യത്തെ ട്രാൻസ്ജെൻഡർ സംരംഭക ദമ്പതികളാണ് ഞങ്ങൾ. കരകൗശല വസ്തുക്കളുടെയും, ആഭരണങ്ങളുടെയും നിർമാണവും വിപണനവും ആയി ബന്ധപ്പെട്ടാണ് ഞാൻ പ്രവർത്തിക്കുന്നത്. കേരള ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെൻറ് കോർപ്പറേഷനിൽ ആദ്യമായി രജിസ്റ്റർ ചെയ്ത ട്രാൻസ്ജെൻഡർ വ്യക്തി ഞാനാണ്. തിരുവനന്തപുരം സ്വദേശിയായ ഹൃത്വിക്ക് അലങ്കാര മത്സ്യങ്ങളുടെ വിപണന മേഖലയിൽ ആണ് ബിസിനസ് നടത്തുന്നത്. അതോടൊപ്പം കേരളത്തിലെ ടെലിവിഷൻ ഷോകളുടെ ചരിത്രത്തിലെ ആദ്യത്തെ ട്രാൻസ്മാൻ അവതാരകനായ അദ്ദേഹം ജീവൻ ടിവിയിലെ ആഴ്ചവട്ടം പരിപാടിയാണ് അവതരിപ്പിക്കുന്നത്.

**എങ്ങനെയാണ് ഹൃത്വിക്കിനെ പരിചയപ്പെട്ടത്? ഒരു പങ്കാളിയായി എങ്ങനെയാണ് അദ്ദേഹത്തെ തിരഞ്ഞെടുത്തത്?**

ഞങ്ങളുടേത് പ്രേമവിവാഹം ആയിരുന്നു. ഹൃത്വിക്ക് ആണ് ആദ്യം പ്രണയം തുറന്നു പറഞ്ഞത്. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന എന്റെ എക്സിബിഷന്റെ സമയത്താണ് ആദ്യമായി ഞാൻ ഹൃത്വിക്കിനെ പരിചയപ്പെട്ടത്. എന്റെ സുഹൃത്തുക്കൾക്കൊപ്പം വന്നതിനാൽ അന്ന് ഞങ്ങൾ പരിചയപ്പെട്ടിരുന്നു. പിന്നീട് സുഹൃത്തുക്കൾ വഴിയാണ് ഹൃത്വിക്ക് എന്നോടുള്ള ഇഷ്ടം തുറന്നു പറഞ്ഞത്. സംരംഭക എന്ന രീതിയിൽ വേരുറപ്പിക്കാനും, ജീവിതം കരക്കടുപ്പിക്കാനുമുള്ള ഓട്ടത്തിലായിരുന്നതിനാൽ വിവാഹത്തെപ്പറ്റിയോ, പ്രണയത്തെപ്പറ്റിയോ ചിന്തിക്കാൻ പറ്റിയ മാനസികാവസ്ഥയിലായിരുന്നില്ല ഞാൻ. ഇത്തരം സമാനമായ കാരണങ്ങൾ കൊണ്ട് ഹൃത്വിക്കിന്റെ പ്രണയാഭ്യർഥനക്ക് മുൻപ് വന്ന ഒരുപാട് ആലോചനകൾ ഞാൻ വേണ്ടെന്ന് വെച്ചിരുന്നു. അതുകൊണ്ടു തന്നെ ആദ്യഘട്ടത്തിൽ ഞാൻ ഹൃത്വിക്കിന്റെ പ്രണയവും, കല്യാണ ആലോചനയും വേണ്ടെന്ന് വെക്കുകയായിരുന്നു. എന്നാൽ ഹൃത്വിക്ക് എന്റെ മറുപടിയിൽ നിരാശനായി പിന്മാറിയില്ല. സുഹൃത്തുക്കൾ വഴി പലപ്പോഴായി പ്രണയാഭ്യർത്ഥന തുടർന്നുകൊണ്ടിരുന്നു. അങ്ങനെയാണ് ഞാൻ ആ വിഷയം വീണ്ടും ആലോചിക്കുന്ന സാഹചര്യം ഉണ്ടായത്. ഒരുപാട് ചിന്തിച്ചും, രണ്ടുപേരുടെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടും സുഹൃത്തുക്കളുമായി സംസാരിച്ചുമാണ് അവസാനം വിവാഹം കഴിക്കാമെന്ന തീരുമാനത്തിൽ ഞാനെത്തിയത്. ഹൃത്വിക്കിന്റെ ആത്മാർത്ഥതയും, സ്നേഹവും ഒരുപാട് നാൾ കണ്ടില്ലെന്ന് നടിക്കാൻ എനിക്ക് സാധിക്കുമായിരുന്നില്ല.



**തൃപ്തിയുടെ  സംരംഭത്തെ കുറിച്ച് വിശദമാക്കാമോ? എങ്ങനെയാണ് ഈ മേഖലയിൽ എത്തിച്ചേർന്നത്?**

കേരളത്തിലെ ഏതൊരു ട്രാൻസ്ജെൻഡർ വ്യക്തിയെയും പോലെ, എനിക്കും ഒരു ചെറിയ പ്രവാസ ജീവിതം ഉണ്ടായിരുന്നു, ഈ സമയത്ത് ഇന്ത്യയിലെ  പല സംസ്ഥാനങ്ങളിൽ മാറിമാറി വിവിധ ജോലികളിൽ ഞാൻ ഏർപ്പെട്ടിട്ടുണ്ട്. ആ സമയത്താണ് എന്റെ ശസ്ത്രക്രിയ നടക്കുന്നത്, അതിനുവേണ്ടി പണം കണ്ടെത്തുന്നതിനായി ഭിക്ഷാടനത്തിലും ലൈംഗിക ജോ

ലികളിലും ഏർപ്പെടേണ്ടതായി വന്നിട്ടുണ്ട്. തിരിച്ച് നാട്ടിൽ വന്ന സമയത്ത്, ഒരു വനിതാ ഡോക്ടറുടെ സഹായത്തോടെയാണ് ഞാൻ കൈകൊണ്ട് നിർമ്മിക്കുന്ന ആഭരണങ്ങൾ, ഷോപീസുകൾ എന്നിവ ഉണ്ടാക്കുന്നതിൽ പരിശീലനം നേടിയത്. അതിനുശേഷം, എന്റെ വാടക വീട്ടിൽ, കല്ലുകളിലും കറുത്ത ലോഹത്തിലും മനോഹരമായ ആഭരണങ്ങൾ ഞാൻ സൃഷ്ടിക്കാൻ തുടങ്ങി. നിരവധി എക്സിബിഷനുകളിലും പങ്കെടുത്തിട്ടുണ്ട്. ഞാൻ നിർമ്മിച്ച ആഭരണങ്ങൾ വാങ്ങാൻ ചിലപ്പോഴൊക്കെ നീണ്ട ക്യൂ തന്നെ ഉണ്ടായിട്ടുണ്ട്. ഉപയോഗിച്ച മദ്യക്കുപ്പികളിൽ നിന്ന് ഞാൻ മനോഹരമായ ഷോ പീസുകളും ഉണ്ടാക്കാറുണ്ട്. ടെക്സ്റ്റൈൽ മന്ത്രാലയത്തിൽ നിന്നും കരകൗശല തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള ഒരു സംരംഭകയാണ് ഞാൻ. അതോടൊപ്പം, ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്ന് മുദ്ര വായ്പയ്ക്ക് (Pradhan Mantri MUDRA Yojana (PMMY)) അപേക്ഷിച്ച ആദ്യ വ്യക്തിയും. എന്റെ സംരംഭത്തിന് 50000 രൂപ പണമായി എനിക്ക് ലഭിച്ചിട്ടുണ്ട്. കൊറോണ വ്യാപനത്തിന് മുൻപുള്ള എന്റെ വിപണന പ്രദർശനങ്ങളിൽ ഞാൻ രണ്ട് ട്രാൻസ് വ്യക്തികൾക്ക് ജോലിയും നൽകിയിരുന്നു. എന്റെ ബിസിനസ്സ് തന്ത്രങ്ങളും, ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള ഉപാധികളും പ്രധാനമായി കേന്ദ്രീകരിച്ചിരിക്കുന്നത് നവമാധ്യമങ്ങളിലാണ്.



വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്, വ്‌ലോഗുകൾ, കരകൗശല ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനായുള്ള വെബ്സൈറ്റ് തുടങ്ങിയവ മുഖേനയാണ് പ്രധാനമായും ഉപഭോക്താക്കളെ ഞാൻ കണ്ടെത്തുന്നത്. കരകൗശല സംരംഭവുമായി ബന്ധപെട്ടു എനിക്ക് നിരവധി അവാർഡുകളും, അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. കരകൗശല പ്രദർശനങ്ങൾ നടക്കുമ്പോൾ 'ട്രാൻസ്ജെൻഡർ' എന്ന ടാഗിൽ തന്നെയാണ് ഞാൻ നില്ക്കാറുള്ളത്. എന്റെ സംരംഭത്തിന് മുഖ്യധാരാ സമൂഹത്തിൽ നിന്ന് നല്ല രീതിയിലുള്ള പ്രചോദനം ലഭിച്ചിട്ടുണ്ട്. വിപണന പ്രദർശനങ്ങളിൽ പക്ഷപാതമോ, വിവേചനമോ എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. 2020 ന് ശേഷം ഒരു പ്രദർശനവും നിലവിൽ ഇതുവരെ നടത്താൻ സാധിച്ചിട്ടില്ല. കൊറോണ രോഗബാധയുടെ വ്യാപനവും, ലോക്ക് ഡൗണും ബിസിനസിനെ സാരമായി ബാധിച്ചിട്ടുണ്ട്. അടുത്തമാസം ഡൽഹിയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട ഒരു എക്സിബിഷൻ ഉണ്ട്. കേരളത്തെ പ്രതിനിധീകരിച്ചു എനിക്ക് ആ എക്സിബിഷനിൽ പങ്കെടുക്കാനുള്ള

അവസരം ലഭ്യമായിട്ടുണ്ട്.

**ശരീരദാനം എന്ന വിപ്ലവകരമായ തീരുമാനത്തിൽ എത്താൻ ഉള്ള കാരണം എന്തായിരുന്നു? നിങ്ങളിൽ ആരാണ് ആ തീരുമാനം ആദ്യം മുന്നോട്ടുവച്ചത്?**

നമ്മൾ ഈ ഭൂമി വിട്ടു പോയതിനു ശേഷം നമ്മുടെ ശരീരം ആർക്കെങ്കിലും ഉപയോഗപ്രദം ആകട്ടെ എന്ന തോന്നലിൽ നിന്നാണ് ശരീരദാനം എന്ന തീരുമാനത്തിലേക്ക് ഞങ്ങൾ എത്തിയത്. മുൻപ്







ആൺ അല്ലെങ്കിൽ പെൺ ലിംഗത്തിൽപ്പെട്ട ആളുകൾ മാത്രമേ ശരീരമോ, അവയവമോ ദാനം ചെയ്തിരുന്നുള്ളു. ഞാൻ ഞങ്ങൾ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ് വ്യക്തികളാണ്. വ്യത്യസ്ത ലിംഗങ്ങളെക്കുറിച്ച് പ്രത്യേകിച്ച് ട്രാൻസ് ജെൻഡർ മനുഷ്യരെക്കുറിച്ചുള്ള പലതരത്തിലുള്ള ഗവേഷണങ്ങൾ നടക്കുന്ന ഈ സമയത്ത് ഞങ്ങളുടെ ശരീരങ്ങൾ പഠനാവശ്യത്തിന് ലഭിക്കുന്നത് മെഡിക്കൽ വിദ്യാർത്ഥികൾക്ക് വലിയ സഹായമാകുമെന്ന് ഞങ്ങൾ കരുതുന്നു. ട്രാൻസ്ജെൻഡർ ശരീരങ്ങളെക്കുറിച്ചുള്ള വിശദമായ പഠനവും, ഗവേഷണവും ട്രാൻസ് വ്യക്തികളിൽ നടക്കുന്ന ലിംഗമാറ്റ ശസ്ത്രക്രിയക്കും, അനുബന്ധ ചികിത്സയ്ക്കും ഭാവിയിൽ ഗുണപരമാകുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

**ശരീരദാനത്തിനായി നിങ്ങൾ ആദ്യം സമീപിച്ചത് ആരെയായിരുന്നു? അതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നിരുന്നോ?**

ശരീരദാനത്തിനായി ഞങ്ങൾ ആദ്യം സമീപിച്ചത് അന്നത്തെ ആരോഗ്യമന്ത്രി ശൈലജ ടീച്ചറെ ആയിരുന്നു. ഞങ്ങളുടെ ശരീരദാന സന്നദ്ധത മനസ്സിലാക്കിയ ടീച്ചർ ഞങ്ങളുടെ ഫോട്ടോഗ്രാഫുകളും, ബന്ധപ്പെടാനുള്ള വിശദാംശങ്ങളും ഉൾപ്പെടുത്തി രേഖാമൂലം ഒരു അഭ്യർത്ഥന നൽകാനാണ് ആവശ്യപ്പെട്ടത്. 2019 ലാണ് ഞങ്ങൾ രേഖാമൂലമുള്ള അഭ്യർത്ഥന നൽകുന്നത്. 2020 ലാണ് മൃതസഞ്ജീവിനയിലേക്കു സമീപിക്കാൻ വേണ്ടിയുള്ള ഓർഡർ സെക്രട്ടറിയേറ്റ് വഴി ഞങ്ങൾക്ക് ലഭിച്ചത്. ടീച്ചറോടുള്ള നന്ദി പറഞ്ഞറിയിക്കാൻ കഴിയുന്നതിനും മുകളിലാണ്. മുൻപ് ആൺ-പെൺ ലിംഗത്തിൽപ്പെട്ട ആളുകൾക്ക് മാത്രമേ അവയവദാനവും, ശരീരദാനവും സാധിക്കുമായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ ഇതൊരു പുതിയ ആവശ്യമായിരുന്നിട്ട് പോലും വളരെ തുറന്ന മനസോടെയാണ് ടീച്ചർ ഞങ്ങളുടെ ആവശ്യത്തെ പരിഗണിച്ചത്.

**അവയവ -ശരീരദാനത്തിന്റെ പിന്നീടുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയായിരുന്നു?**

മുൻപ് സൂചിപ്പിച്ച ഓർഡറുമായാണ് ഞങ്ങൾ മൃതസഞ്ജിവിനിയെ സമീപിച്ചത്. അവരുടെ നിർദേശപ്രകാരം വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ ശ്രമം നടത്തിയെങ്കിലും ആ സമയത്തു പോർട്ടലിൽ സ്ത്രീക്കും പുരുഷനും ഒപ്പം ട്രാൻസ്ജെൻഡർ മനുഷ്യർക്ക് പ്രത്യേക കോളമുണ്ടായിരുന്നില്ല. ഇത് ശ്രദ്ധയിൽപെട്ട മന്ത്രി ട്രാൻസ് ജെൻഡർ മനുഷ്യർക്ക് കൂടി അവസരം നൽകാനുള്ള നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. ഇത് പ്രകാരം പുതിയ ഒരു ട്രാൻസ്ജെൻഡർ ദാതാവ് വന്ന സാഹചര്യത്തിൽ കേരള നെറ്റ് വർക്ക് ഓഫ് ഓർഗൻ ഷെയറിംഗ് (KNOS -മൃതസഞ്ജീവിനി) സാങ്കേതിക തകരാറുകൾ പരിഹരിച്ച് ഞങ്ങൾക്ക് കൂടി അപേക്ഷ നൽകാനുള്ള അവസരം ഒരുക്കി തന്നു. മരണാനന്തര അവയവദാനത്തിനു തയ്യാറായി മൃതസഞ്ജീവനിയുടെ ഡോണർ കാർഡ് എടുത്തിട്ടുണ്ടെങ്കിലും ഞങ്ങൾ രണ്ടുപേരും കണ്ണ് മാത്രമാണ് മൃതസഞ്ജിവിനിയിലേക്കു ദാനം ചെയ്തത്. ഒരു ശരീരത്തിലെ ഒന്നിൽ കൂടുതൽ അവയവങ്ങൾ ദാനം ചെയ്താൽ പിന്നെ ആ ശരീരം പഠനത്തിനായി ഉപയോഗിക്കാനുള്ള സാധ്യത കുറവാണ്. അതിനാലാണ് ഞങ്ങൾ അങ്ങനെ ചെയ്തത്. അടിയന്തിര സാഹചര്യങ്ങളിൽ അവയവങ്ങൾ എടുക്കാനോ, അല്ലെങ്കിൽ വിദ്യാർത്ഥികൾക്കായി മെഡിക്കൽ കോളേജിൽ ഗവേഷണ ആവശ്യങ്ങൾക്കായി മുഴുവൻ ശരീരവും എടുക്കാനോ ആയിരുന്നു ഞങ്ങൾ അഭ്യർത്ഥിച്ചത്. ഇത് പ്രകാരം മരണശേഷം മൃതശരീരം മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനാർത്ഥം വിട്ടു കൊടുത്തുകൊണ്ടുള്ള അനുമതി പത്രവും സമർപ്പിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജ് അനാട്ടമി വിഭാഗത്തിലെ ഡോ സാന്റോസ് ജോസഫിനാണ് ഞങ്ങൾ സമ്മതപത്രം നൽകിയത്. മരണശേഷം ഞങ്ങളുടെ ശരീരങ്ങൾ മറ്റുള്ളവർക്ക് ഉപകാരപ്പെടും എന്ന ചിന്ത ഞങ്ങളെ സന്തോഷിപ്പിക്കുന്നുണ്ട്.



**അനന്യകുമാരി അലക്സ് എന്ന ട്രാൻസ്ജെൻഡർ ആക്റ്റീവിസ്റ്റിന്റെ മരണത്തോടെ ഏറെ ചർച്ചായാവുന്ന ഒന്നാണ് ലിംഗമാറ്റ ശസ്ത്രക്രിയയിലെ വിഷമതകൾ. ഇന്നത്തെ ട്രാൻസ് മനുഷ്യർ അനുഭവിക്കുന്നതിന്റെ നൂറിരട്ടിയാണ് പഴയ ട്രാൻസ്ജെൻഡർ തലമുറക്ക് പറയാനുള്ളത്. തൃപ്തിക്കു ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ?**

എന്റെ ലിംഗമാറ്റ ശസ്ത്രക്രിയ നടന്നത് 2015-ൽ ബംഗളൂരുവിലെ എന്നൂർ ക്രോസ് ആശുപത്രിയിൽ വച്ചായിരുന്നു. ശസ്ത്രക്രിയക്ക് വി

ധേയയാക്കും മുമ്പ് യാതൊരുവിധ പരിശോധനകളും നടന്നില്ല. എച്ച്.ഐ.വി ടെസ്റ്റ് മാത്രമാണ് അന്ന് നടത്തിയത്. ആശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ ഉണ്ടായിരുന്നെങ്കിലും അവിടെ വെച്ചല്ല ശസ്ത്രക്രിയ നടത്തിയത്. ഒരു ടേബിളിൽ കിടത്തി ഒരുതരത്തിലുള്ള സൗകര്യങ്ങളും ഇല്ലാതെയാണ് ശസ്ത്രക്രിയ നടത്തിയത്. ഒരു കത്രികയും തുന്നിക്കെട്ടാനുള്ള സൂചിയും, നൂലും മാത്രമായിരുന്നു ആ റൂമിൽ ഉണ്ടായിരുന്നത്. ഫോക്കസ് ലൈറ്റിന് പകരം അവർ ടോർച്ച് ലൈറ്റ് ആണ് ഉപയോഗിച്ചത്. സർജറി ചെയ്യുന്ന ഭാഗം മാത്രമേ അവർ മരവിപ്പിച്ചിട്ടുണ്ടായിരുന്നുള്ളു. സർജറി കഴിഞ്ഞ അന്ന് തന്നെ ട്യൂബ് ഇട്ടതിനു ശേഷം അവരെന്നെ വീട്ടിലേക്കു പറഞ്ഞു വിട്ടു. മറ്റു സുരക്ഷാ സംവിധാനങ്ങൾ ഒന്നുമില്ലാഞ്ഞിട്ടും ഓപ്പറേഷന് മുമ്പിൽ പതറാതിരുന്നത് ശാരീരികമായി പെണ്ണാവണം എന്ന തീവ്ര ആഗ്രഹം കൊണ്ടുമാത്രമായിരുന്നു.


ഇതുമായി ബന്ധപ്പെട്ടുണ്ടാവുന്ന എല്ലാ ബുദ്ധിമുട്ടുകളും സഹിക്കാൻ ഞാൻ മാനസികമായി തയ്യാറായിരുന്നു. ശസ്ത്രക്രിയ കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ മൂത്രം തടസപ്പെട്ടു. അവസാനം കമ്പിവെച്ച് തുളച്ച് മൂത്രം പോകാൻ കുഴലിടേണ്ടതായി വന്നു. 40 ദിവസത്തെ വിശ്രമവും 41–ാം ദിവസം ആഘോഷ പൂർവ്വമായ ജൽസയും കഴിഞ്ഞെങ്കിലും 42–ാം ദിവസം മൂത്രം തടസപ്പെട്ടു. ആശുപത്രിയിൽ എത്തിയെങ്കിലും കമ്പിവെച്ച് തുളച്ചാണ് മൂത്രം പോകാൻ കുഴലിട്ടത്. പ്രശ്നം അവിടം കൊണ്ടും തീർന്നില്ല. ആശുപത്രി ചിലവുകൾ അടച്ച് തീർക്കാൻ വേണ്ടി ഈ കുഴലും താങ്ങിയാണ് ദിവസങ്ങളോളം ഞാൻ പണം കണ്ടെത്താനായി ഇറങ്ങിയത്. ഇന്നും സർജറിയുമായി ബന്ധപ്പെട്ട ഒരു പാട് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഞാൻ അനുഭവിക്കുന്നുണ്ട്. മൂത്രം പോകാനുള്ള ബുദ്ധിമുട്ട് മാറുവാൻ ഗ്രാമ്പു ഉപയോഗിച്ച് കുത്തേണ്ട അവസ്ഥയാണെനിക്ക്.



**ഭാവിയിലേക്കുള്ള പ്രതീക്ഷകളും ആഗ്രഹങ്ങളും എന്തൊക്കെയാണ്?**

നിലവിൽ ഞങ്ങൾ വാടക വീട്ടിലാണ് താമസിക്കുന്നത്. മാസാമാസം വരുന്ന വാടക തുക വലിയതോതിലുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഹൃത്വിക്കിന്റെ സംരംഭത്തിനും നിലവിൽ താമസിക്കുന്ന വീട്ടിലെ സ്ഥലപരിമിതി ബുദ്ധിമുട്ടായി തീരുന്നുണ്ട്. അതിനാൽ പുതിയൊരു വീട് വെക്കുക എന്നതാണ് ഇപ്പൊൾ ഞങ്ങളുടെ വലിയ ആഗ്രഹവും, ലക്ഷ്യവും. അതോടൊപ്പം ഒരു കുഞ്ഞിനെ ദത്തെടുക്കുന്ന കാര്യവും ഞങ്ങൾ ആലോചിക്കുന്നുണ്ട്.

ചർച്ചാവിഷയം
**അനസ് എൻ. എസ്.**
ഗവേഷകൻ
കേരള സർവ്വകലാശാല.



# സന്തോഷത്തിനു വലിയ വില നൽകേണ്ടവർ : എൽ.ജി.ബി.ടി.ഐ.ക്യൂ+ മനുഷ്യരും സമ്പദ്-വ്യവസ്ഥയും.



“My silences had not protected me. Your silence will not protect you.” – *Audre Lorde*

സമ്പത്തിന്റെ കേന്ദ്രീകരണവ്യവസ്ഥ സമൂഹത്തിൽ ഏതു രീതിയിലാണ് പ്രവർത്തിക്കുന്നത് എന്ന് തിരിച്ചറിയുകയാണ് പല പ്രധാന സിദ്ധാന്തങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പ്രാഥമിക നിലപാട്. സമ്പത്തിന്റെ ഏതെങ്കിലും ഒരു തരത്തിലുള്ള വിതരണരീതിയോട് ഓരോ പ്രത്യയശാസ്ത്രവും പക്ഷപാതമുള്ളതായിരിക്കും. അത് സൃഷ്ടിക്കുന്ന വർഗങ്ങൾ, അവ തമ്മിലുള്ള സംഘർഷം, ചൂഷണത്തിന്റെ നില, അതിനോടുള്ള പ്രതിരോധം എന്നിവ വിവിധ അധികാരരൂപങ്ങളെ വരെ സ്വാധീനിക്കുന്ന തരത്തിൽ പലകാലങ്ങളായി പര്യാലോചിക്കപ്പെടുന്നു. വേട്ടയാടിയിരുന്ന ആദിമമനുഷ്യൻ എന്ന നിലയിൽ നിന്ന് ഉത്പാദനം നടത്തുന്ന സ്വകാര്യസ്വത്തിന്റെ ഉടമ എന്ന നിലയിലേക്ക് വളർന്ന മനുഷ്യചരിത്രത്തിൽ സമ്പത്തിന്റെ പിന്തുടർച്ചനില എന്നതിന് സ്വന്തം ചോരയിൽ പിറന്ന കുഞ്ഞ് എന്ന അവസ്ഥ അങ്ങേയറ്റം ആവശ്യമായിരുന്നു. അതിൽ വ്യവസ്ഥയുണ്ടാവുകയാണ് സമ്പത്തിന്റെ ക്രമമായ പാരമ്പര്യപിന്തുടർച്ച സംഭവിക്കുന്നതിനെ നിലനിർത്തുന്നത് എന്ന് വന്നതോടെ ആൺ-പെൺ ബന്ധത്തിൽ ഊന്നി സൃഷ്ടിച്ച കുടുംബം എന്ന വ്യവസ്ഥ ഊട്ടിയുറപ്പിക്കപ്പെടുകയായിരുന്നു. മതം, സദാചാരം, സാമൂഹികവിലക്കുകൾ

എന്നിവ കൊണ്ടെല്ലാം കുടുംബം എന്ന വ്യവസ്ഥ അങ്ങേയറ്റം കെട്ടുറപ്പുള്ളതും അതേ നിലയിൽ കാലങ്ങളോളം തുടരുന്നതും ആയി നിലനിർത്തപ്പെടുന്നു എന്ന് ഉറപ്പാക്കപ്പെടുകയും ചെയ്തു.

കുടുംബം എന്ന വ്യവസ്ഥയുടെ നിലനിൽപ്പിനു സമ്പത്ത് എത്ര മാത്രം പ്രധാനപ്പെട്ട ഒരു ഘടകമാണ് എന്ന് പല പ്രത്യയശാസ്ത്ര നിർമാതാക്കളും സിദ്ധാന്തിച്ചിട്ടുണ്ട്. സമ്പത്തിനെ പ്രധാനഘടകമായി വിഭാവന ചെയ്ത കുടുംബം എന്ന ഘടന അടിസ്ഥാനപരമായി ഒരു സിസ്ഹെറ്ററോ ആഖ്യാനത്തിന്റെ ഭാഷയിലാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. 'ഒരു സ്ത്രീയും, ഒരു പുരുഷനും, അവരിൽ നിന്ന് ജൈവികമായി പ്രത്യുല്പാദനം ചെയ്യപ്പെടുന്ന കുട്ടികളും,' എന്ന രീതിയിലാണ് കുടുംബത്തിന്റെ സ്വാഭാവിക നില നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഇങ്ങനെയല്ലാത്ത കുടുംബങ്ങൾ ഒക്കെയും വ്യവസ്ഥയ്ക്ക് വിരുദ്ധമായി നിലനിൽക്കുന്ന അവിശുദ്ധ ഇടങ്ങളായി കണക്കാക്കപ്പെടുന്നു. വ്യവസ്ഥാപരമായ പ്രത്യുല്പാദനത്തിനു പങ്കു വഹിക്കാത്ത എല്ലാ ബന്ധവും 'കുടുംബത്തിനു നിരക്കാത്തത്' എന്ന പേരിൽ തന്നെയാണ് അറിയപ്പെടുന്നത്.




'കുട്ടികൾ ഉണ്ടാകാത്ത ആൺ-പെൺ ബന്ധം', 'വിവാഹിതരാകാത്ത വ്യക്തികൾ' എന്നിവരെയെല്ലാം ഒരു പ്രതികൂലമനോഭാവത്തോട്കൂടി മാത്രം വീക്ഷിക്കപ്പെടുന്നതും സമ്പത്തിന്റെ സ്വാഭാവിക ഒഴുക്കിനുണ്ടാകുന്ന വിഘാതത്തെ പ്രതിയാണ്. സ്വവർഗാനുരാഗികൾ, ട്രാൻസ് മനുഷ്യർ, നോൺ ബൈനറി മനുഷ്യർ, നിർലൈംഗികർ എന്നിവരെല്ലാം അങ്ങനെ നിഷേധികളും കുടുംബദ്രോഹികളും ആയി മാറുന്നു.

### കുടുംബം എന്ന (അ)സുരക്ഷിതകവചം:

ഒരു കുടുംബം പുറംലോകത്തിന്റെ എല്ലാ പ്രധാന വ്യവസ്ഥാപിത രീതികളെയും ഒരേസമയം അനുശാസിക്കുകയും എന്നാൽ സ്വയം സമൂഹത്തിൽ നിന്ന് വ്യതിരിക്തമാണ് എന്ന് ചിന്തിക്കുകയും ചെയ്യുന്ന ഒരിടമാണ്. ഈ അടുത്തിറങ്ങിയ 'ഹോം' എന്ന സിനിമയിൽ വീട്ടിനുള്ളിൽ ക്രമമില്ലായ്മയുടെ അവ്യവസ്ഥയിൽ ഇരിക്കുന്ന നായകന്റെ അവസ്ഥയോടൊപ്പം തന്നെ സമൂഹത്തിന്റെ കുടുംബസങ്കല്പത്തിലെ അതേ പിതൃമേധാവിത്വ അവസ്ഥയും ആ വീട്ടിൽ കാണാൻ കഴിയുന്നുണ്ട്. ഉത്തരവാദിത്തമുള്ള അച്ഛൻ, അമ്മ, സ്ത്രീ എന്നീ നിലകളെ പോഷിപ്പിച്ചു നിർത്തുന്ന 'വീട്' എന്ന പൊതുസങ്കൽപ്പത്തിനപ്പുറം ഒരു ചുവടുപോലും മുന്നോട്ട് പോകാതെ 'ഹോം' നിലനിൽക്കുന്നുണ്ട്. ഈ വീട് അല്ലെങ്കിൽ കുടുംബം എന്ന വ്യവസ്ഥ എപ്പോഴും പുറത്ത് നിർത്തുന്ന ഒരു ലിംഗ-ലിംഗത്വ-ലൈംഗിക ന്യൂനപക്ഷമനുഷ്യർ. തനിക്ക് സ്വന്തം ലിംഗത്തോടാണ് ആകർഷണം എന്ന് ഒരു സ്വവർഗാനുരാഗിക്ക് സ്വതന്ത്രമായി പ്രഖ്യാപിക്കാൻ കൂടി കഴിയാത്ത ഇടമാണ് ആ വ്യക്തിയുടെ വീട്. ഒരു

ട്രാൻസ്മനുഷ്യന് സ്വന്തം ഇഷ്ടത്തിലുള്ള ജെണ്ടർപ്രകടനം നടത്താൻ സ്വാതന്ത്ര്യം ഇല്ലാത്ത ഇടവും ഇതേ വീട് തന്നെയാണ്. ഇവ ചെയ്താൽ ക്രൂരമായി ശിക്ഷിക്കപ്പെടുക എന്ന അവസ്ഥയും നിലനിൽക്കുന്നു. 'കുടുംബത്തിന്റെ മാനം' എന്ന പേരിലുള്ള ഭീഷണി നിരന്തരം നേരിടുന്ന

എൽജിബിടിഐക്യുഎ+ മനുഷ്യർക്ക് കുടുബമെന്നത് ഒരു സുരക്ഷിതനിലയല്ല മറിച്ചു തടവറയാണ്. വീടിന്റെ സ്വച്ഛന്ദത അവിടുത്തെ അംഗങ്ങൾ സിസ്ജെണ്ടർ മനുഷ്യരോ ഹെറ്ററോലൈംഗികമനുഷ്യരോ ആകുന്നത് വരെയേ ഉള്ളൂ എന്നതിൽ നിന്ന് തന്നെ കുടുംബം എന്ന സങ്കൽപം ആരെയൊക്കെ ഉൾപ്പെടുത്താൻ മാത്രം രൂപം കൊണ്ടതാണ് എന്ന് മനസ്സിലാകും. ഒരു കുടുംബത്തിന്റെ സാമ്പത്തികവും അല്ലാത്തതും അയ എല്ലാത്തരം സുരക്ഷാനിലയും അതിലെ ഒരു അംഗത്തിന് ലഭിക്കണം എങ്കിൽ അത് വിഭാവനം ചെയ്യുന്ന മുഖ്യധാരാ അധികാര രീതിയോട് പൊരുത്തപ്പെട്ടിരിക്കണം. പാരമ്പര്യസ്വത്തു പോലും നിഷേധിക്കപ്പെട്ടു വീടിനു പുറത്താക്കപ്പെടുന്ന ക്വിയർ മനുഷ്യർ ഇന്നും നിരവധിയാണ്. വ്യവസ്ഥയോട് അനുസരണയുള്ള ഒരു വ്യക്തി എന്ന നിലയാണ് ഒരു കുടുംബം അതിലെ അംഗങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. പരമ്പരാഗത വ്യവസ്ഥകളെ വെല്ലുവിളിക്കുക എന്നത് സ്വച്ഛന്ദമായ ഒരു സാമ്പത്തികസുരക്ഷിത നിലയെ കൂടി അപകടത്തിൽ ആക്കുന്നുണ്ട്. കുടുംബത്തിന്റെ പൊതുരീതികളോട് കലഹിച്ചാൽ ഇല്ലാതാകുന്നത് സുരക്ഷ, സ്നേഹം, സമ്പത്ത് തുടങ്ങി മൂർത്തവും അമൂർത്തവും ആയ അനവധി കാര്യങ്ങളാണ്.

മതവിശ്വാസം ശീലമായ ഒരു കുടുംബത്തിൽ അതില്ലാത്ത വ്യക്തിക്ക് ഒറ്റപ്പെടൽ നേരിടുക, പുരുഷാധിപത്യവ്യവസ്ഥയുള്ള ഒരു വീട്ടിൽ സ്വത്വബോധമുള്ള ഒരു സ്ത്രീ എതിർക്കപ്പെടുക എന്നിവയിൽ നിന്നെല്ലാം എതിർശബ്ദങ്ങൾ വെറുക്കുന്ന ഒരു ഏകാധിപത്യവ്യവസ്ഥ തന്നെയാണ് കുടുംബം എന്ന് വ്യക്തമാകും.



ക്വിയർ മനുഷ്യരെ സംബന്ധിച്ച് വീടിനുള്ളിലെ സുരക്ഷിതത്വം, വീടിനു പുറത്തെ സുരക്ഷിതത്വം, വ്യവസ്ഥയിൽ നിന്നുള്ള സുരക്ഷിതത്വം എന്നിവയൊന്നും ഒരുതരത്തിലും ലഭ്യമാകുന്നില്ല. ഒരു സിസ്ഹെറ്ററോ വ്യവസ്ഥയാൽ ചുറ്റപ്പെട്ട ലോകത്ത് തീർത്തും അരികുവൽക്കരിക്കപ്പെട്ട മനുഷ്യരാണ് അവർ. ഏറ്റവും ചെറിയ സാമൂഹികഘടകമായ വീട് തന്നെ ഒരു മർദ്ദനയന്ത്രമായാണ് ഈ മനുഷ്യർക്ക് നേരെ പ്രവർത്തിക്കുന്നത്. ഗാർഹികപരിസരത്ത് കൊല്ലപ്പെട്ട ക്വിയർ മനുഷ്യരുടെ എണ്ണം വളരെ അധികമാണ്. സ്വന്തം മക്കൾ, കൂടെപിറപ്പുകൾ, പങ്കാളി എന്നിവർ ക്വിയർ സ്വത്വമുള്ള വ്യക്തിയാണ് എന്ന് തിരിച്ചറിയപ്പെട്ടാൽ അതിനോട് അതിരൂക്ഷമായി പ്രതികരിക്കുന്നവർ ആണ് അധികവും.

സ്വന്തം സഹോദരനാൽ തലയ്ക്കടിയേറ്റ് ഒരു ട്രാൻസ്വ്യക്തി കേരളത്തിൽ മരിച്ചത് വളരെ അടുത്ത കാലത്താണ്. നിർബന്ധിതവിവാഹത്തിനു പല ക്വിയർ വ്യക്തികളും വഴങ്ങുന്നത് കുടുംബത്തിന്റെ പരമ്പരാഗതവ്യവസ്ഥയെ ഭേദിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ആത്മഹത്യ ചെയ്തു സ്വയം ഒഴിവായിട്ടെങ്കിലും കുടുംബത്തിന്റെ അധികാരസ്വരൂപത്തെ നിലനിർത്താൻ ക്വിയർ വ്യക്തികൾക്ക് തോന്നു

ന്നതും ഇത്തരം കാരണങ്ങൾ കൊണ്ടാണ്. സ്വവർഗലൈംഗികത സ്വാഭാവികമാണ് എന്ന് തിരിച്ചറിയന്നുവർ പോലും അംഗീകൃതമായ കുടുംബവ്യവസ്ഥയുടെ തണൽ ലഭിക്കാൻ സ്വന്തം ലൈംഗികത ഏതെങ്കിലും വിധേന മാറ്റാൻ കഴിയുമോ എന്ന് ചിന്തിക്കുന്നവർ ആയി മാറുന്നത് ആ അവ്യവസ്ഥ അത്രയും ശക്തമായാണ് സമ്പത്ത് എന്ന ഘടകത്തിനുമേൽ പണിയിക്കപ്പെട്ടത് എന്നതിനാൽ ആണ്.

## സമ്പത്തിനാൽ അരികുവൽക്കരിക്കപ്പെട്ടവർ:


ഒരു സമൂഹത്തിൽ സന്തോഷത്തോടെ ജീവിക്കാൻ ഒരു വ്യക്തിക്ക് എത്രമാത്രം സാമ്പത്തികസുരക്ഷിതത്വം വേണം എന്നത് ഒരു നവലിബറൽ ലോക ക്രമത്തിൽ ഇരുന്ന് ചിന്തിക്കുമ്പോൾ ഉരുത്തിരിഞ്ഞു വരുന്ന ഉത്തരങ്ങൾ അനേകമാണ്. കൃത്യമായി വരുമാനമുള്ള ഒരു ഉപഭോക്താവ് എന്ന നില മധ്യവർഗം എന്ന സാമ്പത്തികവർഗത്തെ സൃഷ്ടിക്കുന്നു. ഈ വരുമാനം എന്നതിന്റെ അളവ്, തോത്, ക്രമം എന്നതിലുള്ള വ്യത്യാസമനുസരിച്ച് വിവിധ സാമ്പത്തികവർഗ്ഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു. എല്ലാ മനുഷ്യരും പലതരത്തിലുള്ള ഉപഭോക്താവാണ് എന്നിരിക്കെ വിലയ്ക്ക് വാങ്ങാൻ കഴിയുന്ന കാര്യങ്ങളിലും ഈ സാമ്പത്തിക നിലവ്യത്യാസം കൃത്യമായ സ്വാധീനം ചെലുത്തുന്നു. ഒരേ ഉപയോഗമുള്ള വസ്തുക്കൾ തന്നെ പല ഗുണമേന്മയോടെ വിവിധ ക്ലാസ് മനുഷ്യരെ ലക്ഷ്യമാക്കി പല തരത്തിൽ വിപണിയിൽ എത്തിക്കപ്പെടുന്നുണ്ട്.



ഒരു വ്യക്തിയെ കേന്ദ്രീകരിച്ച് വരുന്നതിനേക്കാൾ കൂടുതൽ ലാഭത്തിൽ വിപണി ശ്രദ്ധകേന്ദ്രീകരിക്കുന്നത് ഒരു അണുകുടുംബ യൂണിറ്റിനെയാണ്. ഒരു അണുകുടുംബത്തിന്റെ കുടുംബവ്യവസ്ഥയിൽ ബന്ധങ്ങൾ ചേരുമ്പോഴുള്ള നിലയാണ് ഏറ്റവും സുരക്ഷിതവും അംഗീകൃതവും എന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അവർക്ക് വേണ്ട രീതിയിലാണ് പലപ്പോഴും വിപണികൾ അവരുടെ വിപണനരീതി രൂപകൽപന ചെയ്തിരിക്കുന്നത്. ഇത്തരം അണുകുടുംബങ്ങളിലെ വിവാഹം പോലുള്ള ചടങ്ങുകൾ കൊണ്ടാണ് ബന്ധങ്ങളുടെ അംഗീകാരം ആശിർവദിക്കപ്പെടുന്നത്. ഭീമ ജ്വല്ലറിയുടെ പരസ്യത്തിൽ ഒരു ട്രാൻസ് വ്യക്തിയെ കുടുംബം അംഗീകരിച്ചു പൂർണത നൽകുന്നത് ഒരു വിവാഹചടങ്ങിലേക്ക് ആനയിച്ചാണ് എന്നതും ഈ വ്യവസ്ഥയിലേക്ക് വരുമ്പോഴാണ് ക്വിയർ-ജെണ്ടർ വ്യക്തികൾ പോലും അംഗീകരിക്കപ്പെടുക എന്ന സൂചന നൽകുന്നുണ്ട്. വിപണിയുടെ കാഴ്ചപ്പാട് ക്വിയർ മനുഷ്യരെ ചൂഴുന്നത് പോലും സിസ് ഹെറ്ററോ നോർമേറ്റീവായ രീതിയിലാണ്. സിസ്ജെണ്ടർ ആൺ-പെൺ ബന്ധങ്ങൾ മാത്രമുള്ള കുടുംബസങ്കൽപത്തിന് മേലാണ് വിപണി അതിന്റെ സ്വാഭാവികവിപണനതന്ത്രങ്ങളെ ഇറക്കുന്നത്. അതിനാൽ അത്തരം വ്യവസ്ഥാപിതകുടുംബങ്ങൾക്ക് മാത്രം ലഭ്യമാക്കപ്പെടുന്ന സന്തോഷമാണ് സമൂഹത്തിൽ നിലനിൽക്കുന്നത്.

ഒരു ക്വിയർ വ്യക്തിക്ക് സ്വാഭാവിക സന്തോഷം വില പിടിച്ചതാവുന്നത് അവിടെയാണ്. സ്വത്വം തുറന്നുപറഞ്ഞ ഒരു ക്വിയർ വ്യക്തിയോടുള്ള വിവേചനം സമൂഹത്തിലെ പല വ്യവഹാരങ്ങളും വെച്ചുപുലർത്തുന്നുണ്ട്. ഒരു സിസ് ഹെറ്ററോ വ്യക്തിക്ക് താമസസ്ഥലം ലഭിക്കുന്നതിനേക്കാൾ പ്രയാസമാണ് ക്വിയർ വ്യക്തിക്ക് ലഭിക്കാൻ. ഒരു ട്രാൻസ്/നോൺ-ബൈനറി വ്യക്തിക്ക് വീട് നൽകാൻ തുറന്ന മനസ്സോടെ തയ്യാറായവർ ഇന്നും വളരെ വിരളമാണ്. പലപ്പോഴും കുറഞ്ഞ സൗകര്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ വാടക കൊടുത്ത് കഴിയാൻ ഇവരുടെ അരക്ഷിതാവസ്ഥ ഇവരെ നിർബന്ധിക്കുന്നു. ഒരു പൊതുഗതാഗതയിടം ട്രാൻ

സ്ജെൻഡർ വ്യക്തികൾക്ക് പലപ്പോഴും തുറിച്ച് നോട്ടത്തിന്റെയും അസന്തുഷ്ടിയുടെയും ഇടമാകുന്നു എന്നതിനാൽ വിലകൂടിയ ഗതാഗതമാർഗങ്ങൾ അവർക്ക് ഉപയോഗിക്കേണ്ടതായി വരുന്നു. ഒരു പൊതു ടോയ്‌ലറ്റ് പോലും ആൺ-പെൺ നിലകളിൽ മാത്രം നിലനിൽക്കുന്നതിനാൽ പ്രാഥമികമായ പലതും വിലകൊടുത്ത് പോലും ലഭ്യമാക്കാൻ കഴിയാത്ത നിസ്സഹായാവസ്ഥ ഇവർക്കുണ്ടാകുന്നു. ഇങ്ങനെ പല മേഖലയിലും ക്വിയർ വ്യക്തികളുടെ ജീവിതച്ചിലവ് ക്വിയർ അല്ലാത്തവരേക്കാൾ കൂടുതലാണ്. സ്വാഭാവികമായ വിദ്യാലയ-കലാലയ അന്തരീക്ഷം ലഭിക്കാതെ, മാന്യമായ ഒരു തൊഴിലിലേക്ക് സ്വീകരിക്കപ്പെടാതെ മാറ്റി നിർത്തപ്പെടുമ്പോൾ മറ്റു മനുഷ്യരെ പോലെയുള്ള ഒരു ജീവിതസാഹചര്യത്തിന് പോലും അർഹതയില്ലാത്തവർ ആയി ഇവർ മാറുന്നു. ഇവിടെ



സിസ് വ്യക്തികൾ അനുഭവിക്കുന്ന അതെ സ്വാതന്ത്ര്യവും സന്തോഷവും നേടാൻ ക്വിയർ വ്യക്തിക്ക് വളരെയധികം ചിലവും അധ്വാനവും വേണ്ടി വരുന്നു. തത്വത്തിൽ സന്തോഷത്തിന് വേണ്ടി ഒരു ക്വിയർ വ്യക്തിക്ക് വളരെ വലിയ വില കൊടുക്കേണ്ടി വരുന്നു.

## പിങ്ക് എക്കണോമിയും പിങ്ക് കാപ്പിറ്റലിസവും

എൽജിബിടിഐക്യുഎ+ വ്യക്തികളുടെ വാങ്ങൽ ശേഷിയെ കുറിക്കുന്ന സങ്കേതമാണ് പിങ്ക് എക്കണോമി. വാങ്ങൽ ശേഷി വർധിച്ച എൽജിബിടിഐക്യുഎ+ മനുഷ്യരിലെ ഉപഭോക്താക്കളെ ലക്ഷ്യം വെച്ചുള്ള മുതലാളിത്ത യുക്തിയിൽ രൂപംകൊണ്ട ഉപഭോക്തൃ സംസ്കാരമാണ് പിങ്ക് കാപ്പിറ്റലിസം അഥവാ മഴവിൽ മുതലാളിത്തം. ക്വിയർ മനുഷ്യരുടെ സാമ്പത്തിക നിലയെ എങ്ങനെയാണ് മുതലാളിത്ത വ്യവസ്ഥ പലമാർഗത്തിലൂടെ ചൂഷണം ചെയ്യുന്നത് എന്നറിയണമെങ്കിൽ ഈ സങ്കേതങ്ങളെ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

സാമ്പത്തികമായി ഏറ്റവും അധികം അരക്ഷിതരായി നിലനിന്ന ക്വിയർ സമൂഹത്തിൽ ആഗോളമായി വ്യക്തിഗത സ്വത്ത്സമ്പാദനം നിയമപരമായ രീതിയിൽ വർദ്ധിക്കാൻ തുടങ്ങിയത് 1980കൾക്ക് ശേഷമാണ്. എയിഡ്സ് വൈറസ് വ്യാപനം അന്നുവരെ ക്വിയർ മനുഷ്യർക്കിടയിൽ പൊതുവേ നിലനിന്ന ബൊഹീമിയൻ സംസ്കാരത്തിന് വലിയ തോതിൽ പിന്തുണകുറയ്ക്കുന്നതിന് കാരണമായി. കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എയിഡ്സ് ബോധവൽകരണത്തിന്റെ ഭാഗമായി ശക്തിപ്പെടുന്ന അവസ്ഥയുണ്ടായതും സുഘടിതമായ ഒരു ജീവിതരീതി അനിവാര്യമാണ് എന്ന് ക്വിയർ വ്യക്തികൾക്ക് തോന്നുകയും ചെയ്തത് ഈ കാലഘട്ടത്തിൽ തുറന്ന രീതിയിൽ ക്വിയർ ജീവിതം ജീവിച്ചവർക്കിടയിൽ വളരെ വലിയ മാറ്റങ്ങൾ കൊണ്ട് വന്നു. ഫാഷൻ മേഖലയും ടൂറിസം മേഖലയും അടക്കമുള്ള ഇടങ്ങളിൽ ഗേ മനുഷ്യരെ മുൻകൂട്ടി കണ്ടു മാറ്റങ്ങൾ ഒരുക്കാൻ അതോടെ മുതലാളിത്തശ്രമവും ആരംഭിച്ചു. ക്വിയർ മനുഷ്യരുടെ സാമ്പത്തികനിലയിൽ മുൻപുള്ളതിനേക്കാൾ അഭിവൃദ്ധി ഉണ്ടാകാൻ തുടങ്ങിയതോടെ അവരിൽ ഉപഭോക്താക്കളെ കണ്ടു അവർക്ക് വേണ്ട രീതിയിൽ വിപണിയെ ഒരുക്കാൻ മുതലാളിത്തം ഒരുങ്ങി. അന്നുവരെ ചെയ്തിരുന്ന പല ക്വിയർ വിരുദ്ധ പ്രവർത്തികളെയും ഒറ്റയടിക്ക് മാറ്റിവെച്ചു കൊണ്ട് അവർ റെയിൻബോ ക്യാപിറ്റലിസത്തിനു തുടക്കം കുറിച്ചു. മുൻകാല ക്വിയർ വിരുദ്ധ ചെയ്തികളെ സ്വാർത്ഥതാല്പര്യങ്ങൾക്ക് വേണ്ടി വെള്ളപൂശു

ന്നതിനെ 'പിങ്ക് വാഷിംഗ്' എന്നാണ് പറയുന്നത്. വർത്തമാന ലോകക്രമത്തിൽ പിങ്ക് വാഷിംഗിന്റെ ഏറ്റവും പ്രബലമായ ഉദാഹരണം ഇസ്രായേലിന്റെ എൽജിബിടി+ സൗഹൃദമുഖമാണ്. ചരിത്രത്തിൽ പലകാരണങ്ങൾ കൊണ്ടും ക്വിയർ മനുഷ്യരെ ദ്രോഹിച്ച അവർ പലസ്തീൻ എന്ന അപരത്തിനു മുന്നിൽ പരിഷ്കൃതർ എന്ന പരിഗണന കിട്ടാനും ലോകത്തിനു മുന്നിൽ അവിടേക്ക് തൊടുക്കുന്ന ക്രൂരതയെ മറയ്ക്കാനും ടെൽ അവീവിനെ ഏറ്റവും ക്വിയർസൗഹാർദ്ദ ടൂറിസ്റ്റ്നഗരം ആക്കി മാറ്റി. പലസ്തീൻ ക്വിയർ മനുഷ്യരെ പുറത്താക്കുന്നവർ ആണ് എന്നും തങ്ങൾ അവരെ സ്വീകരിക്കുന്നു എന്നും ഒരു ചിത്രം നിർമ്മിച്ച് ഹോമോദേശീയതയെ വളർത്താൻ ഇസ്രായേലിനു ഈ മാറുന്ന ലോകക്രമത്തിൽ എളുപ്പത്തിൽ കഴിഞ്ഞു.


ഇത്തരത്തിൽ പിങ്ക് വാഷിംഗ് നടത്തി ക്വിയർ മനുഷ്യരെ ലക്ഷ്യം വെച്ച് ഒരു ഉപഭോക്തൃസംസ്കാരം സൃഷ്ടിക്കപ്പെട്ടു. സ്വവർഗവിവാഹം എന്ന സങ്കൽപ്പത്തിൽ ഹെറ്ററോ നോർമേറ്റീവ് ആയ ഘടകങ്ങൾ കൊണ്ട് വന്നുകൊണ്ട് ആൺ-പെൺ നിർമ്മിത അണുകുടുംബവ്യവസ്ഥയുടെ സുരക്ഷിതത്വത്തിന്റെ അതേ മാതൃകയിൽ ക്വിയർ ജീവിതങ്ങളെ മുതലാളിത്തം പുനർനിർമ്മിക്കുവാൻ തുടങ്ങി. മറ്റുള്ളവരാൽ അംഗീകരിക്കപ്പെടുക എന്നത് വളരെ നിർബന്ധമായ ഒരു കാര്യമാണ് എന്നും അതിനു ആളുകൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ജീവിക്കണം എന്നും മുതലാളിത്തയുക്തി ക്വിയർ മനുഷ്യരെ വിശ്വസിപ്പിച്ചു. വിവാഹവും അതുവഴി ഉപഭോക്താക്കൾ ആകാൻ കഴിയുന്ന ഒരു ചെറിയ യൂണിറ്റും ഒക്കെയുള്ള ജീവിതമാണ് അംഗീകൃതജീവിതം എന്നും മുതലാളിത്തം വളരെ എളുപ്പം ക്വിയർ മനുഷ്യരെ കൊണ്ട് സമ്മതിപ്പിച്ചു. നവ



ലിബറൽ സംസ്കാരം വ്യാപിച്ചതിനു ശേഷമാണു സ്വവർഗവിവാഹത്തിന് വേണ്ടിയുള്ള പോരാട്ടങ്ങൾ പലയിടത്തും ആരംഭിച്ചത് എന്നും ഇതിനോട് കൂട്ടിച്ചേർക്കാം. പ്രൈഡ് മാസം കോർപ്പറേറ്റ് മേഖല വിവിധയിടങ്ങളിൽ അനേകം കോടികൾ തന്നെ ചിലവാക്കുന്നത് ഇത്തരത്തിൽ പുതുജീവിതരീതിയിൽ സന്തോഷം നേടാൻ ആഗ്രഹിക്കുന്ന ക്വിയർ മനുഷ്യർ വളരെ വലിയ ഒരു ഉപഭോക്തൃസമൂഹം ആണ് എന്ന തിരിച്ചറിവിൽ ആണ്.

സ്വാഭാവികകുടുംബത്തിൽ നിന്ന് പുറത്താക്കപ്പെടുന്നവർ തങ്ങളുടേതായ സമാന്തരകുടുംബം ഉണ്ടാക്കുന്നത് വളരെ പ്രാചീനകാലം തൊട്ടു തന്നെ നിലനിൽക്കുന്ന അവസ്ഥയാണ്. ക്വിയർ മനുഷ്യർ അവരുടെതായ കുടുംബവ്യവസ്ഥ, അധോലോക ഇടങ്ങൾ എന്നിവ ഒക്കെ പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ ഇംഗ്ലണ്ട്, ബെർലിൻ തുടങ്ങിയ ഇടങ്ങളിൽ ഒരുക്കിയതായി തെളിവുകൾ ഉണ്ട്. രഹസ്യവിനിമയത്തിന് സ്വന്തമായി 'പൊളാരി' പോലെയുള്ള ഭാഷകളും അത്തരം ഇടങ്ങളിൽ രൂപം കൊണ്ടിരുന്നു. അറുപതുകളിൽ അമേരിക്കൻ നഗരങ്ങളിൽ പ്രവർത്തിച്ചിരുന്ന പല ഗേ ബാറുകളും വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ട ക്വിയർ മനുഷ്യരുടെ അഭയകേന്ദ്രമായിരുന്നു. അത്തരം ബാറുകളിൽ ഒന്നായ സ്റ്റോൺവാളിൽ 1969ൽ നടന്ന ഒരു റെയിഡാണ് എൽജിബിടി+ സമരങ്ങളുടെ ച

രിത്രത്തിൽ നാഴികക്കല്ലായി മാറിയ കലാപത്തിനു തുടക്കം കുറിച്ചത്. മാഫിയകൾ ആയിരുന്നു അന്ന് ഇത്തരം ബാറുകൾ പോലീസിനു കൈക്കൂലി കൊടുത്ത് നടത്തിയിരുന്നത്. വീടില്ലാതെ തെരുവിൽ അലഞ്ഞ ക്വിയർ മനുഷ്യർ ലൈംഗിക തൊഴിലും മറ്റു ചെറു ജോലികളും ഒക്കെ ചെയ്ത് കിട്ടുന്ന കാശു കൊണ്ട് ഇത്തരം ഇടങ്ങിൽ തങ്ങളെപോലെയുള്ള മനുഷ്യർ ഉള്ളയിടങ്ങളിൽ നില്ക്കാനുള്ള കൊതി കൊണ്ട് വന്നെത്തുകയായിരുന്നു. അശരണരായിരിക്കുക എന്ന അവസ്ഥയെ അന്ന് മാഫിയകൾ പച്ചയ്ക്ക് ചൂഷണം ചെയ്തുവെങ്കിൽ നവലിബറൽ ലോകത്ത് 'ഇങ്ങനെയാണ് ജീവിക്കേണ്ടത്; അങ്ങനെ ജീവിക്കാൻ ഇതൊക്കെ വാങ്ങൂ' എന്ന സന്ദേശം ഉയർത്തി മുതലാളിത്തം പണം നേടുന്നു.



സ്വവർഗാനുരാഗം തന്നെ സെക്സ്ടൂറിസത്തിന്റെ വൈകൃതസങ്കല്പമാണ് എന്ന രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടാണ് ഇടതുചിന്തകർ ഇത്തരം രീതികളോട് പ്രതികരിച്ചത്. മുതലാളിത്തത്തിന്റെ ചൂഷണം നേരിടുന്ന ഒരു ജനതയായി ക്വിയർ മനുഷ്യരെ കാണാനോ സ്വവർഗലൈംഗികതയുടെ സ്വാഭാവികത മനസ്സിലാക്കാനോ ആദ്യകാലത്ത് ഒരു ഇടതുശക്തിയും ശ്രമിച്ചില്ല. മീഡിയസംസ്കാരത്തിലൂടെ സ്വാഭാവികമായ 'ഗേ ലൈഫ്' ഒരു മാസ്മരികലോകമായി അവതരിപ്പിക്കപ്പെട്ടതും മുതലാളിത്തയുക്തിയുടെ തന്ത്രം ആയിരുന്നു. വെളുത്ത ആരോഗ്യമുള്ള ഏബിൾഡ് ശരീരമുള്ള ഗേ വ്യക്തികൾ മാത്രമാണ് മുതലാളിത്തയുക്തിയിൽ ആദർശ ക്വിയർ രൂപങ്ങളായി വന്നത്. പണമില്ലാത്ത, വെളുത്തവരല്ലാത്ത, ഗ്രാമീണരായ, നിരക്ഷരരായ, ഡിസേബിളായ, ജാതിമഹിമയില്ലാത്ത ക്വിയർ മനുഷ്യരെ എല്ലാം പുറത്ത് നിർത്തുന്ന ക്രമമാണ് മുതലാളിത്തം വിഭാവന ചെയ്ത മഴവിൽ ലോകത്ത്. ഹെറ്ററോ മനുഷ്യർ ജീവിക്കുന്ന ജീവിതം പോലെ ജീവിക്കുന്നതാണ് ക്വിയർ മനുഷ്യരുടെ സ്വാഭാവികജീവിതമാകേണ്ടത് എന്ന ചിന്തയെ ഹോമോനോർമേറ്റിവിറ്റി എന്ന് വിളിക്കുന്നുണ്ട്. ഈ ഹോമോനോർമൽ ചിന്തയുള്ള ഒരു ഉയർന്ന വർഗ ക്വിയർ മനുഷ്യരെ മാത്രം സങ്കൽപ്പിക്കുന്ന ഒരു സാമ്പത്തികക്രമം ക്വിയർരാഷ്ട്രീയം വിഭാവനം ചെയ്യുന്ന ലോകത്തിനു തീർത്തും വിരുദ്ധമാണ്. ഒരു മുന്നേറ്റത്തിൽ പ്രിവിലേജ് ഉള്ളവർ മാത്രം പ്രതിനിധീകരിക്കപ്പെടുക എന്ന അങ്ങേയറ്റം വിവേചനപൂർണ്ണമായ നടപടിയാണ് മുതലാളിത്തതിന്റെ ലാഭേച്ഛ മാത്രമുള്ള യുക്തിയിൽ ഉണ്ടായത്. ക്വിയർ മുന്നേറ്റത്തിനുള്ളിൽ തന്നെ വലിയ വർഗ്ഗ വ്യത്യാസം ഉണ്ടാക്കുന്ന ഈ വിവേചനനയം സൃഷ്ടിച്ച അസമത്വം ഈ രാഷ്ട്രീയമുന്നേറ്റത്തിന്റെ എല്ലാ ഉദ്ദേശങ്ങളെയും തകർക്കാൻ തക്ക വിധം അപകടമുള്ളതാണ്.

സ്വന്തം പുരോഗമനമുഖം സംരക്ഷിക്കാൻ കപടമായി ക്വിയർ മനുഷ്യരോട് ഐക്യപ്പെടുന്നവർ ഇത്തരം വിവേചനയുക്തിയെ ഉപയോഗിച്ച് ലാഭം നേടുന്ന അവസ്ഥയും ഉണ്ടാകും. ആരാണ് ഐക്യപ്പെടുന്നത് എന്നും അവരുടെ ഉദ്ദേശം എന്താണ് എന്നും മനസ്സിലാക്കേണ്ടതുമായ അധികബാധ്യതയാണ് ഇപ്പോൾ ക്വിയർ മനുഷ്യർക്കുള്ളത്. മലയാളത്തിലെ ആദ്യ ട്രാൻസ്ജെണ്ടർ കവയിത്രി വിജയരാജമല്ലിക ഇത്തരം കപട ഐക്യദാർഢ്യമുയർത്തുന്നവരെ 'ഐക്യനാട്യക്കാർ' എന്ന് വിളിച്ചത് പ്രത്യേകം സ്മരിക്കേണ്ടതാണ്.

ചർച്ചാവിഷയം

**രാധിക കൊല്ലരിക്കൽ**
ഗവേഷക വിദ്യാർഥിനി
ഹൈദരാബാദ് കേന്ദ്ര സർവകലാശാല






# ദൃശ്യതയിലേക്കുള്ള ചരിത്രദൂരങ്ങൾ

സ്വന്തമായി ഒരു ട്രാൻസ്ജെൻഡർ പോളിസിയും, ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും നിലവിലുള്ള ഇന്ത്യയിലെ ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കല, സാംസ്കാരികം, വിദ്യാഭ്യാസം, രാഷ്ട്രീയം തുടങ്ങി ഒട്ടനവധി മേഖലകളിൽ, പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ടാണെങ്കിലും, തങ്ങളുടേതായ പ്രാതിനിധ്യം ഉറപ്പിക്കാൻ ഇവിടത്തെ ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായിട്ടുണ്ട്. ഇന്ന് കാണുന്ന പരിമിതമായ ഈ ദൃശ്യതപോലും വലിയ പോരാട്ടങ്ങളുടെ ഭാഗമായി നേടിയെടുത്തതാണ്. ആ പോരാട്ടങ്ങളിൽ ഒട്ടനവധി ആളുകൾക്ക് തങ്ങളുടെ ജീവനും ജീവിതവും എല്ലാം നഷ്ടമായി. ട്രാൻസ്ജെൻഡർ പോളിസിയും, ജസ്റ്റിസ് ബോർഡും നിലവിൽ വന്നതിനുശേഷവും കേരളത്തിലെ ട്രാൻസ്ജെൻഡർ മനുഷ്യർക്ക് ഇന്നും പല രീതിയിലുള്ള അവഗണനയും അതിക്രമങ്ങളും നേരിടേണ്ടി വരുന്നുണ്ട്. അതിജീവനത്തിനായുള്ള നിരവധി പോരാട്ടങ്ങളിൽ ചിലതൊക്കെ നേടിയെടുക്കാൻ കഴിഞ്ഞുവെങ്കിലും തുല്യനീതിക്കും സാമൂഹിക അംഗീകാരത്തിനുമായുള്ള സമരങ്ങൾ ഇനിയും തുടരേണ്ടതുണ്ട് ഇവിടുത്തെ ട്രാൻസ്ജെൻഡർ മനുഷ്യർക്ക്. സമൂഹമാധ്യമങ്ങളൊക്കെ വളരെ സജീവമായൊരു കാലത്താണ് നാം ജീവിക്കുന്നത്.

ഇത്തരം സൈബർ ഇടങ്ങളിലൊക്കെ ക്വിയർ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് നിരവധി സാംസ്കാരികം, വിദ്യാഭ്യാസം, രാഷ്ട്രീയം തുടങ്ങി ഒട്ടനവധി മേഖലകളിൽ, പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ടാണെങ്കിലും, തങ്ങളുടേതായ പ്രാതിനിധ്യം ഉറപ്പിക്കാൻ ഇവിടത്തെ ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായിട്ടുണ്ട്. ഇന്ന് കാണുന്ന പരിമിതമായ ഈ ദൃശ്യതപോലും വലിയ പോരാട്ടങ്ങളുടെ ഭാഗമായി നേടിയെടുത്തതാണ്. ആ പോരാട്ടങ്ങളിൽ ഒട്ടനവധി ആളുകൾക്ക് തങ്ങളുടെ ജീവനും ജീവിതവും എല്ലാം നഷ്ടമായി. ട്രാൻസ്



ജെൻഡർ പോളിസിയും, ജസ്റ്റിസ് ബോർഡും നിലവിൽ വന്നതിനുശേഷവും കേരളത്തിലെ ട്രാൻസ്ജെൻഡർ മനുഷ്യർക്ക് ഇന്നും പല രീതിയിലുള്ള അവഗണനയും അതിക്രമങ്ങളും നേരിടേണ്ടി വരുന്നുണ്ട്. അതിജീവനത്തിനായുള്ള നിരവധി പോരാട്ടങ്ങളിൽ ചിലതൊക്കെ നേടിയെടുക്കാൻ കഴിഞ്ഞുവെങ്കിലും തുല്യനീതിക്കും സാമൂഹിക അംഗീകാരത്തിനുമായുള്ള സമരങ്ങൾ ഇനിയും തുടരേണ്ടതുണ്ട് ഇവിടുത്തെ ട്രാൻസ്ജെൻഡർ മനുഷ്യർക്ക്. സമൂഹമാധ്യമങ്ങളൊക്കെ വളരെ സജീവമായൊരു കാലത്താണ് നാം ജീവിക്കുന്നത്. ഇത്തരം സൈബർ ഇടങ്ങളിലൊക്കെ ക്വിയർ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് നിരവധി അവതരണങ്ങളും ചർച്ചകളും ഒക്കെ നടക്കുന്നുണ്ട്. ഇത്തരം സൈബർ ഇടങ്ങളിൽ ഇടപെടുന്ന ഒരുപാട് ആളുകൾ 'ക്വിയർ' എന്ന വാക്ക് വളരെ സ്വാഭാവികമായി ഉപയോഗിക്കുന്നു. 'ക്വിയർ' എന്ന പദവും അത് മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയവും കേരളത്തിൻറെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലത്തിന് പരിചിതമായിട്ട് അധികകാലം ആയിട്ടില്ല. എന്നാൽ ഈ വാക്ക് നമ്മൾ ഉപയോഗിച്ച് തുടങ്ങുന്നതിനും എത്രയോ മുൻപ്, ഈ വാക്കിന്റെ രാഷ്ട്രീയമുൾക്കൊള്ളുന്ന അസ്തിത്വവുമായി ഇവിടെ പോരാട്ടജീവിതങ്ങൾ നയിച്ചിരുന്നു.

ആദിമകാലത്ത് സ്വതന്ത്രവും വിശാലവുമായ ലൈംഗികജീവിതം നയിച്ചിരുന്ന മനുഷ്യർ, ഏകഭാര്യാത്വം അംഗീകരിച്ച് ഒരു കുടുംബ സംവിധാനത്തിലേക്ക് വഴിമാറുന്നത് സ്വകാര്യസ്വത്ത് സംരക്ഷിക്കാനും, അതുവഴി പുരുഷന്റെ അധികാരം ഊട്ടിയുറപ്പിക്കാനുമാണ്. ദ്വന്ദ്വ വിപരീതങ്ങളായ ആയ രണ്ട് ലിംഗത്വ വിഭാഗങ്ങളായി മുന്നോട്ട് വയ്ക്കപ്പെട്ട വ്യക്തിത്വങ്ങളാണ് സ്ത്രീയും പുരുഷനും. ഈ ദ്വന്ദ്വവിപരീത സങ്കൽപ്പത്തിന്റെ അടിത്തറയിലാണ് ഇവിടെ ഇന്ന് കാണുന്ന പല സാമൂഹിക

സംവിധാനങ്ങളും നിലനിൽക്കുന്നത്. ഈ സ്ത്രീ-പുരുഷ ദ്വന്ദ്വത്തെ, ഇതിന്റെ സാധുതയെ ചോദ്യം ചെയ്യുന്ന എല്ലാത്തരം ബന്ധങ്ങളേയും സ്വത്വങ്ങളേയും മതം, കുടുംബം, ഭരണകൂടം തുടങ്ങിയ സംവിധാനങ്ങൾ അസ്വാഭാവികമെന്നും പ്രകൃതിവിരുദ്ധമെന്നും വാദിക്കുന്നു. എന്നാൽ മനുഷ്യന്റെ ജൈവികമായ ലൈംഗിക ചോദനകളും, ലിംഗസ്വത്വങ്ങളും, ജൻഡർ കാഴ്ചപ്പാടുകളും എല്ലാംതന്നെ വളരെയധികം വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അതിനെ ഒരിക്കലും ബൈനറി സങ്കല്പങ്ങൾക്കുള്ളിലോ, സിസ്ഹെറ്ററോനോർമാറ്റിവിറ്റിക്കുള്ളിലോ തളച്ചിടാൻ കഴിയുന്നതല്ല. ഇത്തരത്തിലുള്ള സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങൾ ആവിർഭാവം കാലം മുതൽക്കുതന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നതുമാണ്. ഇത്തരം താത്പര്യങ്ങൾക്കകത്ത് സ്വാഭാവികം/ അസ്വാഭാവികം എന്ന രീതിയിലുള്ള വർഗീകരണം തികച്ചും തെറ്റായ ഒന്നാണ്.



സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റിയുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന എല്ലാ കണിശതകളേയും വാർപ്പുമാതൃകകളേയും തകർത്തെറിഞ്ഞുകൊണ്ടുള്ള വൈവിധ്യങ്ങളുടെ ആഘോഷമാണ് ക്വിയർ രാഷ്ട്രീയം മുന്നോട്ടുവെക്കുന്നത്. ക്വിയർ എന്ന വിശാലമായ രാഷ്ട്രീയസങ്കൽപ്പത്തിനകത്ത് ഒട്ടനവധി വൈവിധ്യങ്ങളാർന്ന സ്വത്വങ്ങൾ ഉൾച്ചേർക്കപ്പെട്ടിരിക്കുന്നു. അജെൻഡർ, അസെക്ഷ്വൽ, ജൻഡർ ഫ്ളൂയി ഡ്, ഹോമോസെക്ഷ്വൽ, ട്രാൻസ്ജെൻഡർ ഇവയെല്ലാം തന്നെ ക്വിയർ രാഷ്ട്രീയത്തിൽ ഉൾച്ചേർക്കപ്പെട്ടിട്ടുള്ള വൈവിധ്യങ്ങളാണ്. ഈ വൈവിധ്യങ്ങൾക്കകത്തും നിരന്തരമായ പരിണാമങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ക്വിയർ രാഷ്ട്രീയ ഭൂമികയിൽ വിശദമായി പ്രതിപാദിക്കേണ്ടുന്ന ഒരു ജൻഡർ സ്വത്വമാണ്, ട്രാൻസ്ജെൻഡർ. അടിച്ചമർത്തപ്പെട്ട ഏതൊരു മനുഷ്യന്റെയും ചരിത്രം എന്നുള്ളത് അവരുടെ പോരാട്ടത്തിന്റെ ചരിത്രമാണ്. അത്തരത്തിൽ നോക്കുമ്പോൾ ട്രാൻസ്ജെൻഡർ മനുഷ്യരുടെ ചരിത്രം, അവരുടെ അതിജീവന പോരാട്ടത്തിന്റെ ചരിത്രമാണ്. അതേസമയം ഇത്തരം വിഭാഗങ്ങളുടെ എല്ലാത്തരം പ്രതിനിധാനങ്ങളെയും ചരിത്രത്തിൽനിന്ന് നിഷ്കാസനം ചെയ്യാനുള്ള തീവ്രമായ ശ്രമങ്ങൾ സിസ് ഹെറ്ററോനോർമാറ്റിവിറ്റിയിൽ വിശ്വസിക്കുന്ന മനുഷ്യരിൽ നിന്നും നിരന്തരമായി ഉണ്ടാവുന്നു. സ്വവർഗലൈംഗികതയെപ്പറ്റിയും ട്രാൻസ്ജെൻഡർ വിഭാഗങ്ങളെപ്പറ്റിയും ഉള്ള ചർച്ചകളിൽ, ഇതിനെയെല്ലാം വൈദേശികാധിപത്യത്തിന്റെ അനന്തരഫലമായും ഇറക്കുമതി ആശയങ്ങളായും സ്ഥാപിക്കാനുള്ള ശ്രമങ്ങൾ വിവിധ വ്യവസ്ഥാപിത സംവിധാനങ്ങളുടെ ഭാഗത്തുനിന്നുണ്ടായി. ഇന്ത്യൻ സംസ്കാരം ഒരുതരത്തിലും ഇത്തരത്തിലുള്ള വൈവിധ്യങ്ങളെ ഉൾച്ചേർത്തിരുന്നില്ല എന്നുകൂടി ആവർത്തിച്ചുറപ്പിക്കാൻ ഇവർ ശ്രമിച്ചു. പല കാലഘട്ടങ്ങളിൽ പല രീതികളിലാണ് ഇന്ത്യയിൽ ക്വിയർ വിഭാഗങ്ങൾ പരിഗണിക്കപ്പെട്ടത്. പ്രാചീനകാലഘട്ടത്തിൽ സിസ് ഹെറ്ററോ സങ്കൽപ്പങ്ങൾക്ക് പുറത്തുനിൽക്കുന്ന സെക്സ്, ജൻഡർ, വൈവിധ്യങ്ങളുടെ പ്രതിനിധാനങ്ങൾ കാണാൻ സാധിക്കും. രാമായണം, മഹാഭാരതം, കാമസൂത്രം തുടങ്ങിയ പുരാണ ഗ്രന്ഥങ്ങളിലും ക്ഷേത്രകലകളുടെ ഭാഗമായുമെല്ലാം സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങൾ പരാമർശിക്കപ്പെട്ടിരുന്നു. മധ്യകാല ഇന്ത്യയിൽ വിവിധ

രാജഭരണകൂടങ്ങളുമായി ബന്ധപ്പെട്ട രേഖകളിൽ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെപ്പറ്റി പരാമർശിക്കുന്നുണ്ട്. ഷണ്ഡീകരണത്തിന് വിധേയരായ ഇത്തരം വിഭാഗങ്ങളിൽപ്പെട്ട ആളുകളെ കൊട്ടാരം കാവൽക്കാരായും മറ്റും നിയമിച്ചിരുന്നു. ലൈംഗിക താൽപ്പര്യങ്ങളില്ലാത്തവരായി കണക്കാക്കിയിരുന്നതുകൊണ്ട് അത്തരം പ്രലോഭനങ്ങളിലൊന്നും വീഴാതെ രാജ്യസുരക്ഷക്ക് മുൻതൂക്കം കൊടുക്കും എന്നാണ് കരുതിപ്പോന്നത്.

സാംസ്കാരിക സാഹിത്യ മേഖലകളിലും, പ്രത്യേകിച്ചും സൂഫി സാഹിത്യം പോലുള്ള ധാരകളിൽ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളുടെ ശക്തമായ പ്രതിനിധാനം ഉണ്ടായിരുന്നു. റൂത്ത് വനിത, സലിം കിദ്വായി എന്നിവരുടെ എഴുത്തുകൾ വളരെ വിശദമായി ഇക്കാര്യം പ്രതിപാദിക്കുന്നു. എന്നാൽ വൈദേശികാധിപത്യത്തോടെ, പ്രത്യേകിച്ച് ബ്രിട്ടീഷ് അധിനിവേശ ഭരണകാലം മുതൽ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട് വിവിധ ഭരണ- നിയമപരിഷ്കാരങ്ങൾ നടപ്പിലാക്കി. ലൈംഗിക സദാചാരത്തേയും സിസ് ഹെറ്ററോനോർമാറ്റിവി റ്റിയേയും അടിസ്ഥാനമാക്കിയുള്ള ഈ പരിഷ്കാരങ്ങളിൽ പ്രധാനപ്പെട്ടവയാണ് ക്രിമിനൽ ട്രൈബ് ആക്ട് (1871), സെക്ഷൻ 377(1861) എന്നിവ. ഇത്തരം നിയമങ്ങളും വകുപ്പുകളും സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങ



ളെ കുറ്റവാളികളായി ചിത്രീകരിക്കുന്നവയായിരുന്നു. ഏതെങ്കിലുമൊരു പ്രത്യേക ലിംഗവിഭാഗത്തിൽ ജനിക്കുകയും വളർച്ചയുടെ ഏതെങ്കിലും ഘട്ടത്തിൽ ഇതിൽനിന്നും വ്യത്യസ്തമായ ശരീരചേഷ്ടകൾ, പെരുമാറ്റരീതികൾ പ്രകടിപ്പിക്കുകയും ചെയ്തിരുന്ന ആളുകളെ ക്രിമിനൽ ട്രൈബ് ആക്ട് പ്രകാരം കുറ്റവാളികളായി കണക്കാക്കിയിരുന്നു. ഒരു പ്രത്യേക ലിംഗവിഭാഗത്തിൽ ജനിക്കുന്ന ഏതൊരു വ്യക്തിയും ആ ലിംഗവിഭാഗത്തിന് അനുയോജ്യമെന്ന നിലയിൽ രൂപപ്പെടുത്തിയിട്ടുള്ള പെരുമാറ്റ-ശാരീരിക രീതികളോട് ചേർന്നുനിൽക്കാൻ നിർബന്ധിതരാകുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള യോനീ-ലിംഗ ലൈംഗികബന്ധത്തെ മാത്രം സ്വാഭാവികമായി കണക്കാക്കുകയും അങ്ങനെയല്ലാതെയുള്ള എല്ലാത്തരം ലൈംഗികബന്ധങ്ങളേയും പ്രകൃതിവിരുദ്ധവും അസ്വാഭാവികവുമായി കണക്കാക്കി ശിക്ഷിക്കുന്ന വകുപ്പാണ്, 377-ാം വകുപ്പ്. ഒരിക്കലും സ്വവർഗലൈംഗികതയെപ്പറ്റി നേരിട്ട് പരാമർശിക്കുന്ന വകുപ്പല്ല 377-ാം വകുപ്പ്. എന്നിരുന്നാലും സ്വവർഗാനുരാഗികളെ കുറ്റവാളികളാക്കി ചിത്രീകരിക്കുന്ന ഒരു വകുപ്പായിട്ടാണ് 377 വായിക്കപ്പെട്ടത്. യഥാർത്ഥത്തിൽ ലൈംഗിക സദാചാര സങ്കൽപ്പങ്ങളെ അടിസ്ഥാന

മാക്കിയുള്ള, എല്ലാത്തരം ലൈംഗിക വൈവിധ്യങ്ങളേയും കുറ്റകരമായി കണക്കാക്കുന്നതാണ് സെക്ഷൻ 377. ബ്രിട്ടീഷ് കോളനി വാഴ്ച ക്കാലത്ത്, 1884 ൽ അലഹബാദ് ഹൈക്കോടതിയിലാണ് 377-ാം വകുപ്പ് പ്രകാരമുള്ള ആദ്യ കേസ് രജിസ്റ്റർ ചെയ്യുന്നത്. സ്ത്രീയെ പോലെ വേഷംകെട്ടി നിൽക്കുന്ന പുരുഷൻ എന്ന ആരോപണമാണ് അറസ്റ്റിന് കാരണം.

ഹിജ്റ (ജനനസമയത്ത് പുരുഷനായി ലിംഗനിർണയം നടത്തുകയും പിന്നീട് സ്ത്രീകളുടേതായ ശാരീരിക പെരുമാറ്റ രീതികളിലേക്ക് പരിണാമം സംഭവിക്കുകയും ചെയ്ത ആളുകൾ) സംസ്കാരത്തിന്റെ ഭാഗമായി ജീവിക്കുന്ന ആളുകളെ ക്രിമിനൽ ട്രൈബ് ആക്ട് പ്രകാരവും 377-ാം വകുപ്പ് പ്രകാരവും കുറ്റവാളികളായി കണക്കാക്കിയിരുന്നു. ബ്രിട്ടണിലെ സൊദോമി നിയമങ്ങളെ പിൻപറ്റിക്കൊണ്ട് ഇന്ത്യയിൽ നടപ്പിലാക്കിയ ക്രിമിനൽ ട്രൈബ് ആക്ടും 377-ാം വകുപ്പും അടക്കമുള്ള അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമായ നിയമങ്ങൾ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളുടെ ദൃശ്യതയെ വലിയ രീതിയിൽ ബാധിച്ചു. ഈ നിയമങ്ങൾ നിലവിൽവന്ന കാലം മുതൽതന്നെ ഇതിനെതിരെ ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രതിഷേധങ്ങളും രൂപപ്പെട്ടു. നിയമപരമായി കുറ്റവാളികളാക്കപ്പെട്ടതോടെ ഇവരുടെ സാമൂഹ്യജീവിതവും വലിയ പ്രതിസന്ധിയിലായി. ബ്രിട്ടീഷ് കോളനി ഭരണകാലത്ത് നടപ്പിലാക്കിയ ഈ നിയമങ്ങൾ സ്വതന്ത്ര ഇന്ത്യയിലും കാലങ്ങളോളം മാറ്റമില്ലാതെ തുടർന്നു. ഇവയ്ക്കെതിരെ ധാരാളം ചെറുതും വലുതുമായ പ്രതിഷേധങ്ങൾ രൂപപ്പെട്ടിട്ടുണ്ടെങ്കിലും അതിനൊരു സംഘടിത രൂപം കൈവരുന്നത് 1980കളുടെ അവസാനത്തിലാണ്.



ലോകമെമ്പാടുമുള്ള സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ അവകാശസമരങ്ങൾ (1959 ൽ നടന്ന Do-nutst പ്രക്ഷോഭം, 1969 തുടങ്ങിയവ) ഇന്ത്യൻ സാഹചര്യത്തിലും വലിയ സ്വാധീനം ഉണ്ടാക്കി. സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ അംഗീകാരത്തിനും തുല്യതയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ സജീവമായി നിലനിന്നിരുന്ന കാലഘട്ടത്തിലാണ് എച്ച്.ഐ.വി എയ്ഡ്സ് എന്ന മഹാമാരി ലോകത്തെയാകെ ആരോഗ്യ അടിയന്തിരാവസ്ഥയ്ക്ക് സമാനമായ സാഹചര്യത്തിലേയ്ക്ക് എത്തിക്കുന്നത്. എച്ച്.ഐ.വി ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് സ്വവർഗാനുരാഗികളായ (ഗേ) ആളുകൾക്കിടയിലാണ്. എയ്ഡ്സ് പകരുന്ന പല രീതികളിൽ ഒന്ന് സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധങ്ങളാണ്. ഇക്കാരണത്താൽ എയ്ഡ്സിനെ സ്വവർഗലൈംഗികതയുമായി കൂട്ടിക്കെട്ടാനുള്ള ശ്രമങ്ങൾ നടന്നു. ഗേ ആളുകൾക്കിടയിലുള്ള എയ്ഡ്സിന്റെ വ്യാപനം ഇത്തരം ആരോപണങ്ങൾ കൂടുതൽ ശക്തമാക്കി. 'ഗേ രോഗം' എന്ന രീതിയിൽ വരെ എയ്ഡ്സ് അറിയപ്പെടാൻ തുടങ്ങി. ഇതൊരു ലൈംഗിക സദാചാരപ്രശ്നമായി വ്യാഖ്യാനിക്കപ്പെട്ടു. അതിജീവനത്തിനും അവകാശങ്ങൾക്കുംവേണ്ടി പോരാടിയിരുന്ന സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങൾക്ക് ഇത് വലിയ തിരിച്ചടിയായി. ഈ രോഗാവസ്ഥ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളിൽ മാത്രം തുടങ്ങി അവസാ

നിച്ചില്ല, ഇത് കൂടുതൽ ആളുകളിലേയ്ക്ക് പടർന്നു. ഭരണകൂട സംവിധാനങ്ങൾ നിർബന്ധമായും ഇടപെടേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറി. ലോകവ്യാപകമായി സർക്കാർ, സർക്കാരിതര സംവിധാനങ്ങൾ അകളട ബോധവത്ക്കരണ, നിർമ്മാർജ്ജന പദ്ധതികളുമായി രംഗത്തുവന്നു. ഇന്ത്യയടക്കമുള്ള മൂന്നാം ലോകരാജ്യങ്ങളിലും എയ്ഡ്സ് റിപ്പോർട്ട് ചെയ്യപ്പെട്ടു. സെക്സ്, ജൻഡർ, സെക്ഷാലിറ്റി വൈവിധ്യങ്ങൾ വൈദേശിക അധിനിവേശത്തിന്റെ ഭാഗമായി ഇറക്കുമതി ചെയ്യപ്പെട്ടതാണെന്നും, ഇന്ത്യൻ സംസ്കാരം ഇതിൽ നിന്നെല്ലാം മുക്തമാണെന്നും സ്ഥാപിക്കാനുള്ള കാര്യമായ ശ്രമങ്ങൾ ഉണ്ടായെങ്കിലും ലൈംഗികതൊഴിലാളികൾക്കിടയിലും സ്വവർഗാനുരാഗികൾക്കിടയിലും രോഗവ്യാപനം ഉണ്ടായത് സ്റ്റേറ്റിന്റെ വാദങ്ങൾക്ക് വലിയ തിരിച്ചടിയായി. 1980 കളുടെ അവസാനത്തിലും 90 കളുടെ തുടക്കത്തിലുമായി ലോകാരോഗ്യസംഘടനയുടെ നേതൃത്ത്വത്തിൽ ആഗോളതലത്തിൽ വ്യാപകമായ ഇടപെടലുകൾ നടക്കുകയുണ്ടായി. പുതിയ ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ഇന്ത്യ മാറുകയും, അത്തരത്തിൽ വളരെയധികം രാഷ്ട്രീയ-സാമ്പത്തിക പ്രതിഫലനങ്ങൾ ഉണ്ടാക്കുകയും ചെയ്ത കാലഘട്ടമാണ് 90 കളുടെ തുടക്കം. ഈ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി മൂലധനത്തിന്റേയും ആശയങ്ങളുടേയും കൊടുക്കൽ വാങ്ങലുകളുമുണ്ടായി. ചഏഛ കളുടെ വ്യാപനം ഈ കാലഘട്ടത്തിലെ ഒരു സുപ്രധാന സംഗതിയായിരുന്നു. വിദേശത്തുള്ള പല സംഘടനകളും ഗ്രൂപ്പുകളും ഇന്ത്യയിൽ എൻ.ജി.ഒ.കൾ ആരംഭിക്കുകയും ധനസഹായം നൽകുകയും ചെയ്തു.





എച്ച്.ഐ.വി നിർമാർജനത്തിനും ബോധവൽക്കരണത്തിനും പ്രാമുഖ്യം നൽകി ആരംഭിച്ച ഇത്തരം എൻ.ജി.ഒ കൾ സെക്സ്, ജൻഡർ, സെക്ഷാലിറ്റിയുമായി ബന്ധപ്പെട്ട് കുറേക്കൂടി വിശാലമായ ചർച്ചകൾക്ക് തുടക്കം കുറിച്ചു. ഈ ചർച്ചകളിലൂടെ അന്താരാഷ്ട്രതലത്തിൽ ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്നിരുന്ന വ്യത്യസ്തങ്ങളായ ഇടപെടലുകളെ, അക്കാദമികമായ അറിവുകളെ, പോരാട്ടങ്ങളെ ഒക്കെത്തന്നെ ഇന്ത്യൻ സാഹചര്യങ്ങളിലേക്ക് ഉൾച്ചേർക്കാൻ സാധിച്ചു. എയ്ഡ്സ് എന്ന രോഗാവസ്ഥയെ സ്വവർഗലൈംഗികതയുമായി ചേർത്തുവെക്കുന്ന രീതിയിൽ ലോകവ്യാപകമായി ഉണ്ടായ ശ്രമങ്ങൾ ഇന്ത്യയിലും ആവർത്തിച്ചു. എൻ.ജി.ഒ.കളുടെ പ്രവർത്തനത്തോടൊപ്പം തന്നെ സ്റ്റേറ്റിനെ പ്രതിനിധാനം ചെയ്തുകൊണ്ട്

എയ്ഡ്സുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എൻ.ജി.ഒ.കൾ രൂപീകരിക്കപ്പെട്ടു. എൻ.ജി.ഒ.യും അതിന്റെ സംസ്ഥാനതലത്തിലുള്ള ഘടകങ്ങളും ചേർന്നാണ് എച്ച്.ഐ.വി നിർമ്മാർജ്ജന ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ഈ പരിപാടികളെല്ലാം ലൈംഗിക തൊഴിലാളികളായി അടയാളപ്പെടുത്തിയിരുന്ന (സ്വവർഗാനുരാഗികളും പിന്നീട് ട്രാൻസ് ജൻഡർ സ്വത്വത്തിൽ സ്വയം തിരിച്ചറിയുകയും ചെയ്ത) ആളുകളെ ലക്ഷ്യം വച്ചുള്ളതായിരുന്നു. 'ലൈംഗിക തൊഴിലാളികൾ' എന്ന വിശാലമായ വിഭാഗത്തിനകത്ത് വരുന്ന വ്യത്യസ്ത സ്വത്വ ബോധങ്ങളിലുള്ള ആളുകളുടെ സാന്നിധ്യം അംഗീകരിക്കാൻ ഭരണകൂടം നിർബന്ധിതമായി. ലൈംഗികതൊഴിലാളികളിൽത്തന്നെ സ്ത്രീ ലൈംഗികതൊഴിലാളികൾ (എഫ്.എസ്.ഡബ്ല്യു) , പുരുഷ ലൈംഗിക തൊഴിലാളികൾ (എം.എസ്.എം) എന്ന രീതിയിലുള്ള വർഗ്ഗീകരണം എയ്ഡ്സ് പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭരണകൂടം നടത്തി. ഇത് ആളുകളുടെ സ്വയമുള്ള തെരഞ്ഞെടുപ്പായിരുന്നില്ല. പകരം ഭരണസംവിധാനങ്ങൾ ചില മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്യാറ്റഗറികൾ ഉണ്ടാക്കുകയും അതിലേയ്ക്ക് ആളുകൾ പിന്നീട് ഉൾച്ചേർക്കപ്പെടുകയുമാണ് ചെയ്തത്. എം.എസ്.എം എന്ന വിഭാഗത്തിൽപ്പെടുത്തിയ പലരും പിന്നീട് ട്രാൻസ് ജൻഡറായും ബൈസെക്ഷ്വൽ ആയും ഒക്കെ സ്വയം തിരിച്ചറിയുന്നുണ്ട്. എല്ലാത്തരം സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെയും എഫ്.എസ്.ഡബ്ല്യു, എം.എസ്.എം എന്നീ രണ്ട് കോളങ്ങളിലേക്ക് ചുരുക്കുക എന്നതാണ് എച്ച്.ഐ.വി എയ്ഡ്സ് പദ്ധതികൾ ചെയ്തത്.



ഡൽഹി, മുംബൈ, കൊൽക്കത്ത, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളെ കേന്ദ്രീകരിച്ചാണ് കൂടുതൽ എൻ.ജി.ഒകളും പ്രവർത്തിച്ചിരുന്നത്. എച്ച്.ഐ.വിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഈ എൻ.ജി.ഒകൾക്ക് ലൈംഗികതൊഴിലാളികളുടെ ജീവിതവുമായി അടുത്തിടപെഴകാനുള്ള അവസരം ലഭിച്ചു. സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെ ക്രിമിനലൈസ് ചെയ്യുന്ന ഇന്ത്യൻ സാഹചര്യത്തിൽ ഇത്തരം ആളുകളെ കണ്ടെത്തുക എന്നതും അവരുടെ ഒരു നെറ്റ്വർക്കിംഗ് സാധ്യമാക്കുക എന്നതും ശ്രമകരമായ ജോലിയായിരുന്നു. സഖി, സംഘിനി, പ്രിസം തുടങ്ങി അനവധി കൂട്ടായ്മകൾ അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം അനുഭവങ്ങൾ പങ്കുവെക്കുന്നുണ്ട്. സിസ് ഹെറ്ററോനോർമാറ്റിവിറ്റിയെ മാത്രം സ്വാഭാവികമായി കണക്കാക്കിയിരുന്നൊരു സമൂഹത്തിൽ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങൾ സ്വയം തിരിച്ചറിയുക എന്നതും അംഗീകരിക്കുക എന്നതും ഏതൊരു വ്യക്തിയെ സംബന്ധിച്ചും വളരെ ബുദ്ധിമുട്ടായിരുന്നു.

ഇത്തരത്തിൽ പേടിച്ചും ആത്മവിശ്വാസം ഇല്ലാതെയും സ്വയം ഒരു തെറ്റാണെന്ന് കരുതിയുമൊക്കെ ജീവിച്ചിരുന്ന ആളുകൾക്കിടയിലേയ്ക്ക് വൈവിധ്യങ്ങളുടെ ജൈവികത ബോധ്യപ്പെടുത്താൻ വിവിധ കൂട്ടായ്മകളുടെ ആദ്യകാല പ്രവർത്തനങ്ങൾക്ക് സാധിച്ചു. നഗരകേന്ദ്രിതമായി പ്രവർത്തിച്ചിരുന്ന കൂട്ടായ്മകൾ കത്തിടപാടുകളിലൂടെയും ടോൾ- ഫ്രീ

നമ്പർ സേവനങ്ങളിലൂടെയും ഗ്രാമപ്രദേശങ്ങളിലേയ്ക്കും പ്രവർത്തങ്ങൾ വ്യാപിപ്പിക്കാൻ ശ്രമിച്ചു. സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെപ്പറ്റി ആളുകളെ ബോധവൽക്കരിക്കുന്നതിനായുള്ള ലഘുലേഖകളും ചുമരെഴുത്തുകളും ഇത്തരം പ്രവർത്തങ്ങളുടെ ഭാഗമായിരുന്നു. അന്ന് പ്രചാരത്തിലുണ്ടായിരുന്ന മാസികകളിൽ ചെറിയ തലക്കെട്ടുകൾ വെച്ച് പരസ്യം നൽകുന്നത് മറ്റൊരു രീതിയായിരുന്നു. ഉദാ: 'നിങ്ങൾ സ്ത്രീകളെ പ്രണയിക്കുന്ന സ്ത്രീയാണോ?, എങ്കിൽ ഞങ്ങളെ ബന്ധപ്പെടൂ.' തുടങ്ങിയ തലവാചകങ്ങൾ പൊതു ഇടങ്ങളിൽ പ്രചരിപ്പിക്കുകയും അതുവഴി ആളുകളിലേയ്ക്ക് എത്തുകയും ചെയ്യുക എന്നുള്ളതായിരുന്നു. ഈ തലവാചകങ്ങളോ ലഘുലേഖകളോ കണ്ട് താൽപ്പര്യം തോന്നുന്ന ആളുകൾ കത്തുകളിലൂടെയോ ഫോൺവഴിയോ എൻ.ജി.ഒ പ്രവർത്തകരുമായി ബന്ധപ്പെടുന്നു. ഇത്തരത്തിൽ ലഭിക്കുന്ന കത്തുകളും ഫോൺവിളികളും പല സ്വഭാവത്തിലുള്ളവയായിരുന്നു. ചില കത്തുകൾ കൗതുകത്തിനുപുറത്ത് എഴുതിയവയാണ്. എന്നാൽ ചിലതാവട്ടെ തങ്ങളുടെ അന്തർസംഘർഷങ്ങളെ തുറന്നുകാണിക്കുന്നതിനായി എഴുതിയതാണ്. ചില എഴുത്തുകൾ തങ്ങളെപ്പോലെ വേറേയും ആളുകൾ നിലനിൽക്കുന്നു എന്നറിഞ്ഞതിൻറെ സന്തോഷത്തിലും ആത്മവിശ്വാസത്തിലുമുള്ളതാണ്. തുടർന്ന് ജീവിക്കാൻ പിന്തുണ ആവശ്യപ്പെട്ടുകൊണ്ടും, ഐക്യധാർഢ്യംഅറിയിച്ചുകൊണ്ടും അതേസമയം തങ്ങളുടെ സ്വത്വത്തിൽനിന്നും രക്ഷപെടുന്നതിനായി സഹായിക്കണം എന്ന രീതിയിലുമുള്ള എഴുത്തുകളുമുണ്ടായിരുന്നു. ഇത്തരത്തിലുള്ള പ്രതികരണങ്ങളോടെല്ലാംതന്നെ ക്രിയാത്മകമായി സംവദിക്കാൻ ഈ എൻ.ജി.ഒകൾ ശ്രമിച്ചിരുന്നു. അതിന്റെ ഭാഗമായുള്ള വ്യത്യാസങ്ങൾ ഈ വിഭാഗങ്ങളുടെ ദൃശ്യതയിലും മാറ്റങ്ങൾ വരുത്തി. തങ്ങളുടെ സ്വത്വം സ്വാഭാവികമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുവന്ന ഒരു വിഭാഗം ആളുകൾ, അവർ പിന്നീട് തങ്ങളെ കുറ്റവാളികളാക്കുന്ന ഭരണകൂട നിയമസംവിധാനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളിൽ വിശാലമായ ഒരു ഐക്യം രൂപപ്പെടുത്തി.



കേരളത്തിലെ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുമായി ബന്ധപ്പെട്ട കൂട്ടായ്മകളും മുന്നേറ്റങ്ങളും സജീവമാകുന്നത് 90 കളുടെ തുടക്കത്തിലാണ്. ദേശീയതലത്തിലേതിന് സമാനമായി എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് കേരളത്തിലും ഇത്തരം വിഭാഗങ്ങളുടെ കൂട്ടായ്മയും തുടർന്നുള്ള ദൃശ്യതയും ഉണ്ടാവുന്നത്. കെ.എസ്.എ.സി.എസ്സിന്റെ രൂപീകരണവും തുടർന്ന് മറ്റ് സംഘടനകളും കൂട്ടായ്മകളുമായി ചേർന്ന് നടത്തിയ നിരവധി ഇടപെടലുകളും ഇതിന്റെ ഭാഗമാണ്. ഇത്തരം ശ്രമങ്ങൾക്കു മുൻപ് തന്നെ കേരളത്തിൽ അങ്ങോളമിങ്ങോളം സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളിലുള്ള ആളുകൾ സ്വയം തിരിച്ചറിയുകയും പ്രാദേശികമായി സംഘടിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ സവിശേഷ സാഹചര്യം മൂലം ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിൽ നടന്നതിൽനിന്നും വ്യത്യസ്തമായ രീതിയിലാണ് സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ സംഘാടനം സാധ്യമായത്. ദേശീയതലത്തിൽ വൻ നഗരങ്ങളെ കേന്ദ്രീകരിച്ചാണ് എൻ.ജി.ഒകളുടെ പ്രവർത്തനം നടന്നിരുന്നത്, മധ്യവർഗ വിഭാഗത്തിൽപ്പെടുന്ന ആളുകളാണ് പ്രധാനമായും ഇതിന്റെ ഭാഗമായത്. ക്ലബ്ബുകളും മറ്റും കേന്ദ്രീകരിച്ചുള്ള

സൗഹൃദവലയങ്ങൾ, മെച്ചപ്പെട്ട വിദ്യാഭ്യാസം ഇത്തരം സ്വത്വവിഭാഗങ്ങളെക്കുറിച്ചുള്ള അറിവ്, കൂടിയ ചലനാത്മകത, നഗരകേന്ദ്രങ്ങളല്ലാത്തിടങ്ങൾ പോലും ഹിജ്റ സംസ്കാരത്തിന്റെ പ്രാധാന്യം ഇവയൊക്കെ ദേശീയതലത്തിലെ പോരാട്ടങ്ങളെ സ്വാധീനിച്ച ഘടകങ്ങളായിരുന്നു. എന്നാൽ വളരെയധികം നഗരവൽക്കരിക്കപ്പെട്ട പ്രദേശങ്ങളല്ല കേരളത്തിലേത്, അതുകൊണ്ടുതന്നെ ചലനാത്മകതയും അതുമായി ബന്ധപ്പെട്ട സ്വാതന്ത്ര്യവും പരിമിതമായിരുന്നു.



നവോത്ഥാന പ്രവർത്തനങ്ങളുടെ ഭാഗമായും മറ്റും ഒട്ടനവധി സാമൂഹിക മുന്നേറ്റങ്ങൾ ഉണ്ടായ സ്ഥലമാണ് കേരളം. എന്നാൽ ആഴത്തിൽ വേരൂന്നിയ പുരുഷാധിപത്യത്തെ അഭിസംബോധന ചെയ്യുന്നതിൽ ഈ നവോധാന മുന്നേറ്റങ്ങൾ പരാജയപ്പെട്ടു. കേരളത്തിലെ സ്ത്രീ പ്രസ്ഥാനങ്ങളും മറ്റു മുഖ്യധാരാരാഷ്ട്രീയ പ്രസ്ഥാനങ്ങളും സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. ഇത്തരം പ്രതികൂല സാഹചര്യങ്ങൾക്കിടയിലാണ് FIRM, സഹയാത്രിക തുടങ്ങിയ സംഘടനകൾ കേരളത്തിൽ പ്രവർത്തനമാരംഭിക്കുന്നത്. ഈ കൂട്ടായ്മകൾ കേരളത്തിലെ ലൈംഗികതൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇംപ്ലിമെന്റേഷൻ ഏജൻസി എന്ന നിലയിലാണ് FIRM ലൈംഗിക തൊഴിലാളികളുടെ ഇടയിൽ പ്രവർത്തനം തുടങ്ങിയത്. സർക്കാരിന്റെ ഭാഗമായി നിന്നുകൊണ്ട് ഇവർക്കിടയിൽ ഇടപെടുക എന്നത് പരിമിതമായ സാധ്യതയായിരുന്നു. സർക്കാരിന്റെ ഭാഗമായ പോലീസ് ഡിപ്പാർട്ട്മെന്റും നിയമസംവിധാനങ്ങളുമൊക്കെയാണ് ഇവരെ കുറ്റക്കാരായി കാണുന്നത്, സർക്കാരിന്റെ ആളുകളെന്ന നിലയിൽ സമീപിക്കുമ്പോൾ പോലീസിൽ കുടുക്കാനായി എന്നാണവർ മനസ്സിലാക്കുന്നത്. അതുകൊണ്ട് സ്റ്റേറ്റിന്റെ ഭാഗമായി നിൽക്കുമ്പോൾപോലും വ്യത്യസ്തമായൊരു സമീപനം ഈ സംഘടനകൾക്ക് സ്വീകരിക്കേണ്ടതായി വന്നു.

FIRMന്റെ ഓഫീസ് പല ഘട്ടങ്ങളിലും ഡ്രോപ്പിങ് സെന്ററുകൾ കൂടിയായി പ്രവർത്തിച്ചു. ഇവിടെ ഒരുമിച്ച് സമയം ചെലവഴിക്കുന്നതും എയ്ഡ്സ് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായുണ്ടാകുന്ന വിവിധ പരിപാടികളിലെ കൂട്ടംചേരലുകളും ലൈംഗികതൊഴിലാളികളായി അന്ന് തിരിച്ചറിയപ്പെട്ടിരുന്ന ആളുകൾക്ക് പരസ്പരം സംസാരിക്കാനും അടുത്തറിയാനുമുള്ള അവസരങ്ങളായി. ദേശീയതലത്തിലേതിനു സമാനമായി എഫ്.എസ്.ഡബ്ല്യൂ, എം.എസ്.എം എന്നിങ്ങനെ രണ്ടുവിഭാഗങ്ങളായാണ് കേരളത്തിലും ലൈംഗികതൊഴിലാളികളെ രേഖപ്പെടുത്തിയത്. FIRM സഹയാത്രിക തുടങ്ങിയ സംഘടനകളുടെ ഇടപെടലുകളുടെ ഭാഗമായും ഇന്ത്യയിലെ വിവിധഭാഗങ്ങളിൽ നടന്ന ശിൽപശാലകളിലും സെമിനാറുകളിലും പങ്കെടുക്കുക വഴിയും വ്യത്യസ്തമായൊരു കാഴ്ചപ്പാടാണ് അന്ന് എഫ്.എസ്.ഡബ്ല്യൂ, എം.എസ്.എം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന ആളുകൾക്ക് ലഭിച്ചത്. സ്റ്റേറ്റും ആരോഗ്യവകുപ്പും സെക്ഷ്വൽ ആക്ടിന്റെ അടിസ്ഥാനത്തിൽ മാത്രം രൂപപ്പെടുത്തിയ ഒരു ഐഡന്റിറ്റിയിൽ നിന്നും കുറേക്കൂടി വിശാലമായ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെ പറ്റി അറിയാനും സ്വാഭിമാനത്തോടുകൂടി ഉറച്ചുപറയാനും സാധിച്ചു. 1992 ൽ തിരുവനന്തപുരം ജില്ലയിലെ ഗവ. ഗേൾസ് ഹൈസ്കൂളിൽ

നിന്നും എട്ട് പെൺകുട്ടികളെ, അവർ ഒരു ക്ലബ്ബ് രൂപീകരിച്ചതിന്റെ പേരിൽ പുറത്താക്കിയ വാർത്ത ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. 'The Martina Girls' എന്നതായിരുന്നു ആ ക്ലബ്ബ്. സ്വവർഗാനുരാഗിയാണെന്ന് തുറന്ന് പറഞ്ഞ അമേരിക്കൻ ടെന്നീസ് താരം മാർട്ടിന നവ്രത്തിലോവയുടെ പേരിലാണ് ക്ലബ്ബ് ആരംഭിച്ചത്. സ്വവർഗാനുരാഗം പോലുള്ള ആശയങ്ങളെ പൊതുസമൂഹം എത്രമാത്രം ഭയപ്പെട്ടിരുന്നു എന്നുള്ളതിന്റെ ഉദാഹരണമായി ഇതിനെ കാണാം.



സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റൊരു സംഘടനയാണ് 'സഹയാത്രിക.' ലെസ്ബിയൻ ആയി സ്വയം തിരിച്ചറിഞ്ഞ ദീപ വാസുദേവിന്റെ നേതൃത്ത്വത്തിലാണ് സഹയാത്രിക രൂപം കൊണ്ടത്. കേരളത്തിനകത്തും പുറത്തും എൻ.ജി.ഒകളുമായും അക്കാദമിക് രംഗങ്ങളിൽ സജീവമായ വ്യക്തികളുമായി ചേർന്ന്, കേരളത്തിലെ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളെപ്പറ്റി മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും വന്ന, സ്വവർഗ ലൈംഗികതയുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് സംശയിക്കുന്ന വാർത്തകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വിവരാന്വേഷണാത്മക പഠനം നടത്തുക എന്നതായിരുന്നു ദീപയും സുഹൃത്തുക്കളും അടങ്ങുന്ന സംഘത്തിന്റെ ഉദ്ദേശം. കേരളത്തിന്റെ വിവിധഭാഗങ്ങളിലായി പത്തോളം ഇരട്ട ആത്മഹത്യകൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. രണ്ടു പെൺകുട്ടികളുടെ/ സുഹൃത്തുക്കളുടെ ആത്മഹത്യ എന്ന രീതിയിലാണ് മാധ്യമങ്ങൾ ഇവയെ കണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പല കേസുകളിലും സ്വവർഗാനുരാഗ താൽപര്യങ്ങൾ കണ്ടെത്താൻ സഹയാത്രികയുടെ ടീമിന് സാധിച്ചു. പല ഘട്ടത്തിലും അത് non conformity യെക്കൂടി ഉൾക്കൊള്ളുന്നതായിരുന്നു. കേരളത്തിനുപുറത്ത് വിവിധ സംഘടനകളുടെ പ്രവർത്തന രീതിക്ക് സമാനമായി anonymous കത്തിടപാടുകളിലൂടെയും ടോൾഫ്രീ നമ്പർ വഴിയും ആളുകളുമായി സംവദിക്കാൻ ശ്രമിച്ചു. സഹയാത്രികയുമായി ഫോൺ വഴിയും കത്തുകളിലൂടെയും ബന്ധപ്പെട്ടുകൊണ്ടിരുന്ന ആളുകൾക്ക് പിന്നീട് കാണാനും ഒരുമിച്ചു കൂടാനുമുള്ള ഇടങ്ങൾ ഉണ്ടായി. അത്തരം ഇടങ്ങളിൽ നിന്നു കിട്ടിയ അറിവുകൾ വൈവിധ്യങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ സഹായിച്ചു. FIRM നും സഹയാത്രികക്കും സമാന്തരമായി QUEE ALA, QUEERYTHM, SMFK, MCF, പുനർജ്ജനി തുടങ്ങി ഒട്ടനവധി CBOകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു.

തുടക്കത്തിൽ ലൈംഗികതൊഴിലാളികളെ കേന്ദ്രീകരിച്ചുകൊണ്ട് നടന്നിരുന്ന പ്രവർത്തനങ്ങൾ പിന്നീട് പല സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യങ്ങളുടെ തിരിച്ചറിയലിലേയ്ക്കും അംഗീകാരങ്ങളിലേയ്ക്കും എത്തി. ദൃശ്യതയുമായും വയലൻസുമായും ചേർത്തുകൊണ്ടാണ് കേരളത്തിലെ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാ

ഗങ്ങളുടെ പോരാട്ടങ്ങൾ പറഞ്ഞുവെയ്ക്കേണ്ടത്. പ്രാദേശികമായി ചെറിയ രീതിയിലുള്ള മാർച്ചുകളും റാലികളും കൂട്ടായ്മകളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സങ്കടിപ്പിക്കപ്പെടുകയുണ്ടായി. പലഭാഗത്തുനിന്നുള്ള അക്രമണങ്ങളും ഭീഷണികളും ഇതിൻറെ സംഘാടകർക്കും പങ്കെടുത്തവർക്കും നേരിടേണ്ടിവന്നു. മാസ്കുകൾ ധരിച്ചും മുഖം മറച്ചുമൊക്കെയാണ് ഒട്ടുമിക്ക ആളുകളും ഇത്തരം പരിപാടികളുടെ ഭാഗമായത്.

കേരളത്തിൽ ദൃശ്യത കുറഞ്ഞ ഒരു കാലഘട്ടത്തിൽ തങ്ങളുടെ ഐഡൻറിറ്റി തിരിച്ചറിഞ്ഞ ആളുകൾ ബാംഗ്ലൂർ, തമിഴ്നാട്, മുംബൈ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പലായനം ചെയ്തിരുന്നു. കേരളത്തിനകത്തുതന്നെ ഗ്രാമപ്രദേശങ്ങളിൽ നിന്നും നഗരകേന്ദ്രങ്ങളിലേയ്ക്കും ഇത്തരം പലായനങ്ങൾ നടന്നു. എന്നാൽ 2000-ത്തോടുകൂടി കേരളത്തിൽ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങൾ സജീവമാകാൻ തുടങ്ങി. സെക്ഷൻ 377-മായി ബന്ധപ്പെട്ട നിയമപോരാട്ടങ്ങളും അവയുടെ വിധിയുമെല്ലാം കേരളത്തിൽ നിന്നുള്ള പലായനത്തിന്റെ തോത് കുറച്ചു. 2009-ൽ ഡൽഹി ഹൈക്കോടതി 377-ാം വകുപ്പ് ഡിക്രിമിനലൈസ് ചെയ്തതുമായി ബന്ധപ്പെട്ടാണ് കേരളത്തിലെ ആദ്യത്തെ ക്വിയർ പ്രൈഡ് മാർച്ച് തിരുവനന്തപുരത്ത് നടക്കുന്നത്. സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളോടൊപ്പം തന്നെ മറ്റുവിഭാഗത്തിൽപ്പെട്ട ആളുകളും ആദ്യ പ്രൈഡിന്റെ സംഘാടനത്തിലും പങ്കാളിത്തത്തിലും മുന്നിട്ടുനിന്നു.



ആദ്യത്തെ പ്രൈഡ് മാർച്ചിൽ മുഖംമൂടി ധരിച്ച ധാരാളം ആളുകളെ കാണാമായിരുന്നു, എന്നാൽ ഓരോ പ്രൈഡിനുശേഷവും മുഖംമൂടികളുടെ എണ്ണം കുറഞ്ഞുവന്നു. കേരളത്തിൽനിന്നും പലായനം ചെയ്തു മറ്റു നഗരങ്ങളിൽ താമസിക്കുന്ന കമ്യൂണിറ്റി ആളുകൾ, സംഗമ പോലുള്ള സംഘടനകളുടെ സഹായം ഒക്കെ പ്രൈഡിന്റെ നടത്തിപ്പിന് സഹായകമായി.

2015 ൽ ട്രാൻസ്ജൻഡർ പോളിസി നിലവിൽ വന്നതോടുകൂടി കേരളത്തിലെ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ സാമൂഹ്യാവസ്ഥയ്ക്ക് വലിയ മാറ്റങ്ങൾ വന്നു. പോളിസിയുടെ മുന്നോടിയായി നടന്ന സർവേയിൽ 4000-ത്തോളം ആളുകൾ പങ്കെടുത്തു. സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹ്യ-വിദ്യാഭ്യാസ ചുറ്റുപാടുകളെപ്പറ്റി സമഗ്രമായ വിവരം നൽകുന്നതാണ് സർവേ. ഇവരുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒട്ടനവധി പദ്ധതികൾ പോളിസിയുടെ ഭാഗമായി നടപ്പിലാക്കപ്പെട്ടു. താരതമ്യേന മെച്ചപ്പെട്ട സാമൂഹ്യ അവസ്ഥയിലേയ്ക്കും ദൃശ്യതയിലേയ്ക്കും ഇത്തരം ആളുകളെ എത്തിക്കാൻ പോളിസി സഹായകമായി. ഈ പോളിസിയുടെ വലിയൊരു പോരായ്മ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളിൽ ട്രാൻസ്ജൻഡർ മനുഷ്യരെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത് എന്നതാണ്.

സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ട്രാൻസ്ജൻഡർ ജസ്റ്റിസ് ബോർഡുകൾ, ഷെൽട്ടർ ഹോമുകൾ, ലിംഗമാറ്റ ശസ്ത്രക്രിയക്കുള്ള സാമ്പത്തിക സഹായം, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റ് സംവരണം ഇവയൊക്കെ പോളിസിയുടെ ഭാഗമായി നടപ്പാക്കപ്പെട്ടവയാണ്. സംസ്ഥാനതലത്തിൽവന്ന മാറ്റങ്ങളോടൊപ്പംതന്നെ 2018 ലെ നൽസ വിധി, സജീവമായി പ്രവർത്തിക്കുന്ന അനവധി CBO കൾ ഇതെല്ലാം തന്നെ സെക്സ്, ജൻഡർ, സെക്ഷ്വാലിറ്റി വൈവിധ്യ വിഭാഗങ്ങളുടെ വർദ്ധിച്ച ദൃശ്യതക്ക് കാരണമായി. ഇത്തരമൊരു ദൃശ്യതയും അംഗീകാരവും നേടിയെടുക്കാനുള്ള പോരാട്ടങ്ങളിൽ ഒരുപാട് മനുഷ്യർക്ക് രക്തസാക്ഷികളാകേണ്ടി വന്നു. സ്വീറ്റ് മരിയ മുതൽ അനന്യ വരെയുള്ള ആളുകൾ നിലനിൽപിനായുള്ള നിരന്തര പോരാട്ടങ്ങളുടെ ഭാഗമായി, സമൂഹത്തിന്റെ അവബോധമില്ലായ്മയുടെയും അതിക്രമങ്ങളുടെയും ഭാഗമായി ജീവൻ നഷ്ടപ്പെട്ടവരാണ്.

ചർച്ചാവിഷയം
ഡോ. വി. എസ്. പ്രിയ



# ആത്മവിശ്വാസത്തിന്റെ ട്രാൻസ് മുഖം

സ്വപ്രയത്നം കൊണ്ട് ഉന്നതവിദ്യാഭ്യാസത്തിലൂടെ താൻ എത്തിപ്പിടിച്ച മികച്ച കരിയറിലൂടെ പൊതുശ്രദ്ധ നേടിയ ട്രാൻസ് വുമൺ ആണ് ഡോ. വി. എസ്. പ്രിയ. 'കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ ഡോക്ടർ' എന്നു പ്രശസ്തയായ ഡോ. വി. എസ്. പ്രിയ തന്റെ ഐഡന്റിറ്റിയെക്കുറിച്ചും അതിജീവനത്തെക്കുറിച്ചും സ്വപ്നങ്ങളെക്കുറിച്ചും സംഘടിതയോട് സംസാരിക്കുന്നു:

സഹാനുഭൂതിയുള്ള ഒരു മനുഷ്യ വ്യക്തിയായയാണ് ഞാൻ സ്വയം അടയാളപ്പെടുത്താനാഗ്രഹിക്കുന്നത്. ഇപ്പോൾ നിലവിലിരിക്കുന്ന സാമൂഹിക സാഹചര്യത്തിൽ ആ ആഗ്രഹം പൂർണമായും സാധിക്കുമോ എന്നറിയില്ല, കാരണം ട്രാൻസ് വുമൺ എന്നു പറയുമ്പോൾ ഓരോരുത്തരും തങ്ങളുടെ വ്യത്യസ്തങ്ങളായ ധാരണകളിലൂടെയാണ് എന്നെ വിലയിരുത്തുക. ക്വിയർ വിഷയങ്ങളെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും അതിനോട് പ്രതികരിക്കാതെയിരിക്കുന്നവരുമുണ്ടാവും. ജെൻഡർ, സെക്ഷ്വാലിറ്റി എന്നിവയെക്കുറിച്ച് ശാസ്ത്രീയവും രാഷ്ട്രീയപരവുമായ അവബോധമില്ലാത്ത അനേകം പേർ സമൂഹത്തിലുണ്ട്. ശസ്ത്രക്രിയയ്ക്ക് ശേഷവും സ്വയം 'ട്രാൻസ് വുമൺ' എന്നു



**സ്വന്തം ശരീരത്തോട് തന്നെ ചിലപ്പോൾ അറപ്പു തോന്നുന്ന അവസ്ഥ. കാരണം, ഞാൻ ഉള്ളിൽ കാണുന്ന എന്നെയല്ലല്ലോ എന്റെ ശരീരമെനിക്കു കാണിച്ചു തരുന്നത് എന്ന ചിന്തയായിരുന്നു. ശരീരം പുരുഷ ഗുണങ്ങൾ കാണിക്കുകയും മനസ്സ് മറ്റൊന്നാഗ്രഹിക്കുകയും ചെയ്യുന്നു.**

വിശേഷിപ്പിക്കുന്നതെന്തിനാണെന്നു പലരും ചോദിക്കാറുണ്ട്. പക്ഷേ, ഞാൻ എന്നെ ട്രാൻസ് വുമണായി പരിചയപ്പെടുത്തുന്നത് സമൂഹത്തിന് അവബോധമുണ്ടാക്കുന്നതിനു വേണ്ടിത്തന്നെയാണ്. ട്രാൻസ്ജെണ്ടർ എന്ന ഐഡന്റിറ്റിയെക്കുറിച്ച് പലർക്കും തെറ്റിദ്ധാധാരണകളുണ്ട്. നാമെത്ര കണ്ണടച്ചാലും അതൊരു യാഥാർത്ഥ്യമായി നിലനില്ക്കുകയാണ്. 'ഡോക്ടർ' എന്നു പറഞ്ഞാൽ അനുഭാവപൂർവം പെരുമാറുന്നവർ ഞാനൊരു ട്രാൻസ് വ്യക്തിയാണെന്നു പറയുമ്പോൾ മുഖം ചുളിച്ചേക്കാം. തീർച്ചയായും ട്രാൻസ് വ്യക്തികളും മനുഷ്യരാണ്. വിദ്യാഭ്യാസവും മറ്റ് പൗരൻമാർക്ക് ലഭിക്കുന്ന സൗകര്യങ്ങളും ലഭിച്ചാൽ അവരും സമൂഹത്തിലെ തൊഴിൽപരമായി ഉയർന്ന ജീവിതാവസ്ഥകളിലേക്ക് വരും. ട്രാൻസ് വ്യക്തിത്വത്തെക്കുറിച്ച് ശരിയായ സാമൂഹ്യാവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഞാൻ എന്റെ സോഷ്യൽമീഡിയ പേജിലും മറ്റ് സാമൂഹ്യ ഇടങ്ങളിലും ജെൻഡറിനെക്കുറിച്ചുള്ള സംഭാഷണങ്ങൾ നടത്താറുണ്ട്. ഞാനൊരു ട്രാൻസ്ജെണ്ടറാണെന്നു ഉറക്കെ പ്രഖ്യാപിച്ചിട്ടുത്തന്നെയാണ് അതു ചെയ്യാറുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം അതൊരു അഭിനിവേശമല്ല, ഞാനൊരു ട്രാൻസ് സ്ത്രീയായി, ഒരു സാധാരണക്കാരിയായ മനുഷ്യ വ്യക്തിയായിത്തന്നെയാണ് അടയാളപ്പെടുത്തപ്പെടാൻ ആഗ്രഹിക്കുന്നത്.



എന്റെ ജെൻഡർ ഐഡന്റിറ്റി ഒരു സ്ത്രീയുടേതാണ്. പക്ഷെ, ഒരു പെൺകുട്ടിയുടെ സ്വാഭാവികമായ വളർച്ചയിലും പരിണാമങ്ങളിലും സംഭവിക്കുന്നതൊന്നും എനിക്കനുഭവിക്കാൻ സാധിക്കാത്തതിന്റെ ആത്മസംഘർഷങ്ങൾ തീർച്ചയായും കുട്ടിക്കാലം തൊട്ടേ എനിക്കുണ്ടായിരുന്നു. ടീനേജിലത്തിയപ്പോൾ ശരീരവും പലവിധ മാറ്റങ്ങളിലൂടെ പീഡിപ്പിച്ചു തുടങ്ങി. സ്വന്തം ശരീരത്തോട് തന്നെ ചിലപ്പോൾ അറപ്പു തോന്നുന്ന അവസ്ഥ. കാരണം, ഞാൻ ഉള്ളിൽ കാണുന്ന എന്നെയല്ലല്ലോ എന്റെ ശരീരമെനിക്കു കാണിച്ചു തരുന്നത് എന്ന ചിന്തയായിരുന്നു. ശരീരം പുരുഷ ഗുണങ്ങൾ കാണിക്കുകയും മനസ്സ് മറ്റൊന്നാഗ്രഹിക്കുകയും ചെയ്യുന്നു. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ഞാൻ മുഖത്തെ രോമങ്ങൾ ഷേവ് ചെയ്തു നീക്കം ചെയ്തു, പക്ഷെ എന്തോ അപരാധം ചെയ്തു എന്ന കുറ്റബോധമായിരുന്നു അപ്പോൾ മനസ്സിൽ... കാരണം ഷേവ് ചെയ്യുക ആണുങ്ങളാണല്ലോ എന്ന ചിന്ത. വല്ലാത്തൊരു അങ്കലാപ്പാണ് 'ജെൻഡർ ഡിസ്ഫോറിയ' എന്ന അവസ്ഥ. എല്ലാ ട്രാൻസ് വ്യക്തികളും ഇതേ അവസ്ഥകളിലൂടെയാവും കടന്നു പോവുക. അത് വല്ലാത്തൊരവസ്ഥയാണ്. എല്ലാവർക്കും ടീനേജിൽ തന്നെ ജെൻഡർ ഡിസ്ഫോറിയ തോന്നണമെന്നില്ല. ഓരോ വ്യക്തികളും സ്വയം തിരിച്ചറിയുന്ന ഒരു കാലഘട്ടമുണ്ട്. പക്ഷെ, ഭൂരിഭാഗം പേർക്കും കൗമാരപ്രായത്തിലാവും ഏറ്റവും ആത്മസംഘർഷമുണ്ടാവുക.

കഴിഞ്ഞ പത്തുവർഷത്തിനടയ്ക്കാണ് എനിക്ക് ട്രാൻസ് – ക്വിയർ ഐഡന്റിറ്റികളെക്കുറിച്ചുള്ള അറിവുകളും ബോധ്യങ്ങളുമുണ്ടാവുന്നത്. എന്റെ സ്കൂൾ കാലഘട്ടത്തിൽ ട്രാൻസ് ഐഡന്റിറ്റിയെക്കുറിച്ച്

എനിക്കും ഞാൻ ജീവിച്ചിരുന്ന സമൂഹത്തിനും ധാരണയില്ലായിരുന്നു. എന്റെ വീട്ടുകാരും അതിനെ സംബന്ധിച്ച് അജ്ഞരായിരുന്നു. എനിക്ക് പ്രായത്തിന്റെ ചെറിയ മാനസിക പിരിമുറുക്കങ്ങളാണെന്നു കരുതി സൈക്കോളജിസ്റ്റുകളുടെ സഹായം അവർ തേടിയിരുന്നു. ഈ സംഘർഷങ്ങൾക്കിടയിലും എന്റെ വിദ്യാഭ്യാസം എങ്ങനെയും പൂർത്തിയാക്കണമെന്ന് എനിക്കുണ്ടായിരുന്നു. അതിനായി ആരാലും ശ്രദ്ധിക്കപ്പെടാതിരിക്കാൻ ഞാൻ ശ്രമിച്ചു. പലപ്പോഴും സ്വയം നിയന്ത്രിച്ച് ആൺകുട്ടിയായി 'അഭിനയിക്കേണ്ടി' വന്നു. കുറേക്കഴിഞ്ഞപ്പോൾ എനിക്കത് ശീലമായി, ഞാൻ തന്നെ അത് ചിന്തിക്കാതെയായി.

മറ്റു ട്രാൻസ് വ്യക്തികളിൽ നിന്നും വ്യത്യസ്തമായി, വീടു വിട്ടു പോകാതെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഞാൻ പരിശ്രമിച്ചു. മറ്റു കുട്ടികളെപ്പോലെയാവാനും എന്റെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടിയെടുക്കാനും പരിശ്രമിക്കണമെന്ന ചിന്തയായിരുന്നു എനിക്ക് അക്കാലത്ത്. പുറം ലോകവുമായി വലിയ ബന്ധമില്ലാത്ത, പഠിക്കാൻ ഏറെ താത്പര്യമുള്ള ഒരു കുട്ടിയായിരുന്നു ഞാൻ. എന്റെ മാതാപിതാക്കൾക്കും എന്നെക്കൊണ്ടൊരു ബുദ്ധിമുട്ട് ഉണ്ടാവരുതെന്നും ഞാൻ ആഗ്രഹിച്ചിരുന്നു. എടുത്തു ചാടാതെ വിവേകത്തോടെ പ്രവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. പോസ്റ്റ് ഗ്രാജുവേഷൻ വരെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കി, പ്രാക്ടീസ് തുടങ്ങി, സ്വയംപര്യപ്തയായതിനു ശേഷമാണ് എന്റെ ജെൻഡർ ഐഡന്റിറ്റി വെളിപ്പെടുത്താൻ എനിക്കെന്തൊക്കെ ചെയ്യാനാകുമെന്ന് ഞാൻ അന്വേഷിച്ചു തുടങ്ങിയത്. ആ സമയത്ത് എനിക്ക് ട്രാൻസ് കമ്മ്യൂണിറ്റി ബന്ധങ്ങളുമില്ലായിരുന്നു. ഏകദേശം മൂന്നു വർഷത്തോളമെടുത്ത് ട്രാൻസ് വിഷയത്തിൽ വേണ്ടത്ര ബോധ്യങ്ങൾ ഉണ്ടാക്കിയെടുത്തതിന് ശേഷമാണ് ഞാൻ വീട്ടുകാരോട് കാര്യങ്ങളെല്ലാം അവതരിപ്പിച്ചത്. അവർ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാമുള്ള മറുപടി എന്റെ കയ്യിലുണ്ടാവുമെന്നു ഞാൻ ഉറപ്പു വരുത്തി. അങ്ങനെ വീട്ടുകാർ എന്നെ അംഗീകരിച്ചു, കാരണം, അവരോട് സംസാരിക്കുന്നത് ഒരു കുട്ടിയല്ല, ഒരു ഡോക്ടർ ആയ വ്യക്തിയാണ് എന്നതിന്റെ ഗൗരവം അവർ ഉൾക്കൊണ്ടു. എന്റെ കുടുംബത്തിലുള്ളവർ വിദ്യാഭ്യാസം നേടിയവരാണ്. അച്ഛനും അമ്മയും നഴ്സുമാരായിരുന്നു. ഇപ്പോൾ അച്ഛന് ബിസിനസ് ആണ്. ചേട്ടൻ ഒരു ഡോക്ടറും ചേട്ടന്റെ ഭാര്യ ഒരു ബാങ്കുദ്യോഗസ്ഥയുമാണ്. മറ്റു ട്രാൻസ് വ്യക്തികൾക്കും എനിക്ക് നൽകാനുള്ള സന്ദേശവും ഇതുതന്നെയാണ്. ഒരു തീരുമാനവും തിടുക്കപ്പെട്ടു എടുക്കുകയും പ്രവർത്തിക്കുകയും ചെയ്യരുത്. കഴിവതും വിദ്യാഭ്യാസം പൂർത്തിയാക്കി സ്വയം പര്യാപ്തരായി, സ്വത്വം പുറത്തു കൊണ്ട് വരാൻ ശ്രമിക്കുക. കോവിഡ് കാലത്തു ലോകം മുഴുവൻ പ്രതിസന്ധിയിലായിരിക്കുന്ന സമയമാണ്, അപ്പോൾ കഴിവതും വിഷാദത്തിലായി ആത്മഹത്യാപ്രവണതകളിലേക്കെത്താതിരിക്കാൻ ശ്രമിക്കണം.



ലിംഗമാറ്റ ശസ്ത്രക്രിയ നടത്തണം എന്ന് ഉറച്ച തീരുമാനമെടുത്തു കൊണ്ട് കൗൺസിലിങ്ങിനായി പോയപ്പോൾ ഒരു പക്ഷെ ഡോക്ടർ ആയതു കൊ

ണ്ടാവാം എനിക്ക് ഒരുപാട് ബുദ്ധിമുട്ടുകളും എതിർപ്പുകളും നേരിടേണ്ടി വന്നിട്ടില്ല. ട്രാൻസ് സർജറിക്കായി സമീപിക്കുമ്പോൾ നെഗറ്റീവായി ചില മെഡിക്കൽ പ്രൊഫഷണലുകളെങ്കിലും പ്രതികരിച്ചു എന്ന് വരുന്നുണ്ട്. അവിടെ പക്ഷെ ഞാൻ മെഡിക്കൽ പ്രൊഫഷണലുകളെ പൂർണമായി കുറ്റപ്പെടുത്താനാഗ്രഹിക്കുന്നില്ല, കാരണം എല്ലാ കേസിലും കൗൺസിലിങ്ങിനായി വരുന്നവർ ട്രാൻസ് വ്യക്തികൾ  ആയിക്കൊള്ളണമെന്നില്ല. ജെൻഡർ ഫ്ളൂയിഡ് ആയിട്ടുള്ള വ്യക്തികളുണ്ട്, അവർ സർജറി ചെയ്താൽ ഒരു പക്ഷെ അവർ ആഗ്രഹിച്ച രീതിയിലുള്ള ആത്മപ്രകാശനം സാധ്യമായെന്നു പിന്നീട് തോന്നാതെ വരാം. അതുകൊണ്ട് തന്നെ സൈക്കോളജിസ്റ്റുകൾ കൂടുതൽ സമയം കൗൺസിലിങ്ങിനായി എടുക്കാറുണ്ട്. ക്വിയർ ആയിട്ടുള്ള വ്യക്തികൾ ഇമോഷണലി വളരെ സെൻസിറ്റിവായിരിക്കാനുള്ള സാധ്യതയുണ്ട്. അവരോട് സഹാനുഭൂതിയോടെ, മനുഷ്യത്വപരമായ സംസാരിക്കാനു



ള്ള ചുമതല സൈക്കോളജിസ്റ്റുകൾക്കുമുണ്ട്. 'നിങ്ങൾ ട്രാൻസ് ആയിക്കൊള്ളണമെന്നു നിർബന്ധമില്ല, നിങ്ങൾ നിങ്ങളെത്തന്നെ പഠിക്കാൻ കുറച്ചു സമയമെടുക്കണം അതിനുള്ള സമയമെനിക്കും നൽകണം' എന്ന് ഡോക്ടറും അവരെ പറഞ്ഞു ബോധ്യപ്പെടുത്തണം. സ്വയം ഒരു തിരിച്ചറിവുണ്ടായാൽ ആത്മവിശ്വാസത്തോടെ ഒരു സൈക്കോളജിസ്റ്റിനെ സമീപിക്കുക. എന്നെ സംബന്ധിച്ച് ഈ ബോധ്യങ്ങളോടെ പോയത് കൊണ്ട് ആവാം, വലിയ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ല .

ലിംഗമാറ്റ ശാസ്ത്രക്രിയയെക്കുറിച്ച് എനിക്ക് ഒരുപാട് ആശങ്കയുണ്ടായിരുന്നു തുടക്കത്തിൽ. പലപ്പോഴും ഉറങ്ങാൻ പോലുമാവാതെ വിഷാദത്തിലായിട്ടുണ്ട്.  ഒരുപാട് സങ്കീർണമായ ശസ്ത്രക്രിയയാണ് വജൈനോപ്ലാസ്റ്റി. തീവ്രമായി ആഗ്രഹിക്കുന്നത് കൊണ്ടാണല്ലോ ആ ശസ്ത്രക്രിയ ചെയ്യാൻ തുനിയുന്നത്. മറ്റേതൊരു ശസ്ത്രക്രിയയും പോലെ ലിംഗമാറ്റ ശാസ്ത്രക്രിയയിൽ ഒരുപാട് ദുർഘടങ്ങൾ വരാനുള്ള സാധ്യതയുണ്ടല്ലോ. ശസ്ത്രക്രിയയ്ക്ക് ശേഷം മൂന്നാഴ്ചയോളം കഴിഞ്ഞാണ് ഞാൻ സാധാരണ ആഹാരം കഴിക്കാൻ തുടങ്ങിയത്. കാരണം, കുടൽ മുറിച്ചിട്ടൊക്കെയുള്ള ശസ്ത്രക്രിയയാണ്. അതിനാൽത്തന്നെ ഞാൻ വളരെയധികം സ്വയം ശ്രദ്ധിച്ചിരുന്നു. സ്വദേശത്തും വിദേശത്തുമുള്ള പല പ്രഗത്ഭരും എഴുതിയ ലേഖനങ്ങളും വായിക്കാറുണ്ടായിരുന്നു. ശസ്ത്രക്രിയയ്ക്കു ശേഷം എന്തെല്ലാം ചെയ്യണമെന്നും ഞാൻ സ്വന്തമായി ഒരു ഗവേഷണം നടത്തിയിരുന്നു, പൂർണമായും ആശുപത്രിയെ ആശ്രയിക്കാൻ നിന്നില്ല. എല്ലാവരും സ്വന്തമായിത്തന്നെ അതിന്റെ എല്ലാ വശങ്ങളും മനസ്സിലാക്കിയ ശേഷം വേണം  ശാസ്

ത്രക്രിയയ്ക് മുതിരേണ്ടത് എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. കേരളത്തിലെ ഒരു സ്വകാര്യ ആശുപത്രിയിലായിരുന്നു ഞാൻ ശസ്ത്രക്രിയ നടത്തിയത്. കേരളത്തിന് പുറത്തു പോയി സർജറി ചെയ്യുന്നതിന് കുറച്ചധികം റിസ്കുകളുണ്ടായിരുന്നു. ദൂരെയാത്രയും പണച്ചെലവുമായിരുന്നു വലിയ ആശങ്കകൾ. അതിനാൽ കേരളത്തിൽ തന്നെ ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചു. മുമ്പു കോയമ്പത്തൂർ, ബാംഗ്ലൂർ, എന്നിവിടങ്ങളായിരുന്നു ട്രാൻസ് വ്യക്തികൾ ശസ്ത്രക്രിയയ്ക്കായി പോവാറുണ്ടായിരുന്ന നഗരങ്ങൾ. 2017– 2018 നു ശേഷമാവണം കേരളത്തിലെ, പ്രത്യേകിച്ച് കൊച്ചിയിലെ ചില സ്വകാര്യ ആശുപത്രികളിൽ ലിംഗ മാറ്റ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. ആശുപത്രിയിൽ സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടായിരുന്നു. പ്രത്യേകം ടോയ്‌ലെറ്റുകളുണ്ടായിരുന്നുവെന്നതും എടുത്തുപറയേണ്ട ഒന്നാണ്. ഈ നിലയിൽ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് നിരീക്ഷിക്കാൻ കഴിയും.

എന്റെ അഭിപ്രായത്തിൽ കേരളത്തിൽ തന്നെ സർക്കാർ ആശുപത്രികളിലും വിദഗ്ധരുടെ സഹായവും സൗകര്യങ്ങളും ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്. ശസ്ത്രക്രിയയ്ക്കായി സർക്കാർ ധനസഹായമുണ്ട്, പക്ഷെ ഇപ്പോഴുള്ള അവസ്ഥയിൽ അത് ശസ്ത്രക്രിയയ്ക്കു ശേഷമെ ലഭിക്കൂ. അതിനാൽ തന്നെ ശസ്ത്രക്രിയാസമയത്തു ഓരോരുത്തരും സ്വയം പണം കണ്ടെത്തേണ്ടി വരുന്നു എന്ന വിമർശനമുണ്ട്. പലരും ശസ്ത്രക്രിയ ചെയ്യാനുള്ള പണം സമ്പാദിക്കേണ്ടി വരുമ്പോഴാണ് പ്രതിസന്ധിയിലാവുകയും മറ്റു മാർഗ്ഗങ്ങളിലേക്കു തിരിയുകയും ചെയ്യുന്നത്. കഴിവതും ആ തുക അവർക്കു നേരത്തെ ലഭ്യമാക്കിയിരുന്നെങ്കിൽ തീർച്ചയായും അതൊരു നല്ല കാര്യമായേനെ.



ഞാൻ എന്റെ സഹപ്രവർത്തകരായ വ്യക്തികളെയെല്ലാം അവരറിഞ്ഞും അറിയാതെയും ബോധവത്കരിക്കാൻ ശ്രമിച്ചിരുന്നു. എനിക്കറിയാവുന്ന ബോധ്യങ്ങൾ എന്റെ സഹപ്രവർത്തകർക്ക് പകർന്നു കൊടുക്കുകയും അങ്ങനെ ഏകദേശം ഒരു വർഷത്തിന് ശേഷം ഞാൻ ട്രാൻസിഷൻ ഫേസിലുള്ള ഒരു ട്രാൻസ് വ്യക്തിയാണെന്ന് അവരോട് തുറന്നു പറയുകയുമുണ്ടായി. അങ്ങനെ വേണ്ട തയ്യാറെടുപ്പുകൾ നടത്തിയിരുന്നതിനാൽ അവരാരും ആശ്ചര്യപ്പെട്ടില്ല. പക്ഷെ, എല്ലാവരെയും പോലെയുള്ള ചില ബുദ്ധിമുട്ടുകളൊക്കെ ട്രാൻസിഷൻ സമയത്തു ഞാനും അനുഭവിക്കേണ്ടി വന്നു. ചില പരിഹാസങ്ങളൊക്കെ കണ്ടില്ല എന്ന് നടിച്ചു മുന്നോട്ടു പോയി. ഇതൊക്കെ തരണം ചെയ്യതാലേ എന്റെ ലക്ഷ്യത്തിലെത്തൂ എനിക്കറിയാമായിരുന്നു.

എന്റെ ട്രാൻസിഷൻ സമയത്തു കണ്ണാടിയുടെ മുൻപിൽ ചെന്ന് നിന്ന് എന്നിൽ തന്നെയുള്ള മാറ്റങ്ങൾ കാണുമ്പോൾ ഒരുപാട് ആഹ്ളാദം തോന്നിയിരുന്നു. ടീനേജ് പ്രായത്തിൽ എനിക്ക് ഒരുപാട് ബു

ദ്ധിമുട്ടുകളും നിരാശയുമുണ്ടായിരുന്നു. കാരണം ഞാൻ ആഗ്രഹിക്കുന്ന രീതിയിലല്ല എന്റെ ശരീരം വളർന്നു വരുന്നത്. ട്രാൻസിഷനെ രണ്ടാമത്തെ കൗമാരം ആയി കരുതാം, കാരണം ഞാൻ ആഗ്രഹിച്ച മാറ്റങ്ങൾ ഓരോ ദിവസവും എന്റെ ശരീരത്തിലുണ്ടാവുന്നു എന്ന് കാണുമ്പോൾ അതിയായ സന്തോഷമായിരുന്നു. ഹോർമോൺ ചികിത്സയുടെ തുടക്കത്തിൽ ചില മൂഡ് വ്യത്യാസങ്ങളൊക്കെയുണ്ടായിരുന്നു. ചില പാനിക് അറ്റാക്കുകളുണ്ടായി. പക്ഷെ അവയെ ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷെ, ആത്യന്തികമായി ആ കാലഘട്ടത്തിൽ ഞാൻ എന്റെ സന്തോഷത്തിനാണ് ഏറ്റവും വില കല്പിച്ചത്.

വൈദ്യശാസ്ത്ര രംഗത്ത് നിന്നുള്ള ഒരു ട്രാൻസ് വ്യക്തി എന്ന നിലയിൽ നോക്കുമ്പോൾ പഠിച്ച പല മെഡിക്കൽ പാഠപുസ്തകങ്ങളിലും പലപ്പോഴും ട്രാൻസ്ഫോബിയ കാണാറുണ്ട്. പക്ഷെ അത് ആ പുസ്തകമെഴുതിയ വ്യക്തിയുടെ സാമൂഹികവും മതപരവും ആയ കാഴ്ചപ്പാട് മാത്രമായി മനസ്സിലാക്കാനാണ് ഞാൻ താത്പര്യപ്പെടുന്നത്. എന്നെ സംബന്ധിച്ചു പറഞ്ഞാൽ എനിക്ക് വേണ്ട കാര്യങ്ങൾ മാത്രം ആണ് ഞാൻ ഉൾക്കൊണ്ടത്. സൈക്കോളജി ടെക്സ്റ്റ് ബുക്കിലാണ് ക്വിയർ ഐഡന്റിറ്റിയെക്കുറിച്ചു പരാമർശമുള്ളത്. ഞാൻ പ്രത്യേക താത്പര്യമെടുത്തു മനസ്സിലാക്കിയതും ആ ഭാഗമാണ്. അബദ്ധ ധാരണകളൊഴിവാക്കാൻ കൂടുതൽ ബോധവത്കരണം നടത്തേണ്ടത് ആവശ്യമാണ്.

ജൂൺ മാസമാണല്ലോ 'പ്രൈഡ് മന്ത്' ആയി ആചരിക്കുന്നത്. കഴിഞ്ഞ ജൂൺ മാസത്തിൽ സ്കൂളുകളിലും കോളേജ് തലത്തിലും എനിക്ക് സംസാരിക്കാൻ അവസരം ലഭിക്കുകയും ചർച്ചകളിലും ബോധവത്കരണ പരിപാടികളിലും പങ്കെടുക്കുകയും ചെയ്തു. എനിക്ക് ഒരുപാട് സന്തോഷം നൽകിയ കാര്യങ്ങളാണവ. ഇവയൊക്കെ എന്റെ ചുമതലയായാണ് എനിക്ക് തോന്നിയത്. ഇപ്പോൾ നമ്മുടെ നാട്ടിലെ കോളേജുകളിൽ ക്വീർ ക്ലബ്ബ്കളൊക്കെയുണ്ട്, I am os happy for the coming generation! അവർക്കൊക്കെ ചിറകു വിരിച്ചു പറക്കാനുള്ള ഒരിടം ലഭിച്ചു തുടങ്ങിയിരിക്കുന്നു. ഞാൻ പഠിക്കുന്ന കാലത്തു ഇതൊന്നും സാധ്യമായിരുന്നില്ല. പക്ഷെ, ഞാനതിനെ പരാതി പറയാതെ, പോസിറ്റീവ് ആയി എടുക്കാനാണിഷ്ടപ്പെടുന്നത്. നമുക്കുള്ള ശുഭകരമായ സാധ്യതകളെ കൂടുതൽ ഉപയോഗിക്കുക, പരമാവധി സമൂഹത്തിനു ബോധവത്കരണം നടത്തുക എന്നിവയാണ് ഞാൻ ചെയ്യാൻ ശ്രമിക്കുന്ന കാര്യങ്ങൾ.

ഒരു മനുഷ്യൻ എന്ന നിലയിൽ ആത്യന്തികമായ ഭാവി പ്രതീക്ഷ സന്തോഷമായിരിക്കുക എന്നതാണ്. ഞാൻ ഒരുപാട് ആഗ്രഹിച്ച അവസ്ഥയിലൂടെയാണ് ഇപ്പോൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. അതിൽ ഞാൻ വളരെ സന്തോഷവതിയാണ്. കോവിഡ് പ്രതിസന്ധികൾ ചിലപ്പോൾ അസ്വസ്ഥതകൾ ഉണ്ടാക്കുമെങ്കിലും ശാന്തയായിരിക്കാൻ ശ്രമിക്കും. drvspriyasignatures എന്ന പേരിൽ സ്വന്തമായി ഒരു യൂ ട്യൂബ് ചാനൽ തുടങ്ങിയിട്ടുണ്ട്. എന്റെ മനസ്സിലുള്ള ആശയങ്ങളും ഇഷ്ടങ്ങളും ഭക്ഷണങ്ങളും യാത്രകളും യൂ ട്യൂബ് ചാനലിലൂടെ ലോകത്തോട് തുറന്നു പറയാൻ ശ്രമിക്കാറുണ്ട്. അത് പോലെ തന്നെ ജൻഡർ ബോധവത്കരണത്തിനുള്ള ഒരു വേദിയായും ഞാനതിനെ കാണുന്നു. 'ട്രാൻസ് ഡോക്ടർ' എന്ന നിലയിൽ ട്രാൻസ് കുട്ടികൾ ഉള്ള കുടുംബങ്ങൾക്ക് പിന്തുണ നല്കാൻ ശ്രമിക്കുന്നുണ്ട്. മാതാപിതാക്കൾക്ക് വേണ്ടത്ര അവബോധം നൽകിയാൽ മാതാപിതാക്കൾ ആ കുട്ടിയെ ചേർത്ത് പിടിക്കും, ആ കുട്ടിക്ക് മറ്റു കുട്ടികളെപ്പോലെ ജീവിക്കാനും എത്തേണ്ട സ്ഥലത്തു എത്തിപ്പെടാനും സാധിക്കും. കുട്ടികളെക്കാൾ കുടുംബങ്ങൾക്കാണ് പിന്തുണ നൽകേണ്ടത്, അതിനെനിക്ക് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. പലരും വിളിക്കാറുണ്ട്, കുട്ടികളടക്കം; എല്ലാവരെയും എന്നാൽ കഴിയുന്ന വിധം ബോധവത്കരിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ഇതൊക്കെയാണ് എന്റെ ജീവിതരീതിയും ലക്ഷ്യവും. ഞാനെത്തിയ സ്ഥലത്തു എന്തൊക്കെ ചെയ്യാൻ കഴിയും എന്നാണ് ഞാനിപ്പോൾ ചിന്തിക്കാറുള്ളത്.



ചർച്ചാവിഷയം

**സജ്ന പന്തിമൂല**
അധ്യാപിക
RGMR HSS നൂൽപുഴ, വയനാട്





# ദളിത് ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന ദ്വിമാന പാർശ്വവത്കരണം

ദളിത് ട്രാൻസ്ജെൻഡർ സമൂഹം ജാതിയുടെ വിഭജനത്തിലും ലിംഗഭേദത്തിന്റെ വ്യത്യസ്തമായ ആശയങ്ങളിലും സമൂഹത്തിലെ അവസാന കണ്ണികളാണ്. സമൂഹത്തിലെ അവരുടെ അദൃശ്യത അടിയന്തിര ശ്രദ്ധ വേണ്ടുന്ന ഒരു വിഷയമാണ്. ട്രാൻസ് വ്യക്തികളുടെ ജീവിതത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അവ നിരന്തരമായ സോഷ്യൽ ഓഡിറ്റിംഗിനും, ജിഞ്ജാസ, തുറിച്ചു നോട്ടം, എന്നിവയ്ക്കും പാത്രമാവുന്നുവെന്നത് തർക്കമില്ലാത്തൊരു വിഷയമാണ്. പലപ്പോഴും എഴുത്തുകാർക്കും ഗവേഷകർക്കും ജിഞ്ജാസ ഉണർത്തുന്ന ഒരു വിഷയം മാത്രമായി അവർ പരിണമിക്കുന്നു. നിരീക്ഷിക്കപ്പെടേണ്ട, കൗതുകകരമായ വസ്തതുതകൾ നിറഞ്ഞ ഒരു വൃഷ്ഠിപ്രദേശമായി മാത്രം അവരുടെ ജീവിതങ്ങൾ മാറുന്നു. അപരിചിതമായ വിലക്കുകളാൽ ചുറ്റപ്പെട്ട, അദൃശ്യരായി മൂടപ്പെട്ടവർ. ഞങ്ങൾ ഇവിടെയുണ്ട് എന്ന് എപ്പോഴും ഓർമ്മിപ്പിക്കേണ്ടി വരുന്ന അവസഥ. പലപ്പോഴും പൊതുസമൂഹവും സാമൂഹിക പ്രവർത്തകരും എഴുത്തുകാരും കാണാതെ പോകുന്ന ഒരു വസ്തുത, വർഗ്ഗ-വർണ്ണ ബ്രഹ്മണിക്കൽ മേധാവിത്വങ്ങളെ അതിജീവിക്കാൻ അവർ നടത്തുന്ന പോരാട്ടങ്ങളാണ്. ജാതിയുടെ വേലിക്കെട്ടുകളാൽ പൊതിഞ്ഞ ഇന്ത്യൻ സമൂഹത്തിൽ നടപ്പും ഇരിപ്പും തുടങ്ങി എന്തും ചർച്ചയാകുമ്പോൾ എങ്ങിനെയാണ് ഈ പോരാട്ടങ്ങളെ ആധുനിക ഡിജിറ്റൽ ഇന്ത്യയിൽ ദളിത് ട്രാൻസ് സമൂഹം അതിജീവിക്കുന്നത് എന്നതാണ് ചര്ച്ചയാവാത്ത പ്രധാന വിഷയം.

‘ദളിത്’ എന്ന പദം അടിച്ചമർത്തപ്പെട്ടവരെയും  അരികുവത്കരിക്കപ്പെട്ടവരെയും പ്രതിനിധീകരിക്കുന്ന ഒരു പദം ആണ്. സാമൂഹികമായ അരികുവത്കരണത്തെ എതിർക്കാൻ ദളിത് സമുദായത്തിൽ പെട്ടവർ നടത്തുന്ന പോരാട്ടത്തിന്റെ പതിന്മടങ്ങു ട്രാൻസ്ജെൻഡർ ദളിത് സമൂഹം നടത്തേണ്ടി വരുന്നുണ്ട്. ദ്വിമാന പാർശ്വവത്കരണവും അസമത്വങ്ങളും 1980–1990 മുതലാണ് അമേരിക്കയിൽ അഭിസംബോധന ചെയ്യപ്പെട്ടു തുടങ്ങിയത്. ഇന്റർസെക്ഷനാലിറ്റി എന്ന പദം ഇത്തരം ബഹുവിധമായ അരികുവത്കരണത്തെ സൂചിപ്പിക്കുന്നതിനായി അമേരിക്കൻ സ്കോളർ ആയ കിംബെർലി ക്രേൻഷോ ഉപയോഗിച്ചു.ഇന്ത്യയിലെ ദളിത് ട്രാൻസ് മുന്നേറ്റങ്ങളെയും ഇത്തരത്തിൽ ബഹുവിധമായ അസമത്വങ്ങൾക്കും അക്രമങ്ങൾക്കുമെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ ശ്രമങ്ങളായി കാണാൻ സാധിക്കും.  ഘടനാപരമായ വിഭാജ്യതയെ അഭിസംബോധന ചെയ്യാൻ പല മാർഗ്ഗങ്ങളുമുണ്ട്: ആദ്യമായി സ്റ്റിഗ്മ, ആക്രമണങ്ങൾ, സ്റ്റീരിയോടൈപ്പിംഗ്, മുൻവിധിയോടെയുള്ള പെരുമാറ്റങ്ങൾ, പോരായ്മകൾ, എന്നിവയ്ക്കു പരിഹാരം നിർദ്ദേശിക്കേണ്ടതുണ്ട്.  സമൂഹത്തിലെ വെള്ളക്കോളർ ജോലിയിലും ഉന്നതാധികാര ശ്രേണികളിലും അദൃശ്യരാക്കപ്പെടുന്നതിനോടൊപ്പം ജനപ്രാതിനിധ്യം എന്നത് അവർക്കു പേരിൽ മാത്രമായി മാറുന്നു. വിദ്യാഭ്യാസത്തിനും തൊഴിലിനുമായി സമാനതകളില്ലാത്ത പോരാട്ടമാണ് എക്കാലത്തും ദളിത് സമൂഹം നടത്തേണ്ടി വന്നിട്ടുള്ളത്. ഇവിടെയാണ് ഒരു ദളിത് ട്രാൻസ് വ്യക്തി രണ്ടു തരം  അരികുവത്കരണത്തിലൂടെയുള്ള സ്വ




ത്വ പ്രതിസന്ധി അനുഭവിക്കേണ്ടി വരുന്നത്. കാപട്യം നിറഞ്ഞ ബ്രഹ്മണിക്കൽ മേധാവിത്വങ്ങൾ തൊഴിലിടങ്ങളിൽ വിലക്കുകൾ കല്പിക്കുമ്പോൾ യാചകരും ലൈംഗികത്തൊഴിലാളികളും മാത്രമായി ദളിത് ട്രാൻസ് സമൂഹം മാറുന്നു. സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും അടിസ്ഥാന മനുഷ്യാവകാശങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെടുമ്പോൾ അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കാനുള്ള അവകാശങ്ങൾ ലഭിക്കാൻ വേണ്ടി സ്വരമുയർത്തേണ്ടി വരുന്നു. ബ്രഹ്മണിക്കൽ സമൂഹം കല്പിക്കുന്ന ധാർമ്മികത, പരിശുദ്ധി എന്നിവ ദളിതർ സമൂഹത്തിന്റെ അടിയിലേക്ക് ചവിട്ടിയരക്കപ്പെടാൻ കാരണമാവുന്നു. രണ്ടു പതിറ്റാണ്ടിനിടെ ശ്രദ്ധയാകർഷിച്ച, ദലിതരടങ്ങുന്ന ട്രാൻസ് സമൂഹം നിലനില്പിനായി പല തരം പ്രവർത്തനങ്ങളിലേർപ്പെടുന്നു. അവർ ഭരണഘടനയുടെ താളുകളിൽ അതിജീവനത്തിന്റെ അദ്ധ്യായം രചിച്ചു കൊണ്ടിരിക്കുകയാണ്.

ഇന്ത്യൻ ജാതീയതയുടെ അടിസ്ഥാനം ശുദ്ധിയും മലിനീകരണവുമാ

ണ്. കാലഘട്ടങ്ങളോളം ദളിത് എന്നത് ഒരു 'ഒബ്ജക്റ്റ്' മാത്രമായ സാംസ്കാരിക കളങ്കമായിരുന്നു. അതിനാൽ തന്നെ ഒരു ദളിത് ട്രാൻസ് വ്യക്തി നേരിടുന്ന പ്രശ്നങ്ങൾ പതിന്മടങ്ങാണ്. അവർ അനുഭവിക്കേണ്ടി വരുന്ന ആക്രമണവും ചൂഷണങ്ങളും വിവരണാതീതമാണ്. ലൈംഗികസ്വത്വങ്ങൾ എപ്പോഴെങ്കിലും ജാതിയെ അടയാളപ്പെടുത്തിയിട്ടുണ്ടോ? ജാതീയത ഗ്രാമങ്ങളിൽ മാത്രമല്ല നഗരങ്ങളിലും നിത്യജീവിതത്തിന്റെ ഭാഗമാണ്. ദളിത് ശരീരങ്ങൾ അപമാനിക്കപ്പെടുന്നതിലൂടെ സവർണാഭിലാഷത്തിന്റെ വസ്തുക്കളായി രൂപാന്തരപ്പെടുന്നു. ജാതിരാഹിത്യം പറയുന്ന പല ട്രാൻസ് പ്രസ്ഥാനങ്ങളിലും മുന്നോക്ക ജാതിക്കാർ അധികാരശ്രേണിയിലാവുകയും ദളിതർ പിന്തള്ളപ്പെടുകയും ചെയ്യുന്നുണ്ട്. ദളിത് ട്രാൻസ് ക്വിയർ വ്യക്തികൾ അത്തരമിടങ്ങളിൽ പിന്തള്ളപ്പെടുകയും സ്വരം നഷ്ടപ്പെട്ടവരായി മാറുകയും ചെയ്യുന്നു. സുപ്രീം കോടതി അഭിഭാഷകയും സാമൂഹിക പ്രവർത്തകയുമായ കിരുബ മുനുസ്വാമി ദളിത് ക്വിയർ ജനങ്ങൾ അനുഭവിക്കുന്ന ജാതീയമായ വിവേചനകളെ അടയാളപ്പെടുത്തുന്നത് ഇങ്ങനെയാണ്: 'നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിൽ ജാതീയത നിരോധിക്കൽ എന്ന് പറഞ്ഞാൽ അതിനെക്കുറിച്ചു സംസാരിക്കരുത് എന്നതാണ്. നമ്മൾ സ്ത്രീധന പീഡനത്തെക്കുറിച്ചു പറഞ്ഞാൽ സുപ്രീം കോടതി പറയും നിങ്ങൾ അതിനെ ദുരുപയോഗിക്കുകയാണെന്ന് .നമ്മൾ ജാതി അതിക്രമത്തെക്കുറിച്ചു പറയുമ്പോൾ നിങ്ങൾ നിയമത്തെ ദുരുപയോഗം ചെയ്യുന്നു എന്ന് പറയും. ഈ അവസരത്തിൽ എൽ.ജി.



ഗ്രേസ് ഭാനു

ബി.ടി. കമ്മ്യൂണിറ്റിയിലേക്ക് നോക്കുകയാണെങ്കിൽ, ലക്ഷ്മി തൃപാഠിക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്നുണ്ട് രാമക്ഷേത്ര നിർമാണം എന്ന്. പക്ഷെ എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് എന്ന് ഒരു ദളിത് ക്വിയറിന് പറയാൻ അവകാശം ഇല്ല. ദളിത് അല്ലാത്ത ട്രാൻസ് വ്യക്തിക്ക് ലഭിക്കുന്ന അവകാശങ്ങൾ പോലും ഒരു ദളിത് ട്രാൻസ് വ്യക്തിക്ക് ലഭിക്കുന്നില്ല. ഈ രീതിയിലുള്ള വിവേചനങ്ങളെ അറിയുകയും ചർച്ചയും ചോദ്യവും ചെയ്യപ്പെടേണ്ടതുണ്ട്."

**ഗ്രേസ് ഭാനു** – തമിഴ്നാട്ടിലെ ആദ്യമായി എഞ്ചിനീയറിംഗ് സീറ്റ് കരസ്ഥമാക്കിയ ട്രാൻസ് വനിത. അവർ ദളിത് ട്രാൻസ് വ്യക്തി എന്ന നിലയിൽ സ്കൂളിലും ജോലിസ്ഥലത്തും ഉണ്ടായ മാറ്റി നിർത്തപ്പെടലുകളെക്കുറിച്ചു സംസാരിച്ചിട്ടുണ്ട്. സ്കൂളിൽ അവർക്കെതിരെ വിവേചനം നടത്തിയവരെല്ലാം ഉയർന്ന ജാതിക്കാരായിരുന്നു. അവിടെ ധാരാളം ദളിത് കുട്ടികളുണ്ടായിരുന്നു. എന്നാൽ എല്ലാ ദളിതുകുട്ടികളും ഒരേ പോലുള്ള വിവേചനങ്ങളല്ല നേരിട്ടത്. എന്റെ ജെൻഡർ ഐഡന്റിറ്റിയോടൊപ്പം എന്റെ

ദളിത് സ്വത്വം കൂടെ ചേർന്നപ്പോൾ ഞാൻ കടുത്ത വിവേചനകൾ നേരിട്ടു. ട്രാൻസ് ജെൻഡർ സമൂഹത്തിൽ ജാതിയില്ല എന്നാണ് പറയുന്നത്, എന്നാൽ സാമൂഹ്യ പുരോഗതി നേടിയ ജാതിയിലുള്ള ഒരാളോട് നിങ്ങൾ ജാതി വിവേചനം നേരിട്ടിട്ടുണ്ടോ എന്ന് ചോദിച്ചാൽ അയാൾ ഇല്ല എന്നല്ലേ പറയൂ. കാരണം വിവേചനത്തിന്റെ അർത്ഥം അവർക്കറിയില്ല, അനുഭവിച്ചിട്ടില്ല. ട്രാൻസ് വ്യക്തികൾക്കിടയിൽ ജാതിയില്ല എന്ന് പറയുന്നത് ചോറിൽ മത്തങ്ങ ഇട്ടു അതിനെ നശിപ്പിക്കുന്നതുപോലെയാണ്. ആത്യന്തികമായി ജാതി വികാരങ്ങൾ എല്ലാവരിലും നില നിൽക്കുന്നു.

ചരിത്രമെടുത്തു നോക്കിയാൽ ആ ജാതിവിഭജനത്തിന്റെ ആഴം നിങ്ങൾക്ക് മനസ്സിലാക്കാം. ട്രാൻസ് കമ്മ്യൂണിറ്റിയിലെ മുതിർന്നവരെല്ലാം ഉയർന്ന ജാതിയിലുള്ളവരാണ്. ദളിതർ ഭിക്ഷാടനം നടത്തിയോ ലൈംഗിക പ്രവർത്തിയിലൂടെയോ കമ്മ്യൂണിറ്റിക്ക് വേണ്ടി ധനസമ്പാദനം നടത്തുന്നു. തീർച്ചയായും അവരെല്ലാം ഒറ്റപ്പെട്ട ജാതികളിൽ നിന്നുള്ളവരാണ്. അതിനാൽ ട്രാൻസ് സമൂഹത്തിൽ ജാതിയില്ല എന്ന പ്രസ്താവന തികച്ചും തെറ്റാണ്. സമൂഹത്തിൽ പൊതുവെയുള്ള ജാതിമത വൈരുദ്ധ്യങ്ങൾ ഇവിടെയും നിലനിൽക്കുന്നു.

ട്രാൻസ് സംബന്ധമായ വിഷയങ്ങളോടൊപ്പം ജാതി സംബന്ധമായ വിഷയങ്ങളെ എങ്ങനെ അഭിസംബോധന ചെയ്യും എന്നതിനെക്കുറിച്ചു ഗ്രേസ് ഭാനു പറഞ്ഞതിങ്ങനെയാണ്: ട്രാൻസ് വ്യക്തികൾക്ക് റിസെർവഷൻ നൽകുമ്പോൾ ജാതിയിൽ ഉയർന്നവർക്കാണ് പലപ്പോഴും പ്രയോജനം ലഭിക്കുന്നത്. പിന്നോക്ക ജാതിക്കാരായ ട്രാൻസ്



സമൂഹത്തിനു പലപ്പോഴും റിസർവേഷൻ ഉപയോഗപ്പെടുത്താൻ പോലും സാധിക്കുന്നില്ല. നിലവിലിരിക്കുന്ന ട്രാൻസ് റിസെർവഷനിൽ എസ്.സി/എസ്.ടി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിങ്ങനെ ഒരു ഉപവിഭാഗം കൂടെ ഞങ്ങൾ ആവശ്യപ്പെടുന്നു. പക്ഷെ സ്വന്തം സമുദായക്കാരിൽ നിന്ന് തന്നെ എതിർപ്പുകളുണ്ട്. ഉയർന്ന ജാതിയിൽ പെട്ട ട്രാൻസ് വ്യക്തികളിൽ ഹിന്ദു വിശ്വാസ സംഹിതകളാണ്. ജാതീയത ഒരു പ്രശ്നമല്ലെന്നും മതം മാത്രമാണ് പ്രശ്നമെന്നും ട്രാൻസ് വ്യക്തികളെല്ലാം ഒരേ ജാതിയാണെന്നും ചർച്ച ചെയ്യാനാണ് അവർ ഇഷ്ടപ്പെടുന്നത്.

ജാതീയത ഇന്ത്യൻ സമൂഹത്തിൽ വേരൂന്നിയതു പോലെ ട്രാൻസ് വ്യക്തികൾക്കിടയിലും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. എതിർപ്പുകളെ അവഗണിച്ചും പൊരുതിയും സ്വന്തം സ്വത്വത്തിനു വേണ്ടി ധീരമായി നിലകൊള്ളുന്ന ട്രാൻസ് വ്യക്തികളെ ജാതി പിന്നോട്ട് വലിക്കുന്നുണ്ട്. ദ്വിമാന പാർശ്വവത്കരണത്തിനു വിധേയമാകുന്ന ദളിത് ട്രാൻസ് കമ്മ്യൂണിറ്റിയുടെ പ്രശ്നങ്ങൾ സമൂഹം വേണ്ട രീതിയിൽ പരിഗണിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ കാലാകാലങ്ങളായി അദൃശ്യരാക്കപ്പെടുന്ന ചരിത്രം മാറ്റമില്ലാതെ തുടർന്നേക്കാം.

ഉപ്പും മുളകും

ഗീത



# ജി സുശീലാമ്മയെന്ന

## സ്വാതന്ത്ര്യ സമര സേനാനിനി (1921– 2021)



മലയാളിയെസ്സംബന്ധിച്ച് 1921 വെറുമൊരു വർഷമല്ല. 1921 എന്നു കേൾക്കുമ്പോൾ മലബാർ സമരം എന്നു തന്നെയാണ് രാഷ്ട്രീയ മലയാളി ഓർക്കുക. വാസ്തവത്തിൽ 18–ാം നൂറ്റാണ്ടിൽ തുടങ്ങിയ ഒരു സംഘർഷം അതിന്റെ പരിസമാപ്തിയിലെത്തിയ വർഷമാണ് 1921. മലബാറിലെ തലശ്ശേരി മട്ടന്നൂർ തൊട്ട് (പഴശ്ശി സമരങ്ങൾ ) തുടങ്ങിയ ആ സംഘർഷം അതിന്റെ മൂർധന്യത്തിലെത്തി അവസാനിക്കുന്നത് പൊന്നാനി – ഏറനാട് – വള്ളുവനാടു താലൂക്കുകളിൽ ആയിരുന്നുവെന്നു മാത്രം. പല അടരുകളിലൂടെ സഞ്ചരിച്ച ആ സമരം ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി കണ്ണി ചേർന്നു കൊണ്ടാണ് സഞ്ചരിച്ചതെന്നു കാണാം. ആ സമരത്തിന്റെ സുപ്രധാനമായ ഒരു വർഷത്തിലാണ് ആനക്കര വടക്കത്തു തറവാട്ടിൽ സുശീലാമ്മയെന്ന ചരിത്ര നായിക ജനിച്ചത് എന്നതു യാദൃശ്ചികമാകാം. ആനക്കര വടക്കത്തെന്നു കേൾക്കുമ്പോൾ എവികുട്ടിമാളുവമ്മയും അമ്മു സ്വാമിനാഥനും കാപ്റ്റൻ ലക്ഷ്മിയും മൃണാളിനി സാരാഭായും മല്ലികാ സാരാഭായും വരെ മലയാളികൾ ഓർക്കാറുണ്ട്. പക്ഷേ നടുവിലെ കണ്ണിയായി നില്ക്കുന്ന സുശീലാമ്മ ആ പട്ടികയിൽ ഉൾപ്പെടുത്തപ്പെടാറോ ഓർമ്മിക്കപ്പെടാറോ ഇല്ല. അതിൽ രാഷ്ട്രീയമായ കാരണങ്ങളുണ്ട്, സുശീലാമ്മയുടെ ഇടപെടലുകളുടെ സവിശേഷതകളുമുണ്ട് എന്നാണ് കരുതേണ്ടത്.

ആരുടേതാണ് / ആരുടേതായിരുന്നു ചരിത്രം എന്ന ചിന്തയെ പ്രശ്നവത്കരിക്കാതെ നമുക്ക് ഈ ഘട്ടം കടന്നു പോവുക ദുഷ്കരമാണ്. അതറിയാനുള്ള എളുപ്പവഴി ചരിത്രത്തിൽ അടയാളപ്പെട്ട പേരുകൾ ശ്രദ്ധിച്ചാൽ മതി. ചരിത്രം സൃഷ്ടിച്ചവരുടെ പട്ടികയിൽ, ചരിത്രം മാറ്റിയെഴുതിയവരുടെ പട്ടികയിൽ എത്ര സ്ത്രീ നാമങ്ങൾ ഉണ്ട്? പാഠപുസ്തകങ്ങളിലെ ചരിത്രത്തിലാകട്ടെ, അതിലും കൂടുതൽ വായിക്കപ്പെട്ട ചരിത്രത്തിലാകട്ടെ, എത്ര സ്ത്രീനാമങ്ങൾ അടയാളപ്പെട്ടു കിടപ്പുണ്ട്? ചരിത്രനായകന്മാരെ പഠിച്ചും പഠിപ്പിച്ചും ഗവേഷിച്ചും ആഘോഷിച്ചും നമ്മൾ പെരുമ്പറയടിച്ചു കൊണ്ടിരിക്കുന്ന ഇതേ ചരിത്രത്തിന്റെ മുഖ്യധാരയിൽത്തന്നെ ധാരാളം സ്ത്രീകളുണ്ടായിട്ടുണ്ട്. ചരിത്രവും രാഷ്ട്രീയവും തമ്മിലുള്ള അധികാരപരമായ കെട്ടുപിണച്ചിൽ ഈ സ്ത്രീകളെ ഒന്നടങ്കം പുറം തള്ളിക്കൊണ്ടാണ് സുദൃഢമായതെന്നു കാണാം. അതെ ആ തമസ്കരണം കൃത്യമായും അധികാരത്തിന്റെ പ്രശ്നം തന്നെയായിരുന്നു.

പെരുമ്പിലാവിൽ കുഞ്ഞി ലക്ഷ്മിയമ്മയുടെയും ഏവി ഗോപാലമേനോന്റെയും നാലു മക്കളിൽ ഒരാളായിരുന്നു സുശീലാമ്മ. ഏവി കുട്ടി മാളുവമ്മ കോഴിപ്പുറത്തുമാധവമേനോനെ വിവാഹം ചെയ്ത ശേഷമാണ് രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയത്. ആറു മാസം മാത്രം പ്രായമായ മകളെ കൈയിലെടുത്ത് സത്യഗ്രഹത്തിനിറങ്ങി അറസ്റ്റു വരിക്കാൻ അവർ ധൈര്യപ്പെട്ടു. അച്ഛൻ പെങ്ങളായ അമ്മു സ്വാമിനാഥന്റെ രാഷ്ട്രീയ ജീവിതവും സുശീലാമ്മയുടെ മുമ്പിലുണ്ടായിരുന്നു. 1942ൽ 'ഡു ഓർ ഡൈ' എന്ന മുദ്രാവാക്യം മുഴക്കി കോളേജ് വിട്ട് രാഷ്ട്രീയ സമരത്തിലിറങ്ങാൻ സുശീലാമ്മക്ക് ധൈര്യം കിട്ടിയത് ഈ പാരമ്പര്യമാതൃകശക്തിയാൽത്തന്നെയാകാം. അവരന്ന് അറസ്റ്റു ചെയ്യപ്പെട്ടു. മദിരാശി ജയിലിൽ നിന്ന് അവരെ വെല്ലൂരുള്ള സ്ത്രീകളുടെ ജയിലിലേക്കു മാറ്റി.





അറസ്റ്റു വരിച്ചവരിൽ അവരോടൊപ്പം പെൺകുട്ടികൾ ഉണ്ടായിരുന്നുവെന്ന് അവർ പറഞ്ഞിട്ടുണ്ട്. ജയിലിൽ എന്തെങ്കിലും കുറവുകളുണ്ടോ എന്നന്വേഷിക്കാൻ ഉദ്യോഗസ്ഥരുടെ കമ്മിറ്റി വന്നപ്പോൾ കളിക്കാൻ ഒരു കോർട്ടുണ്ടാക്കിത്തരണമെന്ന് ആ പെൺകുട്ടികൾ ആവശ്യപ്പെട്ടു. അങ്ങനെ പെൺകുട്ടികൾക്കു കളിക്കാൻ ജയിലിൽ ഒരു ടെന്നിക്കോയ്ഡ് കോർട്ട് നിർമ്മിക്കപ്പെട്ടു. 1942ൽ സുശീലാമ്മയുൾപ്പടെയുള്ള ഒരു കൂട്ടം പെൺകുട്ടികൾക്ക് കളിക്കാനുള്ള സൗകര്യം ഒരുക്കിത്തരണമെന്ന് ബ്രിട്ടീഷ് അധികാരികളോട് ആവശ്യപ്പെടാനുള്ള ഇച്ഛാശക്തിയും സംഘബോധവും ഉണ്ടായിരുന്നുവെന്നതു നിസ്സാര കാര്യമല്ല. സ്വന്തം ശരീരത്തെപ്പറ്റിയും സന്തോഷത്തെപ്പറ്റിയും ആരോഗ്യത്തെപ്പറ്റിയുമുള്ള ആ അറിവ് അവരെ ആരും പഠിപ്പിച്ചതാകാനിടയില്ല. അതവർക്കു സ്വയം തോന്നിയ ആവശ്യമാണ്. എത്രയേറെ തന്റേടത്തോടെയും നിർഭയമായും സ്വയം ബോധ്യത്തോടെയുമാണ് ദേശീയ സ്വാതന്ത്ര്യ സമരത്തിൽ അവർ പങ്കെടുത്തിരിക്കുക എന്നു തിരിച്ചറിയാൻ അധികാരികൾ മുമ്പാകെ അവരുന്നയിച്ച ഈയൊരറ്റ ആവശ്യം മതിയാകും.

'തടവിൽ ഇരുന്നാൽ മാത്രമേ സ്വാതന്ത്ര്യത്തിന്റെ വില അറിയൂ' എന്നു ജയിൽ വാസക്കാലത്തു താൻ തിരിച്ചറിഞ്ഞതായി അവർ പറയുന്നുണ്ട്. അതെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും വില അനുഭവിച്ചറിയുകയായിരുന്നു അവർ. മറ്റനേകം പുരുഷപോരാളികളെപ്പോലെ സ്വന്തം വിദ്യാഭ്യാസ ജീവിതവും തൊഴിൽ ജീവിതവും അസ്ഥിരപ്പെടുത്തിക്കൊണ്ടു തന്നെ ആയിരുന്നു അവർ സ്വാതന്ത്ര്യ സമരത്തിലേക്ക് സ്വയം എടുത്തെറിഞ്ഞത്. 1943ൽ ആയിരുന്നു അവർ പരീക്ഷ എഴുതേണ്ടിയിരുന്നത്. എന്നാൽ അറസ്റ്റും ജയിൽവാസവും കാരണം പരീക്ഷയെഴുതാനോ വിദ്യാഭ്യാസം തുടരാനോ എന്തെങ്കിലും ജോലിക്കു ശ്രമിക്കാനോ കഴിയാതെ വന്നതിനാൽ ജയിൽവിമോചിതയായപ്പോൾ അവർ ആനക്കര വടക്കത്തേക്കു തിരിച്ചെത്തി.

അപ്പോഴേക്ക് കോൺഗ്രസ് കമ്മിറ്റി മഹിളാ വിഭാഗം പ്രവർത്തനമാരംഭിച്ചിരുന്നു. കോഴിക്കോടു തുടങ്ങിയ ദേശീയ മഹിളാ സമാജ പ്രവർത്തന

ങ്ങൾക്ക് ശാരദാമ്മയായിരുന്നു നേതൃത്വം കൊടുത്തതെങ്കിൽ കണ്ണൂരിൽ കൗമുദി ടീച്ചറായിരുന്നു. തൃശൂരിലാകട്ടെ അതു കമലാനമ്പീശന്റെ നേതൃത്വത്തിൽ ആയിരുന്നു. ഇവരൊക്കെയുമായി ബന്ധപ്പെട്ടും ചർച്ച ചെയ്തും 1943ൽത്തന്നെ സ്വന്തം നാട്ടിൽ സുശീലാമ്മ മഹിളാ സമാജത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. അവരുടെ സഹോദരിയായിരുന്ന ആനക്കര വടക്കത്തു സരോജിനിയമ്മയും മഹിളാ സമാജത്തിന്റെ ആദ്യകാല പ്രവർത്തകയായിരുന്നു.

ഗാന്ധിജിയുടെ കർമ്മ പരിപാടികളും സ്വാതന്ത്ര്യ സമരവുമൊക്കെ നാട്ടിലെ സ്ത്രീകൾക്കു വിവരിച്ചു കൊടുത്തുകൊണ്ടായിരുന്നു മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ. പിന്നെ നൂൽനൂല്പും നെയ്ത്തുമൊക്കെ സ്ത്രീകളെ പരിശീലിപ്പിച്ചു. അന്ന് ഖാദി നെയ്ത്തിന്റെ കേന്ദ്രമായിരുന്ന പയ്യന്നൂരിൽ പോയ അനുഭവം അവർ പങ്കുവെച്ചിട്ടുണ്ട്. മഹിളാ സമാജത്തിന്റെ സംഘാടനവും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ യാത്രകൾ അവർക്ക് അന്ന് ആവശ്യമായി വന്നിരുന്നു. 1940കളിൽ നക്കര വടക്കത്തു തിരിച്ചെത്തി. അപ്പോഴേക്ക് മഹിളാസമാജം പ്രവർത്തനങ്ങൾ നിലച്ചിരുന്നു. അവരെപ്പോലെ ആദർശധീരയായ ഒരു സ്ത്രീക്കു പ്രവർത്തിക്കാനുള്ള പൊതുമണ്ഡലങ്ങൾ അത്രയൊന്നും അവശേഷിച്ചിരുന്നില്ല. ചരിത്രപ്രാധാന്യമുള്ള ആ വീടിനെ 1958 മുതൽ നിലനിർത്തുകയും കാത്തു പോരികയും ചെയ്തു കൊണ്ട് അവർ ആനക്കര വടക്കത്തെ സ്ഥിരം താമസക്കാരിയായി. വീട്ടിലുള്ളവരെ ശുശ്രൂഷിച്ചു. അവർക്കു വേണ്ടുന്ന കാര്യങ്ങൾ ത്യാഗത്തോടെ സമർപ്പണബുദ്ധിയോടെ നിർവഹിച്ചു. ചിലരങ്ങനെയാണ് ചില സന്ദർഭങ്ങളിൽ വാക്കും നോക്കും ഉൾവലിച്ചു കളയും. അപ്പോഴുമവരുടെ കണ്ണുകളും കാതുകളും മനസും സമൂഹത്തിലേക്കും രാഷ്ട്രത്തിലേക്കും തുറന്നു തന്നെയിരിക്കും. അങ്ങനെ ഓരം ചേർന്നു പോയ വലിയ ഒരു സ്ത്രീയായിരുന്നു സുശീലാമ്മ. ഇന്ദിരാ ഗാന്ധിയെ ഒരു നല്ല ഭരണാധികാരിയായി വിലയിരുത്തുമ്പോഴും അടിയന്തിരാവസ്ഥ അവർക്കു പറ്റിയ പിഴവായി മനസിലാക്കാൻ ധൈര്യമുള്ള ഗാന്ധിയൻ ജനാധിപത്യ ബോധം സുശീലാമ്മയിൽ

**'തടവിൽ ഇരുന്നാൽ മാത്രമേ സ്വാതന്ത്ര്യത്തിന്റെ വില അറിയൂ' എന്നു ജയിൽ വാസക്കാലത്തു താൻ തിരിച്ചറിഞ്ഞതായി അവർ പറയുന്നുണ്ട്. അതെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും വില അനുഭവിച്ചറിയുകയായിരുന്നു അവർ. മറ്റനേകം പുരുഷപോരാളികളെപ്പോലെ സ്വന്തം വിദ്യാഭ്യാസ ജീവിതവും തൊഴിൽ ജീവിതവും അസ്ഥിരപ്പെടുത്തിക്കൊണ്ടു തന്നെ ആയിരുന്നു അവർ സ്വാതന്ത്ര്യ സമരത്തിലേക്ക് സ്വയം എടുത്തെറിഞ്ഞത്.**

നന്നേ ചെറുപ്പക്കാരിയായ സുശീലാമ്മ ഒറ്റക്കു സഞ്ചരിച്ച് രാഷ്ട്രീയപ്രവർത്തനവും അതിനാസ്പദമായ സ്ത്രീപ്രവർത്തനവും നടത്തിയെന്നതു വലിയ കാര്യമാണ്. അത്രക്കു നിർഭയയായ ഒരു പെൺകുട്ടിക്കു മാത്രമേ ഇന്നു പോലും ഒറ്റക്കു യാത്ര ചെയ്ത് പൊതുപ്രവർത്തനം നടത്താൻ പറ്റുകയുള്ളൂ എന്ന് കേരളത്തിൽ ആർക്കാണറിയാത്തത്! ജാതി മതങ്ങൾക്കതീതമായ കൂടിച്ചേരലുകൾക്കും മിശ്രഭോജനത്തിനും അവർ മുൻകൈയെടുത്തു. ഇന്ന് എന്തൊക്കെ പരിമിതികൾ അതിനാരോപിച്ചാലും അക്കാലത്ത് അതൊരു വിപ്ലവ പ്രവർത്തനം തന്നെയായിരുന്നു.


തന്റെ വ്യക്തി ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഇതേ ഇച്ഛാശക്തിയാണവർ പ്രകടമാക്കിയത് - വിവാഹം, വിവാഹമോചനം, കുട്ടികളെ വളർത്തൽ എന്നിങ്ങനെയുള്ള എല്ലാ ഘട്ടങ്ങളിലും തികച്ചും വ്യക്തിത്വമുള്ള നിലപാടെടുത്ത് സ്വന്തം തറയിൽ ഉറച്ചു നിന്ന സ്ത്രീയാണ് സുശീലാമ്മ.

വിവാഹമോചനം, അച്ഛന്റെ അസുഖം എന്നീ കാരണങ്ങൾ കൊണ്ട് 1958 ൽ അവർ വീണ്ടും ആ സ്ഥായിയായിരുന്നു. ജാതി മത ശക്തികളുമായുള്ള കൂട്ടുകെട്ടുകൾ മതേതര രാഷ്ട്രീയ കക്ഷികൾക്കു ഗുണം ചെയ്യില്ലെന്നു വിലയിരുത്താൻ ശേഷിയുള്ള രാഷ്ട്രീയ നിരീക്ഷണശേഷി അവരിൽ ഓർമ്മ നശിക്കുവോളം ഉണ്ടായിരുന്നു. അദ്ഭുതമെന്തിന്, അത്രക്കും ധീരയും ആദർശവതിയും ത്യാഗസന്നദ്ധയുമായ ഒരു സ്വാതന്ത്ര്യ സമര സേനാനി പില്ക്കാലത്ത് ഒരു പഞ്ചായത്ത് മെമ്പർ പോലുമായില്ല എന്നതിൽ? അതങ്ങനെയാണ് ഗാന്ധിജിയുടെ കർമ്മശുദ്ധിയും ത്യാഗ ബുദ്ധിയും ഏറ്റുവാങ്ങിയത് കൗമുദി ടീച്ചറെയും സുശീലാമ്മയെയും പോലുള്ള സ്ത്രീകൾ തന്നെയായിരുന്നല്ലോ.

സുശീലാമ്മക്ക് ആദരങ്ങൾ

*( ആനക്കര വടക്കത്ത് ജി സുശീലാമ്മ നേരിട്ടു പറഞ്ഞ ജീവിതത്തെ ആസ്പദമാക്കിയാണ് ഈ ആദരക്കുറിപ്പ്. വിശദമായ അഭിമുഖം മാധ്യമം ആഴ്ചപ്പതിപ്പിലും വർഷങ്ങൾക്കു ശേഷം പുറത്തിറങ്ങിയ എന്റെ പെൺകാലങ്ങൾ (2010) എന്ന പുസ്തകത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്)*

ചർച്ചാവിഷയം
**അർജ്ജുൻ ഗീത**
ട്രാൻസ് മാൻ /പ്രൊഫഷണൽ
കോഡിനേറ്റർ - അമിഗോസ് ട്രാൻസ്മെൻ കളക്ടീവ്



# ട്രാൻസ്മെൻ സ്വത്വങ്ങളുടെ സമകാലിക ദൃശ്യത




ലോകത്ത് ജൻഡർ വാർപ്പുമാതൃകകൾ രൂപപ്പെട്ടിട്ടുള്ളത് ഓരോ സംസ്കാരത്തിന്റെ ഭാഗമായാണ്. സംസ്കാരങ്ങൾ വ്യത്യസ്തമാകുന്നതുപോലെതന്നെ ജന്റർ മാതൃകകളും വ്യത്യസ്തപ്പെടുന്നു. ഒരു സാമൂഹ്യജീവി എന്നതിലുപരി ഒരു സാംസ്കാരിക ജീവി എന്നത് മനുഷ്യരെ സംസ്കാരങ്ങൾക്ക്, അതിന്റെ ചട്ടക്കൂടുകൾക്ക് അനുസൃതമായി ജീവിക്കാൻ പ്രേരിപ്പിച്ചു. മതങ്ങളും, എഴുതിയുണ്ടാക്കപ്പെട്ട വിശ്വാസങ്ങളും ദ്വന്ദ്വവത്കൃതമായ പുരുഷകേന്ദ്രീകൃത സ്വഭാവത്തിലേക്ക് മനുഷ്യരെ എത്തിച്ചു. ആണിനും പെണ്ണിനും വളരെ ദൃഢമായ നിർവചനങ്ങൾ ഉണ്ടായി. പുരുഷൻ ആകാൻ എന്തൊക്കെ വേണം, സ്ത്രീ ആകാൻ എന്തൊക്കെ വേണം എന്നുള്ള തരം തിരുവുകൾ ഊട്ടിയുറപ്പിക്കപ്പെട്ടു. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല. മാതൃകാ പുരുഷോത്തമന്മരും, ഭാരത സ്ത്രീയും എങ്ങനെ ആകണം എന്നതിന് നിശ്ചയം ഇവിടെയുണ്ട്. അത്തരം നിർവചനങ്ങൾക്ക് വെളിയിൽ ജീവിക്കുന്ന അസ്തിത്വങ്ങളെ ഇന്നും ഭൂരിപക്ഷ സമൂഹം സൗകര്യപൂർവം തള്ളികളയുന്നു.

ഇന്ത്യയിൽ ചരിത്രപരമായി തന്നെ ട്രാൻസ് സ്ത്രീകളുടെ, അല്ലെങ്കിൽ ആൺ ശരീരത്തിലെ സ്ത്രൈണ സ്വഭാവമുള്ള ജെൻഡർ വൈവിധ്യങ്ങൾക്ക് സാംസ്കാരിക അംഗീകാരം ലഭിച്ചിരുന്നപ്പോഴും യാതൊരു തരത്തിലും എവിടെയും അടയാളപ്പെടുത്താനാകാതെ പോയ ജനതയാണ് ട്രാൻസ് പുരുഷൻ അല്ലെങ്കിൽ സ്ത്രീ ശരീരത്തിലെ ജെൻഡർ വൈവിധ്യങ്ങൾ. പിതൃമേധാവിത്വ സമൂഹത്തിൽ ഒരു പെൺ ശരീരം അത്രമാത്രം വരിഞ്ഞുമുറുക്കപെട്ടിരുന്നു എന്നതാണ് വാസ്തവം. പെൺശരീരങ്ങളിലെ ജെൻഡർ പ്രകടനങ്ങൾക്ക് പരിമിതികളും വിലക്കുകളും ഉണ്ടായിരുന്നു. ഒരു സ്ത്രീ പുരുഷന്റേത് എന്ന് കരുതുന്ന രീതിയിൽ പെരുമാറുക എന്നത് തന്നെ ആണധികാരത്തിനു കോട്ടം തട്ടിക്കുന്നതായിരുന്നു. അതുകൊണ്ട് തന്നെ ട്രാൻസ് മാൻ സ്വത്വങ്ങളുടെ ദൃശ്യത എന്നത് വളരെ ധീരവും ശ്രമകാരവുമായ ഒരു സമരം തന്നെ ആയിരുന്നു. ഫെമിനിസം, ട്രാൻസ്ജെന്റർ അവകാശപോരാട്ടങ്ങൾ, ക്വിയർ ചലനങ്ങൾ ഒക്കെയും ട്രാൻസ് മാൻ വ്യക്തികളുടെ അവകാശപോരാട്ടങ്ങളിൽ പങ്കുവഹിച്ചിട്ടുണ്ട്.


ഇന്ത്യയിൽ ഇന്ന് ട്രാൻസ്ജെന്റർ വിഭാഗത്തിനായി നിയമമുണ്ട് അതിൽ ട്രാൻസ് മാൻ വ്യക്തികളും ഉൾപ്പെടുന്നു. പലപ്പോഴും കേൾക്കേണ്ടിവരുന്ന ഒരു കാര്യമാണ് പെൺശരീരത്തിലെ പൗരുഷം കളിയാക്കപ്പെടില്ല എന്നത്. അതുപക്ഷെ ഈ സമൂഹം ആണത്തത്തിന് കല്പിച്ചു നൽകിയിട്ടുള്ള അംഗീകാരം നൽകുന്ന കപട സ്വീകാര്യതയാണ്. മെഡിക്കൽ ട്രാൻസിഷൻ ചെയ്യുന്ന ട്രാൻസ്മെൻ വ്യക്തിക


ളെ ട്രാൻസ്ജെണ്ടർ രൂപരേഖയിൽ സമൂഹത്തിന് ഉൾകൊള്ളാൻ സാധിക്കാത്തതിനാൽ പലപ്പോളും ട്രാൻസ്മെൻ വ്യക്തികളുടെ അവകാശങ്ങൾ തിരിച്ചറിയപ്പെടാതെ പോകുന്നുണ്ട്. ദ്വന്ദ്വവത്കൃത സമൂഹത്തിൽ ലഭിക്കുന്ന അംഗീകാരം എത്രത്തോളം പൊള്ളയാണ് എന്ന് മനസിലാക്കാത്തിടത്തോളം ട്രാൻസ്മെൻ വ്യക്തികളുടെ പ്രശ്നങ്ങൾ മൂടപ്പെട്ടിരിക്കും.

ഒരാളെ കാഴ്ചയിലൂടെ മാത്രം മനസിലാക്കുന്നത് കൃത്യമായ മനസിലാക്കൽ അല്ല. ഹോർമോൺ തെറാപ്പിയിലൂടെയും മറ്റും ബാഹ്യമായ ശാരീരിക മാറ്റങ്ങൾ ഒന്നും തന്നെ ഈ സമൂഹം കാലങ്ങളായി അടിച്ചേല്പിച്ച അനുഭവങ്ങൾ മാറ്റുന്നില്ല. അതുകൊണ്ട് തന്നെ ഒരു ട്രാൻസ് മാൻ വ്യക്തിയുടെ സ്വത്വം തിരിച്ചറിയുന്നതും, ശരീരികമായ പരിവർത്തനങ്ങളും തുടർന്നുള്ള ജീവിതവും ഒന്നും തന്നെ എളുപ്പമുള്ള കാര്യങ്ങൾ അല്ല. ധാരാളം പരിമിതികൾ കൽപ്പിക്കപ്പെട്ടിട്ടുള്ള സ്ത്രീ എന്ന ചട്ടക്കൂടുപൊളിക്കുക എന്നത് തന്നെ വലിയൊരു കടമ്പയാണ്. സ്ത്രീ ശരീരത്തിലെ ജൻഡർ വൈവിധ്യങ്ങൾക്ക് കൂടുതൽ ദൃശ്യത നൽകുവാനും അവരുടെ പ്രശ്നങ്ങൾ അടുത്തറിയുവാനും എന്ന ചിന്ത തിരുവനന്തപുരം ആസ്ഥാനമായുള്ള എൽ.ജി.ബി.ടി.ഐ.ക്യു.എ+ ഓർഗനൈസേഷനായ ക്യുറിഥം അമിഗോസ് എന്ന ഒരു കൂട്ടായ്മ എന്നതിലേക്ക് എത്തിയത്. നിലവിൽ കേരളത്തിൽ ട്രാൻസ്മെൻ വ്യക്തികൾക്കായി പ്രധാനമായും മൂന്ന് സംഘടനകളാണുള്ളത്. അമിഗോസ്, സഹയാത്രിക, മാറ്റ ഇവയിൽ സഹയാത്രിക ട്രാൻസ്മെൻ വ്യക്തികൾക്ക് പുറമെ സ്ത്രീ ശരീരത്തിലെ ലിംഗ-ലൈംഗിക ന്യുനപക്ഷങ്ങൾക്കായികൂടി പ്രവർത്തിച്ചു വരുന്നു.



ട്രാൻസ്മെൻ സ്വത്വങ്ങളുടെ ദൃശ്യത കൂട്ടുന്നതുവഴി സമൂഹത്തിൽ ഒറ്റപ്പെട്ട് സ്വത്വത്തിന്റെ പേരിൽ പലതരം വിവേചനങ്ങൾ നേരിടുന്ന മനുഷ്യരെ കണ്ടെത്താനും അവരുടെ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാനും അമിഗോസിന്റെ പ്രവർത്തനം വഴി സാധിച്ചിട്ടുണ്ട്. സ്വന്തം കുടുംബത്തിൽ നിന്ന് പോലും പുറത്താക്കപ്പെട്ടവരെ കേരള സാമൂഹ്യനീതി വകുപ്പിന്റെ താൽക്കാലിക ഷെൽട്ടർ ഹോമിൽ സുരക്ഷിതമായി എത്തിക്കാനും അതുവഴി സമൂഹത്തിന്റെ അടിത്തട്ടിൽ തിരിച്ചറിയപ്പെടാതെ പോയ ട്രാൻസ്മെൻ സ്വത്വങ്ങൾ വെളിച്ചത്തിലേക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്. കൂട്ടായി നിന്ന് അവകാശങ്ങൾ നേടിയെടുക്കാനും വിവേചനങ്ങൾക്കെതിരെ ശബ്ദിക്കാനുമുള്ള ട്രാൻസ്ജെണ്ടർ മനുഷ്യരുടെ പോരാട്ടത്തിൽ ട്രാൻസ്മെൻ-നോൺബൈനറി മനുഷ്യരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അമിഗോസിന്റെ പ്രവർത്തനം വഴി സാധ്യമായിട്ടുണ്ട്. സ്വത്വം കണ്ടെത്താൻ അത് അംഗീകരിക്കാൻ സാധിച്ച ഒരു ട്രാൻസ്മെൻ വ്യക്തി എന്ന നിലയിൽ എനിക്ക് ലഭിച്ച ആത്മ സംതൃപ്തി മറ്റൊന്നിലും അനുഭവപ്പെട്ടിട്ടില്ല. ജനനം മുതൽ ആയിരം നാവുകൾ അല്ലെന്ന് പറഞ്ഞിട്ടും സ്വത്വം മനസിലാക്കി നാം നാമായി ജീവിക്കുന്നത്രയും വലിയ പോരാട്ടം മറ്റൊന്നുമില്ല എന്ന് തോന്നിയിട്ടുണ്ട്. ഇത് ശാപമല്ല; ഭാഗ്യമാണ്, മഴവിൽ മനുഷ്യനായി ജീവിക്കുവാനുള്ള ഭാഗ്യം!





ചർച്ചാവിഷയം


**ഹെയ്ദി സാദിയ**
അഭിനേത്രി/ ജേർണലിസ്റ്റ്/ യൂട്യൂബർ

# പറയാൻ മറന്ന കഥകൾ

## കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ നാടകാനുഭവം

സ്വന്തം ജീവിതം ഒരു നാടകത്തിലെ ഡയലോഗ് ആയി സ്റ്റേജിൽ പറഞ്ഞാൽ എങ്ങിനെയിരിക്കും? അതാണ് "പറയാൻ മറന്ന കഥകൾ" എന്ന നാടകം.

സാഹിത്യവും കലാരൂപങ്ങളും ട്രാൻസ് ക്വിയർ മനുഷ്യരുടെ കഥകൾ പ്രതിനിധാനം ചെയ്തു തുടങ്ങിയിട്ട് ഒരുപാട് കാലങ്ങളായിട്ടില്ല. നാടകങ്ങളിൽ ജെൻഡർ ക്വിയർ കഥാപാത്രങ്ങൾ പലപ്പോഴും അവഹേളിക്കപ്പെടുന്നവരായിട്ടോ സമൂഹത്തിലെ മുഖ്യധാരാ ജെൻഡർ നിർമ്മിതികളോടു സമരസപ്പെടാൻ കഴിയാതെ അരികുകളിൽ നില്കുന്നവരായിട്ടോ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പല നാടകങ്ങളും ട്രാൻസ് ക്വിയർ വ്യക്തിത്വങ്ങളെ ഉൾക്കൊണ്ട് അവതരിപ്പിക്കപ്പെട്ടവയുമായിരുന്നില്ല. 'പറയാൻ മറന്ന കഥകൾ' മലയാള നാടകചരിത്രത്തിൽ അടയാളപ്പെടുന്നത് രംഗഭാഷയുടെയുടെ പേരിൽ മാത്രമല്ല; അത് കൈകാര്യം ചെയ്ത പ്രമേയത്തിന്റെയും അതിലെ അ



ഭിനേതാക്കളുടെയും അവർ മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയത്തിന്റെയും പേരിലാവും. പ്രത്യേകിച്ച് ഒരു സ്ക്രിപ്റ്റിനെ ആശ്രയിക്കാതെ, സ്വന്തം ജീവിതം  ഒരു നാടകത്തിലെ ഡയലോഗ് ആയി സ്റ്റേജിൽ പറഞ്ഞാൽ എങ്ങിനെയിരിക്കും? അതാണ് "പറയാൻ മറന്ന കഥകൾ' എന്ന നാടകം. കാരണം, ഈ നാടകം അതിലെ അഭിനേതാക്കളായ ഞങ്ങളുടെ ജീവിതമായിരുന്നു; നാടകവും ജീവിതവും തമ്മിലുള്ള അതിർവരമ്പ് നേർത്തു വരുന്ന കാഴ്ച.

## നാടകത്തിന്റെ പിറവി : അഭിനയക്കളരിയും നാടകാവതരണവും

ട്രാൻസ് വ്യക്തികളുടെ സാമൂഹ്യമായ പുരോഗതിക്കു വേണ്ടി നില കൊള്ളുന്ന  'ദ്വയ' ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രഞ്ചു രഞ്ജിമർ, ശീതൾ ശ്യാം, സൂര്യ ഇഷാൻ, ദയഗായത്രി, ദീപ്തി കല്യാണി എന്നിവരോടൊപ്പം ഞങ്ങൾ പതിനാറോളം ട്രാൻസ് അഭിനേതാക്കളാണ് നാടകത്തിൽ അണി  നിരന്നത്. 'മഴവിൽ ധ്വനി' എന്ന, കേരളത്തിലെ  ആദ്യത്തെ തീയേറ്റർ ഗ്രൂപ്പ് ആണ് ഈ നാടകത്തിന്റെ അണിയറയിൽ. തമിഴ് നാട്ടിലെ പൺമൈ തീയേറ്റർ ഗ്രൂപ്പ്  ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ് നാടക സംഘമായി അറിയപ്പെടുന്നു. ചെന്നൈയിൽ നിന്നുള്ള തീയേറ്റർ ആർട്ടിസ്റ്റും സംവിധായകനും കൊണ്ടെമ്പോററി ഡാൻസറുമായ ശ്രീജിത്ത് സുന്ദരം അഭിനേതാക്കളെ പരിശീലിപ്പിച്ച്  അവരുടെ ജീവ്തം തന്നെ രംഗത്തു അവതരിപ്പിക്കാനുള്ള ധൈര്യം നൽകി. സാമൂഹികമായ അരികുവത്കരണം എന്ന പ്രമേയത്തിലൂന്നിയാണ് ഇന്റർനാഷണൽ തീയേറ്റർ ഫെസ്റ്റിവലിന്റെ ഭാഗമായി 2018 ൽ ഒരു  തീയേറ്റർ വർക്ക് ഷോപ് സംഘടിപ്പിക്കുകയുണ്ടായി. മാധ്യമങ്ങൾക്കു നൽകിയ അഭിമുഖത്തിൽ 'ശരീരം തന്നെ ഒരു രാഷ്ട്രീയമായി ഉപയോഗിക്കപ്പെടുന്നതെങ്ങനെ' എന്ന ചോദ്യത്തെ അഭിമുഖീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുകയാണ് തങ്ങളുടെ ലക്ഷ്യം എന്ന് സംവിധായകൻ അഭിപ്രായപ്പെട്ടിരുന്നു. മതത്തിന്റെയും ജാതിയുടെയും ലിംഗത്തിന്റെയും പേരിൽ അക്രമങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ അവ കൂടെ പ്രതിനിധീകരിക്കപ്പെടേണ്ട ആവശ്യകത നാടകത്തിനുണ്ട് എന്ന് എന്ന് മനസ്സിലാക്കിയ സംവിധായകൻ ട്രാൻസ് എഴുത്തുകാരിയായ രേവതിയുടെ ജീവിതകഥയായ 'ഉണർവും ഉരുവനും,'  ട്രാൻസ് ആക്ടിവിസ്റ്റും കവയിത്രിയുമായ കൽക്കിയുടെ 'കുറി അരുത്തേൻ'  എന്ന കവിതയും ഈ നാടകത്തിന്റെ പ്രമേയത്തിന് പ്രചോദനമായതായി വ്യക്തമാക്കുന്നു. സമൂഹത്തിന്റെ അവഗണകളും അവഹേളനങ്ങളും അതിക്രമങ്ങളും



സഹിക്കേണ്ടി വന്നിട്ടുള്ള ട്രാൻസ് വ്യക്തികൾക്കു തങ്ങളുടെ ശബ്ദം കേൾപ്പിക്കാനുള്ള ഒരു പൊതുവേദിയായി മാറുകയാണ് ഈ നാടകം. ലിംഗ വിവേചനങ്ങളില്ലാത്ത ഒരു ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ കൂടെയാണ് “പറയാൻ മറന്ന കഥകൾ” പങ്കു വെക്കുന്നത്.

കേരള സാഹിത്യ അക്കാദമിയുടെയും സംഗീത നാടക അക്കാദമിയുടെയും കീഴിൽ ട്രാൻസ് ആക്ടിവിസ്റ്റുകളായ രഞ്ചു രഞ്ജിമറും ശീതൾ ശ്യാമുമൊക്കെ ഈ നാടകത്തെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾക്ക് നേതൃത്വം നൽകി. 2018 ജനുവരിയിലായിരുന്നു നാടകത്തിന്റെ ആദ്യത്തെ ഓഡിഷൻ. ഞാനടക്കമുള്ള സംഘങ്ങൾക്ക് ത്രിശൂരിൽ വെച്ച് നടന്ന ഇന്റർനാഷണൽ തീയേറ്റർ ഫെസ്റ്റിവലിലെ സ്കൂൾ ഓഫ് ഡ്രാമയുടെ നാടകക്കളരിയിൽ പരിശീലനം ലഭിച്ചു. ഒരുപാട് പുതിയ കാര്യങ്ങൾ പഠിക്കാൻ പറ്റിയ, ജീവിതത്തിലെ ഒരനുഭവമായിരുന്നു അന്നത്തെ ആ നാടക പരിശീലന ക്യാമ്പ്. അവിടെ തന്നെയാണ് ആദ്യമായി ഈ നാടകം അരങ്ങേറിയത്. ഞങ്ങളുടെ ജീവിതം മുഖ്യ പ്രമേയമായി വരുന്ന ഈ നാടകത്തിൽ പൊതുമണ്ഡലത്തിൽ നടക്കുന്ന സംഭവങ്ങൾക്കനുസരിച് ഓരോ അവതരണത്തിലും പുതുമകൾ കൊണ്ടുവരുവാനും ശ്രമിച്ചിരുന്നു.




### പ്രേക്ഷകരുടെ പ്രതികരണങ്ങൾ


ഒട്ടനവധി സ്റ്റേജുകളിൽ- ഗോവ തീയേറ്റർ ഫെസ്റ്റിവൽ ഷിമോഗയിലെ ഇന്റർനാഷനൽ തീയേറ്റർ ഫെസ്റ്റിവൽ, ബാംഗ്ലൂർ, ചെന്നൈ എന്നീ നഗരങ്ങളിലെ വേദികളിലും – ‘പറയാൻ മറന്ന കഥകൾ’അവതരിപ്പിക്കപ്പെടുകയും പ്രേക്ഷക ശ്രദ്ധ നേടുകയും ചെയ്തു. നാടകം മലയാളത്തിലായിരുന്നെങ്കിലും കേരളത്തിന് പുറത്തെ നഗരങ്ങളിൽ അവതരിപ്പിച്ചപ്പോൾ വലിയ പ്രേക്ഷക പ്രശംസ ലഭിയ്ക്കുകയുണ്ടായി. സിനിമ – നാടകരംഗത്തെ കലാസംവിധായകരടക്കമുള്ള സെലിബ്രിറ്റികൾ ഗ്രീൻ റൂമിൽ വന്നു കെട്ടിപ്പിടിച്ചു നിറകണ്ണുകളോടെ അഭിനന്ദനമറിയിച്ചു. നാടകത്തിനു ലഭിച്ച സെലിബ്രിറ്റികളുടെ അഭിനന്ദനം ശരിക്കും വലിയ ഒരു പ്രചോദനവും ആനന്ദവുമായി. പ്രശസ്ത അഭിനേത്രിയായ പ്രിയാ മണി ഒരു നാടകാവതരണത്തിനു ശേഷം സ്നേഹത്തോടെ ആശ്ലേഷിച്ചു കൊണ്ട് എന്നോട് പറഞ്ഞു : ‘എന്നെ അത്ഭുതപ്പെടുത്തിയ അഭിനയം... കോമഡി റോളുകളും ചെയ്യാൻ സാധിക്കണം.‘ കലയ്ക്ക് ഭാഷ ഒരു തടസ്സമല്ല എന്ന് അന്യനഗരങ്ങളിലെ പ്രേക്ഷകർ ഈ നാടകത്തെ ഉൾക്കൊണ്ടതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (കുസാറ്റ്) യൂണിയന്റെ സമാപന സമ്മേളനത്തിന് മുന്നോടിയായി ഓപ്പൺ എയറിൽ നടന്ന നാടകപ്രദർശം കണ്ട എഴുത്തുകാരിയായ പ്രിയ എ.എസ് ഇപ്രകാരം അഭിപ്രായപ്പെടുന്നു: “പറയാൻ മറന്ന കഥകളല്ല, പറയാനൊരു ഇടം ആരും കൊടുക്കാത്തതു കൊണ്ട് ട്രാൻസ് വ്യക്തികൾ എന്ന നിസ്സഹായ വിഭാഗം ഉള്ളിലൊതുക്കിയ നോവുകളും സത്യങ്ങളും നിറഞ്ഞ ജീവിത വർത്തമാനങ്ങളാണിത്. കാലങ്ങളായി പാർശ്വവത്ക്കരണത്തിന്റെ

ഏറ്റവും കടുത്ത പ്രതീകങ്ങളായി നിലകൊള്ളുന്നവർ ആദ്യമായി ഒരു നാടകക്കൂട്ടമായി അരങ്ങിലെത്തി, പേരുകൾ പോലും മാറ്റാതെ അവരവരായി ത്തന്നെ നിന്ന്, വീട്ടിൽ നിന്നും നാട്ടിൽ നിന്നും നേരിട്ട അവഗണനയും പരിഹാസവും വെറുപ്പും നിറഞ്ഞ ഏടുകളെ ഉറഞ്ഞു തുള്ളിയും കരഞ്ഞു ലഞ്ഞും ചോദ്യ രൂപേണ വിരലുയർത്തിയും പാട്ടു മാത്രം അകമ്പടിയായ സ്റ്റേജിലവതരിപ്പിച്ചപ്പോൾ, പല തവണ കണ്ണ് നിറഞ്ഞു, ഉള്ള് നീറി...'* 'പറയാൻ മറന്ന കഥകൾ' കേരളത്തിനകത്തും പുറത്തുമായി ഒട്ടനവധി വേദികളിലവതരിപ്പിക്കപ്പെട്ടെങ്കിലും മറ്റു വേദികളിൽ നിന്നും വ്യത്യസ്തമായി ഓപ്പൺ എയർ വേദിയിൽ നാടകം കാണാൻ വന്ന സിസ്ജെൻഡർ കുട്ടികളുടെ കൗതുകവും ട്രാൻസ് ജീവിതത്തിന്റെ പകർന്നാട്ടവും എങ്ങനെയാണ് തന്നെ സ്വാധീനിച്ചതെന്നും പ്രിയ എ. എസ്. തുടർന്ന് വിവരിക്കുന്നുണ്ട്. "ആൺകുട്ടിയേയും പെൺകുട്ടിയേയും എൻജിനീയറാക്കാനും ഡോക്റ്ററാക്കാനും പാടുപെടുന്ന അച്ഛനമ്മമാർ, പഠിപ്പിലെത്ര മിടുക്കുണ്ടായാലും തന്റെ കുട്ടിയെ കുറിച്ചുള്ള ലിംഗപരമായ തിരിച്ചറിവിലെത്തുമ്പോൾ നെഞ്ചത്തലച്ച്, ശാപവാക്കുതിർത്ത്, സ്വന്തം തല വിധിയെ പഴിച്ച് കൈയൊഴിയുകയാണ്.



'ആണും പെണ്ണും ചേർന്ന ഞങ്ങളല്ലേ സത്യത്തിൽ ഒന്നാം നിരക്കാരാവേണ്ടത്?' എന്നു ചോദിച്ചു നിർത്തുന്ന നാടകത്തിൽ നിറയെ സമകാലീന സംഭവങ്ങളാണുള്ളത്. ഒരാനക്കാര്യം പോലെ ട്രാൻസ് വ്യക്തികൾക്ക് ജോലി കൊടുത്ത കൊച്ചി മെട്രോ വഴികൾ പിന്നെ വെറും ചേനക്കാര്യമായി ത്തീർന്നത്, ശബരിമലയിൽ ട്രാൻസ് വ്യക്തികളുടെ പ്രവേശനം വിവാദ വിഷയമായത്, ട്രാൻസ് വ്യക്തിയായ കൂടപ്പിറപ്പിനെ കാണാൻ സഹോദരി വന്നപ്പോൾ അത് കൂട്ടിക്കൊടുക്കലായി വ്യാഖ്യാനിക്കപ്പെട്ട് പോലീസ് സ്റ്റേഷനിൽ കേസായത്, ട്രാൻസ് വ്യക്തി നടത്തിയ ചായക്കടയെ പൊതുജനം ബഹിഷ്ക്കരിച്ചത്, അവരുടെ ശരീരത്തിന്റെ സാധ്യതകൾ മാത്രം കണ്ട് 'സെക്സ് വർക്കേഴ്സ്' എന്ന നിലയിൽ സമൂഹം അവരെ കാണുന്നത് തുടങ്ങി എല്ലാം പകർന്നാടി അവർ അരങ്ങിന് ജീവൻ വയ്പ്പിച്ചു."** സ്വന്തം ശരീരവും വ്യക്തിത്വും ഒരു അഭിനേതാവ് മറ്റൊരു കഥാപാത്രത്തിലേക്ക് ആവാഹിക്കുന്നത് അഭിനയകല എന്ന സിദ്ധിയുടെ പരമമായ പ്രകടനമാണ്. എന്നാൽ പറയാൻ മറന്ന കഥകൾ ശ്രദ്ധേയമാവുന്നത് ആത്മാംശം കഥാപാത്രങ്ങളിൽ സമ്മേളിപ്പിച്ച കഥാപാത്രങ്ങളാവാതെ തങ്ങളെ തങ്ങളായി തന്നെ രംഗത്തവതരിപ്പിച്ചതിലൂടെയാണ്. നാടകത്തിന്റെ രാഷ്ട്രീയവും വ്യത്യസ്തമല്ല; സിസ്ജെൻഡർ വ്യക്തികൾ ട്രാൻസ് കഥാപാത്രങ്ങളാവുന്നതിനു പകരം ട്രാൻസ് വ്യക്തികൾ തന്നെ തങ്ങളെ പ്രതിനിധാനം ചെയ്യുന്നിടത്താണ് നാടകത്തിന്റെ രാഷ്ട്രീയം അർത്ഥവത്താവുന്നത്.




നാടകത്തിന്റെ അവതരണം ഒട്ടേറെ വികാര ഭരിതമായ രംഗങ്ങൾക്കും സാക്ഷിയായി. നാടകത്തിലെ ഒരു അഭിനേത്രിയുടെ മാതാപിതാക്കൾ അവളെ അംഗീകരിക്കുകയും വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ തയ്യാറാവുകയും ചെയ്തത് എല്ലാവരുടെയും കണ്ണ് നനയിച്ചു.

## നാടകാനുഭവങ്ങൾ: പ്രചോദനവും പ്രതീക്ഷകളും

എന്റെ ജീവിതത്തിലെ ഒരു നിർണായക വഴിത്തിരിവായിരുന്നു 'പറയാൻ മറന്ന കഥകൾ.' ഈ നാടകം ആദ്യമായി അവതരിപ്പിച്ച വേദിയിൽ വച്ച് തന്നെ പഠനം തുടർന്ന് ഉന്നത വിദ്യാഭ്യാസം നേടണം എന്ന ഉറച്ച തീരുമാനം ഞാൻ എടുത്തു. എന്റെ വ്യക്തിത്വ രൂപീകരണത്തിന് നാടകക്കളരിയിലെ പരിശീലനം ഒരുപാട് സ്വാധീനം ചെലുത്തി. സിസ് വ്യക്തികളടക്കം ഒരുപാട് പേരുമായി ഇടപഴകാനും ഒരുപാട് കഥകൾ കേൾക്കാനും അതിൽ നിന്നും ഒരുപാട് കാര്യങ്ങൾ പഠിക്കാനും ആ നാടക പരിശീലനക്കളരിയും പെർഫോമൻസ് വേദികളും നിമിത്തമായി. ജീവിതത്തിൽ സ്വപ്നങ്ങൾ കാണാനും അവ നേടിയെടുക്കാനുമുള്ള പ്രചോദനം നൽകിയതും ഈ നാടകവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച കാലത്തെ അനുഭവങ്ങളിലാണ്.

നാല് പ്രദർശനങ്ങൾക്ക് ശേഷം കേരളത്തിൽ പ്രളയദുരിതം കാരണം നാടകത്തിന്റെ പല ബുക്കിങ്ങുകളും മടങ്ങിപ്പോവുകയുണ്ടായി. രംഗസംവിധാനങ്ങളും ചമയവസ്തുക്കളും പ്രളയത്തിൽ നഷ്ടപ്പെട്ടു. അപ്പോൾ സൂര്യ ഫെസ്റ്റിവലിന്റെ സംഘാടകനായ സൂര്യകൃഷ്ണമൂർത്തിയെ സമീപിക്കുകയും, അങ്ങനെ തിരുവനന്തപുരം ഗണേശം ഓഡിറ്റോറിയത്തിൽ സൗജന്യമായി നാടകം അവതരിപ്പിക്കാനുള്ള സൗകര്യം ലഭിക്കുകയും ചെയ്തു. നാടകപ്രവർത്തകരായ ട്രാൻസ് വ്യക്തികൾ തങ്ങൾക്ക് സഹായം ലഭിച്ചപ്പോൾ അതിൽ നിന്ന് കിട്ടിയ വരുമാനം പ്രളയബാധിതരെ സഹായിക്കാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിക്ഷേപിക്കാനും മറന്നില്ല.



## കേരളത്തിൽ ട്രാൻസ് അഭിനേതാക്കളുടെ മറ്റ് കലാസംഘങ്ങളുമുണ്ട്.


മഴവിൽ ധ്വനി എന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ നാടകസംഘത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ആയും കലാസംവിധായികയായും പ്രധാന അഭിനേത്രിയുമായി ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. പറയാൻ മറന്ന കഥകളിലെ പ്രകടനത്തിന് ശേഷം എനിക്ക് ഈ മേഖലയിൽ കൂടുതൽ താത്പര്യമുണ്ടെന്നു അറിയിച്ചപ്പോൾ രെഞ്ചുവമ്മയും ശ്രീജിത്ത് സുന്ദരം സാറും എന്നെ കൂടെ നിർത്തി പുതിയ നാടകത്തിൽ അസിസ്റ്റ് ചെയ്യാനുള്ള അവസരവും നൽകുകയുണ്ടായി. പുതിയ ചില നാടകങ്ങളും പണിപ്പുരയിൽ ആലോചിക്കുന്നുണ്ട്. ഇത് ഒരു മാറ്റത്തിന്റെ തുടക്കമാണ്. ഒരുപാട് ട്രാൻസ് പ്രോചോദിതങ്ങളായ നാടകങ്ങൾ വരുകയും എല്ലാവർക്കും അംഗീകാരങ്ങൾ ലഭിയ്ക്കുകയും വേണം. അങ്ങനെ നാടകങ്ങൾ നല്ല ആശയങ്ങളെ അവതരിപ്പിക്കുകയും നീതി നിഷേധിക്കപ്പെട്ട ജീവനൊടുക്കേണ്ടി വരുന്ന ട്രാൻസ് ജീവിതങ്ങൾ ഇനിയില്ലാതിരിക്കുകയും വേണം.

**പ്രിയ എ. എസ്. "പറയാൻ മറന്ന ചില ജീവിതവർത്തമാനങ്ങൾ," ഇന്ത്യൻ എക്സ്പ്രസ്സ് 27, ഡിസംബർ 2018.*

*** പ്രിയ എ. എസ്. "പറയാൻ മറന്ന ചില ജീവിതവർത്തമാനങ്ങൾ," ഇന്ത്യൻ എക്സ്പ്രസ്സ് 27, ഡിസംബർ 2018.*

ചർച്ചാവിഷയം

**ശിൽപ എം.**
ഗവേഷക വിദ്യാർത്ഥിനി
ഇല്ലിനോയിസ് യൂണിവേഴ്സിറ്റി, ചിക്കാഗോ
യു. എസ്. എ



# ട്രാൻസ്ജെൻഡർ ദൃശ്യത, സിസ് ഫെമിനിസ്റ്റ് യാഥാസ്ഥിതികത : ചില വീക്ഷണങ്ങൾ



ആഗോള ദേശീയ തലങ്ങളിൽ ട്രാൻസ്ജെൻഡർ എന്ന സ്വത്വവിശേഷണത്തിനു ദൃശ്യത ലഭിക്കുന്ന ഈ വേളയിൽ, ഈ ദൃശ്യതയുടെ പലതരത്തിലുള്ള ഭവിഷ്യത്തുകൾ അനുഭവിക്കുന്ന, അവകാശങ്ങൾക്കായി സമരം ചെയ്യുന്ന ട്രാൻസ്ജെൻഡർ, ജെൻഡർ ഫ്ലൂയിഡ് വ്യക്തികളോടൊപ്പം ഐക്യരാഷ്ട്രീയം പണിതുയർത്തണമെങ്കിൽ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിലെ കാലാകാലങ്ങളായുള്ള അസമത്വപ്രവണതകൾ തുറന്നുപരിശോധിക്കേണ്ടതുണ്ട്. മറ്റു ചില രാജ്യങ്ങളുടെ അനുഭവങ്ങൾ പരിശോധിക്കുന്നതിലൂടെ ട്രാൻസ്ജെൻഡർ-ഫെമിനിസ്റ്റ് ഐക്യരാഷ്ട്രീയത്തിനു ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിലുള്ള ആവശ്യകതയും, സാധ്യതകളും ഈ ലേഖനത്തിൽ ആരായുന്നു. ഇവിടെ ട്രാൻസ്ജെൻഡർ, ഫെമിനിസ്റ്റ് എന്നീ സ്വത്വരാഷ്ട്രീയ വിശേഷണങ്ങൾ ഞാൻ രണ്ടായി ഉപയോഗിക്കുന്നത് ട്രാൻസ്ജെൻഡർ വ്യക്തികൾ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമല്ല എന്ന അർത്ഥത്തിലല്ല എന്നാദ്യം തന്നെ വ്യക്തമാക്കട്ടെ. ചരിത്രപരമായി ട്രാൻസ്ജെൻഡർ സ്വത്വരാഷ്ട്രീയസമരണങ്ങൾക്കു സിസ്-പ്രബല ഫെമിനിസ്റ്റ് ധാരയുടെ രക്ഷാകർതൃത്വം എതിർക്കേണ്ടി വന്നിട്ടുണ്ട് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ടാണ് ഈ വേർതിരിവ്.

**ട്രാൻസ്ജെൻഡർ ദൃശ്യതയുടെ സങ്കീർണ്ണതകൾ**

അമേരിക്കൻ മാസികയായ ടൈം മാഗസിൻ 2014ൽ ട്രാൻസ്ജെൻഡർ ടിപ്പിങ്ങ് പോയിന്റ് എന്ന പ്രതിഭാസത്തെക്കുറിച്ചാണ് കവർ ലേഖനത്തിൽ പരാമർശിച്ചത്. ബ്ലാക്ക് ട്രാൻസ്ജെൻഡർ അഭിനേതാവ് ലാവെൺ കോക്സായിരുന്നു കവറിൽ. കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കുള്ളിൽ ട്രാൻസ്ജെൻഡർ സമരങ്ങളും ട്രാൻസ്ജെൻഡർ വ്യക്തികളും പൊതുധാരയിൽ നേടിയെടുത്ത അസാമാന്യ ദൃശ്യതയെ വിശേഷിപ്പിക്കാനാണ് ഈപദമുപയോഗിച്ചത്. 2014ൽ തന്നെയാണ് ഇന്ത്യൻ സുപ്രീം

കോടതി ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചു ആദ്യമായി വിധിപ്രസ്താവം നടത്തിയതും. എന്നാൽ ദേശീയ, ആഗോള തലങ്ങളിലെ ഈ ദൃശ്യത ഒരു മുന്നേറ്റമായി എളുപ്പംവിലയിരുത്താനാകില്ല. 2021ൽ അമേരിക്കയിൽ മറ്റൊരു ടിപ്പിങ്ങ് പോയിന്റ് ആണ് ചർച്ചാവിഷയമാകുന്നത്: അമേരിക്കൻ നിയമചരിത്രത്തിൽ ആദ്യമായി ഇതേ വർഷം തന്നെ പല സംസ്ഥാനങ്ങളിലായി നൂറിലേറെ ട്രാൻസ്-വിരുദ്ധ ബില്ലുകളാണ് വിവിധ നിയമസഭകളിൽ അവതരിപ്പിച്ചത്. പ്രായപൂർത്തിയാകാത്ത ട്രാൻസ്ജെൻഡർ കുട്ടികൾക്ക് മാതാപിതാക്കളുടെ സമ്മതം വഴി നൽകാവുന്ന ഹോർമോൺ തെറാപ്പിയും ശസ്ത്രക്രിയയും, ട്രാൻസ്ജെൻഡർ സ്കൂൾകുട്ടികൾക്ക് സ്വയംപ്രഖ്യാപിത ജൻഡറിൽ മത്സരിക്കാനുള്ള അവകാശം, സ്വയപ്രഖ്യാപിത ജൻഡറിൽ ഡ്രസിങ് റൂമുകൾ, ബാത്റൂമുകൾ പോലുള്ള സമ-ജൻഡർ ഇടങ്ങളിൽ പ്രവേശിക്കാനുള്ള അവകാശം--ഇതൊക്കെയാണ് നിയമങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. യു കെയിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങൾ നിർണ്ണയിക്കുന്ന ജെൻഡർ റെക്കഗ്നിഷൻ ആക്ട് ഭേദഗതിക്ക് എതിരെ ശക്തമായ ട്രാൻസ് വിരുദ്ധ പ്രതിഷേധങ്ങളാണ് നടന്നത്. ഈ ആക്ടിൽ മെഡിക്കൽ സാക്ഷ്യപത്രം ഇല്ലാതെ പൗരന്മാരുടെ ജൻഡർ സ്വയംപ്രഖ്യാപിതമാക്കാനായുള്ള നീക്കമാണ് ഏറ്റവും വിവാദമായത്. ട്രാൻസ് കൂട്ടായ്മകളുടെ വാദങ്ങൾ കണക്കിലെടുക്കാതെ ഒടുവിൽ മെഡിക്കൽ സാക്ഷ്യപത്രം വേണമെന്ന് 2020ൽ സർക്കാർ നിർണ്ണയിച്ചു. ഇന്ത്യയിലും LGBTQ ഗ്രൂപ്പുകളുടെ പ്രതിഷേധങ്ങൾ, വിദഗ്ധ കമ്മിറ്റിയുടെ ഉപദേശങ്ങൾ എന്നിവയൊന്നും വകവെക്കാതെയാണ് സർക്കാർ 2019ലെ ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ബിൽ പാസ്സാക്കിയത്. ഇവിടെയും തിരിച്ചറിയൽ രേഖകളിൽ ജെൻഡർ മാറ്റുവാനായി മെഡിക്കൽ പരിശോധനയും ലിംഗ ശസ്ത്രക്രിയയും നിബന്ധനയാക്കിയിട്ടുണ്ട്. മാത്രമല്ല, വീടുവിട്ടു താമസിക്കാനായി കോടതിവിധിയുടെ ആവശ്യം, ട്രാൻസ് വ്യക്തികൾക്കെതിരെയുള്ള അക്രമങ്ങൾക്കു ലഘുശിക്ഷ മാത്രം എന്നിങ്ങനെ ട്രാൻസ് വ്യക്തികളെ പ്രതികൂലമായി ബാധിക്കുന്ന മറ്റു പല നിബന്ധനകളും ഈ ആക്ടിന്റെ ഭാഗമായിട്ടുണ്ട്. പൊതുവെയുള്ള പുരോഗമനപരമായ മനുഷ്യാവകാശ മുന്നേറ്റങ്ങളുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കും അംഗീകാരം ലഭിക്കുന്നതാണ് ഏറ്റവും അഭികാമ്യം. എന്നാൽ പല രാജ്യങ്ങളിലും ട്രാൻസ്ജെൻഡർ അംഗീകാരം വന്നിട്ടുള്ളതു വൈരുധ്യം നിറഞ്ഞ, പലപ്പോഴും ഉപരിപ്ലവമായ രീതികളിലാണെന്നു ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.



ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന സർക്കാരുകൾ പൊതുധാരയിൽ പേരും അംഗീകാരവും നേടുമ്പോഴും ഇതിനെ പിങ്ക് വാഷിംഗ്' എന്ന പ്രയോഗത്തിലൂടെ പ്രശ്നവത്ക്കരിക്കുന്നുണ്ട് പല പൊതുപ്രവർത്തകരും ഗവേഷകരും. രണ്ടായിരങ്ങളിൽ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ഉയർന്നുവന്ന പുരോഗമനവാദ ഇടതുഭരണങ്ങൾ പിങ്ക് പ്രവാഹം എന്ന് പിന്നീട് വിശേഷിപ്പിക്കപെട്ടിട്ടുണ്ട്. എന്നാൽ അർജന്റീന പോലുള്ള രാജ്യങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജൻഡർ അഫർമേറ്റിവ് ശസ്ത്രക്രിയക്ക് സർക്കാർ അംഗീകാരമുണ്ടെങ്കിലും, അബോർഷൻ, സ്വവർഗ്ഗാനുരാഗം എന്നീ വിഷയങ്ങളിൽ ഭരണകൂടം ക്രിസ്ത്യൻ മതപ്രസ്ഥാനങ്ങളുടെ എതിർപ്പുകൾ വകവെച്ചു പിന്നോക്ക നിലപാടുകൾ വച്ചുപുലർത്തുന്നത് കാണാം(ഫ്രീഡ്മാൻ 2019). ഇസ്ലാമിക ഭരണകൂടമുള്ള ഇറാനിൽ സ്വവർഗ്ഗാനുരാഗം, ട്രാൻസ്ജെൻഡർ വ്യക്തിത്വം എന്നിവ മാനസികരോഗങ്ങളായി കാണുകയും, ശസ്ത്രക്രിയ അതിനൊരു ചികിത്സയുമായാണ് അംഗീകരിച്ചിരിക്കുന്നത് (അ

ഫ്സനെ നജ്മബാദിയുടെ ഗവേഷണങ്ങൾ ഇവിടെ പ്രസക്തമാണ്). ഇവിടങ്ങളിലെ ട്രാൻസ്ജെൻഡർ അനുഭവങ്ങൾക്കു ഇന്ത്യയും, പ്രത്യേകിച്ച് കേരളവുമായി പല സാമ്യങ്ങളുണ്ട്. ട്രാൻസ് വിരുദ്ധത പല രീതികളിലും ഊട്ടിയുറപ്പിക്കുന്ന ഇന്ത്യയിലെ ഹിന്ദുത്വ ഭരണകൂടം എന്നാൽ പാക്കിസ്ഥാനെ തച്ചുടക്കും എന്നൊക്കെ പ്രഖ്യാപിക്കുന്ന, കാവിവസ്ത്രം ധരിച്ചു രാഷ്ട്രീയത്തിലിറങ്ങുന്ന, കിന്നർ അഖാഡകൾ സ്ഥാപിക്കുന്ന ലക്ഷ്മി ത്രിപാഠി ഉൾപ്പടെയുള്ള ചില ട്രാൻസ്ജെൻഡർ സ്വത്വപ്രകടനങ്ങളെ ദേശീയമായി ആഘോഷിക്കുന്നുമുണ്ട് (ഭട്ടാചാര്യ 2019). ത്രിപാഠി നയിക്കുന്ന കിന്നീർ സർവീസസ് ട്രാൻസ്ജെൻഡർ വ്യക്തികളെ നിർമ്മാണാത്മകമായ നല്ല ദേശീയ പൗരന്മാരായി ചിത്രീകരിക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നത് ഉപയോഗപ്രദമാണെങ്കിലും ഈ ആനുകൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്ന ഹിന്ദുത്വ-ദേശീയ-കച്ചവട കൂട്ടായ്മകൾ എന്തൊക്കെയാണ് എന്ന് പരിശോധിക്കേണ്ടതുണ്ട്. ലാറ്റിൻ അമേരിക്കൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ എൽ.ഡി.എഫ് ഉൾപ്പടെയുള്ള കേരളത്തിലെ പുരോഗമനവാദം ഉന്നയിക്കുന്ന ഇടതുപ്രസ്ഥാനങ്ങളും സമരങ്ങളും ട്രാൻസ്ജെൻഡർ ദൃശ്യതയെ എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നത് എന്നും വീക്ഷിക്കേണ്ടതുണ്ട്. വിഹാൻ പീതാംബർ, അഹാന മേഖൽ പോലുള്ള LGBTQ പൊതുപ്രവർത്തകർ കേരളത്തിലെ ട്രാൻസ്ജെൻഡർ ക്ഷേമപദ്ധതികളുടെ പരാജയങ്ങളെക്കുറിച്ചു എഴുതിയിട്ടുണ്ട്. ഇത്തരം പദ്ധതികൾക്ക് ട്രാൻസ് പുരുഷന്മാരുടെ ആവശ്യങ്ങൾ പരിഗണിക്കാനാവാത്തതും ശ്രദ്ധേയമാണ്. ഏറ്റവും അടുത്തായി ഉണ്ടായ അനന്യയുടെ ആത്മഹത്യയും കേസ് അന്വേഷണത്തിൽ വന്ന ഗുരുതര വീഴ്ചകളും, അന്വേഷിക്കാതെ പോകുന്ന ട്രാൻസ് മരണങ്ങളും സർക്കാറിന്റെ ട്രാൻസ്-ഉദാര നിലപാടിനെ സംശയാത്മകമായി കാണുവാൻ പ്രേരിപ്പിക്കുന്നു.




**ട്രാൻസ് സമരങ്ങളും സിസ് ഫെമിനിസവും**

ചുരുക്കത്തിൽ, ട്രാൻസ്ജെൻഡർ ദൃശ്യതയോടൊപ്പം ആഗോളതലത്തിൽ ട്രാൻസ് വിരുദ്ധതയും സങ്കീർണ്ണമായ രീതികളിൽ സ്ഥാപിതമാകുന്നതായി കാണാം. ഇവിടെ ഏറ്റവും ശ്രദ്ധേയം അമേരിക്കയിലും യൂ കെയിലും 'ഫെമിനിസ്റ്റ്' എന്ന് സ്വയം വിശേഷിപ്പിക്കുന്നവരാണ് ജെൻഡർ സ്വയനിർണ്ണയത്തിനെതിരെ ഏറ്റവും ശക്തമായി പ്രതിഷേധിച്ചത് എന്നതാണ്. ജനനം മുതൽ സമൂഹം സ്ത്രീകളായി കാണാത്ത, പുരുഷാനുകൂല്യങ്ങൾ അനുഭവിക്കുന്ന വ്യക്തികളാണ് ട്രാൻസ് സ്ത്രീകൾ എന്നതിനാൽ അവർക്കു സിസ് സ്ത്രീകളുമായി സമാനത പുലർത്താനാകില്ല, ട്രാൻസ്ജെൻഡർ സ്ത്രീകൾ യഥാർത്ഥ സ്ത്രീകളല്ല, മറിച്ചു സിസ് സ്ത്രീകളുടെ ഇടങ്ങൾ കയ്യേറുന്നവരാണ്, ജെൻഡർ സ്വയനിർണ്ണയം അക്രമികളായ പുരുഷന്മാർക്ക് ആള്മാറാട്ടത്തിലേർപ്പെടുവാൻ അവസരം നൽകുന്നു എന്നീ വാദങ്ങളാണ് ഇത്തരം ട്രാൻസ്വിരുദ്ധ സ്ത്രീവാദികളുടെ മുഖമുദ്ര. ഇത്തരം വാദങ്ങൾ സിസ്-പ്രബല ശാരീരിക മാനദണ്ഡങ്ങൾ പാലിക്കാത്ത ട്രാൻസ് സ്ത്രീകളെ കുറ്റവാളികളായി കാണുകയും, പുരുഷയിടങ്ങളിൽ സ്ഥാനംതേടുന്ന ട്രാൻസ് പുരുഷന്മാരുടെ അനുഭവങ്ങൾ പാടെ അവഗണിക്കുകയും

ചെയ്യുന്നു. ഹാരി പോട്ടർ പുസ്തക പരമ്പരയിലൂടെ ആഗോളതലത്തിൽ ചെറുപ്പക്കാരുടെ ആരാധനാപാത്രമായ ജെ. കെ. റൗളിങ്, തന്റെ ശക്തമായ എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും മൂന്നാം ലോക ഫെമിനിസ്റ്റ് ചിന്തകളെ പാശ്ചാത്യലോകത്തിന്റെ പൊതുധാരയിൽ ചർച്ചാവിഷയമാക്കുവാൻ സഹായിച്ച നൈജീരിയൻ എഴുത്തുകാരി ചിമമാണ്ട ങ്കോസി അടീച്ചെ (Chimamanda Ngozi Adichie) എന്നിവർ മുൻനിരയിൽ നിൽക്കുന്നു എന്നത് ഇത്തരം ട്രാൻസ്ജെൻഡർ–ഫെമിനിസ്റ്റ് സംഘർഷങ്ങൾക്കു കൂടുതൽ ദൃശ്യതയും സ്വീകാര്യതയും നൽകിയിട്ടുണ്ട്. സ്ത്രീത്വമെന്നത് ഗർഭശേഷിയുള്ള ജനനേന്ദ്രിയങ്ങൾ മാത്രമല്ലെന്നു ദശാബ്ദങ്ങളായി വാദിച്ച ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് വിരുദ്ധമായാണ് ജീവശാസ്ത്രപരമായി ഫീമെയിൽ ശരീരഘടനയുള്ളവർക്ക് മാത്രമുള്ളതാണ് ഫെമിനിസ്റ്റ് ഇടങ്ങളും സ്ത്രീപദവിയും എന്ന് ഇവർ വാദിക്കുന്നത്. 2019ൽ അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രം



പിനെതിരെ നടത്തിയ വിമൻസ് മാർച്ചിൽ സിസ് സ്ത്രീകൾ യോനിയെ പ്രതിനിധീകരിക്കുന്ന പിങ്ക് നിറത്തിലുള്ള 'പുസ്സി' തൊപ്പികൾ ധരിച്ചത് വിവാദമായത് ഈ പശ്ചാത്തലത്തിലാണ്. എല്ലാ സ്ത്രീകളെയും പ്രതിനിധീകരിക്കുന്ന വിമൻസ് മാർച്ച് പോലുള്ള ഒരു സമരത്തിൽ ഫീമെയിൽ ജനനേന്ദ്രിയം പ്രതീകമാകുന്നതിന്റെ രാഷ്ട്രീയമെന്താണെന്നു ട്രാൻസ്ജെൻഡർ, ജെൻഡർ ഫ്ലൂയിഡ് അണികൾ ചോദ്യമുന്നയിച്ചു (പിങ്ക് നിറത്തിലുള്ള ഗുഹ്യഭാഗം ഉള്ളത് വെളുത്തവർ മാത്രമാണെന്നും ചിലർ ചൂണ്ടിക്കാണിച്ചു). 'ട്രാൻസ് സ്ത്രീകളും സ്ത്രീകളാണ്' എന്ന് പ്രസ്താവിക്കാൻ എന്തുകൊണ്ട് മടിക്കുന്നു എന്ന ഈ ചോദ്യം ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ, സമരചരിത്രത്തിൻറെ അടിത്തറകളെ പുനഃവീക്ഷിക്കാനുള്ള സുപ്രധാന അവസരമാണ്. സ്ത്രീ എന്ന വിശേഷണം, അതിലുൾപ്പെടുന്ന ജീവിതാനുഭവങ്ങൾ, സ്വത്വങ്ങൾ എന്നിവയൊക്കെ ഫെമിനിസ്റ്റുകൾക്കിടയിൽ ചർച്ചാവിഷയമാകുന്നത് ആദ്യമായല്ല.

സാമൂഹികവ്യവസ്ഥയിൽ വ്യത്യസ്ത തലങ്ങളിൽ നിൽക്കുന്ന സ്ത്രീകൾക്ക് ഒരുപോലെ അനുഭവപ്പെടുന്നതല്ല ജെൻഡർ സ്വത്വവും പുരുഷമേധാവിത്വവും എന്നത് ബ്ലാക്ക്, ദളിത്, സ്ത്രീവാദികളാണ് ഏറ്റവും ശക്തമായി ഉന്നയിച്ചിരിക്കുന്നത്. ജെൻഡർ' എന്ന വിശേഷണം ആരുടേയും തറവാട്ടുസ്വത്തല്ലെന്നു വെളുത്തവംശീയ/സവർണ്ണ ഫെമിനിസ്റ്റ് പൊതുധാരയോട് അവർ ഉറക്കെപ്പറഞ്ഞു. പുരുഷാധിഷ്ഠിത സമൂഹം പ്രദാനം ചെയ്യുന്ന കുലസ്ത്രീ പദവിയും, അത് നേടിത്തരുന്ന സംരക്ഷണവും അനുഭവിച്ചുവന്ന സ്ത്രീകളുടെ അനുഭവങ്ങളും, സ്ത്രീയെന്ന പദവിപോലും ലഭിക്കാതെ വെറും ഉത്പന്നവസ്തുവായി മാത്രം കരുതപ്പെട്ടു വന്ന അടിമത്വവിധേയരായ സമുദായങ്ങളിലെ സ്ത്രീകളുടെ അനുഭവങ്ങളും 'ജെൻഡർ', 'സ്ത്രീ' എന്നീ വാർപ്പുകളിലൂടെ ഏകീകൃതമാക്കുന്നതു തങ്ങളുടെ ചരിത്രങ്ങളും ജീവിതാനുഭവങ്ങളും നിശ്ശബ്ദമാക്കികൊണ്ടാണെന്നു ഏഞ്ചലാ ഡേവീസ്, ഹോർട്ടൻസ് സ്പില്ലർ പോലുള്ള ചിന്തകർ എൺപതുകളിൽ തൊട്ടേ വാദിച്ചു. സ്ത്രീസ്വത്വങ്ങളിലേക്കുള്ള മാർഗ്ഗങ്ങൾ പലതാണ്. സമാനത മാത്രം അടിസ്ഥാനമാക്കിയുള്ള സമത്വം അല്ലാതെ, നമുക്കിടയിലുള്ള വ്യത്യസ്തതകളും വൈരുധ്യങ്ങളും മായ്ക്കാത്ത, ഭരണകൂടങ്ങൾ കണക്കെടുപ്പിനായി നിശ്ചയിക്കുന്ന വംശീയ, ജാതീയ വിഭാഗങ്ങൾ

ക്കപ്പുറമുള്ള ഐക്യരാഷ്ട്രീയമാണ് അവർ മുന്നോട്ടുവച്ചത്. ട്രാൻസ് സ്ത്രീകളെ സ്ത്രീകളല്ലാതാക്കുമ്പോൾ, ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജെൻഡർ മിഥ്യയാണെന്നു അർത്ഥമാക്കുമ്പോൾ, ഇത്തരം വിപ്ലവകരമായ, ഇന്റർസെക്ഷണൽ വീക്ഷണത്തെയും തിരസ്കരിക്കുകയാണ് മുഖ്യധാരാ ഫെമിനിസ്റ്റുകൾ. സ്തീകളായി സമൂഹം അടയാളപ്പെടുത്തിയ, ജനനേന്ദ്രിയങ്ങൾ മൂലം സമൂഹത്തിൽ പുനരുത്പാദന ബാദ്ധ്യതകളുടെ ഭീകരത അനുഭവിക്കുന്നവർ നേരിടുന്ന സവിശേഷമായ പ്രശ്നങ്ങളെക്കുറിച്ചു സംവാദങ്ങളും സമരങ്ങളും വേണ്ടതുതന്നെയാണ്. എന്നാൽ ഈ സമരങ്ങളിൽ, ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ട്രാൻസ്ജെൻഡർ പുരുഷന്മാർ, ജെൻഡർ ഫ്ലൂയിഡ് വ്യക്തികൾ, ഇന്റർസെക്സ് വ്യക്തികൾ, ഈ വിശേഷണങ്ങളാൽ എളുപ്പം അടയാളപ്പെടുത്താനാകാത്തവർ, എന്നിവരൊക്കെ പങ്കുവഹിക്കേണ്ടതുണ്ട്. ഇത് കണക്കിലെടുക്കാതെ, ആഗോളതലത്തിൽ 'സ്ത്രീകൾ മാത്രമുള്ള' ഇടങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടം ഇത്തരം സമരങ്ങളുടെ മുഖമുദ്രയാകുന്നതെങ്ങിനെയാണ് എന്നത് വിമർശനപരമായി വീക്ഷിക്കേണ്ടതുണ്ട്.




### സ്ത്രീ ഇടങ്ങളുടെ 'സംരക്ഷണം' ആരുടെ ആവശ്യമാണ്?

മനുഷ്യത്വരഹിതമായ, അശാസ്ത്രീയമായ ടെസ്റ്റോസ്റ്ററോൺ പരിശോധനകൾ ഇല്ലാതെ സ്വയം പ്രഖ്യാപിത ജൻഡറിൽ കായികാഭ്യാസങ്ങളിൽ പങ്കെടുക്കുക, സ്വയംപ്രഖ്യാപിത ജൻഡറിൽ ടോയ്‌ലറ്റുകൾ ഉപയോഗിക്കുക, ജെൻഡർ വിഭജനങ്ങളില്ലാത്ത ടോയ്‌ലറ്റുകൾ സ്ഥാപിക്കുക എന്നീ ട്രാൻസ്ജെൻഡർ ആവശ്യങ്ങളെ പ്രബല ഫെമിനിസ്റ്റ് രാഷ്ട്രീയതാല്പര്യങ്ങൾ പാടെ എതിർക്കുന്നത് അമേരിക്കയിലും യൂ കെയിലും സംഘർഷങ്ങൾക്കിടയായി. ഇന്ത്യയിൽ ട്രാൻസ്ജെൻഡർ സമരങ്ങളും വ്യക്തികളും സർക്കാർ അംഗീകാരം വഴി മുഖ്യധാരാ രാഷ്ട്രീയത്തിൽ ഇടം കണ്ടെത്തുന്ന വേളയിൽ ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും ഈ വിഷയങ്ങളെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കി ട്രാൻസ്ജെൻഡർ സ്വത്വരാഷ്ട്രീയത്തോടു ഐക്യദാർദ്ദ്യം പുലർത്തേണ്ടതുണ്ട്. ഒരു സവർണ്ണ സിസ് സ്ത്രീ ഫെമിനിസ്റ്റ് ഗവേഷക എന്ന നിലയിൽ ഞാൻ മറ്റു ഫെമിനിസ്റ്റ് സഹപ്രവർത്തകരോട് ഇതേക്കുറിച്ചു സംസാരിക്കുമ്പോൾ പലപ്പോഴും ഇത്തരം വിഷയങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആവശ്യങ്ങൾ അംഗീകരിക്കാനുള്ള വിമുഖത അവർ പ്രകടിപ്പിക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. പ്രബല വിഭാഗങ്ങളിൽനിന്നുമുള്ള സ്ത്രീകളുടെ ഇന്ത്യൻ പശ്ചാത്തലത്തിൽ സവർണ്ണ ഹിന്ദു സ്ത്രീകളുടെ സംരക്ഷണം സവർണ്ണ മധ്യവർഗ്ഗ പുരുഷാധികാരശ്രേണികളെ ഊട്ടിയുറപ്പിക്കാനായി എങ്ങിനെയൊക്കെ ആയുധവത്ക്കരിക്കപ്പെടുന്നു എന്നു നമുക്കറിയാം. തൊഴിലിടങ്ങളിൽ സ്ത്രീസംരക്ഷണം ഉറപ്പാക്കുന്ന 2013ലെ സെക്ഷ്വൽ ഹരാസ്മെന്റ് ആക്ട് ഇത്തരമോരു ഇടപെടലാകുന്നതെങ്ങിനെ എന്ന് ജെന്നി റൊവീന അപഗ്രഥിച്ചിട്ടുണ്ട്. സ്വയംപ്രഖ്യാപിത ജെൻഡർ സ്ത്രീയിടങ്ങൾക്കു ഭീഷണിയായി കാണുന്നതിൽ ഇങ്ങനെ പല സമത്വവിരുദ്ധ പ്രവണതകളും പ്രവർത്തിക്കുന്നുണ്ട്; സ്ത്രീഎന്നതിനെ ഏകജാതീയമായ സ്വത്വമായി കാണുക, അതിനെ ലിംഗപദവിയാക്കി ചുരുക്കുക, സ്ത്രീ സംരക്ഷണം എന്ന കാരണമുപയോഗിച്ചു സ്ത്രീയിടങ്ങളുടെ കാവലാളുകളായി സവർണ്ണ-പുരുഷാധികാര പ്രസ്ഥാനങ്ങളെ ശാക്തീകരിക്കുക എന്നിവയാണവ. എന്നാൽ അസംഘടിത മേഖലകളിൽ കഠിന

ജോലിചെയ്യുന്ന, തെരുവിൽ സമരം ചെയ്യുന്ന (അതായത് 'അന്തർ'ജനങ്ങൾ അല്ലാത്ത) ദളിത്-ബഹുജൻ സ്ത്രീകൾക്ക് ഇത്തരം വേർതിരിച്ചുള്ള 'സ്ത്രീസംരക്ഷണം' എന്നത് ഒരിക്കലും പ്രാവർത്തികമോ അഭികാമ്യമോ അല്ല സംരക്ഷിതം' എന്ന് സവർണ്ണ സിസ് സ്ത്രീകൾ കല്പിക്കുന്ന സ്ത്രീയിടങ്ങളിൽ ജാതീയ, വംശീയ, ദേശീയ അടിച്ചമർത്തലുകൾ അനുഭവിക്കുന്നവരാണിവർ. സംരക്ഷണം എന്നതിനുപരി സവർണ്ണ-പുരുഷാധിപത്യ സമൂഹത്തിൽ അനിവാര്യമായ അപായങ്ങളെ സംഘടിതമായ ഐക്യരാഷ്ട്രീയത്തിലൂടെ നേരിടുക എന്ന സമരതന്ത്രമാണ് ചരിത്രപരമായി ദളിത്-ബഹുജൻ സ്ത്രീകൾ ഉപയോഗിച്ചിരിക്കുന്നത്. ഈ സമരങ്ങളുടെ ലോകവീക്ഷണത്തിൽ ട്രാൻസ്ജെൻഡർ-സിസ് ഫെമിനിസ്റ്റ് ഐക്യരാഷ്ട്രീയം തികച്ചും സ്വാഭാവികവും അത്യന്താപേക്ഷിതവുമാണ്. ഉദാഹാരണത്തിനു, സിസ് സ്ത്രീകൾ, ട്രാൻസ്ജെൻഡർ സ്ത്രീകൾ, ഗേ പുരുഷന്മാർ, ഈ വിശേഷണങ്ങളാൽ എളുപ്പം അടയാളപ്പെടുത്താനാകാത്തവരൊക്കെ ഉൾപ്പെടുന്നതായിരുന്നു ദളിത്-ബഹുജൻ ഭൂരിപക്ഷമുണ്ടായിരുന്ന തൊണ്ണൂറുകളിലെയും രണ്ടായിരങ്ങളിലെയും ലൈംഗീക തൊഴിലാളി സമരങ്ങൾ. ലൈംഗീകത്തൊഴിലാളിയും ആക്ടിവിസ്റ്റുമായ നളിനി ജമീല LGBTQ ഇടങ്ങളിൽ ഇന്നും ഒരു സജ്ജീവ സാന്നിധ്യമാണ്.





ജൻഡർ അഫർമേറ്റിവ് ശസ്ത്രക്രിയ നിയമപരമാക്കുമ്പോഴും അബോർഷൻ അനുവദിക്കാത്ത അർജന്റീനയിലും സമരയിടങ്ങളിൽ ട്രാൻസ്ജെൻഡർ സിസ് സ്ത്രീ ഐക്യരാഷ്ട്രീയങ്ങൾ ഉടലെടുക്കുന്നത് കാണാം. പെൺകൊലപാതകങ്ങൾക്കെതിരെ 2014ൽ തുടങ്ങിയ നി ഉന മെനോസ് (Ni Una Menos ഇനി ഒരുവൾ പോലും) എന്ന സമരത്തിന്റെ സംഘാടകർ അവർ ട്രാൻസ്ജെൻഡർ, ട്രാവെസ്റ്റി (travesti ട്രാൻസ്ജെൻഡർ സ്ത്രീകൾ ഉപയോഗിക്കുന്ന പ്രാദേശിക സ്വത്വവിശേഷണം) സ്ത്രീകൾ നേരിടുന്ന അക്രമങ്ങൾക്കെതിരെയുമാണ് പ്രതികരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഗാഗോ 2020). സ്വന്തം ശരീരത്തിന്മേലുള്ള പരമാധികാരം സിസ് സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ഒരുപോലെ വേണമെന്ന് ട്രാൻസ് ആക്ടിവിസ്റ്റുകളും ഉൾപ്പെടുന്ന കൂട്ടായ്മകൾ വാദിച്ചു. 2020ൽ അർജന്റീനയിൽ അബോർഷൻ നിയമപരമാക്കിയത് ഇത്തരം കൂട്ടായ്മകളുടെ വിജയമാണ്. രക്ഷകർതൃത്വം, അവഗണന, കുറ്റവാളിയാക്കൽ എന്നിങ്ങനെയുള്ള നിലപാടുകൾ മാറ്റിവെച്ചു ഫെമിനിസ്റ്റ് സമരങ്ങൾ ട്രാൻസ്ജെൻഡർ സമരങ്ങളോടൊപ്പം പ്രവർത്തിക്കുന്നതിന്റെ വിപ്ലവകരമായ സാധ്യതകളാണ് ഇവിടെ കാണാനാവുന്നത്.

**കേരളത്തിലെ സാധ്യതകൾ**

പുരോഗമനപരമായി ട്രാൻസ്ജെൻഡർ വ്യക്തികളെ അംഗീകരിക്കുന്ന, മാതൃകാപരമായ ആദ്യ സംസ്ഥാനമെന്ന പദവി കേരളത്തിലെ ഇടതു സർക്കാരിന് പൊതുസമൂഹം നൽകുമ്പോഴും, ഇന്ത്യൻ ലിബറൽ സംവാദങ്ങളിൽ കേരളം പുകഴ്ത്തപ്പെടുമ്പോഴും കേൾക്കാതെ പോകുന്നത് കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദുരിതങ്ങളാണ്. കടലാസിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നതിലുപരി, ലിംഗ വീണ്ടെടുപ്പ് ശസ്ത്രക്രിയയും, സാമ്പത്തിക ആനുകൂല്യങ്ങളും, സംവരണവും, അയൽക്കൂട്ട സ്വയംതൊഴിൽ സംരംഭങ്ങൾ പോലുള്ള നിർമ്മാണാത്മകമായ ഇടപെടലുകളും ഒക്കെയായി ട്രാൻസ്ജെൻഡർ രാഷ്ട്രീയ കർതൃത്വത്തെ സർ

ക്കാർ നിർവീര്യമാക്കുന്നുണ്ടോ എന്ന ചോദ്യവും ഉന്നയിക്കേണ്ടതുണ്ട്. തൊഴിലാളിവർഗ്ഗ സിസ് സ്ത്രീകളെ ഇതുപോലെ ഗുണഭോക്താക്കളും കുടുംബശ്രീയിലെ ചെറുവ്യവസായികളും മാത്രമായി ഒതുക്കുകയും, യൂണിയൻ, പാർട്ടി ഇടങ്ങളിൽ പുരുഷമേധാവിത്വം വച്ചുപുലർത്തുകയും, വികസന താൽപര്യങ്ങൾക്കായി ദളിത്- ആദിവാസി-ബഹുജൻ സ്ത്രീസമരങ്ങളെ അടിച്ചമർത്തുകയും ചെയ്തു പുരോഗമനരാഷ്ട്രീയം നടിക്കുന്ന കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ജെ ദേവിക, ജെന്നി രോവീന, കാർമൽ ക്രിസ്റ്റി, രേഖാ രാജ് എന്നീ ഫെമിനിസ്റ്റ് ചിന്തകർ ശക്തമായി വിമർശിച്ചിട്ടുണ്ട്. ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ, പ്രത്യേകിച്ച് ട്രാൻസ്ജെൻഡർ സ്ത്രീകളെ ഇതേ രീതിയിൽ അംഗീകാരത്തിന്റെ മറവിൽ അരികുവത്ക്കരിക്കുകയാണോ എന്ന ചോദ്യം ചോദിക്കേണ്ടതുണ്ട്. സിസ് സ്ത്രീകളും ട്രാൻസ്ജെൻഡർ വ്യക്തികളും ഒത്തുചേർന്നു എതിർക്കേണ്ടതാണ് ഈ പ്രവണതയെ. സിസ്പുരുഷന്മാർക്കു ലഭ്യമായ എല്ലാ ജനാധിപത്യ സംവിധാനങ്ങളിലും രാഷ്ട്രീയ ഇടപെടലുകൾ നടത്താനുള്ള സാഹചര്യം സിസ് സ്ത്രീകൾക്കും ട്രാൻസ്ജൻഡർ വ്യക്തികൾക്കും ഉണ്ടാകണം. സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കി ലൈംഗീക തൊഴിൽ പോലുള്ള മാന്യ'മല്ലാത്ത ജോലി വിട്ടു ട്രാൻസ്ജെൻഡർ മലയാളികളെ നല്ല പൗരന്മാരാകുവാൻ സർക്കാർ ശ്രമിക്കുമ്പോൾ, ട്രാൻസ്ജെൻഡർ സ്ത്രീകൾക്കും സിസ്സ്ത്രീകൾക്കും ഒരുപോലെ ആവശ്യമുള്ള ലൈംഗീക തൊഴിലാവകാശങ്ങൾ സമരമണ്ഡലങ്ങളിൽ അദൃശ്യമാകുന്നു എന്ന സ്ഥിതിവിശേഷം സൂചിപ്പിക്കുന്നത് ഫെമിനിസ്റ്റ്-ട്രാൻസ്ജെൻഡർ ഐക്യരാഷ്ട്രീയത്തിന്റെ അഭാവമാകാം.





തുർക്കിയിൽ ട്രാൻസ്ജെൻഡർ - സിസ് ഫെമിനിസ്റ്റ് രാഷ്ട്രീയ സംഘർഷങ്ങൾ പതിവാകവേ, വർഷാവർഷം നടക്കുന്ന തൊഴിലാളിവർഗ്ഗ ട്രാൻസ്ജെൻഡർ സ്ത്രീകളുടെയും സിസ്ജെൻഡർ സ്ത്രീകളുടെയും കൊലപാതകങ്ങൾ, പുരുഷാധിഷ്ഠിത എതിർലിംഗാധിഷ്ഠിത സമൂഹത്തിൽ അവർ നേരിടുന്ന അക്രമങ്ങൾ- ഇതൊക്കെ രണ്ടു സമരങ്ങളും ഒന്നായി ചെറുക്കേണ്ട പ്രവണതകൾ ആണെന്ന് അസ്ലി സെങ്കിൻ അഭിപ്രായപ്പെടുന്നു. ഈ നിരൂപണം കേരളത്തിലും ബാധകമാണ്: 2017ൽ വാളയാറിൽ ലൈംഗീകാക്രമണം നേരിട്ട, ദുരൂഹമായ സാഹചര്യങ്ങളിൽ മരണപ്പെട്ട രണ്ടു മക്കൾക്കും നീതി ലഭിക്കാനായി ഇന്നും അവരുടെ അമ്മ സമരം ചെയ്യുന്നതും, വർഷാവർഷം അന്വേഷിക്കപ്പെടാതെ പോകുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ മരണങ്ങളെപ്പറ്റി അവരുടെ സുഹൃത്തുക്കളും സംഘടനകളും ശബ്ദം ഉയർത്തുന്നതും ഒരേ അധികാരമണ്ഡലങ്ങൾക്കെതിരെയാണ്. ഇനിയെങ്കിലും ഫെമിനിസ്റ്റ് ഇടങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ പ്രശ്നങ്ങൾ ചർച്ചാവിഷയങ്ങളാകട്ടെ: അടുത്തുണ്ടായ ട്രാൻസ് യുവതി അനന്യയുടെ മരണവും, അന്വേഷണത്തിലെ വീഴ്ചകളും ഒരു ഫെമിനിസ്റ്റ് പ്രശ്നമാണെന്ന് ഉറക്കെ പ്രഖ്യാപിക്കേണ്ട സമയം വന്നിരിക്കുന്നു.

**ഗ്രന്ഥസൂചി**

Anitha, S., Reshma Bharadwaj, J. Devika, Ranjini Krishnan, Nisha P. R., Praveena K. P., Reshma Radhakrishnan, et al. 2008. 'Gendering Governance or Governing Women Politics, Patriarchy, and Democratic Decentralisation in Kerala State, India.' IDRC Grant Number: 102927 –005. Thiruvananthapuram: Centre for

Development Studies.Kerala State, India.' IDRC Grant Number: 102927 -005. Thiruvananthapuram: Centre for Development Studies. http://citeseerx.ist.psu.edu/viewdoc download;jsessionid=ECD7ADA1BE17A9CEA3A2 EA5DC8BA63F8? doi=10.1.1.615.2539&rep=rep1&type=pdf.

Bhattacharya, Sayan. 2019; The Transgender Nation and Its Margins: The Many Lives of the Law; South Asia *Multidisciplinary Academic Journal*, no. 20 (May). https://doi.org/10.4000/samaj.4930.

Christy, Carmel. *Sexuality and Public Space in Kerala*. Routledge.

Friedman, Elisabeth Jay, ed. 2019. *Seeking Rights from the Left: Gender, Sexuality, and the Latin American Pink Tide*. Durham, N.C.: Duke University Press. www.dukeupress.edu/seeking-rights-from-the-left?viewby=subject&categoryid=100&sort=newest.

Gago, Verónica. 2020. Feminist International: How to Change Everything. Veros Books.

Mekhal, Ahana. 2021.എത്രയോ വിഷയങ്ങളിൽ സർക്കാറിന്റെ ട്രാൻസ് ജൻഡർ ക്ഷേമ സംവിധാനങ്ങൾ വൻ പരാജയമാണ് [Transgender Welfare Mechanisms Are a Failure in So Many Ways]. Newsport.In (blog). July 25, 2021. https://newsport.in/ahana-mekhal-view-on-transgender-problems/.

Mohan, Sunil, 2021. 'Ala Podcast: LGBTQIA+ ആക്ടിവിസത്തിൻറെ രാഷ്ട്രീയ പാഠങ്ങൾ'. Ala (അല), 31 January 2021. http://ala.keralascholars.org/issues/29/podcast-beyond-single-issue-activism/

Moraga, Cherríe, and Gloria Anzaldúa. 2015. *This Bridge Called My Back, Fourth Edition: Writings by Radical Women of Color.* Fourth edition. SUNY Press.

Najmabadi, Afsaneh. 2013. Professing Selves: *Transsexuality and Same-Sex Desire in Contemporary Iran.* Duke University Press.

Peethamber,Vihaan. 2018. This is our right, not a favour  Kerala's Shoddy Implementation of Transgender Policy.' The News Minute, 22 March, 2018. https://www.thenewsminute.com/article/our-right-not-favour-kerala-s-shoddy-implementation-transgender-policy-78348

Raj, Rekha. 2016. ദളിത് സ്ത്രീ ഇടപെടലുകൾ. Kottayam: D C Books.

Ronan, Wyatt. 2021. 'BREAKING: 2021 Becomes Record Year For Anti-Transgender Legislation'. Human Rights Campaign (blog), 13 March 2021. https://www.hrc.org/press-releases/breaking-2021-becomes-record-year-for-anti-transgender-legislation

Rowena, Jenny. 2017. 'What Can We Do With Sexual Violence Hall of Shame?' Raiot (blog), 21 November, 2017. https://raiot.in/the-sexual-harassment-discourse-a-bahujan-womans-perspective/

Semmalar, Gee Imaan. 2019. 'Caster Semenya vs IAAF: Believing that testosterone is a superhuman hormone is a masculinist myth. Firstpost, 4 May 2019. 'https://www.firstpost.com/sports/caster-semenya-vs-iaaf-believing-that-testosterone-is-a-superhuman-hormone-is-a-masculinist-myth-6570481.html

Spillers, Hortense J. 1987. Mama's Baby, Papa's Maybe: An American Grammar Book. Diacritics 17 (2): 65-81. https://doi.org/10.2307/464747.

Zengin, Asli. 2016. 'Mortal Life of Trans/Feminism: Notes on 'Gender Killings' in Turkey." TSQ: *Transgender Studies Quarterly 3* (1-2): 266-71. https://doi.org/10.1215/23289252-3334487.

പെൺപക്ഷം

# സ്ക്കൂളുകൾ തുറക്കുന്നു!

അജിത കെ.





അങ്ങനെ 2020 മാർച്ച് 24 നുശേഷം, ഒന്നര വർഷത്തിനു ശേഷം നമ്മുടെ കുഞ്ഞുങ്ങൾ അവരുടെ വിദ്യാലയങ്ങളിലേക്ക് പോവുകയാണ്. ഒക്ടോബർ 4 ന് കോളേജുകൾ തുറക്കുന്നു. നവംബർ 1 മുതൽ സ്ക്കൂളുകൾ തുറക്കുന്നു. കോവിഡ് മഹാമാരി നമ്മുടെ സാമൂഹ്യ ജീവിതത്തെ ആകെ മാററിമറിച്ചു. സമൂഹം ലോക്ഡൗണിന്റെ ആഘാതത്തിൽ നിന്ന് മെല്ലെ മെല്ലെ വിമുക്തമായിവരുന്നു.

കോവിഡുമായി ഒത്തുപോകാൻ നമ്മൾ പഠിക്കണമെന്നാണിപ്പോൾ മുഖ്യമന്ത്രി പറയുന്നത്. സമൂഹം സാധാരണ ജീവിതത്തിലേക്ക് കടക്കണമെങ്കിൽ മറെറാരു വഴിയുമില്ലല്ലൊ.

ഒന്നര വർഷത്തെ 'തടവ്' ജീവിതത്തിന്നിടയിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെട്ടത് അവരുടെ പഠനം മാത്രമല്ല, കൂട്ടുകാരുമൊത്തുള്ള സാമൂഹ്യ ജീവിതമാണ്. പഠനത്തിന്റെ കാര്യം ഡിജിറ്റൽ മീഡിയയിലൂടെ പരിഹരിക്കാൻ സർക്കാറും സ്വകാര്യ മാനേജ്മെന്റുകളും ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് തങ്ങൾ സ്ക്കൂളിലെ അംഗങ്ങളാണെന്നും ക്ലാസ് ഇന്നതാണെന്നും കുട്ടികൾക്ക് അറിയാം. പക്ഷെ, വിശാലമായ മറ്റൊരു ലോകം അവർക്ക് നഷ്ടമായി. പാർക്ക്, ബീച്ച്, വർഷംതോറും സ്ക്കൂളുകളിൽ നിന്നുള്ള വിനോദയാത്രകൾ, അച്ഛനമ്മമാരോടൊത്തുള്ള സായാഹ്നസവാരികൾ, മറ്റ് ആഘോഷ പരിപാടികൾ എല്ലാം അവർക്ക് നഷ്ടമായി. ഏറെക്കുറെ എല്ലാ കുട്ടികളും കൂടുതലായി മൊബൈൽ ഫോണിനും ടി.വി.യ്ക്കും കമ്പ്യൂട്ടറിനും അടിമകളായി. മുതിർന്നവർ വർക്ക് എറ്റ് ഹോം മാത്രമല്ല, അവരും മേൽപറഞ്ഞ ഡിജിറ്റൽ മീഡിയയെയാണ് ഒട്ടുമുക്കാലും ആശ്രയിച്ചത്. അവരെ കണ്ട് കുട്ടികളും പഠിച്ചു. അങ്ങനെ ഒരു രോഗാതുരമായ സമൂഹത്തിന് തറക്കല്ലിട്ടു.

ലോക്ഡൗൺ അവസാനിച്ചതും വിദ്യാലയങ്ങൾ തുറക്കാൻ തീരുമാനിച്ചതും വളരെ നല്ല തീരുമാനമാണ്. എന്നിരിക്കിലും ഈ ഒന്നര വർഷത്തെ നഷ്ടം നികത്താൻ, കുട്ടികളുടെ സ്വഭാവരൂപീകരണപ്രക്രിയയിൽ ഉണ്ടായ ഭീകരമായ ദോഷം കുറേയെങ്കിലും കഴുകിക്കളയാൻ നമുക്കിനിയും സമയമെത്ര എടുക്കും?



ചർച്ചാവിഷയം

**വിജയരാജമല്ലിക**

# സിനിമാപ്പാട്ടിലെ ജെൻഡർ

*പ്രശസ്ത ട്രാൻസ് കവയിത്രിയും എഴുത്തുകാരിയുമായ വിജയരാജമല്ലിക തന്റെ ഫേസ്ബുക് പേജിൽ എഴുതിയ കുറിപ്പ്:*

വളരെ ഏറെ നാളുകൾക്ക് ശേഷമായിരുന്നു ഇന്നലെ സേനനുമൊത്ത് ഒരു ചെറുതല്ലാത്ത എന്നാൽ ദീർഘ സ്വഭാവം അത്രതന്നെ ഇല്ലാത്ത ഒരു യാത്രയ്ക്ക് പോയത്. പോകും വഴി പ്രിയപ്പെട്ട പാട്ടുകൾ ഒക്കെ വെച്ചു. പോകേണ്ടത് രാവിലെ 10മണിക്ക് മുമ്പായി എത്തിച്ചേരേണ്ട ഒരു ഇടമായിരുന്നത് കൊണ്ട് തന്നെ ഫാസ്റ്റ് ട്രാക്ക് പാട്ടുകൾ ആയിരുന്നു പലതും. പതിവുപോലെ 'പണിതീരാത്ത വീട്' ലേ 'മാറിൽ ശ്രമന്തക രത്നം ചാർത്തി', 'സിവഗംഗയ് സീമ'യിലെ 'സാന്ത് പൊട്ട് ഗമ ഗമ ഗ', 'റാണി സംയുക്ത'യിലെ 'മുല്ലൈ മലർക്കാട്' അങ്ങനെ അങ്ങനെ ഊരകം കഴിയാറായപ്പോൾ 1961ലേ 'ഉണ്ണിയാർച്ച'യിലെ 'പാടാം പാടാം'മിലെത്തി. ആ പാട്ട് പ്ലേ ആയതും 1961ലേ 'ഉണ്ണിയാർച്ച'യും 1963ലേ 'പാലാട്ടുകോമനും'കൂടി ആലപ്പുഴയിൽനിന്നും പൂനയ്ക്ക് കളറൈസേഷനു പോയ കഥയും, 'പാലാട്ടുകോമൻ'തിരികെ വരാതെ പോയതും, തിരികെ വന്ന 'ഉണ്ണിയാർച്ച'യുടെ ക്ലൈമാക്സിലേ കുറെ രംഗങ്ങൾ കട്ട് ആയി പോയതും, പിന്നീട് 1973ലേ ഉദയയുടെ തന്നെ 'ആരോമലുണ്ണി'യിലെ പി. ജയചന്ദ്രനും, കെ.ജെ. യേശുദാസും ചേർന്ന് പാടിയ 'പാടാം ആരോമൽ ചേകവർ' എന്ന ഗാനം തുന്നിച്ചേർത്ത് 'ഉണ്ണിയാർച്ച'യേ മുഴുവപ്പിച്ച കഥയും ഒക്കെ പറഞ്ഞു കൊണ്ടിരിക്കയായിരുന്നു.

അല്ലെങ്കിലും ഒന്ന് ഓർത്തുനോക്കൂ.1965(?)ലേ 'കുഞ്ഞാലി മരക്കാർ'ൽ ആദ്യമായി പിന്നണി പാടിയ പി. ജയചന്ദ്രന്റെ ശബ്ദം എങ്ങിനെ 1961ലേ 'ഉണ്ണിയാർച്ച'യിൽ വന്നു എന്ന് ചുരുക്കം ചില സിനിമാ പ്രേമികൾ എങ്കിലും ചിന്തിച്ചു കാണും, ഉറപ്പ്! രാഗിണി നായികയായ ഈ സിനിമയിൽ പി. ഭാസ്കരൻ മാസ്റ്ററും, ശാരങ്കപ്പാണിയും ആയിരുന്നല്ലോ ഗാനങ്ങൾ എഴുതിയത്. എന്നാൽ 'ആരോമലുണ്ണി'യിലെ ഗാനങ്ങൾ വയലാറിന്റേതായിരുന്നു.

ആവേശകരമായി യാത്ര പുരോഗമിക്കേയായിരുന്നു ആ വരി എത്തിയത്. 'ആണും പെണ്ണും അല്ലാത്ത ചതിയൻ ചന്തു'. ഭ്രമണപഥത്തിൽ നിന്നും തെന്നിമാറിയ ഒരു റോക്കറ്റ് എന്റെ നെഞ്ചിൽ വന്നു വീണത് പോലെ എനിക്കു അനുഭവപ്പെട്ടു. സേനന് കാര്യം മനസിലായി. ഞാൻ ഓർത്തു, 'ഈ വരികൾ എത്ര തലമുറകളെ വേദനിപ്പിച്ചു കാണും?!'

നമ്മുടെ നവോത്ഥാന ചരിത്രങ്ങളിൽ ആണും പെണ്ണുമല്ലാത്ത മനുഷ്യ നിലനിൽപ്പുകളെ എവിടെ എങ്കിലും പറഞ്ഞതായി അറിയുമോ? പുതിയ ചരിത്രത്തിന്റെ വിത്തുകൾ പാകാൻ കഴിഞ്ഞവരോട് എന്നും ആദരവും ബഹുമാനമാണ്. ഇന്റർസെക്സ് എന്നത് ഒരു മനുഷ്യ വാസ്തവമാണെന്ന് ഇനിയും തിരിച്ചരിയാത്ത, ഉൾകൊള്ളാത്ത പൊതുസമൂഹമെന്ന് സ്വയം അഹങ്കരിക്കുന്ന ഒരു വിഭാഗം മനുഷ്യരെ, നിങ്ങൾ എന്നാണ് ഇനി ഉണരുക? 41 വ്യത്യസ്ത ക്ലാസ്സിഫിക്കേഷനുകൾ ഉണ്ട് ഇന്റർസെക്സിൽ. അതിൽ ഒന്ന് മാത്രമാണ് മിശ്രലിംഗാവസ്ഥ.

'നീ ആണാണോ പെണ്ണാണോ' എന്ന് ചോദിക്കുന്നവരോട് അത് തിരിച്ചു ചോദിക്കാനും, 'ഞാൻ ഈ രണ്ടുമല്ലെ'ന്ന് പറയാനുമുള്ള ഉൾക്കരുത്ത് എനിക്ക് എന്നുമുണ്ട്. രണ്ടിൽ ഏതെങ്കിലും ഒന്നായി ഇരിക്കുന്നത് ഒരു കേമത്തമാണെന്ന് ഞാൻ കരുതുന്നില്ല. മനുഷ്യന്റെ ലൈംഗികതയെ പറ്റി പറയാൻ എന്തിനാണ് ട്രാൻസ്ജെൻഡർ ബോധവൽക്കരണ ക്ലാസ്സ്? സ്ത്രീശാക്തീകരണം പരിശീലിപ്പിക്കുമ്പോൾ സ്ത്രീയുടെ വൈവിദ്ധ്യമാർന്ന ലൈംഗികദിശാബോധങ്ങളെ പറ്റി പറഞ്ഞുകൊടുക്കാമല്ലോ! മാറേണ്ടത് മറ്റൊരാളോ, സമൂഹമോ അല്ല. ആദ്യം സ്വയം മാറൂ. 1966ലേ 'സ്ഥാനാർഥി സാറാമ്മ'യിലെ 'പറുദീസയിലെ പകുതി വിരിഞ്ഞ പാതിരാ മലർ 'എന്നെഴുതിയ വയലാർ 1973ലെ 'ചുക്ക്'ലെ 'കാദംബരി'യിലും ചേർത്തുപ്പിടിച്ചു. നമ്മുടെ പാട്ടുകൾ, സിനിമാ സംഭാഷണങ്ങൾ, കഥാ സന്ദർഭങ്ങൾ, ഹാസ്യ രംഗങ്ങൾ അങ്ങനെ പലതും ജെൻഡർ സെൻസിറ്റീവ് ആകാനുണ്ട്.

ചർച്ചാവിഷയം
**രേഖ കെ. പി.**
അസി. പ്രൊഫസർ
വിഷ്വൽ മീഡിയ & കമ്മ്യൂണിക്കേഷൻസ്
അമൃത സ്കൂൾ ഓഫ് ആർട്സ് &സയൻസസ്, കൊച്ചി



# മലയാള ചലച്ചിത്രങ്ങളിലെ ട്രാൻസ്ജെൻഡർ പ്രതിനിധാനം




ലോക സിനിമ മാറുകയാണ്. കഴിഞ്ഞ ഇരുപത് വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വർഷങ്ങളിലും ഓസ്കാർ ജേതാക്കൾ ഏതെങ്കിലും തരത്തിൽ ക്വിയർ വിഷയങ്ങൾ പ്രതിപാദിച്ച ഭാഗഭാക്കായവരാണ്. 2019 ലെ ഓസ്കാർ ജേതാക്കളെ നോക്കൂ: മികച്ച നടൻ, നടി, സഹനടൻ തുടങ്ങിയവയെല്ലാം കരസ്ഥമാക്കിയത് 'ബൊഹീമിയൻ റാപ്സോടി,' 'ഗ്രീൻ ബുക്ക്' തുടങ്ങിയ ക്വിയർ വിഷയങ്ങൾ പ്രതിപാദിക്കുന്ന സിനിമയിലെ അഭിനേതാക്കളാണ്. ശ്രദ്ധിക്കണം, 'അഭിനേതാക്കളാണ്' അവർ. സിനിമ ഒരു പരിധിവരെ കെട്ടുകഥകളായതു കൊണ്ട് തന്നെ അഭിനയം അനിവാര്യമായ ഘടകമാണ്. പക്ഷെ എന്തുകൊണ്ടാണ് 'സിസ്ജെൻഡർ' ആയ അഭിനേതാക്കൾ ട്രാൻസ്ജെൻഡർ കഥാപാത്രങ്ങളെ വെള്ളിത്തിരയിൽ അവതരിപ്പിക്കേണ്ടി വരുന്നത്? എന്തുകൊണ്ടാണ് ട്രാൻസ്ജെൻഡർ കൂട്ടായ്മയിൽ തന്നെയുള്ള ആർക്കും വെള്ളിത്തിരയിൽ കഥാപാത്രങ്ങളെ പ്രതിനിധാനം ചെയ്യാൻ കഴിയാതെ പോയത്? സ്ത്രീ കഥാപാത്രങ്ങളെ സ്ത്രീകളും പുരുഷകഥാപാത്രങ്ങളെ പുരുഷന്മാരും അവതരിപ്പിക്കുമ്പോൾ ട്രാൻസ്ജെൻഡർ സമൂഹത്തിനു മാത്രം എന്തുകൊണ്ട് ആത്മാവിഷ്കാരം സാധ്യമാകാതെ പോകുന്നു? എല്ലാ ഗണത്തിലും ഉൾപ്പെടുന്ന മനുഷ്യരുടെ ജീവിതാവിഷ്കാരം കൂടിയാവണമല്ലോ സിനിമ. അത്തരത്തിൽ നോ

ക്കുമ്പോൾ ഒരു പരിധി വരെ 'ട്രാൻസ് ജെൻഡർ' വിഭാഗത്തിൽ പെടുന്ന മനുഷ്യർ ഇപ്പോഴും വെള്ളിത്തിരയുടെ പടിക്ക് പുറത്തു തന്നെയാണ് എന്ന് വേണം അനുമാനിക്കാൻ.

അന്താരാഷ്ട്ര സിനിമ ചിത്രമെടുത്തു പരിശോധിച്ചാൽ ഒരു നൂറ്റാണ്ടു മുൻപ് തന്നെ ലിംഗസമത്വം പലരീതിയിൽ ചലച്ചിത്ര വിഷയാവതരണങ്ങളിൽ ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ നാൽപതു വർഷമേ ആയിട്ടുള്ളു ഇന്ത്യയിൽ ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെക്കുറിച്ചു ചെറുതായെങ്കിലും തിരക്കഥകളിൽ പരാമർശിച്ചു തുടങ്ങിയിട്ട്. അവിടെയും യാഥാർഥ്യ ബോധത്തോടെയുള്ള കഥാപാത്ര സൃഷ്ടികൾ ഉണ്ടാകുന്നത് വളരെ വിരളവുമാണ്.




മലയാള ഭാഷ ചലച്ചിത്ര മേഖലയിലേക്ക് നോക്കുമ്പോഴും സ്ഥിതി വ്യത്യസ്തമല്ല. തീർത്തും അപക്വമായ ഇടപെടലുകളാണ് ട്രാൻസ്ജെൻഡർ വിഷയാവതാരങ്ങളിൽ മലയാള സിനിമ പലപ്പോഴും നടത്തിയിട്ടുള്ളത്. 'ഞാൻ മേരിക്കുട്ടി,' 'കാ ബോഡി സ്കേപ്സ്,' 'ആളൊരുക്കം,' 'അർദ്ധനാരി,' 'ഓടും രാജ ആടും റാണി,' തുടങ്ങിയ വിരലിലെണ്ണാവുന്ന ചിത്രങ്ങൾ മാറ്റി നിർത്തിയാൽ മറ്റു കഥാപാത്ര സൃഷ്ടികളൊക്കെ തീർത്തും അപലപനീയമാണ് എന്ന് പറയാതെ വയ്യ. 2019 ലെ മികച്ച നടനുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് 'ഞാൻ മേരിക്കുട്ടി' എന്ന ട്രാൻസ് സെക്സ്വൽ കഥാപാത്രാവതരണത്തിനു ജയസൂര്യയ്ക് ലഭിച്ചു. അത് ആ നടൻറെ അഭിനയ മികവ് തന്നെയാണ്. എന്നാൽ എന്തുകൊണ്ട് യഥാർത്ഥ ജീവിതത്തിൽ ട്രാൻസ് സെക്സ്വൽ ആയ ഒരു വ്യക്തിയെ ആ കഥാപാത്രത്തിലേക്കു കാസ്റ്റ് ചെയ്യുവാൻ സംവിധായകനു കഴിയാതെ പോയി? തനതായ ലിംഗ മാതൃകകളും (സ്ത്രീ-പുരുഷൻ), അവർക്കിടയിലെ പ്രണയവും, സൗഹൃദവും, വിവാഹവും, ലൈംഗികതയും കുഞ്ഞുകുട്ടി പ്രാരാബ്ധങ്ങളുമൊക്കെയല്ലാതെ അതിനു പുറത്തു മനുഷ്യ വൈവിധ്യങ്ങളുണ്ടെന്നുള്ള തിരിച്ചറിയലാണ് മലയാള സിനിമയിൽ പലപ്പോഴും സാധ്യമല്ലാതെ പോകുന്നത്.

എൽ.ജി.ബി.ടി.ഐ.ക്യു.എ+ സമൂഹവുമായി ബന്ധപ്പെട്ടു മുപ്പതോളം സിനിമകളെ കഴിഞ്ഞ നാല്പതു മലയാള ഭാഷയിൽ സിനിമ കൊട്ടകകളിൽ പ്രദർശിപ്പിച്ചിട്ടുള്ളൂ. മോഹൻ 1978 ൽ സംവിധാനം ചെയ്ത 'രണ്ടു പെൺകുട്ടികൾ' മുതൽ ദേശാടനക്കിളി കരയാറില്ല (1986), സൂത്രധാരൻ (2001), സഞ്ചാരം (2004), ചാന്തുപൊട്ട് (2005), ഋതു (2009), സൂഫി പറഞ്ഞ കഥ (2010), ഉറുമി (2011), അർദ്ധനാരി (2012), മുംബൈ പോലീസ്

(2013), തിര (2013), ഓടും രാജ ആടും റാണി (2014), മൈ ലൈഫ് പാർട്ട ണർ (2014), കാ ബോഡി സ്കേപ്സ് (2016), ഞാൻ മേരിക്കുട്ടി (2018), ഉട ലാഴം (2018), ആളൊരുക്കം (2018), ഗീതു മോഹൻദാസിന്റെ മൂത്തോനിൽ (2020)ൽ എത്തി നിൽക്കുന്നു. ക്വിയർ വിഷയങ്ങൾ പ്രതിപാദിച്ച ചലച്ചിത്ര നിര. ഇതിൽത്തന്നെ ഏറിയ പങ്കും ക്വിയർ സമൂഹത്തെ ചിത്രീകരിച്ചിരി ക്കുന്നത് ലൈംഗിക തൊഴിലാളികൾ, സാമൂഹ്യവിരുദ്ധർ, വ്യാജന്മാർ, ഹാ സ്യകഥാപാത്രങ്ങൾ തുടങ്ങിയ രീതിയിലാണ്. ഇത്തരം അവതരണങ്ങൾ, ട്രാൻസ്ജെൻഡർ മനുഷ്യരോടുള്ള അങ്ങേയറ്റത്തെ അനാദരവാണെന്നു പറയാതെ വയ്യ. സമൂഹത്തിനു തീർത്താൽ തീരാത്ത അബദ്ധ ധാരണക ളാണ് ഇത്തരം അവതരണങ്ങളിലൂടെ സിനിമ എന്ന മാധ്യമം നൽകുന്നത് ഇനി ഒരു പരിധി വരെ ട്രാൻസ് വിഷയങ്ങളെ ആ ത്മാർത്ഥമായി ചിത്രീകരി ച്ച ജയൻ ചെറിയാന്റെ 'കാ ബോഡി സ്കേപ്സ്' ആവട്ടെ റിലീസിന് മുമ്പു ഒട്ടേറെ നിയമക്കുരുക്കുക ളിലൂടെ കടന്നു പോകേ ണ്ടിയും വന്നു.




ലോഹിതദാസിന്റെ 'സൂത്രധാരൻ' ആദ്യാവ സാനം ട്രാൻസ്ജെൻഡർ മനുഷ്യരുടെ ജീവിതം പ്ര തിനിധാനം ചെയ്യുന്ന ചി ത്രമല്ല, സലിം കുമാർ അവതരിപ്പിച്ച, നാട്ടിൽ ഭാര്യയും മക്കളുമൊക്കെയുള്ള ലീലാകൃഷ്ണൻ എന്ന കഥാപാത്രം ഉപജീവനാർത്ഥമാണ് ട്രാൻസ് സ്ത്രീ വേഷം ധരിച്ചു ജീവിക്കുന്നത്. ഇത്തരമൊരു അവതരണം ട്രാൻസ്ജെൻഡർ സമൂഹത്തിൽ വ്യാജന്മാരുണ്ടെന്ന തോന്നലാണ് പ്രേക്ഷകർക്ക് നൽകുന്നത്. വളർത്തു ദോഷത്തിൽ സംഭവിച്ച പെരുമാറ്റ വൈകല്യമായാണ് രാധാകൃ ഷ്ണൻ എന്ന ട്രാൻസ്ജെൻഡർ കഥാപാത്രത്തെ ലാൽ ജോസ് 'ചാന്തുപൊട്ട്' എന്ന സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നത്. ട്രാൻസ്ജെൻഡർ സ്വത്വം വെറും പെരുമാറ്റ വൈകല്യം മാത്രമാണെന്നും നാ ഗരിക മനുഷ്യരുടെ സഹവാസവും കുറച്ചുപദേ ശങ്ങളും കൊണ്ട് മാറ്റിയെടുക്കാവുന്നതും ആണെ ന്നാണ് സിനിമ മുന്നോട്ടു വയ്ക്കുന്ന ആശയം. ജൂ ബിത് നമ്രടത്തിന്റെ 'ആഭാസം' എന്ന സിനിമയി ലാകട്ടെ ശീതൾ ശ്യാം അവതരിപ്പിച്ച ട്രാൻസ്ജെൻ ഡർ കഥാപാത്രം പ്രത്യേകിച്ച് ഒരു തരത്തിലും പ്രേക്ഷകർക്ക് സംവേദനക്ഷമമായില്ല. ഇനി ട്രാൻ സ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ചലച്ചിത്ര ങ്ങൾ ഉണ്ടായെന്നു തന്നെയിരിക്കട്ടെ എത്രത്തോ ളം പ്രേക്ഷകർ ഇവ കാണാൻ തീയേറ്ററുകളിൽ എത്തും എന്നതും ചിന്തനീയമാണ്. ട്രാൻസ്ജെൻ ഡർ എന്ന ഒരു വിഭാഗം മനുഷ്യരുടെ അസ്ഥിത്വം സിസ്ജെൻഡർ മനുഷ്യർ ഉൾക്കൊള്ളണമെങ്കിൽ സിനിമകളിൽ ട്രാൻസ് കഥാപാത്രങ്ങൾ ഉണ്ടാവേ ണ്ടതുണ്ട്. എത്രയൊക്കെ കഥയാണെന്ന് പറഞ്ഞാ ലും യാഥാർത്ഥ്യ ജീവിതത്തിന്റെ പ്രതിഫലനമായി സിനിമ പലപ്പോഴും മാറുന്നതും നമ്മൾ കണ്ടിട്ടു ണ്ട്. സമൂഹത്തെ സ്വാധീനിക്കാൻ ശേഷിയുള്ള മാ



ധ്യമമെന്ന നിലയിൽ ചലച്ചിത്രങ്ങളിലൂടെ തന്നെയാണ് മാറ്റങ്ങൾ തുടങ്ങേണ്ടത്. ട്രാൻസ്ജെൻഡർ മനുഷ്യരെ സിനിമയിലെന്നല്ല പൊതുവിടങ്ങളിൽ പോലും കാണുമ്പോൾ 'ദേ ചാന്തുപൊട്ട്' എന്ന് കൊച്ചുകുഞ്ഞുങ്ങളടക്കം കൈ ചൂണ്ടി വിളിക്കുന്നുവെങ്കിൽ അതിൽ സിനിമ സൃഷ്ടിച്ച സ്വാധീനം ചെറുതല്ലെന്നു വേണം മനസ്സിലാക്കാൻ. ട്രാൻസ്ജെൻഡർ സമൂഹത്തിനോട് എല്ലാ അർത്ഥത്തിലും നീതി പുലർത്താൻ ചലച്ചിത്രാവിഷ്കാരങ്ങൾക്ക് കഴിയാതെ പോകുന്നത് പല വാർപ്പ് മാതൃകകളിൽ നിന്നും പുറത്തു കടക്കാൻ കഴിയാത്തതു കൊണ്ടാണ്.



മലയാള സാഹിത്യമോ, സിനിമയോ ആയിക്കൊള്ളട്ടെ സ്വതസിദ്ധവും സമ്പ്രദായികമല്ലാത്തതുമായ ഒന്നും തന്നെ ആവിഷ്കാരങ്ങളിക്ക് സന്നിവേശിപ്പിക്കാൻ തയ്യാറാകാത്തിടത്തോളം വൈവിധ്യമല്ലാത്ത സ്ഥിര സങ്കൽപ്പങ്ങൾ കഥാതന്തു കയ്യേറുക തന്നെ ചെയ്യും. നേട്ടം കൊണ്ടും പെരുമാറ്റം കൊണ്ടും മാറ്റി നിർത്തലുകൾ കൊണ്ടും സംഭാഷണം കൊണ്ടും മുറിവേൽക്കേണ്ടവർ തന്നെയാണ് ട്രാൻസ്ജെൻഡർ സമൂഹം എന്ന് പിന്നെയും പിന്നെയും പറഞ്ഞു വെക്കാനാണ് പല മലയാള സിനിമകളും ശ്രമിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഏറ്റവും സാക്ഷരരായ കേരള ജനത അതിന്റെമഴവിൽ വർണ്ണ വൈവിധ്യങ്ങളുടെ നേർക്ക് കണ്ണടച്ച് ഇരുട്ടാക്കുകയാണ്. അന്യഭാഷാചിത്രങ്ങൾ, പ്രത്യേകിച്ച് ബംഗാളി, തമിഴ്, ഹിന്ദി തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ ട്രാൻസ് വിഷയാവതരണങ്ങളോട് നീതി പുലർത്തുന്നുണ്ട്.

**ട്രാൻസ്ജെൻഡർ സമൂഹത്തിനോട് എല്ലാ അർത്ഥത്തിലും നീതി പുലർത്താൻ ചലച്ചിത്രാവിഷ്കാരങ്ങൾക്ക് കഴിയാതെ പോകുന്നത് പല വാർപ്പ് മാതൃകകളിൽ നിന്നും പുറത്തു കടക്കാൻ കഴിയാത്തതു കൊണ്ടാണ്.**




Lakeside Film Festival, CUSAT
Screening on 4th Aug 2019

ട്രാൻസ്ജെൻഡർ ജീവിതത്തെ ആവിഷ്ക്കരിക്കുവാൻ മലയാള സിനിമയിൽ ഇതുവരെ വിരലിലെണ്ണാവുന്ന ചിത്രങ്ങളെ ഉണ്ടായിട്ടുള്ളുവെന്നത് കേരളീയ സമൂഹത്തിന്റെ ചില സങ്കുചിത മനോഭാവങ്ങളെയാണ് തുറന്നു കാട്ടുന്നത്. വ്യത്യസ്തമായ ജീവിത പരിസരങ്ങൾ കഥാതന്തുവാക്കുന്ന സമാന്തര ചലച്ചിത്രകാരന്മാരും ട്രാൻസ്ജെൻഡർ വ്യക്തികളോട് മുഖം തിരിക്കുന്നത് ചർച്ച ചെയ്യപ്പെടുക തന്നെ വേണം ട്രാൻസ്ജെൻഡർ കഥാപാത്രാവതരണത്തിൽ കുറച്ചെങ്കിലും നീതി പുലർത്തിയ അർദ്ധനാരി, ഓടും രാജ ആടും റാണി ആളൊരുക്കം തുടങ്ങിയ ചിത്രങ്ങളിലാവട്ടെ ഉപരിപ്ലവമായ ചർച്ചകൾക്കപ്പുറം അവരുടെ യഥാർത്ഥ പ്രതിസന്ധികളിലേക്ക് കടക്കാൻ ധൈര്യപ്പെടുന്നില്ല. ഒന്നുകിൽ കേരളീയ സമൂഹത്തിന്റെ സാമൂഹ്യ സദാചാര ബോധങ്ങളെ വെല്ലുവിളിക്കാനുള്ള ധൈര്യമില്ലായ്മയോ അ




**ട്രാൻസ്ജെൻഡർ പോളിസി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. എന്നിട്ടും വിവേചനം എന്നും അവർക്കു മുന്നിൽ തൂങ്ങി നില്ക്കുന്ന വാൾ തന്നെ. അവരും ഉൾക്കൊള്ളുന്ന ഒരു ഇടമാകണം സമൂഹമെന്നപോലെ മാധ്യമങ്ങളും. പ്രത്യേകിച്ച് കാഴ്ചക്കാരെ മികച്ചരീതിയിൽ സ്വാധീനിക്കാൻ കഴിയുന്ന സിനിമാമേഖല.**

ല്ലെങ്കിൽ വിപണി ആവശ്യപ്പെടുന്ന ഒത്തുതീർപ്പുകളോട് കലഹിക്കാനുള്ള പക്വതയോ മലയാള ചലച്ചിത്ര ലോകം ഇപ്പോഴും ആർജിച്ചിട്ടില്ല എന്ന് വേണം കരുതാൻ.

ചലച്ചിത്രങ്ങളെ അപേക്ഷിച്ചു ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും വിഷയാവതരണങ്ങളിൽ ട്രാൻസ്ജെൻഡർ മനുഷ്യരോട് ഒരു പരിധിവരെ നീതി പുലർത്തുന്നുണ്ട്. പി. അഭിജിത്തിന്റെ 'എന്നോടൊപ്പം' ജിജോ കുര്യാക്കോസിന്റെ 'ഞാൻ സാൻജോ' തുടങ്ങിയ ഡോക്യുമെന്ററികളും നിയോ ഫിലിം സ്കൂൾ നിർമ്മിച്ച അക്ഷയ് സജിയുടെ 'ഒരേ നിയമം' സജിത്ത് ദേവ്സിന്റെ 'ബി യൂർസെൽഫ്' തുടങ്ങിയ ഹ്രസ്വചിത്രങ്ങളുമൊക്കെ യാഥാർഥ്യബോധത്തോടെ കഥാപാത്രങ്ങളെ സമീപിച്ചു എന്നുള്ളത് പ്രശംസനീയമാണ്.

ലിംഗസമത്വത്തെക്കുറിച്ചു വലിയ മാധ്യമ ചർച്ചകൾ നടക്കുമ്പോഴും അവിടെ സ്ത്രീ പുരുഷ ദ്വന്ദങ്ങളെക്കുറിച്ചുള്ള പ്രതിപാദനകൾക്കാണ് ഊന്നൽ. ലിംഗന്യൂനപക്ഷങ്ങളെ മൂന്നാം ലിംഗമായി 2014 ൽ തന്നെ സുപ്രീം കോടതി അംഗീകരിച്ചതാണ്. ട്രാൻസ്ജെൻഡർ പോളിസി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. എന്നിട്ടും വിവേചനം എന്നും അവർക്കു മുന്നിൽ തൂങ്ങി നില്ക്കുന്ന വാൾ തന്നെ. അവരും ഉൾക്കൊള്ളുന്ന ഒരു ഇടമാകണം സമൂഹമെന്നപോലെ മാധ്യമങ്ങളും. പ്രത്യേകിച്ച് കാഴ്ചക്കാരെ മികച്ചരീതിയിൽ സ്വാധീനിക്കാൻ കഴിയുന്ന സിനിമാമേഖല. ട്രാൻസ്ജെൻഡർ വിഷയങ്ങൾ പ്രതിപാദിക്കുന്ന നൂറു സിനിമകൾ ഉണ്ടായി എന്നതല്ല മറിച്ചു അവയ്ക്ക് എത്രത്തോളം യാഥാർഥ്യബോധത്തോടെയും സത്യസന്ധതയോടെയും ട്രാൻസ് വിഷയങ്ങളെ സമീപിക്കാൻ കഴിഞ്ഞു എന്നതിനാണ് പ്രാധാന്യം നൽകേണ്ടത്.

ചർച്ചാവിഷയം /കവിത

**രാജാത്തി ജോൺസൺ**
ഗവേഷക വിദ്യാർത്ഥിനി
കേരള സർവ്വകലാശാല
തിരുവനന്തപുരം






# ഉജ്ജ്വലമായ കാഴ്ചകൾ

ഞാൻ ഒരു കവിയാണ്.
ദയവായി മൈക്ക് തരൂ.
ഞാൻ പരിഹരിക്കാൻ ആഗ്രഹിക്കുന്ന പ്രശ്നങ്ങൾ ഒരുപാടുണ്ടെനിക്കു ചുറ്റും
ലിംഗവൈവിധ്യങ്ങളെ കൊല്ലുന്നതിൽ നിന്നവ ആരംഭിക്കുന്നു.

എന്റെ ഹൃദയമിടിപ്പ് സവിശേഷമാണ്
നിങ്ങൾ വിചാരിക്കുന്നതുപോലെ അല്ല, എന്നാൽ അവ
സാധാരണയായ ഒന്ന് പോലെയും അല്ല,
ഞാൻ ചോദിക്കുന്നു...
എന്തുകൊണ്ട്? എന്തുകൊണ്ട്? എന്തുകൊണ്ട്?
തെറ്റിദ്ധരിക്കപ്പെടുന്ന സ്വത്വങ്ങൾ നമ്മുടെ ഉള്ളിൽ തന്നെ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.
എന്നാൽ ട്രാൻസ് മനുഷ്യരെ തരംതാഴ്ത്തിയതിന് ശേഷം എന്തിനാണ് വീണ്ടും ആക്രമണം?
എന്തുകൊണ്ടാണ് അവരുടെ സ്വത്വത്തോടെ ജീവിക്കാനുള്ള വിശ്വാസം തകർക്കുന്നത്?

പലരും സമൂഹത്തിൽ ജീവിക്കുന്നു.
ജീവിതവുമായി പൊരുത്തപ്പെടാൻ ശ്രമിക്കുന്നു.
എന്നാൽ ഞങ്ങളുടെ ട്രാൻസ് സഹോദരങ്ങളെ ഒരു പട്ടം പോലെ അകറ്റി മാറ്റുന്നു.
ഒരു ലിംഗ-നിഷ്പക്ഷ ലോകത്തേക്ക് അവരെ അപ്രത്യക്ഷമാക്കുന്നു.
കടലിലെ അന്തർവാഹിനി പോലെ
ഒരു പക്ഷി പറന്ന് അകന്ന പോലെ
വേഗത്തില് ചലിക്കുന്ന ട്രെയിൻ പോലെ
ഭക്തിയിൽ ഭക്തനെപ്പോലെ.

'ക്വിയർ' എന്ന പദം തന്നെ ഒരു രക്ഷപ്പെടലാണ്,
ഈ 'വ്യാജ' ലിംഗ ബൈനറി സമൂഹത്തിൽ നിന്ന്
അവരുടെ അനുഭവങ്ങൾ നമ്മെ സമ്പന്നമാക്കുന്നു.
ഒരിക്കലും സംഭവിക്കാൻ ഇടയില്ലാത്ത സംഭവങ്ങൾ താനും.



അവരെല്ലാം ഒറ്റയ്ക്കാണ്,
ഇരുണ്ട രാത്രി എന്ന പോലെ,
പ്രീ-ട്രാൻസിഷൻ ഘട്ടത്തിൽ നിന്ന് പുറത്തുവരുന്നു,
ഒറ്റപ്പെട്ടുപോയ ചില അലഞ്ഞുതിരിഞ്ഞവരെ പോലെ,
തനിച്ചായിരിക്കുന്നത് എത്ര വേദനാജനകമാണ് അറിയാമോ?

മനസ്സിലാക്കി വരുമ്പോൾ,
ഞാൻ പതിയെ സ്വത്വസങ്കൽപങ്ങളിൽ നിന്ന്
തെന്നിമാറുന്നു,
അവരുടെ അനുഭവങ്ങളിൽ പിടിച്ചുകയറുന്നു
കൂടാതെ ക്വിയർ വാക്യത്തിന്റെ താളത്തിനൊപ്പം പാടുന്നു.
അവർ അസ്വസ്ഥതയോടെ കരയുന്നു.
പക്ഷേ ഇപ്പോഴും സഹജാവബോധത്തോടെ ചിരിക്കുന്നു.
അതിനെ അഭിനന്ദിക്കുക.

മഴവിൽ തണലിൽ ജീവിക്കുന്നത് ഒരു അനുഭവമാണ്,
മറ്റുള്ളവരിൽ ഏറ്റവും മികച്ചതായവർ
കാരണം ആ ഛായയിൽ ജീവിക്കുന്നവർ സൃഷ്ടിക്കുന്നത്-
യഥാർത്ഥവും ബൈനറി-ഇതര ലോകവുമാണ്.

ട്രാൻസ് മനുഷ്യരും ബൈനറിയിൽ ഉൾപ്പെടാത്തവരും,
ദൈവങ്ങളുടെ ഏറ്റവും മികച്ച സൃഷ്ടികളാണ്,സംശയമില്ല.
നിലവിലുള്ള വ്യവസ്ഥകൾക്ക് അതീതമാണ്.
അവർ നമ്മുടെ ഇടയിൽ തന്നെ മറ്റു എന്തിനേക്കാളും
വിലപ്പെട്ടവരുമാണ്,
ദൈവങ്ങൾക്ക് മാജിക് ചെയ്യാൻ കഴിയുമെന്നതിന്റെ
മഹത്തായ തെളിവ്.

ട്രാൻസ് അനുഭവങ്ങൾക്കിടയിലൂടെ വായിക്കുമ്പോൾ,
ജീവിതം ഒരുപാട് പഠിപ്പിക്കും,
സന്തോഷവും അപമാനവും വേദനയും എല്ലാം സമ്മിശ്രമാണ്.
അവർ നിങ്ങളെ ഉൾവനത്തിലേക്ക് കൊണ്ടുപോകും,
അവിടെ പുതിയ ആകാശവും മഴവില്ല് തെളിഞ്ഞു നിൽക്കുന്ന
ഏറ്റവും ഉയർന്ന കൊടുമുടിയും കാണും
സ്ഥലം അജ്ഞാതമാണ്, പക്ഷേ എപ്പോഴും ശാന്തമാണ്.

എന്റെ വാദം, കൊടുമുടിയിലെത്തും വരെ
നീതി തേടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
നമ്മൾ ഓരോരുത്തർക്കും ട്രാൻസ് സഹോദരിമാരും
സഹോദരങ്ങളും പങ്കാളികളും സുഹൃത്തുക്കളും ഉണ്ടാവണം.
സ്നേഹത്തിന്റെ കെട്ടുറപ്പിൽ നിന്ന് നമുക്കെല്ലാവർക്കും
ഒരു പൊതു നിലയിലേക്ക് വരാം.
ആ ലിംഗദ്രാവകസ്വത്വങ്ങൾ
മനോഹരങ്ങളായ പൂക്കളുകളാണ്,
അതിന് പൂർണ്ണമായ പരിചരണവും
ഏകാഗ്രതയും ആവശ്യമാണ്.

നമ്മൾ ഇത് എപ്പോൾ ചെയ്യും?
നമ്മുടെ സഹജീവികളെ എത്ര നാള് വരെ പീഡിപ്പിക്കും?
'സമൂഹം' എന്ന് പക്വത പ്രാപിക്കും?
ഇപ്പോൾ എന്താണ് സംഭവിച്ചതെന്ന് നിങ്ങൾക്ക് അറിയണമെന്നുണ്ടോ?
ഇവ എന്നെ ആഴത്തിൽ വേദനിപ്പിക്കുന്നു,
എനിക്ക് ഉള്ളിൽ ചോര പൊടിയുന്നുണ്ട്,
രക്തം ഉള്ളിൽ നിന്ന് കട്ടപിടിക്കുന്നു.
എന്റെ മരണത്തിലും ഞാൻ എഴുതും,
ഞാൻ ഒരു കവിയാണ്.




ചർച്ചാവിഷയം

**ജിൻറ്റു ഏലിയാസ്**
ഗവേഷക വിദ്യാർത്ഥിനി
SRM യൂണിവേഴ്സിറ്റി, ആന്ധ്ര പ്രദേശ്




# മഴവില്ലിൽ മഷി പടരുമ്പോൾ:
## ട്രാൻസ്ജെണ്ടർ ആത്മകഥാ സാഹിത്യം




'ശിവ- ശക്തി സംയോഗത്തിന്റെ ആൾ രൂപം' എന്ന ചിന്തകൾ ഉൾക്കൊണ്ട്, ഇന്ത്യൻ ഐതിഹാസിക പുരാണങ്ങളിൽ വ്യക്തമായ ഒരിടം ഉള്ളവരാണ് ട്രാൻസ്ജൻഡർ വിഭാഗം. മുഗൾ രാജവംശ കാലഘട്ടത്തിൽ ഈ വിഭാഗത്തിലെ ജനങ്ങൾ കൊട്ടാരങ്ങളിലെ സുപ്രധാന സ്ഥാനങ്ങൾ കൈകാര്യം ചെയ്തു പോന്നിരുന്നു. 1871 ൽ നടപ്പാക്കിയ Criminal Tribes Act, പ്രസ്തുത ജനങ്ങളുടെ അവകാശങ്ങൾ അടിച്ചമർത്തുകയും അവരെ കുറ്റവാളികളായി കണക്കാക്കുകയും ചെയ്തു. ഇന്ന് ഇന്ത്യയിൽ ഒട്ടാകെ ഏകദേശം 5ലക്ഷത്തോളം ട്രാൻസ്ജൻഡർ വ്യക്തികൾ ജീവിക്കുന്നുണ്ട്. എന്നാൽ അവരിൽ പലരും ഇപ്പോഴും വെറുപ്പിന്റെയും അനീതികളുടെയുടെയും ലോകത്തു തന്നെ കുടുങ്ങി കിടക്കുകയാണ്. ഈ അപചയങ്ങളുടെ ലോകത്തിലേക്കുള്ള ഒരു കണ്ണാടിയാണ് ഓരോ ട്രാൻസ്ജൻഡർ ആത്മകഥകളും. സ്വന്തം വ്യക്തിത്വം തുറന്ന് കാട്ടാനും, അനീതിക്കെതിരെ പ്രതികരിക്കാനും ഒരിടം ഒരുക്കി കൊടുക്കാൻ സാഹിത്യ ലോകത്തിനു ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. 'ജീവിതത്തിന്റെ യാതനകൾ എഴുതപ്പെടേണ്ടതാണ്, കുറിച്ചു വെക്കപ്പെടേണ്ടതാണ്,' എന്നുള്ള പ്രശസ്ത ട്രാൻസ്ജൻഡർ പ്രവർത്തക ലക്ഷ്മി നാരായൺ ത്രിപാഠിയുടെ വാക്കുകൾ നമുക്ക് ഇതിനോട് ചേർത്ത് വായിക്കാം.

ദളിത് ട്രാൻസ്ജൻഡർ വിഭാഗത്തിനെ പ്രതിനിധീകരിച്ച് എഴുതപെട്ട ‘ഐ ആം വിദ്യ ’(I Am Vidhya, ഞാൻ വിദ്യ: 2007 ) എന്ന ആത്മകഥ ഇന്ത്യയിലെ ഹിജഡ സമൂഹത്തിലേക്കു തുറന്നു വച്ചിരിക്കുന്ന ഒരു വാതിലാണ്. ശരീരവും മനസ്സും തമ്മിൽ ഉടലെടുക്കുന്ന അനന്തമായ ഒരു സംഘർഷമാണ് ഏതൊരു ട്രാൻജൻഡർ വ്യക്തിയേയും പോലെ ചെറുപ്പത്തിൽ വിദ്യയും നേരിടുന്നത്. ശരിയായ ബോധവൽക്കരണത്തിന്റെ അഭാവം മൂലം ഉണ്ടാകുന്ന സഹപാഠികളുടെ കളിയാക്കലുകൾ ഇതിന്റെ ആഘാതം കൂട്ടുന്നു. വിദ്യ പറയുന്നു, ചെറിയ ക്ലാസ്സിലെ കുട്ടികൾ പോലും സ്കൂളിൽ എന്നെ കളിയാക്കി. ‘ഈ പെണ്ണിനെ നോക്കൂ’ എന്നു നിലവിളിച്ചു കൊണ്ട് അവർ പുറകെ വന്നു. ആൺകുട്ടികൾ കളിയാക്കുന്നത് ഒരു പതിവായി മാറി. ഞാൻ നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു. പക്ഷെ ഹൈസ്കൂൾ കാലഘട്ടം മുഴുവനും ഞാൻ ഒറ്റപെട്ടു (ഞാൻ വിദ്യ 45). ആൺശരീരത്തിൽ അകപ്പെട്ട് പോയ ഒരു സ്ത്രീ എന്ന വികാര വിചാരത്തോടെയാണ് അവൾ ജീവിതം മുന്നോട്ടു നീക്കുന്നത്. ഒരു ലിംഗ മാറ്റ ശസ്തക്രിയ നടത്തി ഇതിൽ നിന്ന് മോചനം നേടാൻ ആണ് ആഗ്രഹങ്ങൾ പിന്നീടുള്ള സന്ദർഭങ്ങളിൽ വിദ്യ പങ്കു വെക്കുന്നുണ്ട്. എന്നാൽ അവളുടെ സുഹൃത്തുക്കളോ കുടുംബമോ, ട്രാൻസ്ജെന്റർ എൻ.ജി.ഓകളോ ആഗ്രഹത്തിന് കൂട്ട് നിൽക്കുന്നില്ല. ‘ലിംഗ മാറ്റം നടത്തി ജീവിതം നശിപ്പിക്കരുത്. നിന്റെ വിദ്യാഭ്യാസം വെച്ച് നിനക്ക് മറ്റെവിടെയെങ്കിലും നല്ലൊരു ജോലി കിട്ടും. ഇടക്ക് മറ്റു കോത്തി(ട്രാൻസ്ജെണ്ടർ)കളുടെ കൂടെ സമയം ചിലവഴിക്കാൻ ഇവിടെ വരാമല്ലോ’ എന്നതായിരുന്നു എൻ.ജി.ഒ അധികാരികളുടെ ഉപദേശം. ട്രാൻസ്ജെൻഡർ വിഭാഗത്തിന് എതിരെയുള്ള മുൻവിധികളിൽ നിന്ന് രക്ഷപെടാൻ സ്വന്തം വ്യക്തിത്വം ഒളിപ്പിക്കുക എന്നതാണ് എല്ലാവരും നൽകുന്ന നിർദേശം. എന്നാൽ ഈ മുൻവിധികളെ ആണ് മാറ്റി നിർത്തേണ്ടത് എന്നാണ് വിദ്യയുടെ ആത്മകഥ വാദിക്കുന്നത്.




വിദ്യ നമ്മളെ കൂട്ടികൊണ്ട് പോകുന്നത് ട്രാൻസ്ജൻഡർ സമൂഹത്തിന്റെ അകത്തളങ്ങളിലേക്കാണ്. പുറമേ നിന്ന് നേരിടേണ്ടി വരുന്ന അന്യായങ്ങൾക്കുമപ്പുറം ഈ അകത്തളങ്ങളിലും അവർ സ്വതന്ത്രർ അല്ല എന്ന വസ്തുത ഞെട്ടിക്കുന്നതാണ്. ‘ഒരു തിരുനംഗായുടെ (ട്രാൻസ്ജൻഡർ) ജീവിതം ആയിരം നിയമങ്ങൾ കൊണ്ട് കെട്ടപ്പെട്ടു കിടക്കുകയാണ്, എല്ലാം അലിഖിത നിയമങ്ങൾ‘ എന്ന വിദ്യയുടെ വാക്കുകൾ വായനക്കാർക്കു നൽകുന്ന ആഘാതം ചെറുതല്ല. പൂനെയിലേക്ക് ചേക്കേറുന്ന അവൾക്ക് ജീവിതമാർഗ്ഗം ഭിക്ഷാടനം മാത്രമാണ്. അവളുടെ ഉപരിപഠനത്തിന്റെ സർട്ടിഫിക്കറ്റുകൾക്കൊന്നും ആ ലോക

ത്ത് വിലയില്ലാതായി പോവുന്നു. തകര ഷീറ്റുകൾ മേഞ്ഞ ഒരു ഇടുങ്ങിയ മുറിയിലേക്ക് അവളെ എത്തിക്കുന്നത് ദാരിദ്ര്യമോ പട്ടിണിയോ അല്ല. ഒരു ട്രാൻസ്ജൻഡർ ആയി ജനിച്ചു പോയി എന്നുള്ള സത്യം മാത്രമാണ് അവളെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും അകറ്റുന്നത്. ഭിക്ഷാടന സമയത്ത് നേരിടേണ്ടി വരുന്ന ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ സ്വന്തമായി മറ്റൊരു തൊഴിൽ ചെയ്തു ജീവിക്കാൻ അവരെ പ്രേരിപ്പിക്കുന്നുണ്ട്. എന്നാൽ, അവരുടെ ഉദ്യമത്തെ സഹായിക്കാനോ അവരുമായി സഹകരിക്കാനോ ആരും തയ്യാറാവുന്നില്ല.




തന്നാൽ ആവുന്ന രീതിയിൽ എല്ലാ ട്രാൻസ് വ്യക്തികളും പൈസ സ്വരുക്കൂട്ടുന്നത് വലിയ വീടോ സന്നാഹങ്ങളോ സ്വപ്നം കണ്ടല്ല; 'നിർവാണ' ആണ് അവരുടെ സ്വപ്നം. അവരനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾക്കുള്ള ഒരുത്തരമാണ് ലിംഗ മാറ്റ ശസ്ത്രക്രിയ. എന്നാൽ ഈ മേഖലയിലും വലിയ തോതിലുള്ള ചൂഷണം ആണ് അവർ നേരിടുന്നത്.

വിദേശ രാജ്യങ്ങളിൽ മുൻപേ തന്നെ ടെസ്റ്റ് ചെയ്ത് ആരോഗ്യം ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം ശസ്ത്രക്രിയയിലേക്ക് കടക്കുന്ന പ്രവണത ആണ് കാണപ്പെടുന്നത്. 'ഇന്ത്യയിലെ കഥ മറ്റൊന്നാണ്. ഇവിടെ സംഭവിക്കുന്നത് ലിംഗ മാറ്റ ശസ്ത്രക്രിയ അല്ല. ഇവിടെ നടപ്പാക്കുന്നത് കേവലം അനസ്തേഷ്യ കൊടുത്തിട്ടുള്ള വൃഷ്ണഛേദം മാത്രം ആണ്. അതും യാതൊരു സർക്കാർ അനുമതിയും കൂടാതെ.' (ഞാൻ വിദ്യ, 183) വളരെ വൃത്തി ഹീനമായ സാഹചര്യത്തിൽ ഒരു സുരക്ഷാ ക്രമീകരണങ്ങളും ഇല്ലാതെ നടത്തുന്ന ഇവ വളരെ അപകടം നിറഞ്ഞതാണ്. അനന്യ എന്ന പെൺകുട്ടിയുടെ ആത്മഹത്യ ഈ മേഖലയിലെ ചൂഷണത്തിനോട് ചേർത്ത് നിർത്തി സംവദിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യയുടെ ആത്മകഥ വളരെ പ്രസക്തമാണ്.

അവസാന താളുകളിൽ അവൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ ഇന്നും ആവശ്യങ്ങളായി പരിഗണന കാത്തു കിടക്കുകയാണ്. നിയമപരമായ ലിംഗ മാറ്റ ശസ്ത്രക്രിയകൾക്കും മറ്റ് പ്രാഥമിക ആവശ്യങ്ങൾക്കും വേണ്ടിയാണ് അവൾ വാദിക്കുന്നത്. 'കുട്ടികൾക്ക് ട്രാൻസ് വ്യകതികളുടെ ബുദ്ധിമുട്ടുകളെ പറ്റി പറഞ്ഞു കൊടുക്കണം. സിനിമകളിൽ അവരെ അശ്ലീലം ആയി ചിത്രീകരിക്കുന്ന സീനുകൾ സെൻസർ ബോർഡ് ഇടപെട്ട് എടുത്ത് മാറ്റണം.ഗവണ്മെന്റിനു അത് സാധിക്കും'. ഇത്തരം ചെറിയ വലിയ ആവശ്യങ്ങൾക്ക് അവരുടെ ജീവിതത്തിൽ വലിയ പ്രസക്തി ഉണ്ട്. മനുഷ്യരായി പരിഗണന ലഭിക്കുക എന്ന പ്രാഥമിക ആവശ്യം പോലും നിറവേറ്റി കൊടുക്കാൻ നമുക്ക് പലപ്പോഴും സാധിക്കാതെ പോവുന്നുണ്ട്. വിദ്യയുടെ ആത്മകഥ ഒരു ഓർമ്മപ്പെടുത്തൽ ആണ്. നമ്മളുടെ പുരോഗതിയും ജനാധിപത്യവും സ്വാതന്ത്ര്യ ലബ്ധി യുടെ 75 വർഷങ്ങൾക്കിപ്പുറം എവിടെ നിൽക്കുന്നു എന്നൊരു ഓർമ്മപ്പെടുത്തൽ. 'ഞാൻ സ്വർഗം ആവശ്യപ്പെടുന്നില്ല. എന്റെ യാചന ഈ ജീവിക്കുന്ന നരകത്തിൽ നിന്ന് ഒരു വിടുതൽ മാത്രം ആണ്' (225) എന്നു പറഞ്ഞ് വിദ്യ അവസാനിപ്പിക്കുമ്പോൾ നമ്മൾ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങണം. ഇനി വരുന്ന വർഷങ്ങളിൽ എങ്കിലും എല്ലാവരും ഒരുപോലെ പരിഗണിക്കപ്പെടുന്ന ഒരു ലോകത്തിന് വേണ്ടി.

ചർച്ചാവിഷയം

**മേഘ കുര്യൻ**
അധ്യാപിക , ബെംഗളൂരു



# ട്രാൻസ് സൗഹൃദകേരളം അവകാശങ്ങളും വെല്ലുവിളികളും



പുലർച്ചെ നാല് മണി. അഞ്ചര മണിയുടെ തിരുവനന്തപുരം ഫാസ്റ്റിന് പോകണം. അപ്പോഴാണ് ഡ്രൈവർ ബാബുവേട്ടന്റെ ഫോൺകാൾ. "മോളേ, എനിക്ക് കലശലായ പനി. മോള് വിഷമിക്കണ്ട, എന്റെ ബന്ധു ഒരു കക്ഷി ഉണ്ട്, കുഴപ്പമില്ലല്ലോ അല്ലേ?" സ്വല്പം ദേഷ്യം വന്നെങ്കിലും എന്ത് ചെയ്യാം, രോഗമല്ലേ.

"ശരി ബാബുവേട്ടാ" എന്ന് മറുപടി നൽകി ഫോൺ വച്ചു.

കൃത്യം നാലേമുക്കാലിന് ആളെത്തി. യാത്രയ്ക്കിടയിൽ വിവിധ വിഷയങ്ങൾ സംസാരിക്കവേ ബാബുവേട്ടന്റെ ബന്ധുവാണെന്നും സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനാന്തരബിരുദം നേടിയതിനുശേഷം സിവിൽസർവീസ് പരിശീലനം നടത്തിവരുകയാണെന്നും, താൻ ഒരു ട്രാൻസ്ജെൻഡർ വ്യക്തിയാണെന്നും അയാൾ പങ്കുവച്ചു. അങ്ങനെ കോട്ടയം ബസ് സ്റ്റാൻഡിൽ എത്തി. അവിടെ കംഫർട്ട് സ്റ്റേഷനിൽ എത്തിയ എന്നെ വിസ്മയപ്പെടുത്തിയത് അവിടുത്തെ പുതിയ സംവിധാനങ്ങൾ ആണ്. ചിരിക്കുന്ന ചേച്ചിയുടെയും ഗൗരവക്കാരനായ ചേട്ടന്റെയും ചിത്രങ്ങൾ അവിടെ കണ്ടില്ല. തൽസ്ഥാനത്തു ഒരു ബോർഡ് "Gender Neutral Comfort station."

വാച്ച് നോക്കി. ബസിനു സമയം ആയി. ഒരു സീറ്റിൽ ഇരുന്നു. തിരക്ക് കുറവാണ്. പെട്ടെന്നാണ് അത് എന്റെ ശ്രദ്ധ ആകർഷിച്ചത്. 'സ്ത്രീകൾ' 'പുരുഷന്മാർ' എന്നീ ബോർഡുകൾ എല്ലാം നീക്കം ചെയ്തിരിക്കുന്നു. എന്തൊരു മാറ്റമാണിത്!

യാത്രയുടെ ഉദ്ദേശ്യം എന്താണെന്നല്ലേ? എന്റെ പി.എച്ച്.ഡി ഗവേഷണ ചർച്ചയുമായി ബന്ധപ്പെട്ടുള്ള യാത്ര. ഇക്കണോമിക്സിൽ ഇന്ന് ഇന്ത്യയിലെ പ്രഗത്ഭയായ ഗൈഡ് നിരുപമ ദീക്ഷ. അവരുടെ കീഴിൽ പി.എച്ച്.ഡി എന്നത് എന്റെ വലിയ സ്വപ്നം ആണ്. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ നിന്നും പൊരുതിനേടിയ അക്കാദമിക് നേട്ടം തന്നെയാണ് ഡോ.നിരുപമയുടെ കീഴിൽ ഗവേഷണം നടത്താൻ എന്നെ സ്വാധീനിച്ച ഘടകം.



റിംഗ്... പെട്ടെന്ന് അലാറം ശബ്ദിച്ചു. പതിവുപോലെ ഓഫ് ആക്കി ഉറങ്ങാൻ ശ്രമിച്ചെങ്കിലും നടന്നില്ല.

മനോഹരമായ ഈ സ്വപ്നം എനിക്ക് പകർന്ന ഉന്മേഷം പറഞ്ഞറിയിക്കാൻ സാധിക്കില്ല. സ്വപ്നങ്ങൾ ഭാവിയെ തൊട്ടുണർത്തുന്ന പ്രതീക്ഷകളാണല്ലോ. വിദ്യാഭാസത്തിലൂടെ സമൂഹത്തിന്റെ ഉന്നതപടവുകൾ ചവിട്ടിക്കയറിയ ഡോ.നിരൂപമയും, സമൂഹത്തിന്റെ അവഗണനകൾ അനുഭവിക്കാതെ സാധാരണ ജീവിതം നയിക്കുന്ന ഇന്ത്യയുടെ ഭരണചക്രം തിരിക്കാൻ സ്വപ്നം കാണുന്ന മനുഷ്യനും, കംഫർട്ട് സ്റ്റേഷനു മുന്നിൽ 'ലിംഗ-ന്യൂട്രൽ ടോയ്‌ലറ്റ്' അല്ലെങ്കിൽ പുരുഷ/സ്ത്രീ ചിത്രങ്ങൾ ഇല്ലാത്തതുമെല്ലാം എന്റെ വെറും സ്വപ്നമായിരുന്നോ? അല്ല, മറിച്ചു ഇവയെല്ലാം ട്രാൻസ് ഇൻക്ലൂസീവ് പൊതുമണ്ഡലത്തിന്റെ അടയാളങ്ങളായിരുന്നു, ട്രാൻസ് ഫ്രണ്ട്‌ലി കേരളയെക്കുറിച്ചുള്ള എന്റെ ഏറെനാളത്തെ പ്രതീക്ഷകളാണ്. എന്റെ നിരീക്ഷണങ്ങളും പ്രതീക്ഷകളും പ്രാവർത്തികമാക്കാൻ പറ്റിയ ചുറ്റുപാട് കേരളത്തെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നുണ്ടോ എന്ന അന്വേഷണമാണ് ഈ ലേഖനം.

അമേരിക്കൻ തത്ത്വചിന്തകയും ലിംഗ സൈദ്ധാന്തികയുമായ ജൂഡിത്ത് പമേല ബട്ലർ, അവരുടെ രാഷ്ട്രീയ തത്ത്വചിന്ത, ധാർമ്മികത, ക്വീർ സിദ്ധാന്തം എന്നിവ ലിംഗ പഠനങ്ങളിലേക്കുള്ള എന്റെ സാഹിത്യ പ്രചോദനങ്ങളാണ്. ബട്ലറുടെ വാക്കുകളിൽ, "ശാരീരിക പെരുമാറ്റ ഭേദങ്ങളിൽ നിന്നാണ് ലിംഗബോധം / ലിംഗതന്മ ഉടലെടുക്കുന്നത്. അതുകൊണ്ടു തന്നെ ലിംഗതന്മ എന്നു പറയുന്നത് പ്രകടനാത്മകമാണ്. ജന്മനാ നിശ്ചയിക്കാവുന്നതല്ല." ജന്മനാ ഉണ്ടായിരുന്ന ലിംഗത്തിൽ നിന്ന് വ്യതിയാനം പ്രദർശിപ്പിക്കുന്ന, ലിംഗ വ്യക്തിത്വം, സ്വഭാവം, ലിംഗ പ്രകാശനം കാണിക്കുന്ന മനുഷ്യരെ പൊതുവായി വിശേഷിപ്പിക്കുന്ന പദമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. സമൂഹത്തിലെ മറ്റ് അംഗങ്ങൾ ആസ്വദിക്കുന്ന അവകാശങ്ങൾ, വിഭവങ്ങൾ, അവസരങ്ങൾ തുടങ്ങിയവയിൽ നിന്ന് ഒരു വ്യക്തിയെയോ സമൂഹത്തെയോ തടയുന്ന പ്രക്രിയയാണ് പാർശ്വവൽക്കരണം. ഈ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിൽ, സമൂഹം പലപ്പോഴും ട്രാൻസ്ജെൻഡർ വ്യക്തികളെ കൂടുതലായി അവഗണിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം ഭാരതത്തിൽ 480,000 ട്രാൻസ്ജൻഡർ വ്യക്തികൾ നിലവിലുണ്ട്.

ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കേരളം, വിവിധ ക്ഷേമപദ്ധതികൾ അവതരിപ്പിച്ചുകൊണ്ട് ഒരു 'ട്രാൻസ്ജെൻഡർ മോഡൽ സ്റ്റേറ്റ്' എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒരു സാംസ്കാരിക സ്വത്വം നിലനിൽക്കുന്നുണ്ടെങ്കിലും അത് കേരളത്തിൽ ഇല്ല എന്നതാണ് കേരള ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയെ വ്യത്യസ്തമാക്കുന്നത്.

2012 വരെ കേരളത്തിൽ നിലനിന്നിരുന്ന ഉയർന്ന വിവേചന നിരക്ക് കാരണം നിരവധി ട്രാൻസ്ജെൻഡർ വ്യക്തികൾ ബെംഗളൂരുവിലേക്ക് പലായനം ചെയ്യുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അവരിൽ പലരും ബെംഗളൂരുവിലെ ഹിജ്റാസ് കമ്മ്യൂണിറ്റിയിൽ പ്രവേശിച്ചു, കമ്മ്യൂണിറ്റി അംഗങ്ങളായി മാറിയിരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്കു ഇത് ഒരു ഇരുണ്ട യുഗമായിരുന്നു, കാരണം, ഈ സമയത്ത് അവർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. ഇപ്പോൾ കാറ്റ് ഈ സമൂഹത്തിന് അനുകൂലമായതിനാൽ, പലരും അടുത്ത കാലത്തായി കേരളത്തിലേക്ക് മടങ്ങി വരുന്നതായി കണ്ടുവരുന്നു.



കേരളത്തിന്റെ പരിവർത്തനത്തിനു തുടക്കം കുറിച്ചത് 2014 ലെ 10 ദിവസത്തെ സംസ്ഥാന സർവ്വേയാണ്. ഇതിൽ 14 ജില്ലകളും ഉൾപ്പെടുത്തിയിരുന്നു. ഇതിനുശേഷം സംസ്ഥാന ട്രാൻസ്ജെൻഡർ പോളിസി, ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് സ്ഥാപനം, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ സ്കൂൾ, സ്കോളർഷിപ്പുകൾ, ആരോഗ്യ ക്ലിനിക്കുകൾ, വാർദ്ധക്യ പെൻഷനുകൾ, വിവിധതരം സാഹിത്യ പരിപാടികൾ, ഫാഷൻ ഷോകൾ, കൊച്ചിൻ മെട്രോ നിയമനം എന്നിവ കേരളത്തിലെ ട്രാൻസ് അനുകൂല പദ്ധതികളാണ്.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ ദൈനംദിന ജീവിതത്തിൽ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള ഏറ്റവും അനുയോജ്യമായ വേദിയാണ് കേരളത്തിലെ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്. ട്രാൻസ്ജെൻഡർ അസോസിയേഷനുകളുമായി ചേർന്ന്, ട്രാൻസ്ജെൻഡർ വ്യക്തികൾക്കു ആത്മവിശ്വാസം പകരുന്നതിനും അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിനുള്ള ഒരു സ്ഥാപനമായി ബോർഡ് നിലകൊള്ളുന്നു.

സേജ് പബ്ലിക്കേഷൻസിന്റെ ഇന്ത്യൻ ജേർണൽ ഓഫ് ജൻഡർ സ്റ്റഡീസിൽ പ്രസിദ്ധീകരിച്ച ‘മുഖ്യധാരയിലെ ട്രാൻസ്ജൻഡർ വ്യക്തികൾ: കേരളത്തിലെ ക്ഷേമപദ്ധതികൾ-കൊച്ചി മെട്രോ റെയിൽ പദ്ധതി, വിദ്യാഭ്യാസ പരിപാടി, ആരോഗ്യ ക്ലിനിക്കുകൾ, വാർദ്ധക്യ പെൻഷൻ’ എന്ന എന്റെ പഠനത്തിന്റെ ഭാഗമായി നടത്തിയ അഭിമുഖങ്ങളിൽ ലഭിച്ച പ്രതികരണങ്ങളിൽ ഒന്ന് ഇങ്ങനെയാണ്, “ബോർഡ് സ്ഥാപിതമായപ്പോൾ ഞാൻ വളരെ സന്തുഷ്ടനായിരുന്നു. ഞങ്ങൾക്ക് ഒരു ജസ്റ്റിസ് ബോർഡ്. എന്റെ സുഹൃത്തുക്കളും അടുത്ത ബന്ധുക്കളും കുടുംബവും എന്നെ പിന്തുണയ്ക്കുന്ന ആരെല്ലാമോ എനിക്കുള്ളതുപോലെ.” ലിംഗമാറ്റ വ്യക്തികളുടെ അവകാശങ്ങൾ നടപ്പിലാക്കുക,ഉറപ്പാക്കുക, അവരെ സമൂഹത്തിന്റെ



മുഖ്യധാരയിലേക്ക് കൊണ്ടുവരുക തുടങ്ങിയവ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കുവേണ്ടിയുള്ള കേരളസർക്കാരിന്റെ പ്രയത്നങ്ങൾ അഭിനന്ദാർഹമാണെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ അധികം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന്, 2016-17 ലെ ബജറ്റ് അവതരണത്തിൽ ധനകാര്യമന്ത്രി ശ്രീ തോമസ് ഐസക് 60 വയസിനു മുകളിലുള്ള ട്രാൻസ്ജിൻഡർ വ്യക്തികൾക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചു.



Source: Kerala Transgender Survey (2014-15)

2014-15 ലെ കേരള ട്രാൻസ്ജൻഡർ സർവേയും 2017 ലെ എന്റെ പഠനവും ഒരേ സ്വരത്തിൽ വിരൽചൂണ്ടുന്ന വസ്തുതയാണ് 60 വയസിനു മുകളിലുള്ള ട്രാൻസ്ജൻഡർ വ്യക്തികൾ കേരളത്തിൽ ഗണ്യമായും കുറവാണ് എന്നുള്ളത്. പ്രായം കൂടുന്നതിനനുസരിച്ച് ഈ ന്യൂനപക്ഷ ജനസംഖ്യ കണ്ടെത്തുന്നത് വളരെ പ്രയാസമാണ്. ദാരിദ്ര്യം, എച്ച്ഐവി എയ്ഡ്സ്, പോഷകാഹാരക്കുറവ് തുടങ്ങിയവ കാരണം അവരിൽ ഭൂരിഭാഗവും ആത്മഹത്യ ചെയ്യുന്നു അല്ലെങ്കിൽ 50-ന് ശേഷം അതിജീവിക്കുന്നില്ല എന്നതാണ് ഇതിന് കാരണം. അതിനാൽ തന്നെ, ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ കമ്മ്യൂണിറ്റിയുടെ ഭൂരിഭാഗത്തിനും ലഭ്യമാകില്ല. പദ്ധതി ആസൂത്രണത്തിൽ ട്രാൻസ്ജൻഡർ കമ്മ്യൂണിറ്റിയുടെ പ്രതീക്ഷിത ജീവിതദൈർഘ്യം കൂടി കണക്കിലെടുത്തു മാറ്റങ്ങൾ കൊണ്ടുവന്നാൽ അഭികാമ്യം ആയിരിക്കും.

**കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായുള്ള ട്രാൻസ്ജൻഡർ നിയമനം. ഈ പദ്ധതിക്കെതിരെ ട്രാൻസ് കമ്മ്യൂണിറ്റിയിൽ നിന്ന് തന്നെ വിവിധ വിമർശനങ്ങൾ ഉയർന്നുവന്നിരുന്നു. ഈ പദ്ധതി 'ശുദ്ധമായ പബ്ലിസിറ്റിയുടെ' ഭാഗമായിരുന്നുവെന്നും ഈ ട്രാൻസ്ജെൻഡർ വ്യക്തികളെ കുടുംബശ്രീയാണ് ഔട്സോഴ്സ് ചെയ്തതെന്നും ഇത് ഒരു കരാർ ജോലിയായിരുന്നുവെന്നും, അവർക്ക് കുറഞ്ഞ ശമ്പളവും പൂജ്യം ആനുകൂല്യങ്ങളും കൂടാതെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം എന്ന കരാറിലാണെന്നും പിന്നീട് തെളിയുകയുണ്ടായി.**

അന്താരാഷ്ട്ര വാർത്താദിനപത്രങ്ങൾ പോലും കേരളസർക്കാരിന് അഭിനന്ദനവർഷം പൊഴിച്ച ഒരു പദ്ധതിയായിരുന്നു കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായുള്ള ട്രാൻസ്ജൻഡർ നിയമനം. ഈ പദ്ധതിക്കെതിരെ ട്രാൻസ് കമ്മ്യൂണിറ്റിയിൽ നിന്ന് തന്നെ വിവിധ വിമർശനങ്ങൾ ഉയർന്നുവന്നിരുന്നു. ഈ പദ്ധതി 'ശുദ്ധമായ പബ്ലിസിറ്റിയുടെ' ഭാഗമായിരുന്നുവെന്നും ഈ ട്രാൻസ്ജെൻഡർ വ്യക്തികളെ കുടുംബശ്രീയാണ് ഔട്സോഴ്സ് ചെയ്തതെന്നും ഇത് ഒരു കരാർ ജോലിയായിരുന്നുവെന്നും, അവർക്ക് കുറഞ്ഞ ശമ്പളവും പൂജ്യം ആനുകൂല്യങ്ങളും കൂടാതെ എപ്പോൾ വേണമെങ്കിലും പി



രിച്ചുവിടാം എന്ന കരാറിലാണെന്നും പിന്നീട് തെളിയുകയുണ്ടായി. അതോടൊപ്പം, ഈ ലിംഗ ന്യൂനപക്ഷ സമുദായത്തിന് മാന്യമായ ജീവിതനിലവാരം ഉറപ്പാക്കാൻ കെ.എം. ആർ.എല്ലിനു സാധിച്ചോ എന്നും പരിശോധിക്കേണ്ടതാണ്. 8000–12000 വരെയുള്ള ശമ്പളം, കൊച്ചി പോലുള്ള ഒരു മെട്രോപൊളിറ്റൻ നഗരത്തിൽ ജീവിക്കുന്നതിനു തികച്ചും അപര്യാപ്തമാണ്. ജീവിതച്ചെലവ് സൂചിക (ഫെബ്രുവരി 2018 വിലകൾ) പ്രകാരം വാടകയില്ലാതെ കൊച്ചിയിലെ ഒരു വ്യക്തിയുടെ ജീവിതച്ചെലവ് 17,989.49 രൂപയാണ്. വാടകയില്ലാതെ ഒരാൾക്ക് കൊച്ചിയിൽ താമസിക്കാൻ 17,989 രൂപ വേണമെങ്കിൽ, എങ്ങനെ ട്രാൻസ്ജെൻഡർ വ്യക്തികൾ ജോലിയിൽ തുടരുമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവും? ഈ സുപ്രധാന ചോദ്യം നയരൂപകർത്താക്കൾ തീർച്ചയായും അഭിസംബോധന ചെയ്യേണ്ടതുണ്ട്.

## സാമ്പത്തിക അസമത്വം

Source: Kerala Transgender Survey (2014-15)

2014 15 ലെ കേരള ട്രാൻസ്ജൻഡർ സർവേയും 2017 ലെ എന്റെ പഠനവും ചൂണ്ടിക്കാണിക്കുന്നത് ബിപിഎൽ വിഭാഗത്തിലുള്ള കമ്മ്യൂണിറ്റി അംഗങ്ങൾ ആണ് കേരളത്തിൽ കൂടുതൽ എന്നാണ്. ജിനി ഗുണകം (GINI COEFFICIENT) പ്രകാരം ഇന്ത്യയിൽ സാമ്പത്തിക അസമത്വം ( 47.9) വളരെ കൂടുതലാണ്. എങ്കിൽ സ്ത്രീ –പുരുഷ ലിംഗ വിഭാഗങ്ങളെക്കാൾ മൂന്നിരട്ടി വിവേചനം അനുഭവിക്കുന്ന ട്രാൻസ്ജൻഡർ കമ്മ്യൂണിറ്റി എന്ന ഈ ലിംഗ ന്യൂനപക്ഷത്തിന്റെ സാമ്പത്തിക അസമത്വം എത്രെയോ അധികമായിരിക്കും. സമൂഹത്തിൽ ഉന്നത സ്ഥാനത്തേക്കുയരുന്ന കമ്മ്യൂണിറ്റി അംഗങ്ങൾ നിലവിൽ ഉണ്ടെങ്കിലും ഒരു വലിയ വിഭാഗവും സാമ്പത്തികമായും വളരെ പിന്നാക്കമാണ്.

സാമ്പത്തിക സ്വാതന്ത്ര്യം കൈവരിക്കുക എന്നതാണ് ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയുടെ ഏറ്റവും പ്രധാന വെല്ലുവിളി. അതിനായി വിദ്യാഭാസം, തൊഴിൽ എന്നിവ ആവശ്യമാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കാര്യത്തിലെന്നപോലെ, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കു തൊഴിലവസരങ്ങൾ നല്കുന്നതിലൂടെ അവരിൽ ഭിക്ഷാടകരുടെയും ലൈംഗികത്തൊഴിലാളികളുടെയും എണ്ണം കുറയ്ക്കുന്നതിനു കഴിയും. മറ്റു ജീവിതമാർഗങ്ങളില്ലാത്തതിനാലാണ് അവരിൽ പലരും ലൈംഗികവേലയോ ഭിക്ഷാടനമോ ഏറ്റെടുക്കാൻ നിർബന്ധിതരാകുന്നത്. മറിച്ചു, ഈ തൊഴിലിൽ അവർ സംതൃപ്തരായതിനാൽ അല്ല.

വിദ്യാഭ്യാസത്തിന്റെ കാര്യം എടുത്താലോ? വിദ്യാലയങ്ങളിൽ നിന്ന് പുറത്താവുന്ന ട്രാൻസ്ജൻഡർ വ്യക്തികളുടെ ശതമാനം വളരെ കൂടുതലും ഉന്നതവിദ്യാഭ്യാസം കൈവരിച്ചവരുടെ ശതമാനം വളരെ കുറവുമാണ്. കേരള ട്രാൻസ്ജൻഡർ സർവേ പ്രകാരം 58 % ട്രാൻസ്ജൻഡർ വ്യക്തികളും 10–ാം തരം പൂർത്തിയാകുന്നതിനു മുൻപേ തന്നെ പഠനം നിർത്തേണ്ടി വന്നവരാ

ണ്. വിദ്യാർത്ഥികൾ, അധ്യാപകർ, അധികാരികൾ തുടങ്ങിയവരിൽ നിന്നും കയ്പേറിയ അനുഭവങ്ങൾ നേരിടേണ്ടിവന്നുവെന്ന് അവരിൽ ഭൂരിഭാഗവും സമ്മതിക്കുന്നു. ഇത് അവരെ വളരെ പ്രതികൂലമായി ബാധിക്കുകയും പഠനം തുടരുന്നത് ബുദ്ധിമുട്ടിലാക്കുകയും ചെയ്തു. ഏതൊരു പരിവർത്തനത്തിനും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം. മാന്യമായ ജീവിതനിലവാരം പുലർത്തുന്നതിന്, ഒരു ട്രാൻസ്ജെൻഡർ വിദ്യാർഥിക്കുപോലും പഠനം നിർത്തേണ്ടി വരില്ലെന്ന് സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതുണ്ട്. അതിനാൽ അവരുടെ സ്കൂൾ വിദ്യാഭ്യാസം തുടരുന്നതിന് അനുകൂലമായ അന്തരീക്ഷം ലഭ്യമാക്കണം.



ട്രാൻസ്ജൻഡർ വ്യക്തികൾക്കായി ഷെൽട്ടർ ഹോമുകൾ എന്ന ആശയം പല ചർച്ചകളിലും മുഴങ്ങികേട്ടിട്ടുണ്ടെങ്കിലും ഭാഗികമായേ അതിനെ അനുകൂലിക്കാൻ സാധിക്കുകയുള്ളു. ഷെൽട്ടർ ഹോമുകൾ താത്കാലിക ആശ്വാസം പ്രദാനം ചെയ്യുമെങ്കിലും എന്തുകൊണ്ട് "വീട് -നമ്മുടെ കരുതൽ" പദ്ധതി മുന്നോട്ടുവെച്ചുകൂടാ? ലക്ഷംവീട് കോളനി മോഡലിൽ ഒരു പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ വീട് എന്ന സ്വപ്നത്തോടോപ്പം കരുതലിന്റെ സംരക്ഷണബോധവും അവർക്കു ലഭിക്കും.

സർക്കാർ വിഭാവനം ചെയ്ത നിരവധി ക്ഷേമ നയങ്ങൾ ഉണ്ടെങ്കിലും, അവ നടപ്പിലാക്കുന്നതിൽ പൂർണവിജയം കൈവരിച്ചുവോ എന്നത് ചർച്ചചെയ്യേണ്ട ഒന്നാണ്. ക്ഷേമപദ്ധതികൾ ഒരു ന്യൂനപക്ഷ സമൂഹത്തിന്റെ വിമോചനത്തിന് നിർണ്ണായകമാണെന്നത് ശരിയാണ്, കേരള സർക്കാരും സജീവമായ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും കേരളത്തിലെ ശക്തരും ധീരരുമായ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ സഹകരണവും പ്രശംസനീയമാണ്. ക്ഷേമപദ്ധതികളുടെ പ്രഖ്യാപനം യാഥാർത്ഥ്യത്തിലേക്ക് മാറിയാൽ മാത്രമേ പ്രകടമായ മാറ്റങ്ങൾ സംഭവിക്കൂ. നയനിർമ്മാതാക്കൾ വസ്തുതകൾ പരിഗണിക്കണം. ട്രാൻസ്ജെൻഡർ സമൂഹത്തിന് യഥാർത്ഥത്തിൽ ആവശ്യമായ, ഉചിതമായ നയങ്ങൾ കൊണ്ടുവരുക. അതിനാൽ പോളിസികളുടെ രൂപീകരണം അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഒരു പദ്ധതി, അത് ശരിയായ കരങ്ങളിൽ കാലതാമസം കൂടാതെ എത്തുമ്പോഴാണ് പദ്ധതിയുടെ ഫലപ്രാപ്തി നിർണയിക്കാൻ സാധിക്കുക, അങ്ങനെയുള്ള പദ്ധതികളാണ് ഒരു കമ്മ്യൂണിറ്റിയുടെ വികസനത്തിന്റെ ദൈർഘ്യം തീരുമാനിക്കുന്നത് .

സമൂഹത്തിന്റെ ഔദാര്യം അവർക്കാവശ്യമില്ല, മറിച്ച് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14 സമത്വാവകാശപ്രകാരം ഇത് ട്രാൻസ്ജൻഡർ കമ്മ്യൂണിറ്റിയുടെ അവകാശമാണ്. 1800-കളിൽ ആരംഭിച്ച ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ ഇന്നും ഇന്ത്യൻ മഹാരാജ്യം കൈവരിച്ചിട്ടില്ല. നൂറ്റാണ്ടുകൾക്കുശേഷം ഇന്നും സ്ത്രീ-പുരുഷ തുല്യതയ്ക്കായി മുറവിളി കൂട്ടുന്ന ഈ സമൂഹത്തിൽ ട്രാൻസ്ജൻഡർ കമ്മ്യൂണിറ്റിയുടെ പോരാട്ടങ്ങൾക്കും കാലതാമസം നേരിടുമെന്നതിൽ സംശയമില്ല. സാമൂഹിക അവഗണനകൾ കുറക്കുന്നതിനും മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ കമ്മ്യൂണിറ്റിയിലേക്കു എത്തിക്കേണ്ടതും ആവശ്യമാണ്. അവഗണനകൾ തുടക്കം കുറിക്കുന്ന വീടുകളിൽ, ഇനിയെങ്കിലും ജനാധ്യപത്യം ഉറപ്പുവരുത്തുക. ഇനിയും ട്രാൻസ്ജൻഡർ മരണങ്ങൾ സംഭവിക്കാതിരിക്കട്ടെ. സാമൂഹിക കൊലപാതകങ്ങൾക്ക് കേരളം സാക്ഷിയാവാതിരിക്കട്ടെ. ലിംഗസമത്വം സാക്ഷാത്കരിക്കാം. ആ ഒരു നാളേക്കായി സ്വപ്നം കാണാം.



അജിത കെ.

# കമലാ ഭാസിൻ

## ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളി!



കമലാഭാസിന്റെ വിയോഗത്തിലൂടെ ഒരു ഇതിഹാസമാണ് നഷ്ടമായത്. ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ഒരു തിളങ്ങുന്ന നക്ഷത്രമാണ് കമല. അവരെ കാണാനും സംസാരിക്കാനും അവസരം കിട്ടിയ ഒരാൾക്കും അവരെ പിന്നെ മറക്കാനാവില്ല. അത്രമാത്രം ഊർജ്ജം പ്രസരിപ്പിക്കുന്ന ഒരു അസാമാന്യ വ്യക്തിത്വമാണ് കമല. ഏറെയൊന്നും എനിക്ക് പറയാനില്ല. പക്ഷെ ഇന്ന് പല സമരമുഖങ്ങളിലും നമ്മൾ മുഴങ്ങിക്കേൾക്കുന്ന ആ വിപ്ളവഗാനമില്ലേ? ആസാദിപ്പാട്ട്!അതിന്റെ ഉത്ഭവം ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്നുവേണ്ടി കമല ഉണ്ടാക്കിയ ആ ആവേശം തുളുമ്പുന്ന ആസാദിപ്പാട്ടാണ്. പിന്നെ വന്നതെല്ലാം അതിൻെറ അനുകരണങ്ങളാണ്. തീർച്ചയായും അടിച്ചമർത്തപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കെല്ലാം സമരാവേശം പകരുന്ന ഒരു പാട്ടാണിത്. അതുണ്ടാക്കിയതിന്റെ സ്രോതസ്സ് കമലാഭാസിനല്ലാതെ മറ്റാരുമല്ല. അവരുടെ ഓർമ്മകൾ എനിക്കേറെ വേദനയും അതോടൊപ്പം ശക്തിയും പകർന്നുതരുന്നു. അവർ മരിക്കുകയില്ല. പോരാടുന്ന പ്രസ്ഥാനങ്ങൾക്കിടയിൽ അവർ എന്നെന്നും ജീവിക്കും....!



# ട്രാൻസ്ജെൻഡർ ക്ഷേമത്തിലൂന്നി കോഴിക്കോടിന്റെ 'പുനർജ്ജനി'




**സിസിലി ജോർജ്**
പ്രസിഡന്റ്, പുനർജ്ജനി സി. ബി. ഓ.
കോഴിക്കോട്


കോഴിക്കോട് സ്വദേശിനിയാണ് ഞാൻ. അച്ഛനും അമ്മയ്ക്കും ഞങ്ങൾ അഞ്ച് മക്കളായിരുന്നു. അച്ഛൻ മരിച്ചിട്ട് ഇപ്പോൾ പതിനൊന്നു വർഷമാകുന്നു. എനിക്ക് നാലു സഹോദരിമാരാണ് ഉള്ളത്. വീട്ടുകാർ എന്റെ വ്യക്തിത്വം ഇപ്പോൾ അംഗീകരിച്ചു കഴിഞ്ഞു. കോഴിക്കോട് കച്ചേരിക്കുന്നിലാണ് താമസിക്കുന്നത്. കുറച്ചുകാലം അമ്മ കൂടെ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ തനിച്ചാണ് താമസം. പതിനെട്ടു വർഷമായി താമസിക്കുന്ന ഒളവണ്ണ പഞ്ചായത്തിൽ, ഒരു തരത്തിലുള്ള മാറ്റിനിർത്താലോ അവഗണനയോ നേരിടേണ്ടി വന്നിട്ടില്ല. ഈ പഞ്ചായത്തിൽ തന്നെയാണ് ഞാൻ ട്രാൻസ് ഐഡന്റിറ്റിയിൽ ആദ്യമായി വോട്ട് രേഖപെടുത്തുന്നത്. കഴിഞ്ഞ കുറെ കാലങ്ങളായി പൊതു സമൂഹത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് പറയാൻ കഴിയും. കോഴിക്കോട് ജില്ലയിൽ ആദ്യമായി ട്രാൻസ് ഐഡന്റിറ്റിയിൽ വോട്ടേഴ്സ് കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ് തുടങ്ങിയവ ലഭിച്ചത് എനിക്കാണ്. കോഴിക്കോട് ലോക് അദാലത്തിൽ ആദ്യ ട്രാൻസ്ജെൻഡർ പാരാ-വോളണ്ടിയർ ആയി പ്രവർത്തിക്കാനും എനിക്ക് സാധിച്ചു.

## പുനർജ്ജനി കൾച്ചറൽ സൊസൈറ്റി

കോഴിക്കോട് ജില്ലയിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി പുനർജ്ജനി കൾച്ചറൽ സൊസൈറ്റി ഫോർ ട്രാൻസ്ജെൻഡർ വെൽഫെയർ തുടങ്ങാൻ കഴിഞ്ഞത് വലിയൊരു നേട്ടമാണ്. പതിനഞ്ചു വർഷങ്ങൾക്ക് മുൻപ് കേരളത്തിൽ ട്രാൻസ്ജെൻഡർ സമൂഹം സ്വത്വം വെളിപ്പെടുത്താതെ സമൂഹത്തെ ഭയന്ന് സ്വയം ഉൾവലിഞ്ഞു ജീവിക്കുകയായിരുന്നു. 2005-2006 കാലഘട്ടത്തിൽ ഞാൻ കേരള എയ്ഡ്സ് കണ്ട്രോൾ ബോർഡ് സൊസൈറ്റി വഴി ഞടങ വിഭാഗത്തിന്റെ ഇടയിൽ നടപ്പിൽ വരുത്തിയ സുരക്ഷ പ്രോജെക്ടിൽ ഫീൽഡ് വർക്കർ ആയി ജോലി ചെയ്തിരുന്നു. അങ്ങനെ ഒരുപാടു കമ്മ്യൂണിറ്റി അംഗങ്ങളോട് അടുത്തിടപഴകാനും സംവദിക്കാനും എനിക്ക് സാധിച്ചിരുന്നു. ഈ ഒരു അനുഭവ പരിചയത്തിന്റെയും ബന്ധത്തിന്റെയും അടിസ്ഥാനത്തിലാണ് ഞാൻ 'പുനർജ്ജനി' എന്ന സം



► ജില്ലാതല ലോക് അദാലത്തിൽ ജഡ്ജിയായി സിസിലി ജോർജ്

# ആദ്യ ട്രാൻസ്ജെൻഡർ ജഡ്ജിയായി സിസിലി ജോർജ്

സ്വന്തം ലേഖിക

**കോഴിക്കോട്** > ജില്ലാതല ലോക് അദാലത്തിൽ ആദ്യ ട്രാൻസ്ജെൻഡർ ജഡ്ജിയായി സിസിലി ജോർജ്. ജില്ലാ കോടതിയിൽ നടന്ന അദാലത്തിലാണ് ട്രാൻസ്ജെൻഡേഴ്സിന് ചരിത്ര മുഹൂർത്തം നൽകി സിസിലി ജോർജിന്റെ വിധിനിർണയം ഉണ്ടായത്.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ബി പ്രദീപ്കുമാറിനൊപ്പമാണ് സിസിലി പരാതികൾ കേട്ട് പരിഹാരം നിർദേശിച്ചത്. 'ഇത് അഭിമാന നിമിഷമാണ്. സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പമാണ് ട്രാൻസ്ജെൻഡേഴ്സിന്റെ സ്ഥാനമെന്ന് സാക്ഷ്യപ്പെടുത്തുന്നതായിരുന്ന അനുഭവം. മറ്റുള്ളവരുടെ പരാതികൾ കേൾക്കാനും ഇടപെടാനും അവസരമുണ്ടായി. ഇത് നല്ല തുടക്കമാണെന്നും' സിസിലി പറഞ്ഞു. മൊത്തം ഒൻപത് പരാതികളാണ് അദാലത്തിന് എത്തിയത്. കുടുംബവും ബാങ്ക് സംബന്ധ പരാതികളായിരുന്നു. ഇതിൽ മൂന്നെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചു. ബാക്കിയുള്ളവ അടുത്ത അദാലത്തിൽ പരിഗണിക്കും.

ട്രാൻസ്ജെൻഡേഴ്സിന്റെ മുന്നേറ്റത്തിനായി നേതൃനിരയിൽ പ്രവർത്തിക്കുന്നയാളാണ് സിസിലി. ജില്ലയിലെ ടിജി കോ-ഓഡിനേറ്ററും പുനർജനി സാംസ്കാരിക ക്ലബിന്റെ പ്രസിഡന്റുമാണ്.

ഘടന 2016 ൽ രൂപീകരിക്കുന്നത്. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയുടെ ഉന്ന മനത്തിനും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുക എന്നതാണ് സംഘടന യുടെ പ്രധാന ലക്ഷ്യം. കോഴിക്കോട് ജില്ല പ്രതിനിധീകരിച്ചാണ് പ്രവർത്ത നം. രൂപീകരണകാലം മുതൽ 300 ഓളം ട്രാൻസ് വ്യക്തികൾ സംഘടന യിൽ അംഗങ്ങളായി ഉണ്ട്. അവരിൽ പൊതു സമൂഹത്തിൽ ജെൻഡർ ഐ ഡന്റിറ്റി വെളുപ്പെടുത്തിയവരും ഇപ്പോഴും ഐഡന്റിറ്റി വെളിപ്പെടുത്താത്ത വരുമുണ്ട്. തുടക്കകാലത്ത് അംഗങ്ങൾക്ക് സംഘടനയുടെ ഐഡന്റിറ്റി കാർഡ് നൽ കിയിരുന്നു. 230 അംഗങ്ങൾക്ക് ആ സമയ ത്ത് കാർഡ് നൽകിയിട്ടുണ്ട്. അതിനു ശേ ഷമാണ് സാമൂഹിക വകുപ്പിന്റെ കാർഡ് നിലവിൽ വന്നത്. ഇപ്പോൾ ട്രാൻസ് ഐ ഡന്റിറ്റി കാർഡ് ഓൺലൈൻ അപേക്ഷ വ ഴിയാണ് ലഭിക്കുന്നത്.




18നു വയസിനു മുകളിൽ പ്രായമുള്ള വ്യക്തികൾക്കാണ് സംഘടനയിൽ അംഗ ത്വം കൊടുക്കുന്നത്. മൂന്ന് വർഷം കൂടു മ്പോൾ സംഘടനയുടെ ഭാരവാഹികൾ മാ റുന്നു. സംഘടനയുടെ ഫൗണ്ടറായ ഞാ നാണ് നിലവിലെ പ്രസിഡന്റ്. നിലവിലു ള്ള അംഗങ്ങളിൽ എട്ടോളം പേർ ട്രാൻസ് പുരുഷന്മാർ ആണ്. സംഘടനയുടെ വാർ ഷിക പരിപാടിയായ “ചമയം” അതിവിപു ലമായിതന്നെ നടത്താറുണ്ട്. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള ട്രാൻസ് മ നുഷ്യരുടെ പങ്കാളിത്തം കൊണ്ട് ഈ പ രിപാടി ശ്രദ്ധിക്കപ്പെട്ടിരുന്നു.


സംഘടനയ്ക്ക് വരുമാനമോ സാമ്പത്തി കമോ ഇല്ലാത്തത് വലിയ തോതിലുള്ള പ്ര വർത്തനങ്ങൾക്ക് തടസമാണ്. ചെറിയ സ ഹായങ്ങൾ ഞങ്ങളാൽ കഴിയുന്ന പോലെ ചെയ്യുന്നുണ്ട്. സർക്കാർ പദ്ധതികൾ ക മ്മ്യൂണിറ്റി അംഗങ്ങളെ അറിയിക്കാനും അ വരിലെത്തിക്കാനും ശ്രമിക്കാറുണ്ട്.




രാഷ്ട്രീയപരമായ പങ്കാളിത്തം ലഭിച്ചാൽ മാത്രമേ ട്രാൻ സ് വ്യക്തികൾക്ക് നയരൂപീകരണത്തിൽ പങ്കെടുക്കാനും അവരുടേതായ അഭിപ്രായങ്ങൾ പങ്ക് വെക്കാനും സാധി ക്കുകയുള്ളു. അത് കൊണ്ട് തന്നെ ഒരു വാർഡ് മെമ്പർ ആയെങ്കിലും മത്സരിച്ചു വിജയിക്കുക എന്നത് എന്റെ ഒരാ ഗ്രഹമാണ്. ട്രാൻസ് വ്യക്തികൾക്കായി കേരളത്തിൽ പു തുതായി ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഡെ മോക്രാറ്റിക് ട്രാൻസ്ജെൻഡർ ഫെഡറേഷൻ ഓഫ് കേര ള എന്നാണ് പാർട്ടിയുടെ പേര് . അതിന്റെ അംഗത്വം സ്വീ കരിച്ചു തുടങ്ങിയിട്ടേ ഉള്ളു. രാഷ്ട്രീയ രംഗങ്ങളിലെ ട്രാൻ സ്ജെൻഡർ പ്രതിനിധാനം ട്രാൻസ് വ്യക്തികൾക്ക് തീർച്ച യായും ആവശ്യമാണ്. പഞ്ചായത്തു തലങ്ങളിലെങ്കിലും വി ജയിക്കാനും മെമ്പർമാരാവാനും സാധിച്ചാൽ സമൂഹത്തിൽ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരാനാവും.

### ഷോട്ട് സ്റ്റേ ഹോം

കേരള സർക്കാർ ട്രാൻസ് വ്യക്തികൾക്കായി വിഭാവനം ചെയ്ത പദ്ധതികളുടെ ഗുണഫലം കമ്മ്യൂണിറ്റി മെമ്പർമാരിലേക്ക് എത്തിക്കാനായി പുനർജ്ജനി പരിശ്രമിക്കുന്നു. ട്രാൻസ് വ്യക്തികൾക്കായി സർക്കാർ അനുവദിച്ച അഞ്ച് ഷെൽട്ടർ ഹോമുകളിൽ കോഴിക്കോട് പ്രവർത്തിച്ച ഷെൽട്ടർ ഹോമിന്റെ നടത്തിപ്പിക്കവകാശം പുനർജ്ജനി സംഘടനക്കായിരുന്നു. കോഴിക്കോട് ഇരിങ്ങാടമ്പള്ളിയിലാണ് അത് പ്രവർത്തിക്കുന്നത്. പതിനേഴു മാസമായിരുന്നു പ്രവർത്തന കാലാവധി. ഇതിന്റെ ഭാഗമായി ഒരുപാടു ട്രാൻസ് വ്യക്തികൾക്ക് അഭയം നല്കാൻ സാധിച്ചിട്ടുണ്ട്. ഞാൻ ആയിരുന്നു ഹോമിന്റെ മാനേജർ. ഘട്ടം ഘട്ടമായിരുന്നു സർക്കാർ ഫണ്ട് ലഭിച്ചത്. നല്ല രീതിയിൽ ആണ് ഞങ്ങൾ ഷെൽട്ടർ ഹോമിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കഴിഞ്ഞ മാർച്ചിലാണ് ഷോട്ട് സ്റ്റേ ഹോമിന്റെ ഒന്നര വർഷത്തെ പ്രവർത്തങ്ങൾ അവസാനിച്ചത്. ഈ വർഷം സർക്കാർ ഷോട്ട് സ്റ്റേ ഹോമിന്റെ പ്രവർത്തങ്ങൾ ഏൽപ്പിച്ചത് എൻ. ജി. ഓകളെയാണ്. ഇതിനെതിരെയുള്ള ഞങ്ങളുടെ പരാതിയും പ്രതിഷേധവും ഞങ്ങൾ രേഖാമൂലം സർക്കാരിനെ ബോധിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി അധിഷ്ഠിത സംഘടനകളെ പോലെ എൻ. ജി. ഒ. കൾക്ക് കമ്മ്യൂണിറ്റി പ്രശ്നങ്ങൾ മനസിലാക്കി പ്രവർത്തിക്കാൻ സാധിക്കില്ല. കമ്മ്യൂണിറ്റി അംഗങ്ങൾക്ക് ജോലി നൽകാൻ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം സി. ബി. ഓ. കളെ ഏൽപ്പിക്കുന്നതാണുചിതം, കാരണം സി. ബി. ഓ. കളിൽ കമ്മ്യൂണിറ്റി അംഗങ്ങളല്ലാത്തവരുമുണ്ടാകും.





### ട്രാൻസ്ജെൻഡർ പോളിസിയും കേരളവും

ട്രാൻസ്ജെൻഡർ പോളിസിയുടെ മുന്നൊരുക്കമായുള്ള ട്രാൻസ്ജെൻഡർ സർവ്വേയുടെ ഭാഗമായും ഞാൻ പ്രവർത്തിച്ചിരുന്നു. സമൂഹത്തിൽ സ്വത്വം വെളിപ്പെടുത്താതെ നിന്നവരടക്കമുള്ള കമ്മ്യൂണിറ്റി അംഗങ്ങൾക്ക് പുറത്തു വരാനും സാമൂഹിക അംഗീകാരം നേടാനുമുള്ള അവസരമുണ്ടാക്കിക്കൊടുക്കാൻ ട്രാൻസ്ജെൻഡർ പോളിസിയ്ക്കു കഴിഞ്ഞിട്ടുണ്ട്. ട്രാൻസ്ജെൻഡർ പോളിസി വന്നതിനു ശേഷമാണ് കോഴിക്കോട് ജില്ലയിൽ പൊതുധാരയിൽ കൂടുതലായി ട്രാൻസ് വ്യക്തികളെ കാണാൻ തുടങ്ങിയത്. കമ്മ്യൂണിറ്റിയുടെ ക്ഷേമത്തിനായുള്ള ഒരുപാട് പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ട്രാൻസ് അനുകൂലമായ ഒരുപാടു പരിപാടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി നടന്ന തുടർവിദ്യാഭ്യാസ പരിപാടിയിൽ കോഴിക്കോട് ജില്ലയിൽ നിന്ന് ഒരുപാടു ട്രാൻസ് വ്യക്തികൾക്ക് പഠിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്.

### പുനർജ്ജനിയുടെ കോവിഡ് കാലപ്രവർത്തനങ്ങൾ

കോവിഡ് കാലം ആയതിനാൽ കോഴിക്കോട് ജില്ലയിലുള്ള ട്രാൻസ് വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്നുണ്ട്. കോവിഡ് കാലം ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. ഭക്ഷണത്തിനും മരുന്നിനുമായിരുന്നു വഴി കണ്ടെത്തേണ്ടിയിരുന്നത്. കോവിഡ് ലോക്ക് ഡൌൺ സമയത്തു ട്രാൻസ്ജെൻഡർ ഷെൽട്ടർ ഹോം ഒരു അഭയ കേന്ദ്ര

മായിരുന്നു. സഹായത്തിനായി സാമൂഹ്യ നീതി വകുപ്പിനോടും അഭ്യർത്ഥിച്ചിരുന്നു. സാമൂഹിക നീതി വകുപ്പുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റിയിലുള്ളവരും അല്ലാത്തവരുമായ ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്കു മൂന്ന് നേരം ഭക്ഷണം എത്തിച്ച് കൊടുക്കുന്നുണ്ടായിരുന്നു. ഇത് കൂടാതെ കമ്മ്യൂണിറ്റി അംഗങ്ങൾക്ക് ഭക്ഷ്യ ധാന്യ കിറ്റുകളും എത്തിച്ചു കൊടുക്കുന്നുണ്ടായിരുന്നു. കോഴിക്കോട് ജില്ലാ ഭരണകൂടവും സംഘടനയുടെ പ്രവർത്തനങ്ങളെ പിന്തുണച്ചു. പ്രത്യേകമായ ഒരു വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു ട്രാൻസ് വ്യക്തികൾ ഫസ്റ്റ് ഡോസ് വാക്സിൻ സ്വീകരിച്ചു. ഇനി സെക്കൻഡ് ഡോസിനുള്ള സമയമാവുന്നു.

കേരളത്തിൽ ട്രാൻസ്ജെൻഡർ സമൂഹങ്ങൾക്ക് ദൃശ്യത നൽകുന്നതിൽ പുനർജ്ജനി പോലുള്ള സി. ബി. ഓ. കൾക്ക് വലിയ പങ്കുണ്ട്. കോഴിക്കോട് ജില്ലയിലെ ഏക ട്രാൻസ്ജെൻഡർ സി. ബി. ഓ. ആയ പുനർജനിയുടെ ഫൗണ്ടറും പ്രസിഡന്റുമായി കമ്മ്യൂണിറ്റി അംഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി നില കൊള്ളാൻ സാധിച്ചതിൽ അഭിമാനവും സന്തോഷവും ഉണ്ട്. ഭാവിയിൽ ഇപ്പോഴുള്ളതിലും മികച്ചതായി പ്രവർത്തിക്കാൻ പുനർജ്ജനിക്കു കഴിയും. അതിനായുള്ള ആസൂത്രണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.



## വ്യക്തിഗതമായ നേട്ടങ്ങൾ

സർക്കാർ പദ്ധതികളുടെ ഭാഗമായി ട്രാൻസ് വ്യക്തികൾക്കായുള്ള ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് നേടുകയും ബ്യൂട്ടീഷ്യൻ കോഴ്സ് വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. കൂടാതെ കൃഷി വിജ്ഞാൻ കേന്ദ്ര പത്തനംതിട്ടയിൽ കൂൺകൃഷി, തെങ്ങിൽ കയറുന്ന പരിശീലനം, സംരംഭകത്വ വികസന ട്രെയിനിംഗ് എന്നിവയും പൂർത്തികരിച്ചു. 'സ്നേഹതീരം' കുടുംബശ്രീ ട്രാൻസ് അയൽക്കൂട്ടം 2017 ൽ തുടങ്ങി അതിലും സജീവമായി പ്രവർത്തിച്ചു വരുന്നു. സഹായമഭ്യർത്ഥിച്ചു സമീപിക്കുന്ന നിരവധി ട്രാൻസ് വ്യക്തികൾക്ക് പുനർജനിയിൽ കൗൺസിലിംഗും ജോലിയും തരപ്പെടുത്തിക്കൊടുക്കാൻ സാധിക്കുന്നുണ്ട്. ട്രാൻസ് ക്ഷേമത്തിനായുള്ള അഹോരാത്രമുള്ള പ്രവർത്തനങ്ങൾ പരിഗണിച്ചു ട്രാൻസ് വ്യക്തികളുടെ തന്നെ സംഘടനയായ 'ധ്വയ' എനിക്ക് മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള പുരസ്കാരം നല്കുകയും മലയാളികളുടെ അഭിമാനമായ പ്രശസ്ത നടൻ പത്മശ്രീ മമ്മൂട്ടിയിൽ നിന്നും ആ പുരസ്കാരം ഏറ്റു വാങ്ങുകയും ചെയ്തു. സാമൂഹിക നീതി വകുപ്പ് ഏർപ്പെടുത്തിയ മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള പുരസ്കാരം മുൻ ആരോഗ്യ മന്ത്രി ശൈലജ ടീച്ചർ സമ്മാനിച്ചു. ഡോ. ബി. ആർ. അംബേദ്കർ പുരസ്കാരവും നേടുകയുണ്ടായി. ട്രാൻസ് വ്യക്തികൾക്കായി സർക്കാർ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഫലം ലഭിക്കണമെങ്കിൽ ട്രാൻസ് വ്യക്തികൾ ഒന്നിച്ചു നിന്ന് അതിനായി പ്രയത്നിക്കേണ്ടതുണ്ട്. കമ്മ്യൂണിറ്റി അംഗങ്ങളെയും സമൂഹത്തെയും ബോധവത്കരിക്കാൻ പരിശ്രമിക്കുന്നുണ്ട്. ഭാവിയിൽ ട്രാൻസ് വ്യക്തികളെക്കുറിച്ചുള്ള സിനിമ പ്രവർത്തനങ്ങളിൽ പങ്കാളിയാവാനും സ്വന്തമായി എന്തെങ്കിലും ചെയ്യാനും ആഗ്രഹമുണ്ട്.





**ഡോ. ശ്രേയ മറിയം സലിം**
ജൂനിയർ റെസിഡന്റ്
ഡിപ്പാർട്ട്മെൻറ് ഓഫ്
സൈക്യാട്രി
ഗവണ്മെന്റ് മെഡിക്കൽ
കോളേജ് തിരുവനന്തപുരം

# ട്രാൻസ്ഫോബിയയുടെ കാണാപ്പുറങ്ങൾ

'ശിഖണ്ഡിയെന്ന വിളി ഒരു തെറ്റാണോ?'
'ദൈവം തന്ന ലിംഗവുമായി ജീവിച്ചാൽ പോരേ...'
'ശസ്ത്രക്രിയ നടത്തിയാൽ തിലോത്തമയൊന്നും ആവില്ല'

പൊതുസമൂഹത്തിന് ട്രാൻസ്ജെൻഡർ വ്യക്തികളോടുള്ള മനോഭാവത്തിന് ഒരു ഏകദേശ ഭൂപടം മനസ്സിലാക്കാൻ അടുത്തിടെ നടന്ന സോഷ്യൽമീഡിയ ചർച്ചകളിലൂടെ ഒന്ന് കണ്ണോടിച്ചാൽ മതിയാകും. കൊല്ലാനും ഊരുവിലക്കാനുമുള്ള ആഹ്വാനങ്ങൾക്കൊപ്പം തന്നെ ട്രാൻസ് സ്വത്വം രോഗമാണെന്നാണയിട്ട് ചികിത്സ നിർദ്ദേശിക്കുന്നവരും ധാരാളമുണ്ട്. ഐക്യപ്പെടുന്ന പോസ്റ്റുകളിൽ പോലും 'അക്കൂട്ടർ' എന്ന അപരവത്കരണവും സഹതാപവും മുഴച്ചു നിൽക്കുന്നത് കാണാം. സിസ് ഹെറ്ററോ നോട്ടങ്ങളിൽ നിന്ന് പുറത്ത് കടന്നുള്ള ഉൾപ്പെടുത്തലിലേക്കും ചേർന്നു നിൽക്കലിലേക്കും പൊതുസമൂഹത്തിന് ഇനിയുമൊരുപാട് ദൂരം സഞ്ചരിക്കാനുണ്ട് എന്ന് തന്നെ പറയാം.

നന്നേ ചെറുപ്പം മുതലേ നേരിട്ടിട്ടുള്ള പരിഹാസങ്ങളുടെയും വിവേചനങ്ങളുടെയും കഥ മിക്ക ട്രാൻസ്ജെൻഡർ വ്യക്തികൾക്കും പറയാനുണ്ടാകും. വളരുംതോറും ആണിനും പെണ്ണിനും മാത്രമായി കെട്ടിയുറപ്പിച്ച സമൂഹവ്യവസ്ഥിതിയിൽ ഇടങ്ങൾ ചുരുങ്ങി വരുന്നു. പൊതുസ്ഥലങ്ങളിലെ ടോയ്‌ലറ്റ് സൗകര്യങ്ങളും ഹോസ്റ്റലുകളും തൊട്ടേ ഇത് തുടങ്ങുന്നുണ്ട്. പ്രാർത്ഥനയും യോഗയും വ്യായാമങ്ങളും മുതൽ ഷോക്കും ബാധയൊഴിപ്പിക്കലും വരെ ചികിത്സയായി നൽകുന്നവർ ഇന്നും കുറവല്ല. മനസ്സിനിണങ്ങിയ ജീവിതത്തിലേക്ക് എത്താൻ സഹായിക്കുന്ന ഹോർമോൺ ചികിത്സയും ലിംഗമാറ്റ ശസ്ത്രക്രിയയും പോലും ഈയടുത്തകാലം വരെ 'പൂർണരാ'യ ആണിനെയും പെണ്ണിനെയും ഉണ്ടാക്കിയെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. നോട്ടത്തിലെയും നിൽപ്പിലെയും നടത്തത്തിലെയുമൊക്കെ ആണത്തവും പെണ്ണത്തവും അളന്നു തൂക്കി സർജറിക്ക് യോഗ്യരായവരെ തിരഞ്ഞെടുക്കാനും ട്രാൻസ് വ്യക്തിത്വം വെളിപ്പെടുത്താതെ ജീവിക്കാൻ മാർഗനിർദേശങ്ങൾ നൽകാനുമുള്ള മെഡിക്കൽ ഗേറ്റ് കീപ്പർമാർ 21-ാം നൂറ്റാണ്ടിന്റെ തുടക്കം വരെ യൂറോപ്പിലും അമേരിക്കയിലുമൊക്കെ സജീവമായിരുന്നു. വ്യക്തിയുടെ മാനസികവും ശാരീരികവുമായ ഉള്ള ആരോഗ്യത്തിന് അപ്പുറം സമൂഹത്തിൻറെ സങ്കൽപങ്ങൾക്ക് പരിക്കേൽക്കാതെ കാത്തുസൂക്ഷിക്കാനുള്ള ഈ പ്രവണത ഇന്നും നമ്മുടെ നിയമങ്ങളുടെയും നിലപാടുകളുടെയും ഒക്കെ അടിയൊഴുക്കായി തുടരുന്നുണ്ട്.

2013 ലാണ് ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ 'ട്രാൻസ്ഫോബിയ' എന്ന വാക്ക് ഉൾപ്പെടുത്തുന്നത്. എന്നാൽ നൂറ്റാണ്ടുകളായി ട്രാൻസ് സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന അവഗണനയും പരിഹാസവും അധിക്ഷേപങ്ങളും വെറുപ്പും ഒക്കെ ഇതിലുൾപ്പെടും. തെരുവിലെ തുറിച്ചു നോട്ടങ്ങളിൽ തുടങ്ങി സ്ക്രീനിലെ തമാശകളിലും ലോകത്തിന്റെ പലഭാഗങ്ങളിലായി നടന്ന് വരുന്ന ആക്രമണങ്ങളിലും കൊലപാതകങ്ങളിലും വരെ പരോക്ഷമായും പ്രത്യക്ഷമായും ട്രാൻസ്ഫോബിയ കടന്നു വരുന്നുണ്ട്. കുടിയേറ്റക്കാരോടും വിദേശികളോടും തോന്നുന്ന വെറുപ്പിനെ കുറിക്കാൻ സെനോഫോബിയ എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. പല രീതിയിലും ഇതിന് സമാന്തരമായ മനോഭാവമാണ് ട്രാൻസ്ഫോബിയ.

തന്നിൽനിന്ന് വ്യത്യസ്തരായവരോടുള്ള വെറുപ്പിനും അകൽച്ചക്കും കാരണമായി സൈക്കോളജിയിൽ പറയുന്ന സിദ്ധാന്തമാണ് സോഷ്യൽ ഐഡൻറിറ്റി തിയറി. ചുറ്റുമുള്ളവരെ പല പല വിഭാഗങ്ങളാക്കി തരംതിരിച്ച് കാണാനും അതിനനുസരിച്ച് ഇടപഴകാനുള്ള പ്രവണത മനുഷ്യരിൽ അന്തർലീനമാണ്. ജാതിയും മതവും രൂപവുമൊക്കെ ഇത്തരത്തിലുള്ള ശ്രേണികളും ഗ്രൂപ്പുകളുമുണ്ടാക്കാൻ നമ്മളുപയോഗിക്കാറുണ്ട്. വ്യത്യസ്തരായവരോട് അകൽച്ചയും സാദൃശ്യമുള്ളവരോട് അടുപ്പവും തോന്നുന്ന ഗോത്ര സ്വഭാവത്തിന്റെ ബാക്കിപത്രമായിരിക്കാം ഇത്. പലപ്പോഴും ബോധപൂർവമല്ലാതെ തന്നെയുള്ള ഈ ശ്രേണിവൽക്കരണത്തിന് അടിസ്ഥാനമാകുന്നത് മുഖഭാവങ്ങളോ മുടിയുടെ നിറമോ സംസാരരീതിയോ തുടങ്ങി എപ്പോഴെങ്കിലും മനസ്സിൽ കയറിക്കൂടിയ വാർപ്പ് മാതൃകകൾ ആയിരിക്കും. ഇത്തരം ചട്ടക്കൂടുകൾ ആരെങ്കിലും പൊളിച്ചെഴുതാൻ ശ്രമിച്ചാൽ മനസ്സ് അതിനെ വായിച്ചെടുക്കുന്നത് സ്വന്തം വ്യക്തിത്വത്തിന്റെ ഏതെങ്കിലും അടരുകൾക്ക് നേരെയുള്ള ഭീഷണി ആയിട്ടാണ്. 'distinctiveness threat' എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്.

ജെൻഡറിന്റെ കാര്യമെടുത്താൽ ചെറുപ്പം മുതലേ പറഞ്ഞ് പഠിപ്പിച്ച പേരും വേഷവും തുടങ്ങി മുടിയുടെ നീളവും കളിപ്പാട്ടവും വരെയുള്ള തെരഞ്ഞെടുപ്പുകൾക്ക് അത് മാനദണ്ഡമാവുന്നുണ്ട്. ഇതൊന്നും കൂടാതെ മതവിശ്വാസവും സ്വത്ത് വിഭജനവും എല്ലാം ജെൻഡർ ബൈനറിയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. അങ്ങനെ നോക്കുമ്പോൾ ഒരു ട്രാൻസ് വ്യക്തി സമൂഹത്തിലെ പരമ്പരാഗത ജെൻഡർ സങ്കൽപ്പങ്ങൾക്ക് നേരെ ഉയർത്തുന്ന distinctiveness threat ചെറുതൊന്നുമല്ല.

ആണും പെണ്ണും കൃത്യമായ രീതികളിൽ ഒതുങ്ങി ജീവിക്കേണ്ടവരാണ് എന്ന് കരുതുന്നവരെ ഈ തിരുത്തിയെഴുത്തലുകൾ വല്ലാതെ അലോസരപ്പെടുത്തും. അങ്ങനെ സ്വന്തം ഐഡന്റിറ്റി ചോദ്യംചെയ്യപ്പെടുന്നു എന്ന തോന്നലിൽ നിന്നാണ് ട്രാൻസ്ഫോബിയയുടെ ഉത്ഭവം.

വലതുപക്ഷ ചായ്‌വും മതമൗലികവാദവും മുറുകെപ്പിടിക്കുന്നവരിൽ ട്രാൻസ്ഫോബിയ കൂടുതലായി കണ്ടു വരുന്നു എന്ന് തെളിയിക്കുന്ന പഠനങ്ങളുണ്ട്. Whipping girl എന്ന പുസ്തകത്തിൽ ട്രാൻസ് ഫോബിയയുടെ അടിവേരുകളായി ജൂലിയ സെർണോ വിശേഷിപ്പിക്കുന്നത് ലിംഗപരമായ വേർതിരിവിനെയാണ്. ഈ നിരീക്ഷണങ്ങളെയൊക്കെ Social Identity theory-യുമായി ചേർത്ത് വായിക്കാവുന്നതാണ്.



ബൈനറി സങ്കൽപത്തിൽ നിന്ന് വിട്ടു നടക്കുന്ന cis സ്വത്വമുള്ളവരും ഇതേ രീതിയിൽ distinctiveness threat ഉയർത്തുന്നുണ്ട്. എന്നാൽ നീലയുടെയും പിങ്കിന്റെയും അതിരുകളെ ഒരുപോലെ ചോദ്യം ചെയ്യുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾ കൂടുതൽ അധിക്ഷേപങ്ങൾ നേരിടുന്നതായി കാണാം. ആണത്തത്തിന്റെ കെട്ടുപാടുകൾ പൊള്ളയാണെന്ന് ജീവിച്ചു കാണിക്കുന്ന ട്രാൻസ് സ്ത്രീകൾ പരക്കെ നിലനിൽക്കുന്ന സ്ത്രീ വിരുദ്ധതയെ കൂടി അതിജീവിക്കുന്നവരാണ്. 'പെൺവേഷം കെട്ടിയവർ', 'She- men', 'women with penis' തുടങ്ങിയ പ്രയോഗങ്ങളും , 'ട്രാൻസ്‌വുമൺ ശരിക്കും സ്ത്രീയാണോ' എന്ന ക്ലബ്ഹൗസ് തലക്കെട്ടുമൊക്കെ ഈ രീതിയിലുള്ള Transmisogynyക്ക് ഉദാഹരണങ്ങളാണ്.

മെഡിക്കൽ സമൂഹത്തിലെ ട്രാൻസ്ഫോബിയ അധികമൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത വിഷയമാണ്. ടെക്സ്റ്റ് ബുക്കുകൾ ഇന്നും ജൻഡറിന്റെ

വിവിധ തലങ്ങളെപ്പറ്റിയൊക്കെ സംസാരിക്കുന്നതിൽ പതിറ്റാണ്ടുകൾ പുറകിലാണെന്ന് മാത്രമല്ല പലപ്പോഴും സദാചാര പ്രസംഗങ്ങളെ ശാസ്ത്രീയതയായി കെട്ടിയെഴുന്നള്ളിക്കാറുമുണ്ട്. ഇന്ത്യയിലെ ഡോക്ടർമാരിൽ ഇന്നും ലിംഗ-ലൈംഗിക ന്യൂനപക്ഷ സമൂഹങ്ങളിലൊന്നിൽ പെടുന്ന രോഗികൾ നേരിടുന്ന പ്രശ്നങ്ങളെ പറ്റി വ്യക്തമായി അ




റിയുന്നവർ വളരെ കുറവാണ്. കൺവേർഷൻ തെറാപ്പിയുൾപ്പെടെയുള്ള കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നിലക്കാത്തതിന് ഇതൊരു പ്രധാന കാരണമാണ്. എങ്കിലും അറിവില്ലായ്മക്കപ്പുറം ട്രാൻസ്ഫോബിയയെ കൂടുതലായും ഭരിക്കുന്നത് മതവിശ്വാസങ്ങളുമായും സാംസ്കാരിക സങ്കല്പങ്ങളുമായുമൊക്കെ കെട്ടുപിണഞ്ഞ് കിടക്കുന്ന ജൻഡർ ചിന്തകളാണ് എന്ന് തന്നെ പറയാം. സോഷ്യൽ മീഡിയയിലുൾപ്പെടെ വ്യാപകമായി ചർച്ചകളും ബോധവത്കരണവും നടക്കുമ്പോഴും മാറി ചിന്തിക്കാൻ പലർക്കും കഴിയാത്തതിന്റെ കാരണവും ഇത് തന്നെയാണ്. ഇക്കൂട്ടർ തങ്ങളുടെ വിശ്വാസങ്ങൾക്കുതകുന്ന രീതിയിൽ ശാസ്ത്രത്തെ വളച്ചൊടിക്കുന്നതും സാധാരണ കാഴ്ചയാണ്. അടിസ്ഥാനരഹിതമായ പഠനങ്ങളും കാലഹരണപ്പെട്ട ടെക്സ്റ്റ്ബുക്കുകളുമൊക്കെ ഇവരിതിന് ആയുധമാക്കാറുണ്ട്. അഭിപ്രായം പറഞ്ഞതൊരു ഡോക്ടർ ആണ് എന്നത് കൊണ്ട് മാത്രം അതിന് സാധുത കിട്ടുകയും മറിച്ചൊന്ന് ചിന്തിക്കുക പോലും ചെയ്യാതെ അതേറ്റെടുക്കുകയും ചെയ്യുന്ന സന്ദർഭങ്ങളും സർവസാധാരണമാണ്.

ബൈനറിയുടെ രണ്ടറ്റങ്ങളിലേക്ക് ആട്ടിപ്പായിക്കാൻ പൊതു സമൂഹം ശ്രമിക്കുമ്പോഴും ഇതിലൊന്നിൽ കടന്നുചെന്നാലും ട്രാൻസ് വ്യക്തിയുടെ സ്വത്വം നിരന്തരം കീറിമുറിക്കപ്പെട്ടുകൊണ്ടിരിക്കും. 'മൂന്നാംലിംഗം' എന്ന പ്രയോഗം, ഒരാളുടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് മുൻപും പിൻപും ഉള്ള ഫോട്ടോകൾ തേടിപ്പിടിക്കാനുള്ള വ്യഗ്രത, ഡെഡ് നെയിംസ് തിരഞ്ഞുപിടിച്ചു ഉപയോഗിക്കാൻ പുരോഗമനവാദികൾ പോലും കാട്ടുന്ന വാശി തുടങ്ങിയവയൊക്കെ ഇതിന്റെ ഭാഗമാണ്. ട്രാൻസ് സൗഹൃദമായി കാണപ്പെടുന്ന ഇടങ്ങളിൽ പോലും ഒളിഞ്ഞും തെളിഞ്ഞും ഇങ്ങനെ ട്രാൻസ് ഫോബിയ കടന്ന് വരുന്നതായി സൂക്ഷ്മനിരീക്ഷണത്തിൽ മനസ്സിലാക്കാം.

മിക്കപ്പോഴും ട്രാൻസ് വ്യക്തികൾ നേരിടുന്ന വിവേചനം പല ലെയറുകളിലായി ഉള്ളതാണ്. മതവും ജാതിയും നിറവും രൂപവും ഒക്കെ അതിലുൾച്ചേർന്നിരിക്കുന്നു. അതുകൊണ്ട് തന്നെ ഒറ്റ നിയമം കൊണ്ടോ ഒറ്റരാത്രികൊണ്ടോ ട്രാൻസ് വിരുദ്ധത പൊളിച്ചെഴുതപ്പെടില്ല. എല്ലാ മേഖലകളിലും വ്യക്തമായ ശ്രേണികളായി ഈ വിവേചനം ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാൽ ഇത് തിരുത്തിയെഴുതലുകളുടെ കാലമാണ്. ലോകാരോഗ്യ സംഘടനയുൾപ്പെടെ ചരിത്രപരമായ മാറ്റങ്ങൾക്ക് തയാറായി കഴിഞ്ഞു. വീട്ടിലെ മുതിർന്നവർ മുഴുവൻ എതിർത്ത് സംസാരിച്ചപ്പോഴും ഒപ്പമുണ്ടെന്ന് ആണയിട്ട സ്കൂൾ കുട്ടികളെ പ്പറ്റി ഒരു സുഹൃത്ത് പറഞ്ഞതോർമ്മയുണ്ട്. തുറന്ന് ചിന്തിക്കുന്ന ഓരോ വ്യക്തിയും വർഷങ്ങളായി ട്രാൻസ് കമ്യൂണിറ്റി നടത്തിവരുന്ന അവകാശപ്പോരാട്ടങ്ങളുടെ വിജയമാണ്. അതിനിയും മുന്നേറുക തന്നെ ചെയ്യും. മാറേണ്ടതും മാറ്റം വരുത്തേണ്ടതും നമ്മുടെ ചിന്തകൾക്കാണ്.

"History ins't something you look back at and say it was inevitable, it happens because people make decisions that are sometimes very impulsive and of the moment, but those moments are cumulative realities."- Marsha. P. Johnson



ഡോ.ജാൻസി ജോസ്

സ്ത്രീ പ്രശ്നങ്ങളെല്ലാം സമൂഹ മധ്യത്തിൽ ചർച്ച ചെയ്യാറുണ്ടെങ്കിലും ആർത്തവ വിരാമം എന്ന ആരോഗ്യ പ്രശ്നത്തെ കാര്യക്ഷമമായി ചർച്ച ചെയ്യുകയോ, ഗൗരവത്തിലെടുക്കുകയോ, പരിഗണിക്കുകയോ അവിടെ എത്തി നിൽക്കുന്നവർക്ക് വേണ്ട സപ്പോർട്ട് നൽകുകയോ ചെയ്യപ്പെടുന്നില്ല. ആർത്തവവിരാമത്തോടു കൂടി സത്രീകളുടെ ജീവിതം അവസാനിച്ചു എന്നു കരുതുന്നവർ നമ്മുടെയിടയിൽ ധാരാളമുണ്ട്. പക്ഷേ സ്ത്രീകളാവട്ടെ ജീവിതം മനസിലാക്കിത്തുടങ്ങുന്നതേയുണ്ടാവൂ; ജീവിച്ചു തുടങ്ങുന്നതേയുണ്ടാവൂ.

# മറക്കരുത്, അവർ ജീവിച്ചു തുടങ്ങുന്നതേയുള്ളൂ



ആർത്തവ വിരാമം സ്ത്രീകളിൽ ഉണ്ടാക്കുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതുമൂലമുണ്ടാവുന്ന മാനസികശ്നെങ്ങളെ കാണാതെ പോവുന്നത് ഒരു ജനതയുടെ തന്നെ ആരോഗ്യത്തെ ബാധിക്കും എന്നു പറയേണ്ടിയിരിക്കുന്നു.. ദേഷ്യം, ഉത്ക്കണ്ട, വിഷാദം, മാനസിക മാനസിക വിഭ്രാന്തി, ആത്മഹത്യാ പ്രവണത തുടങ്ങിയ പ്രശ്നങ്ങൾ ഒറ്റക്കോ പെട്ടക്കോ ,ഏറിയോ കുറഞ്ഞോ ഉണ്ടാവാറുണ്ട്. എന്നാൽ ഇതൊന്നും വേണ്ടവിധത്താൽ ചികിത്സിക്കാനോ സ്നേഹവും പരിഗണയും കെടുത്ത് നോർമ്മൽ ജിവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാനോ ആരും തയ്യാറാവുന്നില്ല. അവൾ ശരിയല്ല, അവൾ ഇങ്ങനെയായിരുന്നില്ല, ഒത്തുപോവാൻ പറ്റില്ല എന്നിങ്ങനെ പറഞ്ഞ് കുടുംബത്തിൽ ഒറ്റപ്പെടുത്തുകയും അവഗണിക്കുകയും ചെയ്യുകയാണ് പതിവ്. ഹോർമോൺ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാവുന്ന മാറ്റങ്ങൾ സ്ത്രീകളെ എങ്ങനെയൊക്കെ ബാധിക്കും എന്ന് ബോധവൽക്കരിക്കുകയും ഈ അവസ്ഥയെ മറികടക്കാൻ കുടുംബത്തെയൊന്നാകെ സജ്ജരാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ആർത്തവ വിരാമം വയസ്സാകുന്നതിന്റെ ലക്ഷണമായി കരുതി വരുന്നുണ്ട്. ഈ ധാരണ തിരുത്തേണ്ടിയിരിക്കുന്നു. ഈ സമയത്തുള്ള സ്ത്രീകളുടെ മാനസിക ശാരീരിക ആരോഗ്യം ശ്രദ്ധിക്കേണ്ടത് എല്ലാവരുടേയും കടമയാണ്. ഏറ്റവും സുന്ദരമാക്കേണ്ട വാർദ്ധക്യത്തിലേക്കുള്ള ചുവടുവെപ്പുനടത്തേണ്ടത് ആർത്തവവിരാമത്തിന് ശേഷമാണ്. വേണ്ടപ്പെട്ടവരുടെ കരുതൽ അത്യാവശ്യമായ സമയവുമാണത്. ചികിത്സയോ കൗൺസലിങ്ങോ നൽകി ജീവിക്കാൻ സാഹചര്യം ഒരുക്കിക്കൊടുക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. മറക്കരുത്, അവർ ജീവിച്ചു തുടങ്ങുന്നതേയുള്ളൂ.

വഴിത്താരകൾ




**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക


# ടെലിവിഷൻ പരമ്പരകളെ കുറിച്ച് വിനത നന്ദയോടോപ്പം




കുറച്ചു ദിവസങ്ങൾക്കു മുൻപ് കേരള സംസ്ഥാന ടെലിവിഷൻ ജൂറി നടത്തിയ പ്രഖ്യാപനം ചെറിയൊരു വിവാദവും ചർച്ചയും ഉണ്ടാക്കിയെങ്കിലും ഏതാനും വാർത്താ രാവുകളിലെ വിനോദ ചർച്ചകൾക്കു ശേഷം സ്വാഭാവികമായി കെട്ടടങ്ങുകയാണുണ്ടായത്.കഴിഞ്ഞ വർഷത്തെ ടെലിവിഷൻ സീരിയലുകൾക്ക് അവാർഡുകൾ നിഷേധിച്ചു കൊണ്ടുള്ള പ്രഖ്യാപനമായിരുന്നു അത്.മികച്ച നിലവാരമോ, കലാമൂല്യമോ, സാങ്കേതിക പ്രബുദ്ധതയോ കാഴ്ച വെക്കാത്ത ഈ വിനോദ സൃഷ്ടികളെക്കുറിച്ചു വളരെ മൂർച്ചയേറിയ ഭാഷയിൽ തന്നെയാണ് ജൂറി വിലയിരുത്തിയിട്ടുള്ളത്. കുടുംബാന്തരീക്ഷത്തിലേക്കു ദിവസവും എത്തുന്ന പരമ്പരകൾ സ്ത്രീകളെയും കുട്ടികളെയും വളരെ വികലമായി ചിത്രീകരിക്കുന്നുവെന്നും,യാഥാസ്ഥിതികമായ സ്ത്രീ പ്രതിനിധാനമാണിവിടെ നടക്കുന്നതെന്നും ജൂറി തറപ്പിച്ചു പറയുന്നു. ഇത് രണ്ടാമത്തെ വർഷമാണ് ഇത്രയും രൂക്ഷമായ നിരീക്ഷണങ്ങൾക്കു മലയാള ടെലിവിഷൻ പരമ്പരകൾ വിധേയമാകുന്നത്.

ഇത്തരമൊരു പ്രഖ്യാപനം മലയാള സിനിമയെ കുറിച്ചായിരുന്നെങ്കിൽ ഉണ്ടാവുന്ന പുകിൽ എന്താവുമായിരുന്നു എന്ന് ഒന്നു ആലോചിച്ചു നോക്കാവുന്നതാണ്.മറ്റൊരു കൗതുകകരമായ കാര്യം, ഇത്രയും സ്ത്രീകേന്ദ്രിതമായ ഒരു കഥാലോകത്തെ ചമയ്ക്കാൻ ഒരൊറ്റ സ്ത്രീയും കേരളത്തിൽ ടെലിവിഷൻ സംവിധായിക ആയിട്ടില്ല എന്നതാണ്. കടുത്ത വെല്ലുവിളികൾ ഉയർത്തുന്ന സിനിമാ സംവിധാനത്തിലേക്ക് മലയാളി സ്ത്രീകൾ വിജയകരമായി കടന്നുവരുമ്പോഴും സീരിയൽ എന്ന ആഖ്യാനരൂപത്തെ പുച്ഛിച്ചു പുറന്തള്ളുന്ന ബുദ്ധിജീവികളാണ് മലയാളി സമൂഹത്തിലേറെയും. ടെലിവിഷൻ സീരിയലുകൾ കാണുന്നവരിൽ പുരുഷന്മാരും സ്ത്രീകളും ഉണ്ടാവാം. ട്രാൻസ്പുരുഷരും ട്രാൻസ് സ്ത്രീകളും ഉണ്ടാവാം. എന്നാലും അതൊരു സ്ത്രീകളുടെ ലോകമായി മാത്രമാണ് കാണപ്പെടുന്നത്. ഈ അവസ്ഥയിലും വിനത നന്ദയെ പോലെയും ഏക്ത കപ്പൂരിനെ പോലെയും നീന ഗുപ്തയെ പോലെയും ഒരു സ്ത്രീ സംവിധായിക ടെലിവിഷൻ രംഗത്ത് കേരളത്തിൽ നിന്നും ഉണ്ടാവാത്തത് എന്ത് കൊണ്ടാണ്? കുക്കു പരമേശ്വരൻ സംവിധാനം ചെയ്ത അറിയാതെ എന്ന ടെലിഫിലിം മാത്രമാണ് ഈ സന്ദർഭത്തിൽ ഓർമ്മ വരുന്നത്.

ഒരു സാങ്കൽപ്പിക സ്ത്രീപ്രേക്ഷകയാണ് ഈ പരമ്പരകളുടെ ടാർഗറ്റ് സദസ്.ഒരു ശരാശരി മലയാളി സ്ത്രീയുടെ അഭിരുചികളെക്കുറിച്ചും അവളുടെ ഭാവനാലോകത്തെക്കുറിച്ചും ചില മുൻവിധികൾ ഉണ്ട്.അവർ ആരാണ്? നമ്മൾ അന്വേഷിച്ചിട്ടുണ്ടോ? സ്ത്രീകൾ എന്ന പ്രേക്ഷകർ പല തട്ടുകളിൽ ജീവിക്കുന്നവരാണ്. പല കാലങ്ങളിൽ പല പ്രായഭേദങ്ങളിൽ പല സമൂഹവിഭാഗങ്ങളിൽ പല മതവിശ്വാസങ്ങളിൽ ജീവിക്കുന്നവരാണവർ.അ

ത്യന്തം സങ്കീർണമായ ഈ വ്യക്തിവിശേഷങ്ങൾ എല്ലാം തന്നെ ഒരേ രീതിയിലാണ് ഈ കഥാരൂപങ്ങളെ ഉൾക്കൊള്ളുന്നത് എന്നതുത്തന്നെ അവിശ്വസനീയം. ടെലിവിഷൻ പഠനങ്ങളിൽ ഓഡിയൻസ് സ്റ്റഡീസ് വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ്.കോർപ്പറേഷൻ തൂപ്പുകാരികൾ തുടങ്ങി സർക്കാർ ജീവനക്കാർ, അധ്യാപികമാർ, കുടുംബിനികൾ, കൂലിപ്പണിക്കാർ, വീട്ടു വേലക്കാരികൾ, വൃദ്ധരായവർ വരെ സന്ധ്യ കഴിഞ്ഞാൽ ടെലിവിഷന് ചുവട്ടിൽ ഒത്തുകൂടുന്നത് ഒരു ബോധവുമില്ലാതെ ടീവിയിൽ കാണുന്നത് അപ്പാടെ വിഴുങ്ങാനല്ല. അവർ ഈ പരമ്പരകളെ ആസ്വദിക്കുകയും, അഭിനന്ദിക്കുകയും, പരിഹസിക്കുകയും, വിമർശിക്കുകയും, വിവേചിച്ചറിയുകയും ചെയ്യുന്നുണ്ട്. മലയാള ചലച്ചിത്ര സംസ്കാരത്തിന് ശ്ലാഘനീയമായ സംഭാവനകൾ നല്കിയിട്ടുള്ള പി.കെ. നായർ ഒരിക്കൽ ഒരു സുഹൃദ് സംഭാഷണത്തിൽ പറഞ്ഞത് ഓർക്കുന്നു. ഒരിക്കലും ഈ മാധ്യമത്തെ കുറച്ചു കാണരുത്. അടഞ്ഞ അകത്തളങ്ങളിലേക്ക് പുറം ലോകത്തെ, അതിന്റെ നൂതന ധാരകളെ ടെലിവിഷൻ എത്തിക്കുന്നുണ്ട്. പുറത്തേക്കു പ്രകടമല്ലെങ്കിലും വളരെ സൂക്ഷ്മതലങ്ങളിൽ അത് മനുഷ്യരെ സ്വാധീനിക്കുന്നുണ്ട് .പ്രേക്ഷകർ അതിൽ ഇടപെടുന്നുണ്ട്. മാത്രമല്ല സ്വന്തമായി ബിസിനസ്സ് ചെയുന്ന സ്ത്രീകൾ, കുടുംബിനികൾ, പലതരം ജോലികളിൽ വ്യാപൃതരായവർ, തന്ത്രങ്ങൾ മെനയുന്നവർ, അഴിമതിക്ക് കൂട്ടു നിൽക്കുന്നവർ എന്നിങ്ങനെ വ്യത്യസ്തമായ സ്ത്രീചിത്രീകരണങ്ങളെല്ലാം 'യാഥാസ്ഥിതികമാണ് ' എന്ന് തീർപ്പു കൽപ്പിക്കുന്നത് ഏതു അളവുകോൽ ഉപയോഗിച്ചാണ്?

സംസ്ഥാന ജൂറിയുടെ നിശിതമായ ഈ നിലപാടിനെ പ്രശംസിച്ചു കൊണ്ടും , ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും വിമൻസ് കളക്ടീവ് അടക്കമുള്ള പല പുരോഗമന കൂട്ടായ്മകളും രംഗത്ത് വരുകയും ചെയ്തു. തുടർന്നു വന്ന അഭിമുഖങ്ങളിലും എഴുത്തുകളിലും ഞാൻ ശ്രദ്ധിച്ചത് ഒരു തരം നിസ്സഹായതയും ഗൃഹാതുരത്വവും ആയിരുന്നു. ടെലിവിഷനിൽ സ്വകാര്യവത്കരണം കൊണ്ട് വന്ന കേബിൾ വിപ്ലവത്തിന്റെ വരവിനു മുൻപ്, ദൂരദർശന്റെ ഗതകാല അഭിമാനങ്ങളായ ഹം ലോഗ്, ബുനിയാദ്, യേ ജോ ഹേ സിന്ദഗി എന്ന പോലെയുള്ള വിനോദവും സാമൂഹ്യ പ്രസക്തിയും ഒരുപോലെ ഉൾച്ചേർന്ന പരമ്പരകളുടെ വളർച്ചയും തളർച്ചയും, ലാഭം മാത്രം മുന്നിൽ കണ്ടു തട്ടിക്കൂട്ടുന്ന മെഗാസീരിയലുകൾ ഉണ്ടാക്കിയിട്ടുള്ള ഒരു ഇടത്തരം ഭാവുകത്വവും ഉണ്ടാക്കിയെടുത്ത ദുരവസ്ഥയെ കുറിച്ചുള്ള ഖേദപ്രകടനങ്ങൾ നമുക്ക് വളരെ സുപരിചിതമാണ് .

പക്ഷെ നമ്മൾ പലപ്പോഴും മറന്നു പോകുന്ന ഒരു വസ്തുത, കേബിൾ ടെലിവിഷന്റെ വരവിനു ശേഷവും കരുതലോടെ എഴുതപ്പെട്ട സ്ത്രീകളുടെ പുതു ലോകങ്ങളെ, ടെലിവിഷൻ സീരിയലുകൾ ആവിഷ്കരിച്ചിരുന്നു എന്നതാണ്. അന്നുവരെ ഇന്ത്യൻ ടെലിവിഷൻ പ്രേക്ഷക കാണാത്ത ഒരു പരിഷ്കൃത സ്ത്രീസൗഹൃദത്തിന്റെ കഥ പറഞ്ഞ താര എന്ന സീരിയൽ zee ടെലിവിഷനിൽ 500 എപ്പിസോഡുകൾ വിജയകരമായി പൂർത്തിയാക്കി. രത്ന പാഥക് പോലുള്ള അഭിനേത്രികൾ മികച്ച പ്രകടനം കാഴ്ചവെച്ച താര എന്ന പരമ്പര എഴുതിയവരിൽ ഒരാൾ സ്ത്രീയാണ്. അതുവരെ പല സെറ്റുകളിലും അസ്സോസിയേറ്റ് ഡിറക്ടർ ആയി ജോലി ചെയ്തിരുന്ന വിനത നന്ദ താരയുടെ കഥ രചിക്കുന്നതിലൂടെ മറ്റൊരു ഉത്തരവാദിത്തം കൂടി ഏറ്റെടുക്കുകയായിരുന്നു. ഇന്ത്യൻ സോപ്പ് ഓപെറയുടെ czarina എന്നാണവർ ആ കാലങ്ങളിൽ വിളിക്കപ്പെട്ടത് .പിന്നീട് ചലച്ചിത്ര സംവിധാനത്തിലേക്ക് ചേക്കേറുകയും വിവിധ മാധ്യമ സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിനതയുമായി നടത്തിയ ഒരു ദീർഘദൂര സംഭാഷണത്തിൽ നിന്നും അവരുടെ ചില നിരീക്ഷണങ്ങൾ വായനക്കാരുമായി പങ്കു വെക്കുകയാണിവിടെ.

ഇന്ത്യൻ ടെലിവിഷൻ രംഗത്തെ ആദ്യകാല സ്ത്രീ സാന്നിധ്യങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നടത്തിയ വിനത എൺപതുകളിലെ സാഹചര്യങ്ങളെ ഓർത്തെടുക്കുന്നത് ഇങ്ങിനെയാണ്.



“ദൂരദർശൻ ടെലിവിഷൻ വിനോദത്തിന്റെ മുഖ്യ സ്രോതസായി മാറുന്ന ഒരു സമയത്താണ് എന്റെ രംഗപ്രവേശം എന്നത് ഭാഗ്യമായിരുന്നു. ഗ്രാജുവേഷൻ കഴിഞ്ഞ് 1983ലാണ് നാടകത്തിലും,പരസ്യചിത്രങ്ങളിലും ടെലിവിഷൻ സീരിയലുകളിലും സിനിമകളിലും ഞാൻ പണിയെടുക്കാൻ തുടങ്ങിയത്.ഏറ്റവും വലിയ വിപ്ലവങ്ങൾ ടെലിവിഷനിൽ നടത്തിയത് ആദ്യം ഹം ലോഗും പിന്നീട് ബുനിയാദും ആയിരുന്നു. ഏകദേശം ആ സമയത്തു തന്നെയാണ് ഗോവിന്ദ് നിഹ്ലാനിയുടെ തമസ് സംഭവിക്കുന്നത്. ആറു ഭാഗങ്ങളിലായിരുന്നു എങ്കിലും ഒരു സിനിമ തന്നെ ആയിരുന്നു അത് ഈ കാലത്തു തന്നെയാണ് സിനിമ നിർമാണവും ടെലിവിഷൻ സീരിയൽ നിർമാണവും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് ആളുകൾ സംസാരിക്കാൻ തുടങ്ങിയത്. ഒരു ചാനൽ മാത്രം നിലവിൽ ഉണ്ടായിരുന്നത് കൊണ്ട് സീരിയലുകൾക്ക് അത്ര ആവശ്യക്കാരുണ്ടായിരുന്നില്ല. കുറച്ചു

സ്ലോട്ടുകൾ മാത്രം ഉള്ള കാലമായിരുന്നു അത്. പക്ഷെ ടെലിവിഷൻ വ്യവസായം ഈ മാധ്യമത്തെയും അതിന്റെ സാമ്പത്തിക വശത്തേയും പതുക്കെ അറിഞ്ഞു തുടങ്ങുകയായിരുന്നു."

കുന്ദൻ ഷാ ,രമൺ കുമാർ എന്നിവരുടെ കൂടെ സഹ സംവിധായിക ആയി പ്രവർത്തിക്കാൻ കഴിഞ്ഞ വിനത, ചലച്ചിത്ര സംവിധായകരും കഴിവുറ്റ രചയിതാക്കളും ചേർന്ന് ടെലിവിഷൻ ആഖ്യാനങ്ങളെ സമ്പന്നമാക്കിയ ആ കാലത്തെ സന്തോഷത്തോടെ ഓർത്തെടുക്കുന്നു. മനോഹർ ശ്യാം ജോഷി ,ശരദ് ജോഷി ഡോക്ടർ റാഹി മാസൂം റാസ, ശ്രീധർ ക്ഷീർസാഗർ എന്ന പോലുള്ളവരുടെ പങ്കാളിത്തം ടെലി ഉള്ളടക്കത്തെ കഴമ്പുറ്റതാക്കി. മലയാള ടെലിവിഷനിലും സിനിമയിലെ കലാകാരന്മാരും കലാകാരികളും അവരുടെ പങ്കുകൾ നിർവഹിച്ചിരുന്നു. ചില പരമ്പരകൾ അക്ഷമ ഉണ്ടാ



ക്കിയിരുന്നെങ്കിലും ഇത്രയും അവമതിക്കപ്പെട്ടിരുന്നില്ല. വിനത തുടരുന്നു: '1980കൾ 90കൾക്ക് വഴിമാറിയതോടെ രംഗം ചൂടേറിയതായി. സാറ്റലൈറ്റ് ടെലിവിഷന്റെ വരവോടെ ആദ്യ ഇന്ത്യൻ സ്വകാര്യ ചാനലിന് സീ ടെലിവിഷൻ നാന്ദി കുറിച്ചു.' ബ്യൂറോക്രസിയുടെ ചരടുവലികളിൽ നിന്നും കഴിവുള്ള പ്രതിഭകൾ മോചിപ്പിക്കപ്പെട്ടതു എല്ലാവർക്കും തുടക്കത്തിൽ ആശ്വാസമായിരുന്നു. നാടകത്തിലും മറ്റു കലാരൂപങ്ങളിലും പരിശീലനം കിട്ടിയ ആളുകളായിരുന്നു ടെലിവിഷൻ രംഗത്തും ആദ്യ കാലങ്ങളിൽ സജീവമായി ഉണ്ടായിരുന്നത്. വിനതയുടെ വാക്കുകളിൽ ആ ഉത്സാഹവും കൃതാർഥതയും ഇപ്പോഴും തുടിക്കുന്നുണ്ട് :'90 കളിൽ ഉടനീളം ടെലിവിഷൻ ആഖ്യാനങ്ങൾക്കു ഒരു മാന്യത കിട്ടിയിരുന്നു; കഴിവുള്ളവർക്കു വിഭിന്നങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പറ്റുമായിരുന്നു.വിവിധങ്ങളായ ഇന്ത്യൻ സംസ്കാരങ്ങളും വ്യത്യസ്ത കഥാപാത്രങ്ങളും, കഥകൾ ഗ്രാമീണമായാലും നഗരകേന്ദ്രിതമാണെങ്കിലും, സ്ക്രീനിൽ കാണാൻ പറ്റുമായിരുന്നു."

പെട്ടെന്ന് കാര്യങ്ങൾ മാറിമറിഞ്ഞു. ചാനലുകൾ വർധിച്ചു.കൂടുതൽ വിഭവങ്ങൾക്കായി ഈ 'രാക്ഷസൻ' മുറവിളി കൂട്ടാൻ തുടങ്ങി. അതോടു കൂടി പരമ്പരകൾ വരുമാന മാർഗം മാത്രമായി ചുരുങ്ങി.നിലവാരത്തകർച്ച പിന്നെ എളുപ്പമായി.അഭിനയമോ സംവിധാനമോ അറിയാത്തവർ അരങ്ങു വാഴാൻ തുടങ്ങി. പ്രൊഡ്യൂസർമാരുടെ ഭാര്യമാരും മക്കളും മരുമകളും എല്ലാവരും ടെലിവിഷൻ ആർട്ടിസ്റ്റുകളായി മാറി. ദില്ലിയിലെ മണ്ഡി മന്ദിരത്തിനു പുറത്തിരിക്കുന്ന പാൻ വിൽപ്പനക്കാരൻ പോലും ടെലിവിഷൻ നിർമ്മാതാവാണെന്നു അന്ന് പലരും പറഞ്ഞിരുന്ന തമാശ അത്ര തമാശ അല്ലായിരുന്നു. വളരെ പെട്ടെന്നുള്ള ചാനലുകളുടെ വളർച്ചയിൽ തകർന്നത് നല്ല കഥപറച്ചിലുകളാണ് . ടി ആർ പീ റേറ്റിംഗിന് വേണ്ടിയുള്ള നെട്ടോട്ടത്തിൽ അവസാന മിനിറ്റിൽ സ്ക്രിപ്റ്റുകളിൽ മാറ്റങ്ങൾ ആവശ്യപ്പെട്ടു കൊണ്ടിരിക്കും .പിന്നെങ്ങിനെയാണ് യുക്തിഭദ്രമായ വൈകാരിക സത്യസന്ധതയുള്ള കഥകളും കഥാപാത്രങ്ങളും എഴുതപ്പെടുക? നാട്ടിൻപുറങ്ങളിലെ പ്രേക്ഷകരെക്കുറിച്ചുള്ള തെറ്റായ വികലമായ ധാരണകളും ഈ നിലവാരത്തകർച്ചക്ക് ആക്കം കൂട്ടി . അമ്പരപ്പിക്കുന്ന രീതികളിലാണ് സീരിയൽ പണിശാലകൾ പ്രവർത്തിക്കുന്നത്. ഒരു പരമ്പര ടെലികാസ്റ്റ് ചെയ്തു കൊണ്ടിരിക്കുമ്പോൾ തന്നെ അതിന്റെ റേറ്റിംഗ് ഉയരുന്നതും താഴുന്നതും കാണാൻ കഴിയും .മിക്കപ്പോഴും ഈ ഉയർച്ച താഴ്ചകൾക്കനുസരിച്ച് ഒരു ചാനലിന്റെ തലവൻ പിറ്റേന്ന് സംപ്രേക്ഷണം ചെയ്യണ്ട എപ്പിസോഡിൽ മാറ്റങ്ങൾ വരുത്താൻ സംവിധായകരോട് ആവശ്യപ്പെടാം. അവസാന നിമിഷം പിറ്റേന്നു ടീവിയിൽ തെളിയേണ്ട ഭാഗം മൊത്തമായി പൊളിച്ചെഴുതേണ്ടി വരും. ഈ അവസ്ഥ കാണാതെ സീരിയലുകളെ മാത്രമായി പഴി ചാരിയിട്ടു എന്ത് കാര്യം.

ലാഭമാണ് ഏക ലക്ഷ്യം. വിനതയുടെ വാക്കുകളിൽ യാഥാർഥ്യത്തിന്റെ കടുപ്പം നിഴലിക്കുന്നു."ഞാൻ തമാശ പറയുകയല്ല. ഇത് ദിവസം തോറും സംഭവിക്കുന്നു. ഈ ബിസിനസ്സിൽ എന്റെ അടുത്ത സുഹൃത്തുക്കൾ ഉണ്ട്. ഭ്രാന്തമായ അവസ്ഥയാണ് അവരുടേത്. പക്ഷെ അവരുടെ മാനസിക ആരോഗ്യത്തെക്കാൾ അവർക്ക് പ്രധാനം അവരുണ്ടാക്കുന്ന ലാഭമാണ്."

അതെ, പരമ്പരകളെ ഇകഴ്ത്തുമ്പോൾ, വിമർശിക്കുമ്പോൾ ഈ പശ്ചാത്തലം കൂടി നാം അറിയേണ്ടിയിരിക്കുന്നു.

സീരിയലുകൾ ഉണ്ടാക്കുന്ന ലാഭത്തിലാണ് ചാനലുകൾ നിലനിൽക്കുന്നത്.ഇരുട്ടിനു ശേഷം പുറം ലോകത്തെ കാഴ്ചകളും രസങ്ങളും നിഷേധിക്കപ്പെടുന്ന സ്ത്രീകളാണ് ഇന്നും സീരിയലുകളുടെ തടവുപുള്ളികൾ. ഈ സ്ത്രീ പ്രേക്ഷകരുടെ തുടർച്ചയായ സാന്നിധ്യത്തിലാണ് ടീവീ ചാനലുകൾ തങ്ങളുടെ പ്രതിസന്ധികളെ അതിജീവിക്കുന്നത്. അവാർഡുകൾ നിഷേധിക്കുമ്പോൾ ഈ സങ്കീർണമായ സാഹചര്യം കൂടി കണക്കിലെടുക്കേണ്ടി ഇരിക്കുന്നു. അപ്പോഴും ഒരു ചോദ്യം അവശേഷിക്കുന്നു. ചാനൽ മത്സരം എന്തുകൊണ്ടാണ് മികവിനെ സൃഷ്ടിക്കാത്തത് ?

ചർച്ചാവിഷയം

**ജയലക്ഷ്മി എൽ.**
ഗവേഷക
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ് ട്രിവാൻഡ്രം
സോഷ്യോളജി വിഭാഗം, കേരളാ സർവ്വകലാശാല



# ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യമേഖലയിലെ അതിജീവനശ്രമങ്ങൾ

ലിംഗഭേദങ്ങൾ പുരാതന കാലം മുതൽ തന്നെ വിവിധ വ്യാകരണ നാമങ്ങളിൽ നിലവിലുണ്ട്. വർഷങ്ങളായി, ട്രാൻസ്ജെൻഡർ വ്യക്തികൾ കൂടുതൽ സാമൂഹികമായി ദൃശ്യമാവുന്നുണ്ടെങ്കിലും, അവർ പല ഇടങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്നു. ഇക്കാര്യത്തിൽ കേരളം ശ്രദ്ധേയമായ നിരവധി മുൻ കൈകൾ എടുത്തിട്ടുണ്ടെങ്കിലും, സാമൂഹിക മേഖല ഇപ്പോഴും ലിംഗ ന്യൂനപക്ഷങ്ങളോട് വിചിത്രമായ മനോഭാവം പ്രകടിപ്പിക്കുന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ് ആഹാരം വസ്ത്രം, പാർപ്പിടം അതുപോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് ആരോഗ്യം. സ്ത്രീയും പുരുഷനും ഉള്ളതാണ് ഈ ഉലകം എന്ന് വിശ്വസിച്ചു കൊണ്ടിരുന്നവർ ക്കിടയിലേക്കാണ് ഒരു കൂട്ടർ കടന്നെത്തിയത് ട്രാൻസ്ജെൻഡർ വ്യക്തികൾ. പരിഹാസങ്ങളേയും കളിയാക്കലുകളെയും ചിരിച്ചു കൊണ്ട് നേരിട്ട് ഇന്ന് എല്ലാമേഖലകളിലും ഇവർ എത്തിയിട്ടുണ്ട് എങ്കിൽ അതൊരു നിസ്സാരമായ അതിജീവനമല്ല. ജനന



സമയത്തെ ലിംഗസ്വത്വത്തിൽ നിന്ന് മറ്റൊരു ലിംഗസ്വത്വം ആഗ്രഹിക്കുന്നവർ. കേരളാഗവണ്മെന്റ് ഇന്ന് അവർക്ക് ധാരാളം അവകാശങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെങ്കിലും ആരോഗ്യ മേഖലയിൽ ഇവർ ഇന്നും പ്രതിസന്ധികൾ നേരിടുന്നു.

ജീവിതനിലവാരം മെച്ചപ്പെട്ടിട്ടും ലിംഗമാറ്റത്തിൽ ഇപ്പോഴും ധാരാളം അപകടങ്ങളുണ്ടായിട്ടുണ്ട്. ലിംഗമാറ്റം ചെയ്യപ്പെടുന്നവരിൽ ചിലർക്കെങ്കിലും അമിതരക്തസ്രാവം, സ്വകാര്യഭാഗത്തുണ്ടാകുന്ന അണുബാധ, രക്തസമ്മർദ്ദം, ആവശ്യമുള്ള ദ്വിതീയ ലൈംഗിക സ്വഭാവങ്ങളുടെ മന്ദഗതിയിലുള്ള വികസനം എന്നിവ പോലുള്ള പ്രതികൂല ആരോഗ്യപ്രശ്നങ്ങൾ അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കണ്ടെത്തി. ശസ്ത്രക്രിയക്ക് നിരവധി നടപടിക്രമങ്ങൾ ഉണ്ട്, അവയെല്ലാം തന്നെ സങ്കീർണ്ണവും ചെലവേറിയതുമാണ്. ട്രാൻസ്ജെൻഡർ സമൂഹത്തിന് ഒരു സഹായ ഹസ്തമെന്ന നിലയിൽ, ശസ്ത്രക്രിയയ്ക്ക് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് രണ്ടു ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി സാമൂഹ്യ നീതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.


ലിംഗ പരിവർത്തനത്തിനായി ശസ്ത്രക്രിയ ധനസഹായം ലഭിക്കുന്നതിനായി കുറച്ച് രേഖകൾ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അതിൽ ഒന്നാമത്തേത് ശസ്ത്രക്രിയ ചെയ്യാൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തി 18 വയസ്സ് പൂർത്തിയായിരിക്കണം ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് തെളിയിക്കുന്ന തിരിച്ചറിയൽ രേഖ ഉണ്ടായിരിക്കണം. ഇതുകൂടാതെ ഏത് ആശുപത്രിയിലാണോ സർജറി നടക്കുന്നത്/നടത്തിയത് ആ ഡോക്ടറിന്റെ പക്കൽ നിന്ന് മെഡിക്കൽ റിപ്പോർട്ടും, പ്രഖ്യാപനവും കൈപ്പറ്റി. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ധനസഹായം ഒരു വർഷത്തിനുള്ളിൽ തന്നെ ലിംഗപരിവർത്തനം നടത്തിയ വ്യക്തിയ്ക്ക് കിട്ടുന്നതാണ്. ഈ ധനസഹായം ട്രാൻസ്ജെൻഡർ വ്യക്തിയ്ക്ക് വളരെയധികം ആശ്വാസമാണ്. എന്നാൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തേണ്ടത് ഒരു കൗൺസിലിംഗിനു ശേഷമാണ്. ലിംഗപരിവർത്തനം നടത്തുന്ന വ്യക്തിയ്ക്ക് മാനസികവും ശാരീരികവുമായ തയ്യാറെടുപ്പിനാണ് ഇത്തരം കൗൺസിലിംഗ്. പക്ഷെ ആശുപത്രികളിൽ ഇത്തരം കൗൺസിലിംഗ് മിക്കവാറും നടക്കാറില്ല. ഇതുതന്നെയാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ ശസ്ത്രക്രിയയ്ക്ക് ശേഷം ആരോഗ്യപ്രശ്നങ്ങളിൽ ഏർപ്പെടാൻ കാരണം. നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സംസ്ഥാനത്തെ ആദ്യ ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥിയും കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ റേഡിയോ ജോക്കിയുമായ അനന്യ കുമാരി അലക്സിന്റെ (28) വേർപാട് സമൂഹമാധ്യമാങ്ങളിൽ ഏറെ വിവാധമായ ഒന്നാണ്. ഇടപ്പള്ളിയിലെ അപ്പാർട്ട്മെന്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ അനന്യയുടെ മരണം, സ്വകാര്യ ആശുപത്രിയിലെ ചികിത്സാപിഴവ് മൂലമാണെന്ന് സുഹൃത്തുക്കളും കുടുംബാംഗങ്ങളും ആരോപിച്ചതിനെ



തുടർന്ന് വിവാദത്തിലായി. അധികൃതർക്കെതിരെ നടപടി ആവശ്യപ്പെട്ട് ട്രാൻസ്ജെൻഡർ സമൂഹം ആശുപത്രിക്കു മുന്നിൽ പ്രതിഷേധ പ്രകടനം നടത്തിയിരുന്നു. ഒരു വർഷം മുമ്പ് അനന്യ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയിരുന്നു. വളരെയധികം വേദന നിറഞ്ഞതും മാത്രവുമല്ല, ശസ്ത്രക്രിയയ്ക്ക് ശേഷം ധാരാളം ശാരീരിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും ചെയ്തു എന്നതായിരുന്നു അനന്യയുടെ സമീപകാല സോഷ്യൽ മീഡിയ പോസ്റ്റ്. അനന്യയുടെ മരണശേഷം ശസ്ത്രക്രിയ കഴിഞ്ഞ മറ്റു പല ട്രാൻസ്ജെൻഡർ വ്യക്തികളും അവർക്കുണ്ടായ ശാരീരിക അസ്വസ്ഥതകൾ പുറത്തുപറയുകയുണ്ടായി.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ജനസംഖ്യയുടെ 480,803 ട്രാൻസ്ജെൻഡർ വ്യക്തികളാണ്. സുപ്രിംകോടതി 2014 ഏപ്രിൽ 15-ന് പുറപ്പെടുവിപ്പിച്ച വിധിയിൽ മറ്റു പൗരന്മാർക്ക് ഉള്ളതുപോലെ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും ബാധകമാണെന്നു പറയുകയുണ്ടായി. 2015-ൽ കേരളം ആദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിക്കുകയുണ്ടായി. ആദ്യത്തെ ട്രാൻസ്ജെൻഡർ സ്കൂൾ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സ്കോളർഷിപ്പുകൾ, ആരോഗ്യ ക്ലിനിക്കുകൾ, വാർദ്ധക്യകാല പെൻഷനുകൾ, കൊച്ചി മെട്രോയിൽ അവർക്ക് തൊഴിൽ, സാഹിത്യ, കായിക പരിപാടികൾ, ഫാഷൻഷോകൾ തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ ധാരാളം ക്ഷേമപരിപാടികൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കു വേണ്ടി നടപ്പിലാക്കുകയും ചെയ്തു. എന്നാൽ ഇതിന്റെയെല്ലാം ഗുണഫലം ഇവർക്ക് കിട്ടുന്നുണ്ടോ എന്ന കാര്യം നമ്മൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്.

# കമല ഭാസിൻ : ലിംഗനീതിയുടെ കാവലാൾക്ക് ഹൃദയപൂർവ്വം



അനുസ്മരണം



**ഹമീദ സി. കെ.**
കോഴിക്കോട്
സർവകലാശാലയിലെ
സ്ത്രീ പഠന
വിഭാഗം അധ്യാപിക

ലിംഗവിവേചനങ്ങൾക്കെതിരെയുള്ള പോരാട്ട ചുവടുകൾ അതിസമർത്ഥമായി സമൂഹത്തിന്റെ വിവിധമണ്ഡലങ്ങളിലേക്ക് കൊണ്ടുവന്ന അവിസ്മരണീയ തേജസ്സാണ് ഈയിടെ ലോകത്തോട് വിടപറഞ്ഞ നമ്മുടെ പ്രിയ കമല ഭാസിൻ. എല്ലാവരും സ്നേഹത്തോടെ തങ്ങളുടെ കമലാദി എന്ന് വിളിച്ചിരുന്ന കമല ദക്ഷിണ ഏഷ്യൻ ഫെമിനിസ്റ്റ് ശൃംഖലയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. ഇന്ത്യൻ സ്ത്രീപ്രസ്ഥാനങ്ങളുടെ ജീവനാഡി എന്ന് തന്നെ ഇവരെ വിലയിരുത്താവുന്നതാണ്. ലിംഗവിവേചനങ്ങൾ ശൈശവ ദശയിൽ തന്നെ വ്യക്തികളുടെ ജീവിതത്തിൽ വേരൂന്നുന്നുവെന്നും അതിനാൽ ശൈശവജീവിതങ്ങളിലേക്ക് ഇറങ്ങി ചെന്ന് സസൂക്ഷമം അത്തരം വിവേചനങ്ങളെ വേരോടെ പിഴുതെടുക്കണമെന്നും അവർ കരുതിയിരുന്നു. കുട്ടികളിലും സ്ത്രീകളിലും മുതിർന്നവരിലും ഗ്രാമീണ ജനങ്ങളിലും നാഗരിക ജനങ്ങളിലും സമൂഹത്തിന്റെ മേലറ്റം തൊട്ട് താഴെ തട്ടു വരെ ലിംഗ നീതി ലഭ്യമാക്കാൻ ഇന്ത്യക്ക് അകത്തും പുറത്തും നിന്നുകൊണ്ട് അഹോരാത്രം പ്രവത്തിച്ചിട്ടുണ്ട് കമലയെന്ന കാവലാൾ. ആത്മാർത്ഥവും സൂക്ഷ്മവുമായ കമലയുടെ പരിശ്രമഫലമാണ് അവരെഴുതിയ പാട്ടുകൾ, കവിതകൾ, ലഘുലേഖകൾ, പുസ്തകങ്ങൾ, പ്രബന്ധങ്ങൾ തുടങ്ങിയവ ഇന്നും ജനപ്രിയമായി തുടരുന്നത്.

**കമല ഭാസിനും ലിംഗനീതിക്കായുള്ള പോരാട്ടങ്ങളും**

പശ്ചാത്യ കോളനിവൽക്കരണത്തിന്റെ ക്ഷതങ്ങൾ ഏറ്റ മൂന്നാം ലോക രാഷ്ട്രങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു ദാരിദ്ര്യ നിർമാർജനം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അതിന്റെ മാറ്റൊലികൾ ഉയർന്നു കേൾക്കാമായിരുന്നു. 1971-ൽ ഇന്ദിരഗാന്ധിയുടെ 'ഗരീബി ഹാട്ടാഓ' ദാരിദ്ര്യത്തെ തുടച്ചു മാറ്റു എന്ന മുദ്രാവാക്യവും അന്നത്തെ കോൺഗ്രസ് പാർട്ടിയുടെ പഞ്ചവത്സര പദ്ധതിയിൽ ഇതിനുള്ള പ്രാധാന്യവും അത് വ്യക്തമാക്കുന്നുണ്ട്. അത്തരം ഒരു രാഷ്ട്രീയ സാഹചര്യത്തിലാണ് കമല തന്റെ പൊതുപ്രവർത്തനം ആരംഭിക്കുന്നത്. രാജസ്ഥാനിലെ ഗ്രാമീണ ദരിദ്രരേയും പ്രാന്തവൽകൃത നഗര ദരിദ്രരേയും ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 1972ൽ കമല ആരംഭിച്ച സന്നദ്ധ സാമൂഹിക പ്രവർത്തനം ഇതിനുദാഹരണമാണ്. എഴുപതുകളിൽ തന്നെ ഐക്യരാഷ്ട്രസഭയുടെ 'വിശപ്പിൽ നിന്നും മോചനം' എന്ന പ്രചരണ പരിപാടിയുടെ മുഖ്യ നേതൃത്വമാകാൻ സാ

ധിച്ചത് കമലയുടെ ജീവിതത്തിന്റെ മുഖ്യ വഴിത്തിരിവാണ്. ഈ പ്രചാരണ പരിപാടിയുടെ ഭാഗമായാണ് ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ വിവിധ NGO കൾക്ക് 2001 വരെ പരിശീലനങ്ങളും പഠന ശിബിരങ്ങളും സംഘടിപ്പിക്കാനായത്. ദക്ഷിണേഷ്യൻ രാജ്യങ്ങളിലേയും തെക്കു കിഴക്കൻ രാജ്യങ്ങളിലെയും സ്ത്രീകളെ സംഘടിപ്പിക്കാനും ശാക്തീകരിക്കാനും ഈ രാജ്യങ്ങളിലെ സ്ത്രീ സംഘടനകളുമായി അടുത്ത സൗഹൃദം സ്ഥാപിക്കാനും ഈ പ്രവർത്തനങ്ങൾ കമലയെ സഹായിച്ചിട്ടുണ്ട്. ഈയടുത്ത കാലം വരെ ഇന്ത്യൻ അസോസിയേഷൻ ഫോർ വിമൻ സ്റ്റഡീസിന്റെ ദക്ഷിണേഷ്യൻ പാനലിന്റെ സംഘാടകയായിരുന്നു അവർ. ഡൽഹിയിൽ കമലാ ഭാസിന്റെ നേതൃത്വത്തിൽ "ജാഗോരി" എന്ന സംഘടന സ്ഥാപിക്കുകയുണ്ടായി. ജാഗോരിയുമായി ചേർന്ന് കൊണ്ടാണ് ഭാസിൻ 'സംഘട്ട്' SANGAT എന്ന ദക്ഷിണേഷ്യൻ ഫെമിനിസ്റ്റ് ശൃംഘലയുടെ ഉപദേശകയായി സേവനമനുഷ്ഠിച്ചത്. ഇത് പിന്നീടുള്ള ഇവരുടെ പ്രവർത്തങ്ങൾക്ക് കൂടുതൽ ബലം നൽകുന്നത് കാണാം. ഒരു നല്ല സംഘാടകയെന്ന നിലയ്ക്ക് ദക്ഷിണേഷ്യൻ സ്ത്രീകളെ ഫെമിനിസ്റ്റ് പോരാട്ടങ്ങളുടെ മുൻപിൽ അണിനിരത്താൻ ഇത് സഹായകമായിട്ടുണ്ട്.

പിന്നീട് പീസ് വിമൻ ആക്രോസ്സ് ദി ഗ്ലോബ് ആൻഡ് സൗത്ത് ഏഷ്യ എന്ന പ്രവർത്തനത്തിന്റെ സഹഅധ്യക്ഷയും, 'വൺ ബില്യൺ റൈസിംഗ്' പരിപാടിയുടെ സംഘാടകയുമായിരുന്നു ഭാസിൻ.

സ്ത്രീ ശാക്തീകരണ പരിശീലകർക്കും പ്രവർത്തകർക്കും വേണ്ടിയുള്ള പുസ്തകങ്ങൾ എഴുതുന്നതിലൂടെയും പാട്ടുകൾ രചിക്കുന്നതിലൂടെയും അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ത്രീകളുടെ ശാക്തീകരണത്തിന് സാഹചര്യം ഒരുക്കുകയായിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള അവരുടെ ഇടപെടൽ പ്രശംസനീയമാണ്.

**കമല ഭാസിനെ കേരളത്തിലെ ഫെമിനിസ്റ്റുകൾ നെഞ്ചോടു ചേർക്കുമ്പോൾ**

കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുമായി വളരെ നല്ല ബന്ധം സൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു കമലഭാസിൻ. കമലയുടെ സന്ദർശനങ്ങളും പ്രവർത്തനങ്ങളും തങ്ങളെ വളരെയധികം സ്വാധീനിച്ചതായി പലരും തുറന്ന് പറയുകയുണ്ടായി. ഞാൻ കമല ഭാസിനെ ആദ്യമായി കാണുന്നത് അന്വേഷിയിൽ വച്ചാണ്. അപൂർവങ്ങളായ ഫെമിനിസ്റ്റ് പുസ്തകങ്ങളുടെ അമൂല്യ ശേഖരമായിരുന്നു അന്വേഷി ലൈബ്രറി. കമല ഭാസിനെയും അവരുടെ പ്രവത്തനങ്ങളെയും എന്റെ മുന്നിൽ തുറന്നു തന്നത് ആ ലൈബ്രറിയാണ്. കമലയെ വായിക്കുമ്പോൾ തന്നെ നേരിട്ട് കാണാൻ സാധിച്ചത് ആനന്ദം നൽകിയിരുന്നു. അന്ന് കോഴിക്കോട് പ്രസ്സ് ക്ലബ്ബിൽ അന്വേഷി സംഘടിപ്പിച്ച യോഗത്തിൽ വളരെ ആവേശത്തോടെയാണ് കമല സംസാരിച്ചത്. ഫെമിനിസത്തെ പുച്ഛത്തോടെ കണ്ടിരുന്ന കോഴിക്കോട്ടെ ചില പുരുഷന്മാർക്ക് മാതൃകാപരമായ രീതിയിലാണ് അന്ന് അവർ ഉത്തരങ്ങൾ നൽകിയത്. എല്ലാവരോടും സ്നേഹത്തോടെ സംസാരിച്ചിരുന്ന കമല എന്നെയും അന്ന് ചേർത്തി നിർത്തി സംസാരിച്ചത് ഇന്നും നല്ലൊരു ഓർമ്മയാണ്. ഉപരി പഠനം തുടരണമെന്നായിരുന്നു എന്നോട് അന്ന് ആവശ്യപ്പെട്ടത്. പിന്നീട് ഡൽഹിയിൽ പലവേദികളിലും കാണാൻ സാധിച്ചതും അവരുടെ ഓർമ്മകളും സ്നേഹവും എത്രത്തോളമാണ് നമ്മെ സ്വാധീനിക്കുന്നതെന്നും തിരിച്ചറിയാനായി. 2020 –ൽ



കഅണട ഡൽഹിയിൽ സംഘടിപ്പിച്ച കോൺഫെറൻസിൽ വച്ചു സമകാലികരായ പ്രവർത്തകർക്കൊപ്പം സംസാരിക്കുമ്പോൾ ഹാസ്യം നിറച്ച ഭാഷയിൽ ഭാസിൻ ഇങ്ങിനെ പറയുകയുണ്ടായി "We were cute while young and we are still cute with our silver hair". പ്രായത്തെ വെല്ലുവിളിക്കുന്ന ഉർജ്ജസ്വലത അതായിരുന്നു കമലയെന്ന തേജസ്സ്.

കമലയോടൊത്തു പ്രവർത്തിക്കാനായതും വിദേശരാജ്യങ്ങളിൽ ഒരുമിച്ച് കോൺഫറൻസ്കളിൽ പങ്കെടുത്തതിനെ കുറിച്ചും അവരുടെ എഴുത്തിനെ കുറിച്ചും, അവർ കോഴിക്കോട് അന്വേഷി സന്ദർശിച്ചതിനെ കുറിച്ചും ഡൽഹിയിൽ അവരുടെ വീട് സന്ദർശിച്ചതും പ്രതികൂലമായ കുടുംബസാഹചര്യത്തിൽ നിന്നും എങ്ങിനെയാണ് കമല തന്റെ പ്രവർത്തനങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടും ഉശിരോടും കൂടി നിർവഹിച്ചതെന്നും കോഴിക്കോട്ടെ അന്വേഷിയുടെ സ്ഥാപക നേതാവായ കെ. അജിത ഓർമ്മിക്കുന്നുണ്ട്. കമലയുടെ മകൾ ആത്മഹത്യ ചെയ്തതും, ബുദ്ധി വൈകല്യമുള്ള കമലയുടെ മകൻ ഒറ്റയ്ക്കായിപ്പോകുമോ എന്ന ആശങ്കയും വേദനയോടെയാണ് അജിത ഓർക്കുന്നത്.

തിരുവനന്തപുരത്തെ സഖി വിമൻസ് റിസോഴ്സ് സെന്റർ സ്ഥാപക നേതാവ് ഏലിയമ്മ വിജയൻ ജഗോരിയുടെയും സംഘട്ടിന്റെയും ദേശീയ യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ ഉണ്ടായ അനുഭവങ്ങൾ ഓർക്കുമ്പോൾ തന്നെ ഒരുപാടൊരുപാട് പറയാനുള്ള വ്യക്തിത്വമാണ് കമല എന്ന് പറയുന്നുണ്ട്. ബേജിഗ് കോൺഫറൻസ് മുതൽ തന്നെ

കമലയുമായി അടുത്ത ബന്ധമുള്ള വ്യക്തിയാണ്. നളിനി നായ്ക്കിന്റെ കൂടെ പ്രവർത്തിക്കുമ്പോൾ മരിയനാടുള്ള ഫിഷിങ് കമ്മ്യൂണിറ്റി ഡെവലപ്പ്മന്റ് സെന്റർ കമലഭാസിൻ സന്ദർശിച്ചതും, പിന്നീട് വൺ ബില്യൺ റൈസിംഗ് പരിപാടിയുടെ ഭാഗമായി തിരുവനന്തപുരത്തു വന്നതും ആവേശം നിറഞ്ഞ അനുഭവം ആയിരുന്നുവെന്ന് ഏലിയമ്മ വിജയൻ ഓർക്കുന്നു.

ഇന്ത്യൻ അസോസിയേഷൻ ഫോർ വിമെൻസ് സ്റ്റഡീസ് മുൻ അധ്യക്ഷയും ജൻഡർ അനലിസ്റ്റുമായ മീര വേലായുധൻ കമലയെ കുറിച്ചുള്ള അനുഭവങ്ങൾ മലയാളപെൺകൂട്ടത്തിന് അയച്ച കുറിപ്പിൽ : '1970 കളിൽ മാനുഷി ഫെമിനിസ്റ്റ് മാഗസിന്റെ പ്രവർത്തന വേളയിലാണ് കമലയുടെ വീട്ടിൽ വച്ച് മീര ഇവരെ കണ്ടു മുട്ടുന്നതെന്നും പിന്നീട് ഡൽഹിയിൽ നടന്ന സ്ത്രീധന വിരുദ്ധ, ബലാത്സംഗ വിരുദ്ധ സമരങ്ങളിലും വിദ്യാർത്ഥി സമരങ്ങളിലും ഇരുവരും സജീവമായിരുന്നെന്നും South Asia for Peace and Solidarity, SAARC Civil Society Meet, ലാൻഡ് റൈറ്റ്സ് ഇൻ സൗത്ത് ഏഷ്യ തുടങ്ങിയവയിലും പിന്നീടുള്ള പ്രവർത്തനങ്ങളിലും ഒരുമിച്ച് പ്രവർത്തിച്ചു. ഇന്ത്യൻ അസോസിയേഷൻ ഫോർ വിമൻസ് സ്റ്റഡീസിന്റെ പ്രാരംഭ ഘട്ടം മുതൽക്ക് തന്നെ കമല അതിൽ സജീവമായിരുന്നു. സ്ത്രീ പ്രസ്ഥാനത്തിന്റെ സജീവ സാന്നിധ്യമായ കമലയുടെ വിയോഗം നികത്താനാകാത്ത നഷ്ടമാണെന്നും ദുഃഖത്തോടുകൂടിയാണ് മീര പങ്കുവച്ചത്".

കേരളത്തിലെ SEWA പ്രവർത്തകയായ സോണിയജോർജ്, വാർദ്ധക്യം വകവെക്കാതെയുള്ള ദേശ ഭാഷ അതിർത്തികൾ ഭേദിച്ചുള്ള കമലയുടെ ഫെമിനിസ്റ്റ് പ്രവർത്തനങ്ങളെ പറ്റി പറയുന്നുണ്ട്. ജൻഡർ പരിശീലന പരിപാടികളുടെ ഭാഗമായി കുറച്ച് വർഷങ്ങൾക്കു മുൻപ് വരെ ഡൽഹി, ഒറീസ്സ തുടങ്ങിയ ഇടങ്ങളിൽ ഗോത്ര ജനതയുമായി കമല ഇടപഴകുന്നത് ആവേശം പകരുന്ന കാഴ്ചയായിരുന്നു എന്നോർക്കുന്നുണ്ട്.

2004 ഏപ്രിൽ മാസം പാകിസ്ഥാനിലെ ലഹോറിൽ മെറിയെന്ന മനോഹര പർവത നിരകളിൽ വച്ചു നടന്ന ഒരു മാസത്തോളം നീണ്ടു നിന്ന ദക്ഷിണേഷ്യൻ സ്ത്രീകൾക്ക് വേണ്ടി സൗത്ത് ഏഷ്യൻ നെറ്റ്‌വർക്ക് ഫോർ ജൻഡർ ആക്റ്റിവിസ്റ്റ് ആൻഡ് ട്രൈനേഴ്സ് സംഘടിപ്പിച്ച ഒൻപതാമത് ഇന്റർനാഷണൽ കോർസ് ഓൺ ജൻഡർ പീസ് ആൻഡ് ഡെവലപ്പ്മന്റ് പരിശീലനത്തെ കുറിച്ചുള്ള ഓർമകളാണ് കേരളത്തിലെ പ്രമുഖ ഫെമിനിസ്റ്റും അക്കാഡമിസ്റ്റും ആയ കെ. പി. ഗിരിജയ്ക്ക് പങ്കു വയ്ക്കാനുള്ളത്. ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള നാല്പതോളം സ്ത്രീകൾ പങ്കെടുത്ത പരിപാടിയിൽ ഇന്ത്യയിൽ നിന്ന് പങ്കെടുത്ത മൂന്നു പേരിൽ ഒരാളാണ് കെ. പി. ഗിരിജ. കമലഭാസിൻ തുടർച്ചയായി പരിശീലകയായി എത്തിയ വേദി ദക്ഷിണേഷ്യൻ സ്ത്രീകൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു. അന്ന് സ്ത്രീ ശരീരത്തെ കുറിച്ചുള്ള പ്രത്യേകിച്ചു ശരീരത്തിലെ ആനന്ദ കേന്ദ്രങ്ങളെ കുറിച്ചുള്ള ക്ലാസിനു ശേഷമുള്ള ചർച്ചയിൽ സ്ത്രീകൾ നിയന്ത്രണാതീതമായി കരഞ്ഞതും പിന്നീടുള്ള ക്ലാസ്സിന്റെ ഭാഗമായുള്ള നൃത്ത വേളയിലും സ്ത്രീകൾ കരഞ്ഞതും, സ്ത്രീകൾക്ക് അവരുടെ ശരീരത്തിൽ ആലേഖനം ചെയ്യപ്പെട്ട അല്ലെങ്കിൽ അവരുടെ ശരീരം അനുഭവിച്ച ഹിംസയുടെയും ആനന്ദത്തിന്റെയും വ്യാപ്തിയുടെ ഓർമ്മകളായിരുന്നുവെന്ന് ഗിരിജ ഓർക്കുന്നു. കുടുംബത്തിൽ അവർ നേരിടുന്ന പലതരം ഹിംസകളെ പറ്റി തുറന്നു പറയാൻ കമല നയിച്ച ഇത്തരം തന്ത്രങ്ങൾ പരിശീലന കളരിയിൽ പങ്കെടുത്ത സ്ത്രീകളെ സഹായിച്ചുവെന്നു ഗിരിജയോർക്കുന്നു. പാകിസ്ഥാനിൽ നിന്നുള്ള ഫെമിനിസ്റ്റ് സ്കിറ്റുകളുടെ വിഷയങ്ങൾ ഇന്ത്യൻ വിദ്വേഷങ്ങളും വിമർശനങ്ങളുമായി നേരിട്ടപ്പോൾ അവയെ അനുഭാവപൂർവവും പക്വതയോടെയും കമല സമീപിച്ചത് ഇന്നും ഗിരിജയ്ക്ക്


2013 ഡിസംബർ 27 വൺ ബില്യൺ റൈസിങ് (OBR ) യോഗം

അത്ഭുതമാണ്. പിന്നീട് 'ഇരുത്തം' കേന്ദ്ര വിഷയമായി വന്ന പരിശീലന കളരിയിൽ ഒരുസ്ഥലത്തു നിന്നും മാറി മാറിയുള്ള ഇരുത്തം എത്രത്തോളം വ്യത്യസ്ത സാധ്യതകളാണ് വ്യക്തികൾക്ക് നൽകുന്നത് എന്ന തിരിച്ചറിവ് നൽകുന്നതായിരുന്നുവെന്നും സന്തോഷത്തോടെയാണ് ഗിരിജ ഓർക്കുന്നത്. സരസം നിറഞ്ഞ നിമിഷ കവിതകളും, പാട്ടുകളും, ഒക്കെയായി ക്ലാസുകൾ വളരെ സാമാർഥ്യത്തോടെയാണത്രേ കമല ലിംഗ വിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ ഉൾചേർത്തത്.

സഖിയുടെ മുൻപ്രവർത്തകയും ജൻഡർ പരിശീലകയുമായ രജിത ജി. കമലയെ ആദ്യമായിട്ട് കാണുന്നത് ഡൽഹിയിൽ നടന്ന ഫെമിനിസ്റ്റ് കൂടിച്ചേരലിൽ വച്ചായിരുന്നു. പിന്നീട് പല യോഗങ്ങളിലും അവസാനമായി 2016ൽ തിരുവനതപുരത്തു വൺ ബില്യൺ റൈസ് പരിപാടിയുടെ ഭാഗമായി കണ്ടതും ഓർക്കുന്നു. ഈ പരിപാടിയുടെ പ്രാരംഭ യോഗത്തിൽ പങ്കെടുത്തതാണ് അവസാന ഓർമ. എന്നും ലളിതമായ ഭാഷയിൽ സംസാരിച്ചിരുന്ന കമല അവർ പലപ്പോഴും താമസിച്ചിരുന്ന ഹോട്ടലുകളിലെ തൊഴിലാളികളോട് പോലും സൗഹൃദം പുലർത്തുന്നത് കണ്ടിട്ടുണ്ട്. പല യോഗങ്ങൾക്കിടയിൽ പെട്ടന്ന് കയറി പാട്ടുപാടുകയും പാടിപ്പിക്കുകയും ചെയ്യുന്ന അവരുടെ രീതി വളരെ ഇഷ്ടപെട്ട ഒന്നായിരുന്നു. ഹിന്ദി അറിയാത്തവരാണെങ്കിൽ പോലും പ്രാസമൊപ്പിച്ചുള്ള പദപ്രയോഗങ്ങളും മറ്റും അത്തരം പാട്ടുകളെ സഹപ്രവർത്തകർകിടയിൽ പ്രിയമുള്ളതാക്കിയിരുന്നു. എല്ലാവരെകൊണ്ടും അവർ പാട്ട് പാടാൻ ശ്രമിപ്പിച്ചിരുന്നത്രെ. ഇതെല്ലാം ഒരു നല്ല ഓർമ്മയായാണ് രജിത സൂക്ഷിക്കുന്നത്.



1990-കളിൽ തന്നെ കമലയുടെ എഴുത്തുകൾ തന്നെ സ്വാധീനിച്ചിരുന്നതായും കമലയുടെ എഴുത്തുകളെ പറ്റി ഒരു നല്ല വിശകലനം നടത്തിയത്തോടൊപ്പം തന്നെ തന്റെ വ്യക്തി ജീവിതത്തിനും പിന്നീടുള്ള രാഷ്ട്രീയപ്രവർത്തനങ്ങൾക്കും അവരുടെ ഫെമിനിസ്റ്റ് ആശയങ്ങൾ ഊർജ്ജം പകർന്നിട്ടുണ്ടെന്നും, ഒരു ബഹുമുഖ പ്രതിഭ എന്ന നിലയിൽ എങ്ങിനെയാണ് ഡൽഹിയിൽ പല വേദികളിലും അവർ നിറസാന്നിധ്യമായി അമ്പരിപ്പിച്ചതെന്നും ഡോ.പി. എം. ആരതി പറയുകയുണ്ടായി.

കമല ഭാസിനുമായി ഡൽഹിയിൽ വച്ചുണ്ടായ അനുഭങ്ങളെ പങ്കു വയ്ക്കുന്നതോടൊപ്പം കമല എന്ത് കൊണ്ട് സമകാലീന ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി നിലനിൽക്കുന്നു എന്നതിനെ കുറിച്ചായിരുന്നു ബിന്ദു അമ്മിണി ഓർത്തത്.

കേരളത്തിൽ എന്നല്ല ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും കമലയുടെ പ്രവർത്തനോർജ്ജം ലഭിച്ചവരെ കാണാൻ സാധിക്കും. കമലയെന്ന വ്യക്തിത്വം എങ്ങനെയാണ് ഭാഷ-ദേശാതിർത്തികൾ ഭേദിച്ച് എല്ലാവരോടും ഐക്യപ്പെടുന്നതെന്നും ആ ഐക്യപ്പെടലിൽ സമൂഹത്തിൽ നിലനിൽക്കുന്ന അനീതികൾക്കും, വിവേചനങ്ങൾക്കും, അടിച്ചമർത്തലുകൾക്കും, ചൂഷണങ്ങൾക്കും എതിരെയുള്ള അവരുടെ ഉറച്ച പോരാട്ടം ഫെമിനിസ്റ്റ് സോളിഡാരിറ്റിയുടെയും സാഹോദര്യത്തിന്റെയും ആക്കം എങ്ങിനെയാണ് കൂട്ടിയതെന്നു കേരളത്തിലെ സമകാലീന പ്രവർത്തകരായ മീര വേലായുധന്റെയും കെ. അജിതയുടെയും സോണിയ ജോർജിന്റെയും ഓർമ്മ പങ്കുവയ്ക്കലുകളിൽ പ്രകടമാണ്.

തികച്ചും വ്യത്യസ്തവും പ്രായോഗികവും സർഗാത്മകവുമായ രീതിയിൽ ലിംഗവിവേചനത്തിന് എതിരെ ഉള്ള പോരാട്ടങ്ങളെ സമീപിച്ച അവിസ്മരണീയ വ്യക്തിത്വമാണ് അവർ. ഇക്കഴിഞ്ഞ സെപ്റ്റംബർ ഇരുപത്തി അഞ്ചാം തിയതി പുലർച്ചെ മൂന്ന് മണിക്ക് അർബുദത്തോട് മല്ലടിച്ച് ഈ ലോകത്തോട് കമല വിടപറയുമ്പോൾ വരും തലമുറയ്ക്ക് കമല ബാക്കിവച്ചത് ഇന്ത്യൻ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ ലിംഗവിവേചനകൾക്കെതിരെ പോരാടാനുള്ള ശക്തമായ ആശയാടിത്തറകളും മാർഗ്ഗനിർദ്ദേശങ്ങളുമാണ്. കവിതകളിലൂടെയും വിപ്ലവ ഗാനങ്ങളിലൂടെയും സർവോപരി തന്റെ ബ

ഹുമുഖ സർഗാത്മക രാഷ്ട്രീയ പ്രവർത്തനങ്ങളി ലൂടെയും പകർന്നു നൽകിയ സ്നേഹ സാഹോദ ര്യത്തന്റെ ഊർജ്ജമായിരുന്നു ഈ വിയോഗംകൊ ണ്ട് നഷ്ടമാകുന്നത്. കമലയുടെ പ്രവർത്തനങ്ങ ളും എഴുത്തുകളും തലമുറകൾ താണ്ടി കരുത്തു പകരുമെന്നതിന് സംശയമേതുമില്ല. അവിഭക്ത ഇ ന്ത്യയിലെ ഇപ്പോൾ പാക്കിസ്ഥാന്റെ ഭാഗമായ പ ഞ്ചാബിൽ 1946ൽ ജനിച്ച കമല ഭാസിൻ തന്റെ പ്ര വർത്തന മണ്ഡലം തെക്കൻ ഏഷ്യയിൽ സജീവ മായി നില നിർത്തി. പാകിസ്താനി സ്ത്രീ സംഘ ടനകളിൽ നിന്നും പകർന്നു കിട്ടിയ ആസാദി ഗാ നം ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് അനു യോജ്യമായ രീതിയിൽ രൂപ കല്പന ചെയ്തു ജ നപ്രിയമാക്കുകയും . പട്ടിണിയിൽ നിന്നും, പുരു ഷാധിപത്യത്തിൽ നിന്നും, മനുവാദത്തിൽ നിന്നും, ബ്രാഹ്മണവാദത്തിൽ നിന്നും, മുതലാളിത്തത്തിൽ നിന്നും മോചനം ആവശ്യപ്പെടുന്ന ഈ വിപ്ലവ ഗാ നം അടിച്ചമർത്തപ്പെട്ട മനുഷ്യരുടെ വിമോചന ഗാ നമായി മാറി. കനയ്യ കുമാറിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന സംഘപരിവാർ വിരുദ്ധ പോരാ ട്ടത്തിന്റെ ഉൾകരുത്തായി മാറിയതും ഇതേ ഗാന മാണല്ലോ. കമലയുടെ വേർപാട് ഇന്ത്യൻ സ്ത്രീ പ്രസ്ഥാനങ്ങൾക്ക് കടുത്ത വേദനയാണ് നൽകു ന്നത്. രാജ്യത്തിന്റെ പലഭാഗത്തു നിന്നുമുള്ള അ നുസ്മരണ പ്രഭാവങ്ങൾ കാണിക്കുന്നത് ആ ന ഷ്ടത്തിന്റെ ആഴം തന്നെയാണ്. വ്യത്യസ്തമായ പ്ര വർത്തന മികവ് കൊണ്ട് ഫെമിനിസ്റ്റ് ലോകം മു ഴുവൻ നിറഞ്ഞു നിൽക്കുന്ന വിപ്ലവ വീര്യം തന്നെ യായിരുന്നു കമലാഭാസിൻ. അതിനാൽ തന്നെ പ ലതരം പോരാട്ട മുറകൾ കൊണ്ട് മരണം വരെ ലിംഗ വിവേചനങ്ങൾക്കെതിരെ പോരാടിയ ഒരു സ മര നായികയായാണ് ചരിത്രം അവരെ രേഖപ്പെടു ത്താൻ പോകുന്നതെന്ന് നിസ്സംശയം പറയാം.

## കമല ഭാസിന്റെ എഴുത്തിടപെടലുകൾ

സരസവും ചോദ്യങ്ങളും ഉത്തരങ്ങളും നിറഞ്ഞ രീതികൾ തന്റെ എഴുത്തുകളിൽ അവലംഭിച്ചിരു ന്നത് കമലയെ ഏറെ കുറെ ജനകീയ എഴുത്തു കാരി ആക്കിയിട്ടുണ്ട്. ലാഫിങ് മാറ്റേഴ്സ് എന്ന കുഞ്ഞു പുസ്തകം ഫെമിനിസ്റ്റ് ഹാസ്യങ്ങൾ നി റഞ്ഞ ഒന്നാണ്. നിത്യജീവിതത്തിലെ ഹിംസയേ യും കുടുംബം, വിവാഹം, രാഷ്ട്രീയം എന്നീ സ്ഥാ പനങ്ങൾക്കുള്ളിൽ സ്ത്രീകൾ നേരിടുന്ന വിവേച നങ്ങൾ, എന്നിവ കൂടാതെ ഫെമിനിസം എന്ന ആ ശയത്തെയും വളരെ സരസമായ രൂപത്തിലൂടെ ന മ്മുടെ ഉള്ളിൽ എത്തിക്കാൻ കഴിഞ്ഞ പുസ്തക മാണ് ഇത്. 'സ്ത്രീകൾക്ക് പാചകം ചെയ്യാമെങ്കിൽ പുരുഷനും ഇത് സാധ്യമാണ് കാരണം സ്ത്രീകൾ അവരുടെ ഗർഭ പാത്രം ഉപയോഗിച്ചല്ല പാചകം ചെയ്യുന്നത്' എന്ന പ്രസക്ത വാക്യം കുറിക്കു കൊ ള്ളുന്ന ഒന്നാണ്.

കമല കുഞ്ഞുങ്ങൾക്ക് വേണ്ടി എഴുതിയ നഴ് സറി പാട്ടുകൾ, കഥകൾ തുടങ്ങിയവ കുഞ്ഞുങ്ങ ളിലേക്ക് പോലും ഇറങ്ങി ചെല്ലാനുള്ള അവരുടെ മികവിനെ എടുത്തു കാട്ടുന്നതാണ്. കുട്ടികൾക്ക് വേണ്ടി എഴുതിയ രചനകളായ ഹൗസ് വർക്ക് ഈ സ് എവരിവൺസ് വർക്ക് : റയിംസ് ഫോർ ജ സ്റ്റ് ആൻഡ് ഹാപ്പി ഫാമിലിസ് ; റൈൻബോ ബോയ്സ് ; റൈൻബോ ഗേൾസ്, ഐ വിഷ് സം വൺ ഹാഡ് ടോൾഡ് മി - ചൈൽഡ് സെക് സ് അബ്യൂസ്, വാട്ട് ഈസ് എ ഗേൾ , വാട്ട് ഈ സ് എ ബോയ് ? തുടങ്ങിയവ സമൂഹത്തെ പറ്റി യും ലിംഗസമത്വത്തെ പറ്റിയും, പുരുഷാധിപത്യ ത്തെ പറ്റിയും ചൂഷണത്തെ പറ്റിയും കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ എഴുതിയവയാണ്.

**ഹൗസ് വർക്ക് ഈസ് എവരിവൻസ് വർ ക്ക്** : റയിംസ് ഫോർ ജസ്റ്റ് ആൻഡ് ഹാപ്പി ഫാമിലിസ് എന്ന നഴ്സറി പാട്ടുകൾ വീട്ടു ജോലി കൾ ആണിന്റെയും പെണ്ണിന്റെയും ഉത്തവാദിത്ത മാണ് എന്ന് ബോധ്യപ്പെടുത്തുന്നു. കമലയുടെ മ കളും ഭർത്താവും അടങ്ങിയ ഗൃഹാന്തരീക്ഷമാണ് ഇതിന്റ മറ്റൊരു വശം. ബദൽ മാതൃകയായ തന്റെ കുടുംബം തന്നെയാണ് കമല ഉദാഹരണമായി കാ ണിച്ചു തരുന്നതും.



ഇന്നും സ്ത്രീപഠന തല്പരരായവർ ആദ്യം വാ യിച്ചു നോക്കാൻ ഇഷ്ടപ്പെടുന്ന കൃതികളിൽ പ്രധാ നപെട്ടതാണ് കമല ഭാസിൻ എഴുതിയ ലഘുലേ ഖകൾ. "Understanding Gender ", "what is patriarchy", Exploring masculinity, feminism and its relevance in South Asia എന്നീ ലഘുലേഖകൾ വളരെ ഫലപ്രദമായ രീതിയിലാണ് എഴുതിയിരി ക്കുന്നത്. ശക്തമായ വാക്കുകൾ കൊണ്ട് സമൂഹ ത്തിൽ ആഴത്തിൽ വേരൂന്നിയ പുരുഷാധിപത്യത്തി ന്റെ നാഡികളെ പിഴുതെറിയേണ്ട ആവശ്യകതയെ

നമ്മളിൽ ഒരു ബോധമാക്കി മാറ്റാൻ ഈ എഴുത്തുകളിലൂടെ അവർക്ക് സാധിച്ചിട്ടുണ്ട്.

1989-ൽ പ്രസിദ്ധീകരിച്ച Feminism and its relevance in South Asia എന്ന ലഘുലേഖ ഇതിനുത്തമ ഉദാഹരണമാണ്. ഫെമിനിസവുമായി ബന്ധപ്പെട്ട് ദക്ഷിണ ഏഷ്യൻ രാജ്യങ്ങളിൽ നിലനിൽക്കുന്ന മിഥ്യാധാരണകളെ പൊളിച്ചടുക്കാനുള്ള ശ്രമങ്ങൾ ഇതിൽ വ്യക്തമായി കാണാം. ഒരു വിമോചന ആശയമെന്ന നിലയിൽ പലതരം പുരുഷാധിപത്യങ്ങൾ നിലനിൽക്കുന്ന ദക്ഷിണ ഏഷ്യൻ രാജ്യങ്ങളിലെ സ്ത്രീകൾക്ക് ഫെമിനിസം എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് ഈ ലഘുലേഖയിലൂടെ അവർ വ്യക്തമാക്കുന്നുണ്ട്. കമല എഴുതിയ മറ്റൊരു ലഘുലേഖയാണ് 1993-ൽ പ്രസിദ്ധീകരിച്ച 'what is patriarchy'. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അടിച്ചമർത്തലുകളെ മനസ്സിലാക്കാൻ പിതൃമേധാവിത്വത്തെ എങ്ങിനെ ഒരു വിശകലന ഉപാധിയായി ഉപയോഗിക്കാം എന്നാണു ഈ കൃതിയിലൂടെ കാണിച്ച് തരുന്നത്. നിത്യജീവിതത്തിൽ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളെയും, ചൂഷണങ്ങളെയും, ആക്രമണങ്ങളെയും ഉദാഹരണ സഹിതം വ്യക്തമാക്കുകയും, പിതൃമേധാവിത്തം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചരിത്രപരമായി എങ്ങിനെ ഉടലെടുത്തുവെന്നും, അത് എങ്ങിനെ സ്ത്രീകളുടെ ജീവിതത്തെ കുടുംബം, മതം, ജാതി, വർഗ്ഗം, രാഷ്ട്രീയം തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങളിലൂടെ നിയന്ത്രിക്കുന്നുവെന്നും വ്യക്തമാക്കുന്നു. സമൂഹം എങ്ങിനെയാണ് സ്ത്രീ- പുരുഷ സങ്കൽപ്പങ്ങൾ നിർമ്മിച്ചിരിക്കുന്നതെന്നും ഇത്തരം സാമൂഹിക നിർമ്മിതികൾ എങ്ങിനെയാണ് വിവേചനങ്ങൾക്ക് ആക്കം കൂട്ടുന്നതെന്നുമാണ് 2000 -ൽ പ്രസിദ്ധീകരിച്ച 'Understanding Gender' എന്ന ലഘുലേഖയിലൂടെ മനസ്സിലാക്കി തരാൻ ശ്രമിക്കുന്നത്. പെണ്ണത്തം/സ്ത്രൈണത എന്നത് പരിചരണം, വൈകാരികത, ആശ്രിതത്വം, പ്രേമം, സ്നേഹം, വാത്സല്യം, കുടുംബിനീ ഗുണങ്ങൾ, ദുർബലാവസ്ഥ എന്നിവയൊക്കെയാണ് എന്ന് പുരുഷാധിപത്യമാണ് വരച്ച് വയ്ക്കുന്നത് എന്ന് വിശദീകരിക്കുന്നുണ്ട്. പുരുഷാധിപത്യ സമൂഹം സ്ത്രീകളിൽ കാണാൻ ആഗ്രഹിക്കുന്ന അത്യുത്തമ ഗുണങ്ങളായി ഇവ മാറുന്നതെങ്ങനെയെന്നും ഫലപ്രദമായ രീതിയിലാണ് ഇവർ വരച്ചു കാട്ടുന്നത്. പൗരുഷം/ആണത്തം എന്ന സങ്കല്പത്തെ ഇതിനു നേർ വിപരീതമായാണ് നിർമ്മിച്ചിരിക്കുന്നതെന്നും, അധികാരശേഷി, ധൈര്യം, ആത്മവിശ്വാസം, യുക്തിചിന്ത, ബൗദ്ധികത, ആക്രമണോത്സുകത, താൻപോരിമ, സ്വാതന്ത്ര്യബോധം, തുടങ്ങിയവയാണ് ആണത്തത്തിന്റെ ഉത്തമലക്ഷണങ്ങളായി പുരുഷാധിപത്യസമൂഹം വീക്ഷിക്കുന്നുവെന്നും ഇവർ ഈ പുസ്തകങ്ങളിലൂടെ വ്യക്തമാക്കുന്നു. ഇത്തരം നിർമ്മിതികൾ ഭാഷകളിലും സംസ്കാരങ്ങളിലും ശക്തമായി കലർന്നിരിക്കുന്നുവെന്നും ട്രാൻസ്ജൻഡർ, ഇന്റർസെക്സ് തുടങ്ങിയ വിഭാഗങ്ങളെ പൂർണ്ണമായും സാമൂഹിക നിർമ്മിതിയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു എന്നും ഇവർ വാദിക്കുന്നു. ഇത്തരം നിർമ്മിതികൾ സ്ത്രീകൾക്ക് ഭാരിച്ച ഉത്തരവാദിത്തം കല്പിക്കുന്നുവെന്നും സ്ത്രീകളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, രാഷ്ട്രീയപരവുമായ മുന്നേറ്റങ്ങളെ തടസ്സപ്പെടുത്തുന്നുവെന്നും ഉദാഹരണ സഹിതം അവർ എടുത്ത് കാണിക്കുന്നു. അങ്ങിനെ സ്ത്രീകളെ സമൂഹത്തിൽ അടിച്ചമർത്തുന്ന ഘടകങ്ങളെ എടുത്തു കാട്ടികൊണ്ടു സ്ത്രീകളുടെ മോചനത്തിലേക്കുള്ള ശക്തമായ ഒരു ചവിട്ടുപടിയായി ഈ ലഘുലേഖകൾ ജനപ്രിയമായ് ഇന്നും തുടരുന്നു. 2004 -ൽ പ്രസിദ്ധീകരിച്ച Exploring masculinity ആണത്തത്തെ കുറിച്ചും അതിന്റെ സാമൂഹിക നിർമ്മിതിയെക്കുറിച്ചും ഈ കാലഘട്ടത്തിൽ മനസ്സിലാക്കേണ്ട ആവശ്യകതയെ കുറിച്ചുമാണ് പറഞ്ഞിരിക്കുന്നത്. അനേകം പിതൃമേധാവിത്വം നില നിൽക്കുന്നതുപോലെ ആണത്തങ്ങളും നിലനിൽക്കുന്നുവെന്നും നെഗറ്റീവ് ആണത്ത/ പെണ്ണത്തങ്ങളുടെ നിർമ്മിതികൾ സ്ത്രീകളെയും പുരുഷന്മാരെയും പ്രതികൂലമായാണ് ബാധിക്കുന്നതെന്നും പറയുന്നതോടൊപ്പം ലിംഗ ബന്ധങ്ങളെ പരിവർത്തനം ചെയ്യാനുള്ള മറ്റുവഴികൾ കണ്ടെത്തണമെന്നും ഇവർ നിർദ്ദേശിക്കുന്നു.

പലഭാഷകളിലേക്കും പരിവർത്തനം ചെയ്യപ്പെട്ട പലതവണ അച്ചടികൾക്ക് വിധേയമാകുന്ന ഈ ലഘുലേഖകൾ കാണിക്കുന്നത് ഭാഷ ദേശങ്ങൾക്കതീതമായി കമല ഭാസിന്റെ കൃതികൾ ജനപ്രിയവും സ്വീകാര്യവുമാണ്. ഈ ലഘുലേഖകൾ കൂടാതെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, പിതൃമേധാവിത്വം, ഫെമിനിസ്റ്റ് പ്രവർത്തനം, വികസന ഫെമിനിസത്തിന്റെ പ്രാധാന്യം, വർഗീയത തുടങ്ങിയ വിഷയങ്ങളിൽ ഇവർ തന്റെ രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫെമിനിസ്റ്റ് കഥകളും കവിതകളും പാട്ടുകളുമാണ് കമലയുടെ മറ്റു ജനപ്രിയ രചനകൾ എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. പാട്ടും കവിതകളും കഥകളും ചോദ്യങ്ങളും തമാശകളും ഒക്കെയായി അവരുടെ ജീവിതം ഓരോ നിമിഷവും സ്ത്രീകളോട് സംവദിച്ചുകൊണ്ടേയിരുന്നു.

പലർക്കും അറിവും ആവേശവും പകർന്ന് അവരുടെയൊക്കെ ഭാഗമാകാൻ കമലയ്ക്ക് സാധിച്ചിട്ടുണ്ട്. അനേകം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട പ്രിയപ്പെട്ട കമലയുടെ രചനകൾ ഭാഷ ദേശാതിർത്തികൾ ഭേദിച്ചു പുരുഷാധിപത്യത്തോടും ലിംഗ വിവേചനങ്ങളോടും അവരുടെ വേർപാടിന് ശേഷവും കലഹിക്കുമെന്നതിനു തർക്കം ഏതുമില്ല. ലിംഗനീതിയുടെ കാവലാളായി കമല ഭാസിൻ നമ്മുടെ ഹൃദയങ്ങളിൽ എന്നും നിലനിൽക്കുമെന്ന് കമലയുടെ എഴുത്തുകളും അവരെക്കുറിച്ചുള്ള സ്മരണകളും ഓർമ്മിപ്പിക്കുന്നു.

ചർച്ചാവിഷയം

**ഡോ. അനു കുര്യാക്കോസ്**
അസിസ്റ്റന്റ് പ്രൊഫസർ
എസ്. ആർ. എം. യൂണിവേഴ്സിറ്റി ആന്ധ്രപ്രദേശ്





# ട്രാൻസ് പഠനങ്ങളുടെ ആവശ്യകതയും പ്രസക്തിയും : ഒരു അവലോകനം

കഴിഞ്ഞ കുറച്ചു വർഷങ്ങളായി ലോകവ്യാപകമായി അക്കാദമിക ശ്രദ്ധ പിടിച്ചു പറ്റിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ട്രാൻസ്ജൻഡർ പഠനങ്ങൾ. എന്നാൽ, ട്രാൻസ്ജെൻഡർ, നോൺ-ബൈനറി, മറ്റു ലിംഗ വ്യതിരിക്ത കമ്മ്യൂണിറ്റികളെക്കുറിച്ചു വളരെ പരിമിതമായ വിവരങ്ങളാണ് പലപ്പോഴും ഗവേഷകർക്ക് തന്നെയുള്ളത്. ഭാവിയിൽ ട്രാൻസ് സംബന്ധിയായ ഗവേഷങ്ങണളിലേക്ക് ട്രാൻസ്, സിസ് വ്യക്തികളുൾപ്പടെ ഗൗരവമായി ചിന്തിക്കേണ്ടതും പ്രവർത്തനങ്ങളിലേർപ്പെടേണ്ടതുമുണ്ട്. ട്രാൻസ് ഗവേഷണമെന്നത് കേവലം ഒരു പ്രത്യേക മേഖലയുമായി ഒതുങ്ങി നിൽക്കുന്നതല്ല. ബഹുവിധമായ ട്രാൻസ് അനുഭവങ്ങളും ആക്ടിവിസവും രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ നിലനിൽക്കുന്ന വിവിധ വിഷയങ്ങളുമായി അവയെ ചേർത്തിണക്കി പുനർവായനകൾ നിർമ്മിക്കപ്പെടേണ്ടതുണ്ട്. ട്രാൻസ് ഗവേഷണത്തിന്റെ കാലിക പ്രസക്തിയെക്കുറിച്ചു വ്യക്തമാക്കുകയും ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട അന്വേഷണങ്ങളും നിരീക്ഷണങ്ങളും ഭാവിയിൽ ഗവേഷണങ്ങൾ ആവശ്യമുള്ളതുമായ ചില മേഖലകളും ചൂണ്ടിക്കാണിക്കുകയുമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

മറ്റേതൊരു അക്കാദമിക മേഖലയുമെന്നത് പോലെ ട്രാൻസ് ഗവേഷണങ്ങളും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന, പൗരസ്ത്യദേശക്കാരുടെ കുത്തകയായി തന്നെയിരിക്കുകയാണ്. സൗത്ത് ഏഷ്യൻ പഠനങ്ങൾ പലതും വന്നു കൊണ്ടിരിക്കുന്നതേയുള്ളു. വിവിധ ദേശങ്ങളിലുള്ള സംസ്കാര വൈവിധ്യങ്ങളും ലിംഗ വൈവിധ്യനുഭവങ്ങളും രേഖപ്പെടുത്തി വയ്ക്കുമ്പോൾ ഭാഷകൾക്ക് ചില പരിമിതികളുണ്ട്. പ്രത്യേകിച്ചും മലയാള ഭാഷയിൽ ട്രാൻസ് വ്യക്തികളെ ബഹുമാനത്തോടെ സൂചിപ്പിക്കാൻ ഇന്നും പദങ്ങളില്ല. അതിനാൽതന്നെ ആംഗലേയ ഭാഷയെ ആശ്രയിക്കാതിരിക്കാൻ നിവർത്തിയില്ല. നാമുപയോഗിക്കുന്ന 'ട്രാൻസ്ജെൻഡർ' എന്ന

പദത്തിന് ഇന്ത്യയിലെ ഹിജ്റ, കോത്തി, കിന്നർ, ജോഗാപ്പ, തിരുനഃഗായ് എന്നിങ്ങനെയുള്ള ലിംഗ-സാംസകാരിക വൈവിധ്യങ്ങളെ കൃത്യമായി അടയാളപ്പെടുത്താൻ കഴിയുന്നുണ്ടോ എന്നുള്ളത് മറ്റൊരു തർക്ക വിഷയമാണ്. ട്രാൻസ് പഠനങ്ങൾക്ക് വഴികാട്ടിയായി നിൽക്കുന്നത് ആംഗലേയ പഠനങ്ങളാണെങ്കിലും കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി നിരവധി ഇന്ത്യൻ ഗവേഷകർ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എൽ.ജി.ബി.ടി.ഐ.ക്യു.എ മുന്നേറ്റങ്ങളാണ് ഈ ഗവേഷണങ്ങൾക്ക് ദൃശ്യതയും പ്രോത്സാഹനവും നൽകുന്നത്.

'ട്രാൻസ്' എന്ന പദം നിലവിലിരിക്കുന്ന ലിംഗ പ്രതിനിധാനങ്ങളോടും വ്യവസ്ഥകളോടും സമരസപ്പെടുന്നില്ല. ഈ വലിയ കുടയുടെ കീഴിൽ 'ട്രാൻസ്ജെൻഡർ,' 'ട്രാൻസ് സെക്ഷ്വൽ,' എന്നിങ്ങനെ നിരവധി വ്യത്യസ്ഥ ലിംഗ വ്യക്തിത്വങ്ങളുണ്ട്. തങ്ങൾക്കു ജന്മനാ ഉള്ള ശാരീരിക ലിംഗാവസ്ഥകളുമായി പൊരുത്തപ്പെടുന്ന ലിംഗവ്യക്തിത്വമുള്ളവരെ 'സിസ്ജെൻഡർ' എന്ന് പറയുന്നു. ട്രാൻസ് വ്യക്തിത്വം സ്വയം തിരിച്ചറിയുന്ന ഒന്നും അതെ സമയം തന്നെ വൈദ്യശാസ്ത്രപരമായി തീർച്ചപ്പെടുത്തുന്നതുമാണ്. ട്രാൻസ്ജെൻഡർ വ്യക്തിത്വങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ഇന്നും നടന്നതുകൊണ്ടിരിക്കുന്നതിനാൽ ഇതുവരെ കിട്ടിയ അറിവുകൾ ആധികാരികമാണെന്നു ഉറപ്പിച്ചു പറയാൻ വയ്യ. നേരത്തെ സൂചിപ്പിച്ചതു പോലെ, ട്രാൻസ് അനുഭവങ്ങളെ വിവരിക്കാൻ പറ്റിയ, അവരെ ബഹുമാനത്തോടെ അടയാളപ്പെടുത്താൻ പറ്റിയ ഭാഷയെക്കുറിച്ചുള്ള ചർച്ചകൾ ഇത്തരം പഠനങ്ങളിലെ ശ്രദ്ധേയമായ ഒന്നാണ്.



ട്രാൻസ് വ്യക്തികൾ ഭാഗമായ കമ്മ്യൂണിറ്റികളിലും അവരെ വിവരിക്കുന്ന മെഡിക്കൽ സോഷ്യൽ സയൻസ് മേഖലകളിലും ഉപയോഗിക്കപ്പെടുന്ന ഭാഷയുടെ രാഷ്ട്രീയം പ്രശ്നവത്കരിക്കപ്പെടുന്നുണ്ട്. ലിംഗ വ്യതിരിക്തതയെയും സാംസ്കാരിക വ്യതിരിക്തതയെയും ഉൾക്കൊള്ളാനാകുന്ന പദങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഭാഷ പ്രദാനം ചെയ്യുന്ന ലേബലുകളിൽ മാത്രമായി ഒതുക്കി നിർത്താവുന്നതല്ല ട്രാൻസ് അനുഭവങ്ങൾ എന്നതാണ് ഗവേഷകർ നേരിടുന്ന പ്രധാന പ്രതിസന്ധി. പലപ്പോഴും മെഡിക്കൽ നിർവചനങ്ങളുപയോഗിച്ചാണ് ലിംഗ വ്യക്തിത്വങ്ങൾ നിർണയിക്കപ്പെടുന്നത് എന്നതിനാൽ അവയ്ക്ക് വെളിയിൽ നിൽക്കുന്നതോ മിശ്രമോ ആയ അനുഭവങ്ങൾ ഭാഷാപരമായി അവതരിപ്പിക്കാൻ ബുദ്ധിമുട്ടുണ്ട്. ഉദാഹരണത്തിന്, ലിംഗ വ്യക്തിത്വത്തെ ലൈംഗിക ചായ്വുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കേണ്ടുന്ന അവസരങ്ങളിൽ നമ്മുടെ ഭാഷയിൽ നിലവിലിരിക്കുന്ന ഹെറ്ററോ സെക്ഷ്വൽ ഭാവനയിലുള്ള (ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ തുടങ്ങിയ) പദങ്ങൾ അപര്യാപ്തങ്ങളാണ്.

### ആരോഗ്യമേഖലയിലെ ട്രാൻസ് അധിഷ്ഠിത ഗവേഷണങ്ങൾ

ട്രാൻസ് പഠനങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ ട്രാൻസ് വ്യക്തികളെക്കുറിച്ചു സിസ്ജെൻഡർ വൈദ്യശാത്രജ്ഞർ നടത്തിയ ഗവേഷ

ണങ്ങളാണ് ഏറ്റവും കൂടുതലായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാവും. ഇന്നും ട്രാൻസ് പഠനങ്ങളിൽ ഏറ്റവും ഗവേഷണം നടന്നു വരുന്നത് വൈദ്യശാസ്ത്രത്തിലാണ്. ട്രാൻസ്ജെൻഡർ ശാരീരിക-മാനസിക ആരോഗ്യം, ലൈംഗീകാരോഗ്യം, ശസ്ത്രക്രിയ-ഹോർമോൺ ചികിത്സകൾ, ജെൻഡർ ഡിസ്ഫോറിയ, എച്ച്.ഐ.വി, കാൻസർ ചികിത്സ, തുടങ്ങിയവ ശ്രദ്ധേയമായ മേഖലകളാണ്. പ്രത്യുത്പാദനം, ഡിസബിലിറ്റി, വാർദ്ധക്യം എന്നിങ്ങനെ നവീനവും വ്യത്യസ്ത മേഖലകളെ ഉൾക്കൊള്ളിച്ചുള്ളതുമായ പഠനങ്ങളും വന്നു തുടങ്ങിയിരിക്കുന്നു എന്നത് ആശ്വാസകരവും പ്രതീക്ഷ നൽകുന്നതുമാണ്. ലിംഗ വ്യക്തിത്വം ഉറപ്പിക്കുന്ന ശസ്ത്രക്രിയകളെക്കുറിച്ചുള്ള ഗവേഷണങ്ങളിൽ അവ ട്രാൻസ് വ്യക്തികൾക്ക് നൽകുന്ന മാനസികമായ സംതൃപ്തിയെക്കുറിച്ചും പഠിക്കുന്നു.

ലിംഗ വ്യക്തിത്വത്തെക്കുറിച്ചും ലിംഗ പ്രകാശനത്തെക്കുറിച്ചുമുള്ള മാനസികാരോഗ്യ പഠനങ്ങൾ ഈ ആശയങ്ങളുടെ രൂപപ്പെടൽ, വികാസം, നോൺ- ബൈനറി വ്യക്തിത്വം, ലിംഗ വ്യതിരിക്തത, ലിംഗ വ്യക്തിത്വം വെളിപ്പെടുത്തുന്നത്, വൈദ്യശാസ്ത്രപരവും സാമൂഹികവുമായുള്ള രൂപാന്തരണവും പൊരുത്തപ്പെടലുകളും എന്നിവയെ ശാസ്ത്രീയമായി സമീപിക്കുന്നു, അതോടൊപ്പം തന്നെ മറ്റു പ്രധാന മാനസികാരോഗ്യരംഗങ്ങളെ ട്രാൻസ് പഠനങ്ങളുമായി കൂട്ടിയിണക്കുന്നുമുണ്ട്. വിഷാദം, ആകുലതകൾ, ആത്മഹത്യാ പ്രവണതകൾ എന്നിവ അത്തരമൊരു മേഖലയാണ്.

ഫിസിയോളോജി ഗവേഷണങ്ങളും ആധുനിക വൈദ്യശാത്രത്തിന്റെ സംഭാവനകളാണ്. വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ചും യൂറോ-അമേരിക്കൻ ഗവേഷകർ ട്രാൻസ് സംബന്ധിയായ ശസ്ത്രക്രിയകൾ എങ്ങിനെയാണ് ട്രാൻസ് വ്യക്തികളുടെ ശാരീരിക ആരോഗ്യത്തെ അനുകൂലമായോ പ്രതികൂലമായോ സ്വാധീനിക്കുന്നത് എന്ന് പഠിക്കുന്നുണ്ട്.




അതോടൊപ്പം ട്രാൻസ് വ്യക്തികൾക്ക് ഡയബെറ്റിസ്, കാൻസർ, ആഹാരശീലങ്ങളുമായി ബന്ധപ്പെട്ട അസുഖങ്ങൾ, ഹൃദയത്തെയും രക്തധമനികളെയും സംബന്ധിച്ച അസുഖങ്ങൾ മുതലായ മേഖലകളിലും ഗവേഷണങ്ങൾ നടക്കുന്നു.

### ലിംഗത്വ-ലൈംഗിക പഠനങ്ങൾ (Gender and Sexuality Studies)

പൊതുസമൂഹത്തിനുള്ള ലൈംഗികമായ അബദ്ധ ധാരണകൾ പലപ്പോഴും ട്രാൻസ് ക്വീർ വ്യക്തികളെ കുറ്റവാളികളായി അപരവത്കരിക്കുന്നതിനു കാരണമാവാറുണ്ട്. ഒകഢ ബാധിതരായ സിസ് - ട്രാൻസ്-ക്വിയർ വ്യക്തികൾ ഇത്തരം അപമാനങ്ങൾ ഏറെ ഏൽക്കേണ്ടി വരുന്നു. ലൈംഗിക ആരോഗ്യ പഠനങ്ങൾ പ്രധാനമായും ഉന്നം വയ്ക്കുന്നത് മനുഷ്യരുടെ പ്രചോദനങ്ങളെയും ചേഷ്ടകളെയും സംബന്ധിച്ച അപഗ്രഥനമാണ്. ട്രാൻസ് മേഖലയുമായി ബന്ധപ്പെട്ട് ലൈംഗിക പെരുമാറ്റങ്ങൾ, എച്ച്.ഐ.വിയും മറ്റു ലൈം

ഗിക രോഗങ്ങളുമാണ് പ്രധാന ഗവേഷണ വിഷയങ്ങൾ. ലൈംഗിക ശുചിത്വം, സുരക്ഷ, അപകട ഘടകങ്ങൾ മുതലായവയെക്കുറിച്ചുള്ള ബോധ്യങ്ങൾ ആളുകളിൽ ക്രിയാത്മകമായ മാറ്റങ്ങൾ വരുത്തുമെന്ന് അനുമാനിക്കപ്പെടുന്നു. ഇത്തരം മെഡിക്കൽ ഗവേഷണങ്ങൾ സിസ് വ്യക്തികൾക്കും ട്രാൻസ് വ്യക്തികൾക്കും ഒരു പോലെ അവബോധത്തിനു കാരണമാവാം. ട്രാൻസ്ഭീതി ഒഴിവാക്കാനും സിസ് വ്യക്തിത്വം പോലെ തന്നെ പ്രകൃതിപരമാണ് ട്രാൻസ് വ്യക്തിത്വമെന്നും മനസ്സിലാക്കി തരുന്നതിൽ ഇവ പ്രധാന പങ്കു വഹിക്കുന്നു. 'പരിവർത്തന ചികിത്സ' പോലുള്ള അപകടകരമായ പ്രവണതകൾക്കെതിരെ മെഡിക്കൽ വിദ്യാർഥികളടക്കം പ്രതികരിക്കുന്നത് ഇത്തരം ക്രിയാത്മകമായ ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണെന്നു ആശ്വസിക്കാം.

### ട്രാൻസ് സാമൂഹിക ജീവിതവും, കമ്മ്യൂണിറ്റി രൂപീകരണവും ഗവേഷണങ്ങളിൽ

ആരോഗ്യമേഖല സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള ഗവേഷണങ്ങളുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ്. മനുഷ്യർക്ക് സാമൂഹ്യജീവിതം അവരുടെ ശാരീരികവും മാനസികവുമായ സുസ്ഥിതിക്ക് അത്യന്താപേക്ഷിതമായതിനാൽ ട്രാൻസ് ഗവേഷണങ്ങളിലും ഇവയെല്ലാം ഉൾക്കൊള്ളിക്കുന്ന നിലപാടാണ് ഗവേഷകരും അവലംബിച്ചിരിക്കുന്നത്. കുടുംബമാണ് സാമൂഹ്യജീവിതത്തിന്റെ പ്രാഥമിക തലമായി കണക്കാക്കപ്പെടുന്നത്. അപ്പോൾ കുടുംബത്തിൽ നിന്നും ട്രാൻസ് വ്യക്തികൾക്ക് ലഭിക്കേണ്ട പിന്തുണ വളരെ പ്രധാനമാണ്. അവ ലഭിക്കാതെ വരുന്നതാണ് ശാരീരിക-മാനസിക അനാരോഗ്യത്തിലേക്കും സംഘർഷങ്ങളിലേക്കും നയിക്കുന്നത്. സാമൂഹിക പിന്തുണ, കമ്മ്യൂണിറ്റി രൂപീകരണങ്ങളും അനുബന്ധപ്രവർത്തനങ്ങളും, പ്രണയവും ലൈംഗികതയും, കുടുംബവും സൗഹൃദങ്ങളും നൽകുന്ന പ്രോത്സാഹനങ്ങൾ, മുതലായവ എങ്ങിനെയാണ് ട്രാൻസ് വ്യക്തികളെ അനുകൂലമായും പ്രതികൂലമായും ബാധിക്കുന്നതു എന്നത് പ്രധാനപ്പെട്ട ഒരു അനുബന്ധ ഗവേഷണ മേഖലയാണ്. ട്രാൻസ്ജെൻഡർ വ്യക്തികൾ രക്ഷാകർത്താക്കളായുള്ള കുടുംബങ്ങളെക്കുറിച്ചും അവരും അവർ വളർത്തുന്ന കുട്ടികളുമായുള്ള ബന്ധങ്ങളെക്കുറിച്ചും പഠനങ്ങളുണ്ട്. ട്രാൻസ്ജെൻഡർ രക്ഷകർത്താക്കളുടെ കുട്ടികൾ നല്ല സാമൂഹ്യ ബോദ്ധ്യങ്ങളോടെ വളർന്നു വരുന്നതായി പഠനങ്ങൾ കാണിക്കുന്നു.




### ട്രാൻസ് പാർശ്വവത്കരണം മാനവിക-സാമൂഹിക ശാസ്ത്ര ഗവേഷണത്തിൽ

സാമൂഹ്യശാസ്ത്ര ഗവേഷണങ്ങൾ ട്രാൻസ് വ്യക്തികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥയും അരികുവത്കരണവും പ്രശ്നവത്കരിക്കുന്നുണ്ട്. വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് വിവേചനങ്ങളും അവർക്കെതിരെയുള്ള ആക്രമണങ്ങളും നടക്കുന്നത്, ജാതി, മതം, ഗോത്രം, വംശം, വിദ്യാഭ്യാസം, സാമ്പത്തികം, തൊഴിലും ജീവിത മാർഗങ്ങളും എന്നിങ്ങനെ നിരവധിയായ വിഷയങ്ങൾ ട്രാൻസ് പഠനങ്ങളുമായി ചേർത്ത് വായിക്കപ്പെടുന്നത് ട്രാൻസ്




വ്യക്തികൾ തന്നെ നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഗുണഫലമായാണ്. ഇതിൽ തന്നെ ചരിത്രം, നരവംശ ശാസ്ത്രം, രാഷ്ട്രതന്ത്രം, സാമ്പത്തിക ശാസ്ത്രം, സാംസ്കാരിക പഠനങ്ങൾ എന്നിവ ട്രാൻസ് സംബന്ധിയായ പല തരം ഗവേഷണങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടേണ്ടി വരുന്ന ശാരീരികവും മാനസികവും ലൈംഗികവുമായുള്ള അക്രമങ്ങൾ, അവയുടെ ആഘാതങ്ങൾ വളരെയധികം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. പൊതു സമൂഹത്തിൽ നിന്നും നിയമസംവിധാനങ്ങളിൽ നിന്നും വിവേചനം നേരിടുന്ന അവർ ട്രാൻസ്ഭീതിയുടെ നിഴലിൽ എങ്ങിനെ സാമൂഹ്യജീവിതം സാധ്യമാക്കുന്നു എന്നിവയും  പഠനവിധേയമായിട്ടുണ്ട്. അതിന്റെ ഫലമായി തന്നെ പല രാഷ്ട്രങ്ങളും ട്രാൻസ് ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും നിയമനിർമാണവും നയപ്രഖ്യാപനങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. ട്രാൻസ് ആക്ടിവിസം എന്ന ഗവേഷണ മേഖല എങ്ങിനെയാണ് ട്രാൻസ്-ക്വീർ പോരാട്ടങ്ങൾ പ്രതിരോധത്തിന്റെ രാഷ്ട്രീയം സൃഷ്ടിച്ചു മാറ്റത്തിന് വേദിയൊരുക്കിയത് എന്ന് കാണിച്ചു തരുന്നു.

ട്രാൻസ്ജെൻഡർ വ്യക്തികളെ സംബന്ധിച്ചിടത്തോളം തൊഴിൽ ഏറ്റവും ചൂഷണം നേരിടുന്ന മേഖലയാണ്.  മാന്യമായ തൊഴിലും സാമ്പത്തിക ഭദ്രതയും ഒരു വ്യക്തിക്കു ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഉറപ്പു വരുത്തുന്നതോടൊപ്പം തനിക്കും സമൂഹത്തിനും വേണ്ടി ക്രിയാത്മകമായി പ്രവർത്തിക്കാൻ  അവസരവും നൽകുന്നു. സ്കൂൾവിദ്യാഭ്യാസം പൂർത്തീകരിക്കാനാവാത്തതിനാൽ ഉയർന്ന വിദ്യാഭ്യാസം ആവശ്യമായ ജോലികൾ ലഭിക്കുന്നില്ല. ഹെറ്ററോനോർമാറ്റിവ് സമൂഹത്തിന്റെ ട്രാൻസ്ഭീതി മൂലം വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിൽ മാറ്റിനിർത്തപ്പെടുന്ന അവസ്ഥ- ഇങ്ങനെ നോക്കുമ്പോൾ ഓരോ പ്രശ്നവും പരസ്പര ബന്ധിതമാണെന്നു കാണാം. എന്നാൽ പ്രതിസന്ധികളോട് ചെറുത്തു നിന്ന് വിജയം കൈവരിച്ചവരുടെ ഉദാഹരണങ്ങളുമുണ്ട്. രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളിലെ ഗവേഷണങ്ങൾ പലതും ദേശീയ-അന്തർദേശീയ തലത്തിൽ ഈ പ്രശ്നങ്ങളെ പഠിക്കാനും പരിഹാരം കാണാനും  ശ്രമിക്കുന്നുണ്ട്. ട്രാൻസ് വ്യക്തികളുടെ തൊഴിൽ, സംരംഭകത്വം, ട്രാൻസ് വ്യക്തികളെ ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസവും തൊഴിലിടങ്ങളും മുതലായ വിഷയങ്ങളിലെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും ആക്ടിവിസത്തോടൊപ്പം ഗവേഷണം ചെയ്യപ്പെടേണ്ടതുമാണ്. ദേശീയ പ്രാദേശിക തിരഞ്ഞെടുപ്പിലടക്കം പ്രാതിനിധ്യമില്ലാതെ പോകുന്ന അവസ്ഥയ്ക്ക് കാരണവും മറ്റൊന്നല്ല.




അരികുവത്കരണം നേരിടുന്ന ട്രാൻസ് വ്യക്തികളിൽ തന്നെ വംശവും ഗോത്രവും മൂലം വിവേചനം അനുഭവിക്കുന്നവരെക്കുറിച്ചു ആഫ്രിക്കൻ, ആഫ്രോ-അമേരിക്കൻ പശ്ചാത്തലത്തിൽ ഗവേഷണങ്ങൾ നടന്നു വരുന്നുണ്ട്. ഇത്തരം ദ്വിമാന പാർശ്വവത്കരണം മാനസികാഘാതിനും ആക്രമണങ്ങൾക്കു ഇരയാക്കപ്പെടുന്നതിനും കാരണമാവുന്നു. സാമൂഹ്യമായ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്ന,  ഇന്ത്യയിലെ ട്രാൻസ് വ്യക്തികൾ ഇങ്ങനെ



ഇരയാക്കപ്പെടുന്ന നിരവധി ഉദാഹരണങ്ങളുണ്ടെങ്കിലും അവരനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് കൃത്യമായ പഠനവും പോളിസികളും പരിഹാരങ്ങളും നടപ്പിലാക്കാൻ എല്ലാ സർക്കാരുകൾക്കും കഴിഞ്ഞിട്ടില്ല. ദലിത് സമൂഹത്തിൽ നിന്നുള്ള ട്രാൻസ് വ്യക്തികളെക്കുറിച്ച് കൂടുതലായി പഠിക്കണം. സിസ് ദലിതരേക്കാൾ ട്രാൻസ് ദലിതർ എങ്ങിനെ അരികുവത്കരിക്കപ്പെടുന്നു എന്ന് ചിന്തിക്കണം. സമൂഹത്തിൽ നിലനിൽക്കുന്ന ബ്രഹ്മണീയ സാമൂഹ്യഘടന ട്രാൻസ് വ്യക്തികളിൽ ചിലരുടെ ജീവിത മാർഗ്ഗമായ ഭിക്ഷാടനത്തെയും ലൈംഗിക തൊഴിലിനേയും സാമൂഹ്യശാസ്ത്ര പുസ്തകങ്ങളും മാധ്യമ രേഖകളും സംഭ്രമജനകമായാണ് രേഖപ്പെടുത്തി വച്ചിട്ടുള്ളത്. ഇ



ന്ത്യയിലെ പല സംസ്ഥാനങ്ങളിലും ദലിത്-ട്രാൻസ് ആക്ടിവിസ്റ്റുകൾ പരസ്യമായി ഈ വിവേചനത്തിനെതിരെ പ്രതികരിക്കുന്നു. ദലിത് ട്രാൻസ് ആക്ടിവിസത്തിന്റെ ചരിത്രം രേഖപ്പെടുത്തുതി വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ദലിത് ട്രാൻസ് ആക്ടിവിസ്റ്റും ചരിത്രകാരിയും പെർഫോർമറുമായ ഗ്രേസ് ഭാനു പറയുന്നത്. ചരിത്ര രേഖകളിലടക്കം ദലിത് ട്രാൻസ് സ്ത്രീകൾ നിഗൂഢതകൾ നിറഞ്ഞവരും നിഷ്കാസിതരുമായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു എന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ദലിത് സിസ്-ട്രാൻസ് സ്ത്രീകളെ ഉൾപ്പെടുത്തിയുള്ള 'മുക്തി' എന്ന പ്രൊജക്റ്റ് അവരുടെ ഉന്നമനത്തെ ലക്ഷ്യം വയ്ക്കുന്നു.

## സാംസ്കാരിക സാഹിത്യ പഠനങ്ങളിലെ ട്രാൻസ് പ്രതിനിധാനങ്ങൾ

കല-സാംസ്കാരിക പ്രവർത്തനങ്ങളിൽ ധാരാളമായി ഏർപ്പെടുന്നവരാണ് ട്രാൻസ്വ്യക്തികൾ. സിനിമയിലെ ട്രാൻസ് പ്രതിനിധാനങ്ങളുമായി ബന്ധപ്പെട്ട ഒട്ടനവധി ഗവേഷണങ്ങളുണ്ട്. 'ട്രാൻസ് സിനിമ' എന്ന സങ്കൽപം അത്തരത്തിലുള്ള ഒന്നാണ്. റെബേക്ക ബെൽ മെറ്റീരിയോ, എലിസ സ്റ്റെയിൻബൊക്ക്, വിബ്കെ സ്ട്രോബ്. എന്നിങ്ങനെ നിരവധി സിസ്- ട്രാൻസ് യൂറോ - അമേരിക്കൻ ഗവേഷകർ ട്രാൻസ് സിനിമയെക്കുറിച്ച് അക്കാഡമിക് ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. ഇന്ത്യൻ സിനിമകളെക്കുറിച്ചും പ്രാദേശിക സിനിമകളിലെ ട്രാൻസ് പ്രതിനിധാനങ്ങളെക്കുറിച്ചുമുള്ള ചർച്ചകളും സജീവമായിക്കൊണ്ടിരിക്കുന്നു. സിനിമയിൽ ട്രാൻസ്വ്യക്തികൾ എങ്ങിനെയാണ് അദൃശ്യരായിരിക്കുന്നതെന്നും വിവേചനം നേരിട്ട് കൊണ്ടിരിക്കുന്നതെന്നും തീർച്ചയായും ഗൗരവമായി സമീപിക്കേണ്ട ഒന്നാണ്. മറ്റു കല-സാംസ്കാരിക മണ്ഡലങ്ങളും ഇതിൽ നിന്നും വിഭിന്നമല്ല. നാടക പഠനങ്ങളിൽ 'ക്രോസ്സ് ഡ്രസിങ്' എന്നൊരു സമ്പ്രദായം ഉണ്ടെ

ങ്കിലും അത്തരം പ്രതിനിധാനങ്ങളെയും അതിന്റെ രാഷ്ട്രീയത്തിന്റെ വിവിധ മാനങ്ങളെക്കുറിച്ചും ആഴത്തിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു.

സാഹിത്യ ഗവേഷണത്തിലും ഈ അവസ്ഥക്ക് വലിയ മാറ്റമില്ല. ട്രാൻസ്ജെൻഡർ സാഹിത്യം ഇപ്പോഴും പിൻനിരയിലാണ്. ട്രാൻസ് സാഹിത്യകാരുടെ കൃതികൾക്കാണ് ട്രാൻസ് അനുഭവങ്ങളെ ശരിയായി അവതരിപ്പിക്കാൻ സാധിക്കുക. സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ് അതിനു തടസ്സം സൃഷ്ടിക്കുന്നത്. 2020 ലെ ബുക്കർ സമ്മാന ജേതാവ് നോൺ-ബൈനറി വ്യക്തിയായ മരീകെ ലൂക്കാസ് റിജേവേൾഡ്, ആണെന്നത് സാമൂഹ്യ മാറ്റത്തിന്റെ പ്രതിഫലനമാണ്. സാഹിത്യത്തിലെ തന്നെ ആത്മകഥാസാഹിത്യപഠനങ്ങളിൽ ട്രാൻസ്ജെൻഡർ ആത്മകഥകളെയും ജീവിതചരിത്രങ്ങളെയും കുറിച്ച് ഇന്ത്യയിലും വിദേശത്തുമായി നിരവധി ഗവേഷണ പ്രബന്ധങ്ങൾ സമീപകാലത്തു വരുന്നുണ്ട്. ട്രാൻസ് ആഖ്യായികകൾക്ക് തങ്ങളുടെ ചരിത്രത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും രേഖപ്പെടുത്തി മികച്ച രീതിയിൽ സൂക്ഷിക്കാനാവുമെന്നുള്ളൊരു മേന്മയുണ്ട്.

തമിഴ്നാട്ടിൽ നിന്നുള്ള സാമൂഹിക പ്രവർത്തകയും അഭിനേത്രിയും ചിത്രകാരിയും എഴുത്തുകാരിയുമായ കൽക്കി സുബ്രഹ്മണിയം താൻ നടത്തുന്ന ബഹുമുഖമായ ട്രാൻസ് പ്രവർത്തനമേഖലകളുമായി മികച്ചൊരു മാതൃകയാണ് നൽകുന്നത്. കല എങ്ങിനെയാണ് സാമൂഹ്യപ്രവർത്തനത്തിനും സ്വത്വ പ്രകാശത്തിനുമുള്ള ഒരു വേദിയായി മാറ്റാൻ കഴിയുക എന്നുള്ളത് കൽക്കിയുടെ ജീവിതത്തിൽ നിന്നും തിരിച്ചറിയാവുന്നതാണ്. തന്റെ കലയിലൂടെ നിലവിലിരിക്കുന്ന ലിംഗ വ്യവസ്ഥകളെയും പ്രതിനിധാനങ്ങളെയും ചോദ്യം ചെയ്യുകയും അവയെ വെല്ലുവിളിക്കുകയും ചെയ്യുന്ന കൽക്കിയുടെ വാക്കുകളും വരയും ഗവേഷകർക്ക് മുന്നിൽ ഒരു തുറന്ന പുസ്തകമാണ്. കേരളത്തിൽ നിന്നുള്ള ട്രാൻസ് സാഹിത്യകാരിയായ വിജയരാജ മല്ലിക നമുക്കൊക്കെ അഭിമാനമാണ്. സാഹിത്യത്തിലും മലയാള ഭാഷയിലും മല്ലിക പല സംഭാവനകളും നൽകിയിട്ടുണ്ട്. മല്ലികയുടെ പ്രസംഗങ്ങളിലും കൃതികളിലും അവർ ട്രാൻസ് അനുഭവങ്ങളെ ഉൾക്കൊള്ളിക്കുന്ന പദങ്ങൾ ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന് 'എഴുത്തുകാരൻ' 'എഴുത്തുകാരി' എന്നിങ്ങനെ ബൈനറി ലിംഗവ്യവസ്ഥക്കു പുറത്തു നിൽക്കുന്നവരെ ഒഴിവാക്കുന്ന പദങ്ങൾക്ക് പകരം 'എഴുത്താളി' എന്ന പദം നിർദ്ദേശിക്കുക വഴി എങ്ങിനെയാണ് ഭാഷയെ പുനർനിർമിക്കേണ്ടതെന്നു അവർ കാണിച്ചു തരുന്നു. ട്രാൻസ്ഭീതി പരത്തുന്ന മാധ്യമ റിപ്പോർട്ടുകൾക്കും മറ്റു എഴുത്തുകൾക്കും ബദലായി ട്രാൻസ് എഴുത്തുകൾ കൂടുതലായി മുഖ്യധാരയിലെത്തിയാൽ മാത്രമേ ട്രാൻസ് സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനാകൂ. ട്രാൻസ് വ്യക്തികൾക്ക് കൂടുതലായി സാഹിത്യത്തിലും മാധ്യമരംഗത്തും അക്കാദമിക മേഖലയിലും അവസരം നൽകുന്നത് വഴി അത് സാധ്യമാക്കാനാവും.

**തമിഴ്നാട്ടിൽ നിന്നുള്ള സാമൂഹിക പ്രവർത്തകയും അഭിനേത്രിയും ചിത്രകാരിയും എഴുത്തുകാരിയുമായ കൽക്കി സുബ്രഹ്മണിയം താൻ നടത്തുന്ന ബഹുമുഖമായ ട്രാൻസ് പ്രവർത്തനമേഖലകളുമായി മികച്ചൊരു മാതൃകയാണ് നൽകുന്നത്. കല എങ്ങിനെയാണ് സാമൂഹ്യപ്രവർത്തനത്തിനും സ്വത്വ പ്രകാശത്തിനുമുള്ള ഒരു വേദിയായി മാറ്റാൻ കഴിയുക എന്നുള്ളത് കൽക്കിയുടെ ജീവിതത്തിൽ നിന്നും തിരിച്ചറിയാവുന്നതാണ്. തന്റെ കലയിലൂടെ നിലവിലിരിക്കുന്ന ലിംഗ വ്യവസ്ഥകളെയും പ്രതിനിധാനങ്ങളെയും ചോദ്യം ചെയ്യുകയും അവയെ വെല്ലുവിളിക്കുകയും ചെയ്യുന്ന കൽക്കിയുടെ വാക്കുകളും വരയും ഗവേഷകർക്ക് മുന്നിൽ ഒരു തുറന്ന പുസ്തകമാണ്.**

ട്രാൻസ് ഗവേഷണത്തിന്റെ ഭാവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ ട്രാൻസ് വ്യക്തികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വ്യത്യസ്ത മേഖലകളിലുള്ള വിദഗ്ദ്ധരുടെ സഹകരണത്തോടെയുള്ള പഠനങ്ങളുടെ ആവശ്യകതയെക്കുറിച്ചു കൂടി ബോധ്യമുണ്ടാവേണ്ടതുണ്ട്. കൂട്ടായ പ്രവർത്തനം കേവലമായ പങ്കെടുക്കൽ മാത്രമല്ല; ട്രാൻസ് വ്യക്തികളുടെ ആവശ്യങ്ങളെക്കുറിച്ചു ബോധ്യമുണ്ടായാൽ മാത്രം പോരാ, അത് നേടിയെടുക്കാനുള്ള പരിശ്രമവും വേണം. പ്രത്യേകിച്ചും വർഗം കൊണ്ടും വർണം കൊണ്ടും ഭാഷ കൊണ്ടും ദേശം കൊണ്ടും പാർശ്വത്കരിക്കപ്പെട്ട ട്രാൻസ് വ്യക്തികളെക്കുറിച്ചു ഗൗരവമായ പഠനങ്ങൾ വേണം. ട്രാൻസ്- സിസ് ഗവേഷകർ ഒന്ന് ചേർന്ന് പ്രവർത്തിച്ചാലേ അത് സാധ്യമാവൂ.



**വിൻഷി പി. കെ.**
MSK-SRCW റിസേർച്ച് ഓഫിസർ
തിരുവനന്തപുരം

# ട്രാൻസ് മരണങ്ങളോട് ഇനിയും നമുക്ക് നിസ്സംഗതയോ?



സ്വീറ്റ് മരിയ

**വി**വിധങ്ങളായ കാരണങ്ങൾ കൊണ്ട് ജീവനും ജീവിതവും നഷ്ടപ്പെട്ടവരോ, കൊല്ലപ്പെട്ടവരോ, അല്ലെങ്കിൽ സ്വയം ജീവിതം അവസാനിപ്പിക്കാൻ നിർബന്ധിതരായവരോ ആയ ട്രാൻസ് മനുഷ്യരുടെ ഓർമ ദിനമായാണ് എല്ലാ വർഷവും നവംബർ 20 ലോകവ്യാപകമായി ആചരിച്ചു വരുന്നത്. ഓരോ വർഷം ഈ ദിനം കടന്നുപോകുമ്പോഴും, നമുക്കിടയിൽനിന്ന് ഒരുപാട് ട്രാൻസ് മനുഷ്യരുടെ ജീവനുകളാണ് പൊലിഞ്ഞു പോയിക്കൊണ്ടിരിക്കുന്നത്. പൊതുവിടങ്ങളിൽ ട്രാൻസ് മനുഷ്യരുടെ ദൃശ്യത വാർത്തകളിൽ നിറയുമ്പോൾ അസ്വസ്ഥതപ്പെടുത്തുന്ന മറ്റൊരു യാഥാർഥ്യമാണ് ട്രാൻസ് മനുഷ്യരുടെ കൊലപാതകങ്ങളും ആത്മഹത്യകളും. കേരളത്തിൽ ട്രാൻസ് കമ്മ്യൂണിറ്റി അംഗങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയെയും ദൃശ്യപരതയെയും കുറിച്ച് നമ്മൾ വാചാലരാകുമ്പോൾ ട്രാൻസ് കൊലപാതകങ്ങളെക്കുറിച്ചും, പ്രതികൂല സാഹചര്യം കൊണ്ട് ജീവിതം അവസാനിപ്പിക്കേണ്ടി വന്നവരെക്കുറിച്ചും നമ്മൾ മൗനം തുടരുകയാണ്. കേരളത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നിരവധി ട്രാൻസ് വ്യക്തികളുടെ മരണങ്ങൾ വാർത്തയായി. 2016 ൽ കൊല്ലം ജില്ലയിൽ കൊല്ലപ്പെട്ട സ്വീറ്റ് മരിയ, 2017 എറണാകുളം ജില്ലയിൽ കൊല്ലപ്പെട്ട ഗൗരി, 2019 കോഴിക്കോട് കൊല്ലപ്പെട്ട ശാലു, സ്വജീവിതം വെടിഞ്ഞ കണ്ണൂരുകാരി സ്നേഹ, അനന്യ കുമാരി അലക്സ് (നിയമ സഭ തിരഞ്ഞെടുപ്പിൽ വേങ്ങര മത്സരിച്ച ആദ്യ ട്രാൻസ് വ്യക്തി, മോഡൽ, റേഡിയോ ജോക്കി), ഈയടുത്ത് ജീവൻ വെടിഞ്ഞ ശ്രദ്ധ, തുടങ്ങി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായി ഒരുപാട് ട്രാൻസ് മനുഷ്യരാണ് നമ്മളെ വിട്ടു പോയിരിക്കുന്നത്.

സ്വീറ്റ് മരിയ: 2012 നവംബറിൽ, സ്വീറ്റ് മരിയയെ (35) കൊല്ലത്തെ വാടക മുറി

യിൽ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ട നിലയിലാണ് കണ്ടെത്തിയത്. ഒരു ജനപ്രിയ അവകാശ പ്രവർത്തകയായിരുന്നു സ്വീറ്റ് മരിയ. എല്ലാ വിധത്തിലും സജീവമായ മരിയ വർണ്ണാഭമായ സ്ത്രീവേഷത്തിലും, മഴവില്ല് ഷേഡുള്ള കുടയിലുമായിരുന്നു പൊതു പരിപാടികളിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. വളരെ ക്രൂരമായ രീതിയിലായിരുന്നു മരിയ കൊല്ലപ്പെട്ടത്. അവളുടെ കഴുത്ത് മുറിച്ചുമാറ്റപ്പെട്ടനിലയിലും, ശരീരം കത്തിയോ കഠാരയോ ഉപയോഗിച്ച് കുത്തി പരിക്കേൽപ്പിച്ച നിലയിലുമായിരുന്നു കണ്ടെത്തിയത്. മാധ്യമ റിപ്പോർട്ടുകൾ പ്രകാരം, അവളുടെ ശരീരത്തിന്റെ മുകൾ ഭാഗത്ത് നിരവധി മുറിവുകൾ കാണപ്പെടുകയും വയറ്റിൽ കുത്തേറ്റ നിലയിലുമായിരുന്നു. ദേഹമാസകലം മുളകുപൊടി വിതറിയിരുന്നു, ആസ്ബറ്റോസ് ഷീറ്റ് കൊണ്ട് മൂടിയ രീതിയിലായിരുന്നു ശരീരം.

**ഗൗരി**: തമിഴ്നാട് സ്വദേശിയായ ഗൗരി, എറണാകുളം ജില്ലയിലെ ആലുവയിലാണ് കുറച്ചുകാലമായി താമസിച്ചിരുന്നത്. 2017 ആഗസ്റ്റ് 16 ന് സെന്റ് സേവ്യേഴ്സ് കോളേജിന് സമീപമുള്ള കുറ്റിക്കാട്ടിലായിരുന്നു ഗൗരിയുടെ മൃതദേഹം കണ്ടെത്തിയത്. 28 വയസ്സുള്ള ഗൗരി നാട്ടിലെ സുപരിചിതമായ മുഖമായിരുന്നു. നിർമ്മാണ തൊഴിലാളിയായി ജോലി ചെയ്തു സമാധാനപരമായ ജീവിതം നയിച്ച് വരികയായിരുന്നു. മരണശേഷം, അവളുടെ ബന്ധുക്കളെ കണ്ടെത്താൻ പോലീസിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ നടന്നെങ്കിലും ആരെയും കണ്ടെത്താൻ സാധിച്ചിരുന്നില്ല. കൊല്ലപ്പെടുന്നതിന് മുൻപ് ജീവിതത്തിന് ഭീഷണി ഉണ്ടായിരുന്നതായി ഗൗരി സുഹൃത്തുക്കളോട് പറഞ്ഞിരുന്നു.



**ശാലു**: 35 കാരിയായ ശാലു കണ്ണൂർ സ്വദേശിയായിരുന്നു. 2014 ൽ വീടുവിട്ടിറങ്ങിയ ശാലു മൈസൂരിൽ വെച്ചായിരുന്നു ലൈംഗിക പുനർനിർണയ ശസ്ത്രക്രിയയ്ക്ക് വിധേയയായത്. 2019 ഏപ്രിൽ ഒന്നിനാണ് ശാലുവിനെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയതായി സ്ഥിരീകരിക്കപ്പെട്ടിരുന്നു. നഖങ്ങളും വിരലടയാളങ്ങളും മൂലമുണ്ടായ മുറിവുകൾ കഴുത്തിലും മുഖത്തും ശരീരഭാഗങ്ങളിലും കണ്ടെത്തിയിരുന്നു. ശാലു ഉപയോഗിച്ചിരുന്ന വാലറ്റും കാണാതായിരുന്നു. കേസിനാസ്പദമായ ഒരു പാട് തെളിവുകൾ ഉണ്ടായിരുന്നിട്ടും കുറ്റവാളികളെ കണ്ടെത്താൻ ഇതുവരെ പോലീസിന് കഴിഞ്ഞിട്ടില്ല. ട്രാൻസ് മനുഷ്യരുടെ കൊ



ലപാതക കേസുകൾ പെട്ടെന്ന് അവസാനിപ്പിച്ചാൽ ആരും പരാതി നൽകില്ലെന്ന് പോലീസിന് ബോധ്യമുള്ളതുകൊണ്ട് തന്നെ ഇത്തരം കേസുകളിൽ വേണ്ടത്ര അന്വേഷണങ്ങൾ നടക്കുന്നില്ല.


**സ്നേഹ**: 2020 ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കണ്ണൂർ കോർപ്പറേഷനിലേക്കു കിഴുന്ന വാർഡിൽ നിന്ന് മത്സരിച്ച സ്ഥാനാർത്ഥിയായിരുന്നു സ്നേഹ. ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥിയെന്ന നിലയിൽ വലിയ ജനശ്രദ്ധ ലഭിച്ച സ്നേഹ തീ കൊളുത്തി മരിക്കുകയാണ് ഉണ്ടായത്. ട്രാൻസ് ജെൻഡർ ഉന്നമനത്തിനും അവരുടെ അവകാശങ്ങൾക്കും വേണ്ടി ശക്തമായി ശബ്ദിച്ച ഒരു സാമൂഹ്യപ്രവർത്തകയായിരുന്ന സ്നേഹയുടെ ആകസ്മികമായ മരണം എല്ലാവർക്കും ഒരു ഞെട്ടലും വേദനയുമായി.

രള സമൂഹം ട്രാൻസ് മനുഷ്യരെ അത്രത്തോളം നിസ്സംഗതയോടെയാണ് ഇപ്പോഴും നോക്കിക്കാണുന്നത് എന്നതിന്റെ തെളിവാണ്. ട്രാൻസ് കൊലപാതകങ്ങളെക്കുറിച്ചു അന്വേഷണം വേണമെന്ന ആവശ്യങ്ങൾക്കും പ്രതിഷേധ യോഗങ്ങൾക്കും അധികം ആയുസ്സുണ്ടാവുന്നില്ല. ട്രാൻസ് വ്യക്തികളുടെ ആത്മഹത്യയുടെ എണ്ണത്തിന് കൃത്യമായ സ്ഥിതിവിവരക്കണക്കുകളൊന്നുമില്ല. കുടുംബം, സമൂഹം, പോലീസ്, ഉദ്യോഗ സമൂഹം, ആരോഗ്യ-വിദ്യാഭ്യാസ മേഖല എന്നിവിടങ്ങളിൽ നിന്നൊക്കെ ട്രാൻസ്ജെൻഡർ മനുഷ്യർ ഇപ്പോഴും സാമൂഹിക ഒറ്റപ്പെടലും ക്രൂരമായ പെരുമാറ്റങ്ങളും നേരിടേണ്ടി വരുന്നുണ്ട്. ട്രാൻസ് മനുഷ്യർക്കായി നിയമമുണ്ട്, നയമുണ്ട്, പക്ഷേ ആക്രമണങ്ങളും

**അനന്യ കുമാരി അലക്സ്:** കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ (വേങ്ങര) മത്സരിച്ച ആദ്യ ട്രാൻസ്ജെൻഡർ വ്യക്തി, കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ റേഡിയോ ജോക്കി, പ്രൊഫഷണൽ മേക്കപ്പ് ആർട്ടിസ്റ്റ്, ഫ്രീലാൻസ് ഫാഷൻ സ്റ്റൈലിസ്റ്റ്, അവതാരക തുടങ്ങി നിരവധി മേഖലകളിൽ ഇരുപത്തിയെട്ടു വയസ്സിൽ തന്നെ ഒരുപാട് നേട്ടങ്ങൾ കൈവരിച്ച വ്യക്തിയായിരുന്നു അനന്യ. ലിംഗമാറ്റ ശസ്ത്രക്രിയ പരാജയപ്പെട്ടതിനെ തുടർന്നു അനന്യ ജീവിതമവസാനിപ്പിക്കുകയായിരുന്നു. അനന്യ കുമാരി അലക്സിന്റെ ആത്മഹത്യയും ആശുപത്രിയുടെ ഭാഗത്തു നിന്നുണ്ടായ കുറ്റകരമായ അനാസ്ഥ, അവഗണന, നീതി നിഷേധം, ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് കിട്ടാതെ പോയ പിന്തുണ തുടങ്ങിയവ ആ സമയത്ത് മാധ്യമ ശ്രദ്ധയും ചർച്ചയും ആയി ത്തീർന്നെങ്കിലും അതിനു ശേഷം ആശുപത്രി അധികാരികൾക്കെതിരെ നടപടികളോ കാര്യക്ഷമമായ ഇടപെടലുകളോ ഉണ്ടായിട്ടില്ല.



**ശ്രദ്ധ:** കൊല്ലം സ്വദേശിനിയായ ഇരുപത്തിയൊന്നുകാരി ശ്രദ്ധയെ കൊച്ചിയിലെ വാടകവീട്ടിൽ ഈയടുത്ത ദിവസമാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. പഠനാവശ്യത്തിനായി കൊച്ചിയിൽ താമസമാക്കിയ ശ്രദ്ധ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും, ഐഡന്റിറ്റി പ്രശ്ങ്ങൾകൊണ്ടും മാനസിക ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു എന്നാണ് സുഹൃത്തുക്കൾ പറയുന്നത്.



എങ്ങുമെത്താത്ത ട്രാൻസ് കൊലപാതക അന്വേഷണങ്ങളും, രണ്ട് വരി വാർത്തകളിൽ മാത്രം ഒതുങ്ങിപോകുന്ന ട്രാൻസ് ആത്മഹത്യകളും കേ

അവകാശനിഷേധങ്ങളും തുടർന്ന് കൊണ്ടിരിക്കുന്നു. എല്ലാ മേഖലയിലും ട്രാൻസ്ജെൻഡർ മനുഷ്യർ പൂർണ അർത്ഥത്തിൽ അംഗീകരിക്കപ്പെട്ടാൽ മാത്രമേ ഇത്തരം പ്രവണതകൾ ഇല്ലാതാക്കാൻ പറ്റത്തുള്ളു. അതുകൊണ്ട് തന്നെ കമ്മ്യൂണിറ്റി അംഗങ്ങളും അവരുടെ സഖ്യകക്ഷികളും ട്രാൻസ് മനുഷ്യരോട് ഐക്യപ്പെടുന്നതിന് പുറമെ സമൂഹത്തിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സമൂഹത്തിന്റെ ഭാഗമെന്ന രീതിയിൽ അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും അവ പരിഹരിക്കപ്പെടുകയും ചെയ്യണം. വേണ്ട പരിഗണനയും കൗൺസെലിങ്ങും ആവശ്യമുള്ളവർക്ക് അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള സംവിധാനങ്ങൾ നിലവിൽ വരണം. ഇനിയൊരു ട്രാൻസ് വ്യക്തിയും ആത്മഹത്യക്ക് ശ്രമിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യാതിരിക്കണമെങ്കിൽ സാമൂഹിക അംഗീകാരവും ശക്തമായ നിയമപരിരക്ഷയും വേണം.

ചർച്ചാവിഷയം/പഠനം

**ആരതി ബാബു**
ഗവേഷക വിദ്യാർത്ഥിനി
സെൻറ് അലോഷ്യസ് കോളേജ്
തൃശൂർ






# ട്രാൻസ് വിരുദ്ധ വികാരങ്ങളും പെരുമാറ്റങ്ങളും മനസ്സിലാക്കുമ്പോൾ

സമകാലിക സമൂഹത്തിൽ ലിംഗവിവേചനം നേരിടുന്നവരാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. തെറ്റായ സംജ്ഞകളുപയോഗിച്ച് അഭിസംബോധന ചെയ്യപ്പെടുന്നതും പൊതുവിടങ്ങളിലെ ശൗചാലയങ്ങളില്ലാത്തതുമടക്കമുള്ള ഒട്ടനേകം ഘടനാപരവും വ്യവസ്ഥാപിതവുമായവ അവർ നേരിടുന്ന വിവേചനങ്ങളിലുൾപ്പെടുന്നു. 'ട്രാൻസ്ജെൻഡർ' എന്ന് ഒരു വ്യക്തി സ്വയം അടയാളപ്പെടുത്തിയാൽ അയാളെ പരിഹസിക്കാനും ഒറ്റപ്പെടുത്താനും സമൂഹം മുതിരുന്നു. സിസ് പുരുഷൻമാർക്കും സിസ് സ്ത്രീകൾക്കുമുള്ള പല പദവികളും ട്രാൻസ് വ്യക്തികൾക്ക് നിഷേധിക്കപ്പെടുന്നു (കെൽബി, ആമുഖം 12). ദ്വന്ദത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ലിംഗ വ്യവസ്ഥയാണ് ട്രാൻസ് വ്യക്തികൾക്കെതിരെയുള്ള വിവേചനങ്ങൾക്കു പ്രധാനമായുള്ള കാരണം. ഈ വ്യവസ്ഥ ലിംഗ-ലൈംഗിക വ്യത്യാസങ്ങളെ വളരെ സ്വഭാവികമായിക്കണ്ട് അതിനനുസരിച്ച് ചില സാമൂഹിക റോളുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അത് ഇത്തരം ദ്വന്ദ വ്യവസ്ഥയ്ക്ക് പുറത്ത് നിലകൊള്ളുന്ന വ്യക്തിത്വങ്ങളെ രോഗികളായി പാർശ്വവത്കരിക്കുന്നു. ട്രാൻസ് വ്യക്തികൾക്കെതിരേയുള്ള ശാരീരികവും മാനസികവുമായ അക്രമങ്ങൾ; അപമാനകരമായ സംജ്ഞകളുൾപ്പടെയുള്ള കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ട്രാൻസ്ജെൻഡർ ഗവേഷണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർ ഇത്തരം വിഷയങ്ങളെ ഗൗരവത്തോടെ സമീപിയ്ക്കുകയും അവയുടെ പശ്ചാത്തലങ്ങളെ വിശകലനം ചെയ്ത് അത്തരം വിവേചനങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള പരിഹാര മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നു.

പ്രധാനമായും ലിംഗാവസ്ഥകളെ വേർതിരിച്ച് അടയാളപ്പെടുത്തേണ്ട ഇടങ്ങളിലാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ വിവേചനം നേരിടുന്നത്. അത്തരമിടങ്ങളിൽ ലിംഗ വേർതിരിവ് അസ്വസ്ഥതയും ഭയവുമുളവാക്കുന്നു (Westbrook and Schilt, " Doing Gender Determining Gender" 49). പാശ്ചാത്യ പഠനങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള അത്തരമൊരിടമാണ് റെസ്റ്റ്റൂമുകൾ. ലിംഗവേർതിരിവിനെ അടിസ്ഥാനമാക്കിയുള്ള ഈ പൊതുവിടത്തിൽ ദ്വന്ദലിംഗങ്ങളിലുൾപ്പെടാത്തവർ മറ്റുള്ളവർക്ക് ഭയമുളവാക്കുന്നവരായി മുദ്ര കുത്തപ്പെടുന്നു. ഇത്തരം സ്ഥലങ്ങളിൽ പലപ്പോഴും ഹോർമോൺ തെറാപ്പികളടക്കമുള്ള പ്രക്രിയകളിലൂടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് ചില പ്രത്യേക പരിഗണന ലഭിക്കുന്നുണ്ടെന്ന് ചില പാശ്ചാത്യ പഠനങ്ങൾ വിരൽ ചൂണ്ടുന്നു (Westbrook and Schilt, 34). ഹെറ്ററോനോർമേറ്റീവ് ആയുള്ള ലിംഗവ്യവസ്ഥ കർശനമായി ഇത്തരം സ്ഥലങ്ങളിൽ നടപ്പാക്കുന്നത് ഒരു പരിധി വരെ ലൈംഗിക അക്രമങ്ങൾ നിയന്ത്രിക്കുന്നതിനാണ്. ട്രാൻസ് വ്യക്തികൾക്കായി പ്രത്യേകമായുള്ളൊരു ശൗചാലയമില്ലാത്ത ഇന്ത്യയിൽ ഒരു ട്രാൻസ് പുരുഷനോ സ്ത്രീയോ പൊതുശൗചാലയം ഉപയോഗിക്കാൻ തുനിഞ്ഞാൽ അത് മറ്റുള്ളവർക്ക് ലിംഗത്വഭീതിക്ക് കാരണമാവുന്നു.



സ്ത്രീ/ പുരുഷൻ എന്ന രീതിയിലുള്ള പരിമിതമായ വിഭജനം ട്രാൻസ് വ്യക്തികൾക്ക് ആശങ്കയും അസ്വസ്ഥതയുമാണുളവാക്കുക. ജെൻഡർ നോൺ കൺഫോമിങ് (Gender non-conforming) ആയ, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവാത്ത ട്രാൻസ് വ്യക്തികൾക്ക് ആണ് ഇത് ഏറ്റവും ദുസ്സഹമായി മാറുന്നത്. സർജറി നടത്തിയവർ തന്നെയും പലപ്പോഴും അപമാനിക്കപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്യപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ഇന്ത്യൻ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാൻസ് വ്യക്തിത്വങ്ങളെ അംഗീകരിച്ച 2014 ലെ സുപ്രീം കോടതി വിധി പ്രകാരം ട്രാൻസ് വ്യക്തികൾക്കായി പൊതുവിടങ്ങളിൽ ശൗചാലയ സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് നിർദ്ദേശമുണ്ട്. കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയം ഗ്രാമീണ സ്വച്ഛഭാരത മിഷനോട് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ താത്പര്യത്തിനനുസരിച്ചു പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നതിനുള്ള അനുമതി നല്കുന്നതിനായി ആവശ്യപ്പെട്ടു. ട്രാൻസ് വ്യക്തികൾക്കായി ആദ്യമായി ശൗചാലയം നിർമിച്ച നഗരം മൈസൂരാണ്, പിന്നാലെ ഭോ


പ്പാലും. ഉത്തർപ്രദേശ് സംസ്ഥാനത്തെ വാരണാസിയിലെ കാമാച്ചയിലാണ് ആദ്യ ട്രാൻസ് ഇൻക്ലൂസിവ് ആയ പൊതുശൗചാലയങ്ങൾ സ്ഥാപിതമായത്. 2021–2022 ലെ ദൽഹി സർക്കാറിന്റെ വാർഷിക ബജറ്റിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും ഓഫീസുകളിലും ട്രാൻസ് വ്യക്തികൾക്കായുള്ള ശൗചാലയ നിർമ്മാണത്തിന് ഫണ്ട് മാറ്റിവെച്ചിരിക്കുന്നു.

ട്രാൻസ് വ്യക്തികൾ സിസ് പുരുഷൻമാരിൽ നിന്നും കായികമായും ലൈംഗികമായുമുള്ള ആക്രമണങ്ങൾ പലപ്പോഴും നേരിടേണ്ടി വരുന്നു. ഉഭയസമ്മതത്തോടെ ഒരു ട്രാൻസ് സ്ത്രീയുമായി ലൈംഗിക പ്രവർത്തിയിലേർപ്പടുമ്പോൾ അവർ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയില്ല എന്നു തിരിച്ചറിഞ്ഞ് അവരെ ആക്രമിക്കുകയും ചില സാഹചര്യത്തിൽ വധിക്കുകയും ചെയ്തിട്ടുണ്ടെന്ന് പഠനങ്ങളിൽ കാണുന്നു. സമൂഹത്തിന്റെ ഹെറ്ററോനോർമേറ്റീവായുള്ള ബോധ്യങ്ങളിൽ നിന്നുള്ള ഭയമാണ് ഇതിനു കാരണം. ഇന്ത്യയിൽ വിവാഹനിയമങ്ങൾ ബൈനറിയിലധിഷ്ഠിതമായതിനാൽ ട്രാൻസ് വ്യക്തിയെ വിവാഹം കഴിക്കാൻ സിസ് വ്യക്തികൾ മടിക്കുന്നു. മിശ്രവിവാഹത്തിന് വലിയ സ്വീകാര്യതയില്ലാത്ത ഭാരതത്തിലെ വിവാഹവ്യവസ്ഥകളിൽ ട്രാൻസ് വിവാഹങ്ങൾക്ക് സമൂഹത്തിലും കുടുംബങ്ങളിലും സ്വീകാര്യത ലഭിക്കുന്നത് ഏറെ ദുഷ്കരമാവും. സ്ത്രീ ലൈംഗികാവയവങ്ങളും അവയ്ക്ക് പ്രത്യുല്പാദനത്തിലുള്ള പങ്കും ഇപ്പോഴും പ്രധാനമാണെന്ന് കരുതപ്പെടുന്നതിനാൽ സ്വയം നിർണ്ണയവും ശാരീരിക മാറ്റവും വിവാഹ ബന്ധം വാഗ്ദാനം ചെയ്യപ്പെടാനുതകുന്നില്ല. ഇതെല്ലാം ട്രാൻസ് സ്ത്രീകളെക്കാൾ സിസ് സ്ത്രീകൾക്ക് വിവാഹത്തിൽ മുൻഗണന ലഭിക്കുന്നതിനായി കാരണമാവുന്നു. ഇന്ത്യയിൽ ട്രാൻസ് വ്യക്തികൾ, പ്രത്യേകിച്ച് യുവജനങ്ങൾ ഓൺലൈൻ ഡേറ്റിങ് പ്ലാറ്റ്ഫോമുകളിൽ തങ്ങളുടെ വ്യക്തിത്വം വെളിപ്പെടുത്തുന്നതിൽ വിമുഖതയില്ലാത്തവരാണ്. പ്രശസ്തമായ 'ടിണ്ടർ' എന്ന ഡേറ്റിങ് ആപ്പിൽ 'ട്രാൻസ്ജെൻഡർ' എന്ന് രേഖപ്പെടുത്തുവാനുള്ള അവസരമുണ്ട്.




എന്നാൽ ഇവ ഉപയോഗിക്കുന്ന ചില സിസ് വ്യക്തികൾ ട്രാൻസ് വ്യക്തികൾക്ക് വേദനായുളവക്കുന്ന പദങ്ങൾ അവരെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ടെന്നു ട്രാൻസ്വ്യക്തികൾ അഭിപ്രായപ്പെടുന്നു. മറ്റു ചിലരാവട്ടെ ട്രാൻസ് വ്യക്തികളുമായി വിവാഹത്തിനു മുതിരാതെ ട്രാൻസ്വ്യക്തികളുടെ ശരീരം ഒരു ലൈംഗിക വസ്തുവായിക്കണ്ട് ലൈംഗികബന്ധത്തിലേർപ്പെടാൻ മാത്രം താത്പര്യം കാണിക്കുന്നു. ഇന്ത്യയിൽ ചില സിസ് പുരുഷൻമാർക്ക് വിവാഹം കഴിച്ചോ അല്ലാതെയോ ട്രാൻസ് പങ്കാളികളുണ്ടെങ്കിലും സമൂഹത്തെ ഭയന്ന് അവർ രഹസ്യമായി ഇരിക്കാൻ താത്പര്യപ്പെടുന്നുവെന്ന് ട്രാൻസ് ആക്ടിവിസ്റ്റ് ആയ കൽകി സുബ്രമണ്യം അഭിപ്രായപ്പെടുന്നു. പലപ്പോഴും ട്രാൻസ് സ്ത്രീകളെ കുടുംബ ജീവിതം നടത്താനാവാതെ ലൈംഗികതൊഴിലിലേക്ക് മാത്രമായി തള്ളിവിടുന്നത് സമൂഹത്തിന്റെ ഹെറ്ററോനോർമേറ്റീവ് നയങ്ങളും ട്രാൻസ് ഫോബിയയുമാണ്.

ട്രാൻസ് വ്യക്തികളോടുള്ള വിവേചനത്തിന്റെയും വിദ്വേഷത്തിന്റെയും കാരണം ലിംഗഭേദവും, ട്രാൻസ്ഫോബിയയും ജെൻഡർ ബാഷിങ് എന്നിവയുമാണ്. ട്രാൻസ് വ്യക്തികളെക്കുറിച്ചുള്ള തെറ്റിദ്ധാരണാജനകമായ നെഗറ്റീവ് ചിന്തകളെയാണ് ജെൻഡറിസം എന്നു പറയുന്നത് (Hill and Willoughby 534). ട്രാൻസ് വ്യക്തികളെക്കുറിച്ചുള്ള അറിവില്ലായ്മയും തെറ്റായ അറിവുകളും ഇത്തരം വിശ്വാസങ്ങളാൽ വർദ്ധിച്ചിരിക്കുന്നു. 2020 ൽ സുപ്രീംകോടതിയിൽ നല്കപ്പെട്ട ഒരു പരാതിയിൽ ട്രാൻസ് വ്യക്തികൾക്കെതിരെയുള്ള ആക്രമണങ്ങൾക്ക് ഇന്ത്യൻ പീനൽ കോഡിൽ വ്യവസ്ഥകൾ ഇല്ലെന്നത് ചർച്ചയായിരുന്നു. നിലവിലുള്ള 354 കജഇ യിൽ ട്രാൻസ് വ്യക്തികളെയുൾപ്പെടുത്തിയിട്ടില്ല. ചീഫ് ജസ്റ്റീസ് എസ്.എ.ബോബ്ഡെ നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തി ജൻഡർ ന്യൂട്രൽ നിയമങ്ങൾ ഉണ്ടാക്കുവാനും കേന്ദ്രസർക്കാറിനോട് നിർദ്ദേശിച്ചിരുന്നു. ജൻഡറിസം എത്രത്തോളം വ്യാപകമാണെന്ന് ഇത് കാണിച്ചു തരുന്നു. നിയമങ്ങൾ മിക്കവാറും ബൈനറി ജെൻഡറിൽ അധിഷ്ഠിതമായതിനാൽ വ്യത്യസ്തങ്ങളായ ജൻഡർ വ്യക്തിത്വങ്ങൾ പരിഗണിക്കപ്പെടാതെ പോവുകയും ഈ ലോകം ദ്വന്ദ ലിംഗപരമായി ഭാവന ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. സിസ്ജെൻഡർ വ്യക്തികളെക്കാൾ താഴെയുള്ളവരും എന്തോ അപാകതയുള്ളവരും അയോഗ്യരുമാണ് ട്രാൻസ് വ്യക്തികളെന്ന് ഇക്കൂട്ടർ ധരിക്കുന്നു. ട്രാൻസ് വ്യക്തികളോടുള്ള എല്ലാത്തരത്തിലുമുള്ള ഭയത്തെയാണ് ട്രാൻസ് ഫോബിയ എന്ന പദം വിവക്ഷിക്കുന്നത് (Hill and Willoughby 534). ട്രാൻസ്ജെൻഡർ വ്യക്തികൾ സിസ്ജെൻഡർ വ്യക്തികളിൽ ഭയവും വെറുപ്പും വിരോധവും വരുത്തുമെന്ന കാഴ്ചപ്പാടാണിത്. യുണൈറ്റഡ് സ്റ്റേറ്റ്സിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെയും കാലിഫോർണിയ യൂണിവേഴ്സിറ്റി ബെർക്കിലിയിലിയിലെയും ഗവേഷകർ കൊൽക്കത്തയിലെ പൗര ക്ഷേമ സംഘടന (Civilian Welfare Foundation) എന്ന എൻ.ജി.ഒയുമായി ചേർന്ന് ഡോക്ടർമാരിൽ ട്രാൻസ്ഫോബിയ എന്ന വിഷയത്തിൽ ഗവേഷണം നടത്തി. ഇന്ത്യയിലെ അഞ്ചു വലിയ നഗരങ്ങളിലെ 300 ഡോക്ടർമാരുമായി ഇന്റർവ്യൂ നടത്തുകയുണ്ടായി.



ഈ പഠനം വെളിവാക്കുന്നത് ചില ഡോക്ടർമാർ അതിരാവിലെയോ, രാത്രി വൈകിയോ, ഉച്ചഭക്ഷണസമയത്തോ മറ്റ് രോഗികൾ ഇല്ലാത്ത സമയം ആണ് ചികിത്സയ്ക്കായി തെരഞ്ഞെടുത്തത് എന്നാണ്. ഇതിൽ നിന്നും ഡോക്ടർമാർ തങ്ങൾ ട്രാൻസ്ജെൻഡർ രോഗികളെ ചികിത്സിക്കുന്നു എന്നത് പരസ്യമാക്കാനാഗ്രഹിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഒരു ട്രാൻസ് സ്ത്രീ ലൈംഗികാക്രമണത്തിനു വിധേയയായി ചികിത്സ തേടിയപ്പോൾ, 'ജന്മനാ പുരുഷനായ, ഇപ്പോൾ സ്ത്രീയായി അറിയപ്പെടുന്ന ഒരാൾ എങ്ങിനെ അക്രമിക്കപ്പെട്ടു'മെന്നു ഒരു ഡോക്ടർ അവരോട് ചോദിച്ചു എന്നാണ് ഈ പഠനത്തിലെ ഒരു വിവരണം. ഒരു ട്രാൻസ്ജെൻഡർ രോഗിയോട് പുരുഷന്മാരുടെയാണോ സ്ത്രീകളുടെയാണോ വാർഡ് അവർക്കു ഉപയോഗിക്കാൻ താത്പര്യമുള്ളതെന്നു ആരായാതിരിക്കുക, മറ്റു രോഗികൾ അശ്ലീല കമന്റുകൾ പറയുക, പരിശോധന സമയത്തു തൊടാൻ മടി കാണിക്കുക, ഒന്നിലധികം ലൈംഗിക പങ്കാളികളുണ്ടെന്ന മുൻധാരണ വെച്ച് പുലർത്തുക എന്നിവ മറ്റു ചില പക്ഷപാതപരമായ പ്രവർത്തികളിൽപ്പെടുന്നു. ഗവണ്മെന്റ് ആശുപത്രികളിൽ പോകാൻ പല ട്രാൻസ് വ്യക്തികളും വിമുഖത

കാണിക്കുന്നതിന്റെ കാരണം തിരക്കുള്ള സ്ഥലങ്ങളിൽ തങ്ങൾ സുരക്ഷിതരല്ലെന്നുള്ള ഭീതിയും അവരുടെ മേൽ ചാർത്തമേറ്റിരിക്കുന്ന സാമൂഹിക കളങ്കവുമാണ്. ഐഡന്റിറ്റി കാർഡിനായുള്ള പരിശോധനകൾക്ക് ഹോസ്പിറ്റലുകളെ സമീപിക്കുന്നത് പല ട്രാൻസ് വ്യക്തികൾക്കും അസ്വസ്ഥത ഉളവാക്കുന്നതായിരുന്നു, കാരണം സമൂഹത്തിൽ നിന്നും അവർക്ക് ഉണ്ടായ മോശം അനുഭവങ്ങൾ തന്നെ. പ്രൈവറ്റ് ക്ലിനിക്കുകളായിരുന്നു സർക്കാർ ആശുപത്രികളേക്കാൾ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് അഭികാമ്യം.

ജെൻഡർ നോൺ കൺഫോമിങ് ആയ വ്യക്തികൾക്കെതിരെയുള്ള വിവേചനങ്ങളെയും എല്ലാത്തരം ആക്രമണത്തെയുമാണ് ജെൻഡർ ബാഷിങ് സൂചിപ്പിക്കുന്നത് (Hill 119). ജെൻഡർ നോൺ കോൺഫോമിങ് ആയ ചെറിയ കുട്ടികൾ വരെ ഇത് നേരിടേണ്ടി വരുന്നു. ട്രാൻസ് വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചുള്ള എൻ.എച്ച്.ആർ.സിയുടെ 2017 ലെ റിപ്പോർട്ടിൽ വിദ്യാഭ്യാസമേഖലയിൽ 52% കുട്ടികൾ അവരുടെ സഹപാഠികളാലും 15% അധ്യാപകരിൽ നിന്ന് വരെയും അപമാനിക്കപ്പെടുന്നതിനാൽ പഠനം തുടരുന്നില്ല എന്ന് കണ്ടെത്തി. സ്കൂൾ യൂണിഫോം, ഇരിപ്പിടങ്ങളുടെ ക്രമീകരണം, സ്കൂൾ അസ്സെംബ്ലി, ശൗചാലയങ്ങൾ എന്നിവ ബൈനറിയിൽ അധിഷ്ഠിതമായതിനാൽ അവിടെ നോൺ ബൈനറി കുട്ടികൾക്കു യാതൊരു സാധ്യതയുമില്ല. ട്രാൻസ്ജെൻഡർ വ്യക്തികൾക്കെതിരെയുള്ള എല്ലാത്തരം ലൈംഗിക ആക്രമണം, അപമാനങ്ങൾ, ശാരീരിക ആക്രമണം, എന്നിങ്ങനെയുള്ളവ ജെൻഡർ ബാഷിങ്ങിൽ പെടുന്നു. ട്രാൻസ് വ്യക്തികൾക്ക് നേരേയുള്ള ആക്രമണങ്ങൾ പ്രധാനമായും മൂല്യം പ്രകടിപ്പിക്കലും സാമൂഹികതയുടെ പ്രകടനവും പ്രതിരോധം ലക്ഷ്യം വെച്ചുള്ളതുമാണെന്ന് ചില പഠനങ്ങളിൽ കാണുന്നു. മൂല്യപ്രകടനത്തിൽ അധിഷ്ഠിതമായുള്ള അക്രമണങ്ങൾ നടത്തുന്നവർ തങ്ങളുടെ ട്രാൻസ് ഭയവും ഹെറ്ററോനോർമേറ്റീവ് മൂല്യങ്ങളുമാണ് ആക്രമണങ്ങൾക്ക് കാരണമായി പറയുക.



സാമൂഹിക പ്രകടനത്തിൽ അധിഷ്ഠിതമായിട്ടുള്ളത് പീർ ഗ്രൂപ്പുകളിൽ നിന്നുള്ള സാമൂഹിക അംഗീകാരത്തിനു വേണ്ടിയാണ് (Hill 121). ഉദാഹരണത്തിന്, സ്ത്രൈണ ഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഒരു പുരുഷനെ ഒരു കൂട്ടം ചെറുപ്പക്കാർ അപമാനിക്കുന്നതിലൂടെ തങ്ങളുടെ 'പുരുഷത്വം' സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു. ചില സിസ് വ്യക്തികൾ പ്രതിരോധാത്മകമായ പ്രവർത്തികളിലൂടെ തങ്ങളിലുള്ള ട്രാൻസ് ആകുലതയെയോ അസ്വീകാര്യമായ മറ്റെന്തിനെയോ നേരിടാൻ ശ്രമിക്കുന്നു. ഒരു സിസ് പുരുഷൻ സ്ത്രൈണത പ്രകടിപ്പിക്കുന്ന മറ്റൊരു പുരുഷനെ ഹരാസ്സു ചെയ്യുന്നതിലൂടെ തന്നിലുള്ള ട്രാൻസ് ഭാവങ്ങളെ ചെറുത്തു നില്ക്കാൻ ശ്രമിക്കുന്നു.

സിസ്പ്രിവിലേജുകൾ ട്രാൻസ് വ്യക്തികളെ കുറച്ചു കാണുന്നു. സിസെക്ഷലിസം (Cissexualism) എന്ന വിശ്വാസം ട്രാൻസ് വ്യക്തിത്വം എന്നത് യാഥാർത്ഥ്യം അല്ലാത്ത ഒന്നായി കാണുന്നു (Serano). ട്രാൻസ് വ്യക്തികളെ കുറവുകളുള്ളവരായി കാണുന്ന അവസ്ഥ പലതരത്തിലുണ്ട്- Trans Exclusion, Trans Objectification, Trans Interrogation, Trans Mystification,

Trans Erasure എന്നിവ അവയിൽ ചിലതാണ് (Serano). ദേശീയ മനുഷ്യാവകാശ കമ്മീഷൻ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചു ആദ്യമായി ഒരു പഠനം നടത്തുകയുണ്ടായി. ദേശീയ മനുഷ്യാവകാശ കമ്മീഷനു വേണ്ടി കേരള വികസന സൊസൈറ്റി ആണ് പഠനം നടത്തിയത്. 92% ട്രാൻസ് ട്രാൻസ് വ്യക്തികൾക്കും ഏതെങ്കിലും സാമ്പത്തിക പ്രവർത്തനങ്ങളിലേർപ്പെടാനുള്ള അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ പഠനം കണ്ടെത്തി. മതിയായ യോഗ്യതകളുണ്ടായിരുന്നിട്ടും തൊഴിൽ ചെയ്യാനുള്ള അവസരം അവർക്കു നിഷേധിക്കപ്പെട്ടിരുന്നതായും ഈ പഠനത്തിൽ കണ്ടെത്തി. താഴ്ന്ന നിരക്കിലുള്ള തൊഴിലവസരങ്ങളും സമൂഹത്തിൽ നിന്നുള്ള മാറ്റി നിർത്തലുമാണ് ട്രാൻസ് വ്യക്തികൾക്ക് ജീവനോപാധികളും തൊഴിലവസരങ്ങളും കുറയ്ക്കുന്നതിനുള്ള കാരണങ്ങളെന്നും ഈ പഠനം ചൂണ്ടിക്കാണിക്കുന്നു. അവർക്ക് തുല്യ അവകാശം ഉണ്ടായിരിക്കേണ്ട നിരവധി ഇടങ്ങളിൽ നിന്ന് അവരുടെ ലിംഗ സ്വത്വം കാരണം ഒഴിവാക്കുന്നത് ഇത് എടുത്തുകാണിക്കുന്നു. 2017 ൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചില ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജോലി നൽകിയപ്പോൾ, പലരും അതിനെ സ്വാഗതം ചെയ്തു. ഒരു വീട് വാടകയ്ക്ക് എടുക്കാൻ പല ഉടമകളും അനുവദിക്കാത്തതിനാൽ അവരിൽ ചിലർ ഒരു മാസത്തിനു ശേഷം ജോലി ഉപേക്ഷിച്ചു. സാമൂഹിക അപകീർത്തി കാരണം ട്രാൻസ്ജെൻഡർ ആളുകളെ താമസസ്ഥലങ്ങളിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഇങ്ങനെ ചില ഇടങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ട കഥകളും വ്യക്തിപരമായ അനുഭവങ്ങളും ധാരാളം ഉണ്ട്. ഇത് പത്രങ്ങളിൽ വന്ന ധാരാളം വാർത്തകളിൽ ചിലതു മാത്രമാണ്. ഒരു ട്രാൻസ് വ്യക്തിയെ തെറ്റായ ലിംഗ പദവികളിലോ സംജ്ഞകളുപയോഗിച്ചോ സൂചിപ്പിക്കുന്നത് അത്തരത്തിലൊന്നാണ്. ട്രാൻസ് മിസ്റ്റിഫിക്കേഷൻ ട്രാൻസ് സെക്ഷൽ ഐഡന്റിറ്റി കൃത്രിമത്വവും ജന്മനാ ഉള്ള ഐഡന്റിറ്റി പ്രകൃത്യാ ആണെന്നും ഉയർത്തിപ്പിടിക്കുന്നു. ട്രാൻസ് വ്യക്തികളെ ഒബ്ജക്റ്റുകളായി മാത്രം കാണുന്നതിനെ ട്രാൻസ് ഒബ്ജക്റ്റിഫിക്കേഷൻ എന്നു പറയുന്നു.



സിസ് വ്യക്തികൾ ട്രാൻസ് വ്യക്തികളുടെ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള, ശാരീരികവ്യതിയാനങ്ങളെ മാത്രം വസ്തുനിഷ്ഠമായി കാണുകയും അവരുടെ മനസ്സിനെയോ വ്യക്തിത്വത്തേയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയാണിത്. ട്രാൻസ് ഇറേയ്ഷർ എന്നാൽ ട്രാൻസ് വ്യക്തികളെ എല്ലാ രീതിയിലും നിശബ്ദരാക്കുക എന്നർത്ഥം. സിസ് കാഴ്ചപ്പാടുകൾ മാത്രമാണ് ശരി എന്ന ചിന്താഗതിയാണ് അക്ഷരാർത്ഥത്തിൽ ട്രാൻസ് ഇറേയ്ഷർ സൃഷ്ടിക്കുന്നത്. സിസ് സെക്സവലുകളായ വ്യക്തികൾ ട്രാൻസ് വ്യക്തികളുടെ ലൈംഗികാവയവങ്ങളും അവരുടെ ശരീരവയും ജെൻഡർ ഐഡന്റിറ്റിയും തമ്മിലുള്ള പൊരുത്തമില്ലായ്മയും മാത്രം ശ്രദ്ധ വയ്ക്കുന്നു. ട്രാൻസ് വ്യക്തികളും കൂടെ ഉൾപ്പെടുന്നതാണ് സമൂഹം എന്ന് മനസ്സിലാക്കാതെ, തങ്ങൾ കണ്ടു മുട്ടുന്ന എല്ലാ വ്യക്തികളും സിസ് വ്യക്തികളാണെന്നാണ് ആളുകൾ ചിന്തിക്കുന്നത്. പ്രത്യേക പദവി

കളോ ലൈംഗിക താത്പര്യങ്ങളോ മുൻനിർത്തിയാണ് ചിലർ ട്രാൻസ് ആളുകലായി മാറുന്നതെന്നാണ് സിസ് വ്യക്തികൾ കരുതുന്നത്. എതിർ ലൈംഗികത കൂടുതൽ പേർ ട്രാൻസ് സെക്ഷ്വൽ വ്യക്തികളാവുന്നതിനെ എതിർക്കുന്നു. ഉദാഹരണത്തിന് ആൺകുട്ടികൾ പാവകൾ കൊണ്ട് കളിക്കുന്നതും പെൺകുട്ടികൾ ടോം ബോയ്സിനെ പോലെ പെരുമാറുന്നതും വളരെയധികം വിമർശിക്കപ്പെടുന്നു. ചില സമയത്തു ഡോക്ടർമാർ തന്നെ ശസ്ത്രക്രിയയ്ക്കു ശേഷം ട്രാൻസ് വ്യക്തികൾ സിസ് വ്യക്തികളെപ്പോലെ ആവും എന്ന ഗാരണ്ടിയിൽ ശാസ്ത്രക്രിയകൾ അനുവദിക്കാറുണ്ട്. സിസ് വ്യക്തിയായി പെരുമാറുന്നത് ട്രാൻസ് വ്യക്തിയാണെന്ന വസ്തുത മറച്ചു വയ്ക്കുകയും അങ്ങനെ ആ ഐഡൻറിറ്റി മായ്ക്കപ്പെടുന്നതിനും കാരണമാവുന്നു.

ട്രാൻസ് ഇന്ററോഗേഷൻ ട്രാൻസ് സെക്ഷ്വൽ ശരീരങ്ങളെ ജീവനുള്ള ശരീരങ്ങളായി കാണാതെ തങ്ങളുടെ അന്വേഷണങ്ങൾക്കായുള്ള ഒരു വസ്തുവായി മാത്രം സമീപിക്കുന്നു. ട്രാൻസ് വ്യക്തികൾ സമൂഹത്തിൽ നിലനിൽക്കുന്നതെന്തെന്നുള്ള അനാരോഗ്യകരമായ അന്വേഷണങ്ങൾ ട്രാൻസ് വ്യക്തികളെ ദോഷകരമായി ബാധിക്കുന്ന തെറ്റായ തിയറികളിലേക്ക് നയിക്കുന്നു. വളർത്തു ദോഷം കൊണ്ടോ എന്തെങ്കിലും പ്രത്യേക പദവിക്ക് വേണ്ടിയോ മാനസിക രോഗം കൊണ്ടോ ആണ് ട്രാൻസ് വ്യക്തികളായി മാറുന്നതെന്ന് ചിലർ കരുതുന്നു. പലപ്പോഴും സിസ് വ്യക്തികൾ ട്രാൻസ് ശരീരങ്ങളെ രോഗഗ്രസ്തമായി കാണുകയും ട്രാൻസ് വ്യക്തിത്വത്തിനു കാരണം തെരയുകയും ചെയ്യുന്നു. ജെൻഡർ ഐഡന്റിറ്റിയെയും അതിന്റെ അവതരണത്തെയും തെറ്റായി വ്യാഖാനിക്കുന്നതിനാൽ ജെൻഡർ ഐഡന്റിറ്റി ഡിസോർഡർ എന്ന പദം അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ The Diagnostic and Statistical Manual of Mental Disorders (DSM-V) എന്ന ഗ്രന്ഥത്തിൽ നിന്നും നീക്കം ചെയ്തു. ജെൻഡർ ഡിസ്ഫോറിയ (Gender Dysphoria) ആണ് സ്വീകാര്യമായ പുതിയ പദം.



ഇന്ത്യയിലെ ട്രാൻസ്ജെണ്ടർ ആക്ട് 2019 വിദ്യാഭ്യാസ മേഖലയിലും തൊഴിലിടങ്ങളിലും ട്രാൻസ് വ്യക്തികൾ നേരിടുന്ന വിവേചനങ്ങൾ ഇല്ലാതാക്കാനും സ്വത്തവകാശം നല്കാനും വ്യവസ്ഥ ചെയ്യുന്നു. തങ്ങളുടെ വ്യക്തിത്വം സ്വയം നിർണയിക്കാനുള്ള അവകാശം ട്രാൻസ് വ്യക്തികളിൽ തന്നെ നിക്ഷേപിച്ചിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. എന്നാൽ ഈ ട്രാൻസ് ബില്ല് ട്രാൻസ് വ്യക്തികളിലും ആക്റ്റിവിസ്റ്റുകൾക്കിടയിലും വലിയ പ്രതിഷേധം സൃഷ്ടിച്ചിരുന്നു. ട്രാൻസ്ജെൻഡർ  എന്ന പദത്തെ നിർവചിച്ചതിലുള്ള അപാകത, ട്രാൻസ് വ്യക്തികൾക്കെതിരേയുള്ള ആക്രമണങ്ങൾക്ക് ലഘുവായ ശിക്ഷകൾ മാത്രം നിർദ്ദേശിച്ചത്, ട്രാൻസ് വ്യക്തിത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റുകൾ നല്കുന്നതിലെ പോരായമകൾ, എന്നിവയായിരുന്നു പ്രധാനമായും അവർ ഉന്നയിച്ച പ്രശ്നങ്ങൾ. കേന്ദ്ര സർക്കാർ പുറത്തിറക്കിയ 'ട്രാൻസ്ജെൻഡർ പേഴ്സൺസ് (അവകാശങ്ങൾ സംരക്ഷണ) നിയമങ്ങൾ, 2020' കരട് വിദ്യാഭ്യാസ മേഖലയിലെ ട്രാൻസ്ജെൻഡർ വ്യക്തികളോടുള്ള വിവേചനത്തിനെതിരെ പോരാടുക, തൊഴിൽ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, പൊതു ഗതാഗതം, പൊതുജീവിതത്തിൽ പങ്കാളിത്തം, സ്പോർട്സ്, ഒഴിവുസമയങ്ങൾ, വിനോദം, പൊതു അല്ലെങ്കിൽ സ്വകാര്യ ഓഫീസുകൾ വഹിക്കാനുള്ള അവസരം എന്നിവയ്ക്കുള്ള ചട്ടങ്ങൾ രൂപപ്പെടുത്തുന്നു. ഈ നിയമത്തെക്കുറിച്ചു എല്ലാവരുടെയും പ്രതികാരങ്ങൾ ആരാഞ്ഞു. ട്രാൻസ്ജെൻഡർ ജനങ്ങൾക്കായി ഇതുവരെ അത്തരം നിയമങ്ങളും പ്രവർത്തനങ്ങളും ഇല്ലായിരുന്നു അതിനാൽ ഇവ  അവർക്കു ആശ്വാസമാണ്. ഈ നിയമപരിരക്ഷ വിവേചനകൾക്കെതിരെ പൊരുതാനും തുല്യാവകാശവും ഒരേ പോലെ പരിഗണിക്കപ്പെടാനുമുള്ള അവസരവും അവർക്കു നൽകുന്നു. വിവേചനപരമായ മനോഭാവങ്ങളും വികാരങ്ങളും സിസെക്സിസ്റ്റ് അനുമാനങ്ങൾ, എതിർലിംഗ ലൈംഗികത, ലിംഗഭേദം എന്നിവയിൽ വേരൂന്നിയതാണ്. ബൈനറിയിലുൾപെടാത്ത ആളുകളുണ്ടെന്നും അവർ ആദരവ്, അവകാശങ്ങൾ, ഉപജീവനമാർഗം, സ്നേഹം, അനുകമ്പ എന്നിവയ്ക്ക് യോഗ്യരുമാണെന്ന തിരിച്ചറിവ് പൊതുസമൂഹത്തിനുണ്ടാവണം.




## Works Cited


Harrison, Kelby. "Many Have Passed; Some Have Failed" .Introduction. *Sexual Deceit: The Ethics of Passing*, Lexington Books, 2013, pp. 1-31.

Hill, Daryll B and Brian L. B. Willoughby. "The Development and Validation of the Genderism and Transphobia Scale". *Sex Roles,* Vol. 53, No. 7/8, October 2005, pp. 531-544. *SpringerLink,* DOI: 10.1007/s11199-005-7140-x

Hill, Daryll B. "Genderism, Transphobia, and Gender Bashing: A Framework for Interpreting Anti-Transgender Violence". *Understanding and Dealing with Violence: A Multicultural Approach*, edited by Barbara C Wallace and R Carter, Sage Publications, 2003, pp. 113-136.

Schilt, Kristen and Laurel Westbrook. "Doing Gender, Doing Heteronormativity: "Gender Normals," Transgender People, and the Social Maintenance of Heterosexuality". *Gender and Society*, Vol. 23, No. 4, Aug. 2009, pp. 440-464. *JSTOR*, DOI: 10.1177/0891243209340034

Serano, Julia. *Whipping Girl: A Transsexual Woman on Sexism and the Scapegoating of Femininity*. E-book Edition, Seal P, 2007.

Westbrook , Laurel and Kristen Schilt. "Doing Gender, Determining Gender: Transgender People, Gender Panics, and the Maintenance of the Sex/Gender/Sexuality System". *Gender and Society*, Vol. 28, No. 1, Feb. 2014, pp. 32-57. *JSTOR*, DOI: 10.1177/0891243209340034



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# കഥ പറഞ്ഞു കാലാവസ്ഥാ വ്യതിയാനങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ശാസ്ത്രജ്ഞ - കെയ്റ്റ് മാർവെൽ

കഥയിലൂടെ കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് സംസാരിക്കുന്ന ശാസ്ത്രജ്ഞ, ഇപ്പോൾ ഗവേഷണം നടത്തുന്നത് നാസ ഗൊദ്ദാർദ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പേസ് സ്റ്റഡീസിൽ..2019-ൽ ടൈം മാഗസിൻ കാലാവസ്ഥാ വ്യതിയാനങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ ശ്രദ്ധേയരായ പതിനഞ്ചു വനിതകളെ തെരഞ്ഞെടുത്തപ്പോൾ അതിൽ ഇടം നേടിയ വനിത, പറഞ്ഞുവരുന്നത് ഒരേ സമയം ശാസ്ത്രജ്ഞയും ശാസ്ത്രപ്രചാരകയുമായ കെയ്റ്റ് മാർവെലിനെക്കുറിച്ചാണ്.



കലിഫോർണിയ ബെർക്കിലി സർവ്വകലാശാലയിൽ നിന്നും 2003-ൽ ഊർജതന്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും ബിരുദം നേടിയ മാർവെൽ 2008-ൽ കേംബ്രിജ് സർവ്വകലാശാലയിൽ നിന്നും സൈദ്ധാന്തിക ഭൗതികത്തിൽ ഡോക്റ്ററേറ്റ് നേടി. തുടർന്ന് സ്റ്റാൻഫഡ് സർവ്വകലാശാലയിൽ പോസ്റ്റ് ഡോക്റ്ററൽ ഫെല്ലോ ആയി എത്തിയതോടെ കാലാവസ്ഥാശാസ്ത്രത്തിലും ഊർജത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. 2013-ൽ ലോറൻസ് ലിവർമോർ നാഷണൽ ലബോറട്ടറിയിലെ ഗവേഷണ കാലത്ത് മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങളുടെ ഫലമായ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങൾ ആഗോളതലത്തിൽ മഴയുടെ വിതരണത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതു സംബന്ധിച്ചു നടത്തിയ പഠനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇപ്പോൾ ക്ലൈമറ്റ് മോഡലിങ്ങിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന മാർവെൽ അധികമൊന്നും പഠനം നടന്നിട്ടില്ലാത്ത, മേഘ പടലങ്ങളും കാലാവാസ്ഥാ വ്യതിയാനങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഗവേഷണങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മണ്ണിന്റെ ഈർപ്പത്തിൽ ഉണ്ടാവുന്ന വ്യത്യാസത്തെക്കുറിച്ചും അത് വൃക്ഷങ്ങളിലെ വാർഷിക വലയങ്ങളിൽ ഉണ്ടാക്കുന്ന മാറ്റത്തെക്കുറിച്ചും നടത്തിയ പഠനങ്ങളിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ മോഡലിങ്ങിന്റെ സഹായത്തോടെ കാലങ്ങളായി കാലാവസ്ഥാവ്യതിയാനങ്ങൾ വരൾച്ചയുടെ തീവ്രത കൂട്ടുന്നതിനെക്കുറിച്ച് മുന്നറിയിപ്പു നൽകി. നേച്ചർ ജേണലിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ പഠനറിപ്പോർട്ട്



ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും കാരണത്തിൽ ഏറിയ പങ്കും മനുഷ്യന്റെ സംഭാവനയാണെന്ന് അടിവരയിടുന്ന ഒന്നായിരുന്നു. 2017-ലെ ടെഡ് കോൺഫറൻസിൽ പാരമ്പര്യേതര ഊർജസ്രോതസ്സുകളെകുറിച്ചും ആഗോളതാപന തീവ്രത കുറയ്ക്കാനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള ജിയോഎഞ്ചിനീയറിങ് മോഡലുകളുടെ പരിമിതികളെക്കുറിച്ചും നടത്തിയ പ്രഭാഷണവും ശ്രദ്ധിക്കപ്പെട്ടു.

ആഗോളതാപനവും അതിന്റെ സന്തതിയായ കാലാവസ്ഥാ വ്യതിയാനങ്ങളും വിതയ്ക്കുന്ന ദുരന്തങ്ങളെക്കുറിച്ചും അതിനെ ചെറുക്കാൻ നമുക്കോരോരുത്തർക്കും എന്തൊക്കെ ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ചും സാധാരണക്കാരിലും കുട്ടികളിലും അവബോധമുണ്ടാക്കാൻ കഥകളിലൂടെയും ലേഖനങ്ങളിലൂടെയുമൊക്കെ ശ്രമിക്കുയാണീ വനിത. ഇതിന് ദ് സ്റ്റോറി കൊളൈഡർ പോലുള്ള സ്റ്റോറി ടെല്ലിങ് സീരീസുകൾ തനിക്ക് ഇതിനു പ്രചോദനമായെന്നു മാർവെൽ പറയുന്നു. കാലാവസ്ഥാവ്യതിയാനങ്ങളെ ചെറുത്തുതോല്പിക്കാനുള്ള വിവിധ പ്രവർത്തങ്ങളിൽ സജീവമായ വനിതകളുടെ രചനകൾ സമാഹരിച്ചുകൊണ്ട് ഓൾ വീ കാൻ സേവ് എന്ന പുസ്തകവും ഇറക്കി. ശാസ്ത്രഗവേഷണവും ശാസ്ത്രപ്രചാരണവും രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്നതിനു പകരം ഒന്നിച്ചുപോവണമെന്നാണ് സയന്റിഫിക് അമേരിക്കൻ മാഗസിനിൽ ഹോട് പ്ലാനറ്റ് എന്ന കോളം കൈകാര്യം ചെയ്തുവരുന്ന കെയ്റ്റ് മാർവെൽ അടിവരയിട്ടു പറയുന്നത്.


AVA
എന്താല്ലേ...!
പതിനെട്ടിന്റെ
ഒരു പവർ
മെഡിമിക്സിന് 18 വെറുമൊരു നമ്പറല്ല, 18 ആയുർവ്വേദ
മൂലികകളുടെ അപൂർവ്വ സംഗമമാണ്, മനോഹര ചർമ്മത്തിന്
വേണ്ടിയുള്ള കരുതലാണ്, ലക്ഷക്കണക്കിന് ഉപഭോക്താക്കളുടെ വിശ്വാസമാണ്, ശരീരത്തിന് നേരെ
വരുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ സഹായിക്കുന്ന ശക്തിയാണ്. 18 ആയുർവ്വേദ മൂലികകളുടെ
ഈ സവിശേഷമായ ചേരുവയാണ് മെഡിമിക്സിനെ വേറിട്ടതാക്കുന്നത്. ലോകത്തിലെ ഏറ്റവും അധികം
വില്ക്കപ്പെടുന്ന ആയുർവ്വേദ സോപ്പാക്കുന്നത്. അന്നും ഇന്നും എന്നും നിങ്ങളുടെ ചർമ്മത്തിനെ
സംരക്ഷിക്കുവാൻ 18 ആയുർവ്വേദ മൂലികകളുടെ സവിശേഷമായ പവറുമായി മെഡിമിക്സ്.
18
ആയുർവ്വേദ
മൂലികകളുടെ
അപൂർവ്വ
സംഗമം
MEDIMIX
MEDIMIX
MEDIMIX
SINCE 1969
MEDIMIX
CLASSIC
medimix_personal_care
MedimixPersonalCare
+91 91762 18181
www.medimix.co.in
customercare@avacare.in